പിലിക്കോട് ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ





പിലിക്കോട് ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ



കാസർകോട് ജില്ലാതല ഉൽഘാടനം

1996 നവമ്പർ 6



''എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിയെടുക്കാൻ വിഭവങ്ങളില്ലതാനും.''

-മഹാത്മാഗാന്ധി

എഡിറ്റർ

എൻ.രവീന്ദ്രൻ

എഡിറ്റോറിയൽ ബോർഡ്

1. ടി.വി.ഗീധരൻ
2. എം.കെ.ഹരിദാസ്
3. കെ.പ്രഭാകരൻ
4. സി.ഗോവിന്ദൻ നായർ
5. കെ.ശശിധരൻ അടിയോടി
6. എ.ഭാസ്കരൻ
7. എം.കുഞ്ഞിരാമൻ
8. കൊടക്കാട് നാരായണൻ
9. ടി.വി.ബാലകൃഷ്ണൻ
10. വി.ഭാരതി
11. സി.വി.നാരായണൻ

* * * * * *

കവർ ഡിസൈനർ: ജീവൻ പിലിക്കോട്

ഡി.ടി.പി.കമ്പോസിംഗ്& പ്രിൻറിംഗ്: മുദ്ര പ്രിൻറിംഗ്& പബ്ലിഷിംഗ് സെൻറർ, ആലംപാടി, കാസർകോട്.



വിഷയവിവരം

1. ആമുഖം 8
2. പഞ്ചായത്ത് പൊതുവിവരണം 10
3. സാമൂഹ്യ സാംസ്കാരിക ചരിത്രം 12
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 14
5. സാമൂഹ്യ സാമ്പത്തിക മേഖല 18
5.1. കൃഷിയും ജലസേചനവും 19
5.2. മൃഗസംരക്ഷണം മത്സ്യബന്ധനം 28
5.3. വ്യവസായം 31
5.4. വിദ്യാഭ്യാസം 37
5.5. കുടിവെള്ളം 43
5.6. ഗതാഗതം ഊർജ്ജം മാർക്കറ്റ് 48
5.7. സാമൂഹ്യക്ഷേമം പാർപ്പിടം 56
5.8. സംസ്കാരം 63
5.9. വനിത 67
5.10. സഹകരണം 70
5.11. പട്ടികജാതി പട്ടികക്ഷേമം 73
5.12. വിഭവസമാഹരണം 76
6. ഉപസംഹാരം 78
7. പിലിക്കോട് ഗ്രാമപഞ്ചായത്ത് സമഗ്ര വികസന പരിപാടി ജനകീയ പ്രവർത്തനങ്ങൾ 79

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

1. ശ്രീ. വി.പി.കൃഷ്ണൻ നായനാർ
(12.2.49 27.3.53)

2. ശ്രീ. ടി.കെ.കണ്ണൻ
(28.3.53 8.2.65)

3. ശ്രീ. സി.കൃഷ്ണൻ നായർ
(8.1.65 7.2.88)

പഞ്ചായത്ത് മെമ്പർമാർ

ശ്രീ: ടി.വി.ഗോവിന്ദൻ (പ്രസിഡന്റ്)

ശ്രീമതി. കെ.പത്മാവതി

ശ്രീമതി: പി.കെ.ലക്ഷ്മി
(വൈ. പ്രസിഡന്റ്)

ശ്രീ. സി.വി.അപ്പു



ശ്രീ. സി.വി.നാരായണൻ
(സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ)

ശ്രീമതി. കെ.കല്യാണി

ശ്രീമതി. കെ.കാർത്യായനി



ശ്രീ. എം.കൃഷ്ണൻ

ശ്രീമതി. വി.രാധ



ശ്രീ. പി.വി.പത്മനാഭൻ



1 ആമുഖം

ബ്രിട്ടീഷ് അടിമത്വത്തിൽ നിന്നും മോചനം നേടിയ ഭാരതം അമ്പതാണ്ടുകൾ പൂർത്തിയാക്കാൻ പോവുകയാണ്. ഐതിഹാസികമായ സമര പോരാട്ടങ്ങളിലൂടെയാണ് ഭാരതം സ്വാതന്ത്ര്യം നേടിയെടുത്തത്. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്. അതുകൊണ്ടാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഗ്രാമസ്വരാജിലൂടെ മാത്രമേ ഇന്ത്യയിലെ ദരിദ്ര ജനകോടികളുടെ മോചനം സാധ്യമാകൂ എന്ന് പ്രഖ്യാപിച്ചത്. സ്വാശ്രയത്വത്തിലൂടെ ജനങ്ങളുടെ കൂട്ടായ്മയാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ഈ ലക്ഷ്യം പൂർണ്ണമായി നേടാൻ കഴിഞ്ഞിട്ടില്ലെങ്കിലും 49 വർഷക്കാലം നാം നടത്തിയ പ്രവർത്തനങ്ങൾ ഇന്ത്യയെ പല രംഗത്തും ശ്രദ്ധേയമാക്കിയിട്ടുണ്ട്.

വികസനരംഗത്ത് 'കേരള മോഡൽ' അന്താരാഷ്ട്ര ശ്രദ്ധതന്നെ ആകർഷിച്ചു. മെച്ചപ്പെട്ട ജീവിത സാഹചര്യം പല മേഖലകളിലും ഉണ്ടായെങ്കിലും അസന്തുലിതമായ വികസനത്തിന്റെ ഫലമായി ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ ഇന്നും അവശേഷിക്കുന്നു. തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

നാളിതുവരെ നടത്തിയ ആസൂത്രണവും വികസന പ്രക്രിയയും കേന്ദ്രീകൃതവും പരസ്പര പൂരകമല്ലാത്തതുമായിരുന്നു. ഇതിന്റെ ഫലമായി പല പദ്ധതികളും കടലാസ് പരിപാടികൾ എന്നതിൽ കവിഞ്ഞ് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ല. എട്ടു പഞ്ചവത്സര പദ്ധതികൾ ഏതാണ്ട് പൂർത്തിയാക്കിയിരിക്കുന്നു. എട്ടു പഞ്ചവത്സര പദ്ധതികളും വികസനരംഗത്ത് വൻ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമീണജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാന ഉപാധികളുടെ വികാസം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നിന്നും വളരെ താഴെയാണ്. ഉദ്യോഗസ്ഥ കേന്ദ്രീകൃതവും പരസ്പര ബന്ധമില്ലാത്തതുമായ ഡിപ്പാർട്ടുമെന്റ് പദ്ധതികളുടെ സ്വഭാവമാറ്റത്തെക്കുറിച്ചുള്ള ചിന്തകളിലൂടെയാണ് ''ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്ന ആശയം ഉരുത്തിരിഞ്ഞത്. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള നിരക്ഷരനും അജ്ഞനുമായ ഒരുവന്റെ അഭിപ്രായം കേട്ടറിഞ്ഞും കണ്ടറിഞ്ഞും ഇന്നിന്റെ ശാസ്ത്രസാങ്കേതിക മേന്മകളുടെ മികവ് ഉപയോഗപ്പെടുത്തിയും ഒരു പുതിയ ആസൂത്രണ പ്രക്രിയക്ക് നമ്മുടെ നാട് തുടക്കം കുറിക്കുകയാണ്.

കേരളത്തിൽ നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം ഒരു മാറ്റത്തിന്റെ തുടികൊട്ടാണ്. ജനാധികാര സഭയായി ഗ്രാമപഞ്ചായത്തുകൾ മാറുകയാണ്. സംസ്ഥാന പദ്ധതി ആസൂത്രണത്തിന്റെ 35% മുതൽ 40% വരെയുള്ള സംഖ്യ ഗ്രാമത്തിലെ ജനങ്ങളുടെ കൈയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ നൽകപ്പെടുകയാണ്. ഇന്നലെ വരെ ചെയ്തതിൽ നിന്നും തികച്ചും വ്യത്യസ്ഥമാണിത്. ആത്മവിശ്വാസവും ദൃഢതയുമുള്ള ഗ്രാമമനസുകൾ ഒന്നുചേർന്ന് ഗ്രാമസഭയിൽ നടത്തിയ ചർച്ചകൾ, അതിൽ നിന്ന് ഉരുത്തിരിഞ്ഞ വിമർശനങ്ങൾ, നിർദേശങ്ങൾ ഇതെല്ലാമാണ് ഈ സെമിനാറിത് അവതരിപ്പിക്കുന്ന വികസനറിപ്പോർട്ടിന്റെ അടിത്തറ.

സംസ്ഥാന ആസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്നതിന് മുൻപുതന്നെ പിലിക്കോട് പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. പുതിയ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്ന ഉടനെ തന്നെ ഈ ദിശയിൽ ആരംഭം കുറിച്ചു. സെൻറർ ഫോർ ഡവലപ്മെൻറ് സ്റ്റഡീസിലെ കേരള ഗവേഷണ പരിപാടികളുടെ സഹായത്തോടെ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഏപ്രിൽ മാസം മുതൽ ആരംഭിച്ച ജനകീയ ആസൂത്രണ പരിപാടിയിൽ പിലിക്കോട് പഞ്ചായത്തിനെയും ഉൾപ്പെടുത്തിയത് ഈ പ്രവർത്തനത്തിന് ആക്കം കൂട്ടി.

പഞ്ചായത്തിനെയും ഉൾപ്പെടുത്തിയത് ഈ പ്രവർത്തനത്തിന് ആക്കം കൂട്ടി.

1995 ഡിസംബർ 15ന് പിലിക്കോട് ഹൈസ്കൂളിൽ ഒത്തുചേർന്ന ഈ പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെ ഒരു യോഗമാണ് സമഗ്രവികസനത്തിനും ആസൂത്രണത്തിനും നടന്ന ആദ്യ കൂടിയാലോചനാ യോഗം. ഒട്ടേറെ ചർച്ചകളും നിർദേശങ്ങളും ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യവും ശുചിത്വവുമായി ബന്ധപ്പെട്ട് ഒരു സർവേ നടത്താൻ തീരുമാനിച്ചത്. 1996 ജനുവരി 26ന് നടന്ന ഏകദിന സർവേയിൽ ആയിരത്തിൽ പരം ആളുകൾ ഒന്നിച്ചണിനിരന്നു. ഈ പഞ്ചായത്തിലെ എല്ലാ വീടുകളും കയറിയിറങ്ങി. ശേഖരിച്ച വിവരങ്ങൾ ഈ നാടിന്റെ അടിസ്ഥാന വിവരങ്ങളുടെ നിസ്തുലശേഖരമായി മാറി. ഇതിൽ അണിനിരന്ന പ്രവർത്തകരുടെ ആവേശവും ആത്മാർത്ഥതയുമായിരുന്നു പിന്നീട് നാം നടത്തിയ കുതിപ്പിന് നിദാനം. രണ്ടാമതായി നടത്തിയ പ്രധാന പ്രവർത്തനം നീരൊഴുക്ക് സർവേയായിരുന്നു. ഇതിലൂടെ പഞ്ചായത്തിലെ സ്ഥല ജല വിഭവത്തെക്കുറിച്ചുള്ള ഒരു പഠനം നമുക്ക് നടത്താൻ കഴിഞ്ഞു. സെസ്സിലെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ നടത്തിയ വിഭവ ഭൂപട നിർമ്മാണവും സാമൂഹ്യ സാമ്പത്തിക സർവേയും ഈ പഞ്ചായത്തിലെ ജനങ്ങളുടെ സമ്പൂർണ ജീവിത നിലവാരത്തെയും വിഭവങ്ങളേയും കണ്ടെത്തി. ഇത്തരത്തിൽ നടത്താൻ കഴിഞ്ഞ പ്രവർത്തനങ്ങളാണ് പഞ്ചായത്തിനെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മുൻനിരയിലെത്തിച്ചത്.

പഞ്ചായത്ത് വികസന സമിതികളുടെ കീഴിൽ വാർഡ് സമിതികളും വാർഡ് സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളും നമ്മുടെ പ്രവർത്തനത്തിന്റെ ശക്തിസ്രോതസാണ്. ഉദ്യോഗസ്ഥ തലത്തിൽ മാസങ്ങളോളം നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞത്

ഇതിന്റെ ഫലമാണ്.

ടോട്ടൽ സാനിട്ടേഷന്റെ ഭാഗമായി സർവേയുടെ അടിസ്ഥാനത്തിൽ നാം തയ്യാറാക്കിയ 54.5 ലക്ഷം രൂപയുടെ ഒരു പദ്ധതി സംസ്ഥാന സർക്കാറിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ജലവിഭവങ്ങളുടെ സംരക്ഷണത്തിനായി ഒരു കോടി മുപ്പതുലക്ഷം രൂപയുടെ ഒരു പദ്ധതി സംസ്ഥാന സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നീർത്തട വികസനം ലക്ഷ്യമാക്കിക്കൊണ്ട് കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് നീർത്തടവികസന പദ്ധതി തയ്യാറാക്കി കപ്പാർട്ടിന് സമർപ്പിച്ചിട്ടുണ്ട്. 1487 ഹെക്ടർ സ്ഥലത്ത് സമഗ്രമായ വികസനം ഈ പരിപാടി അനുവദിച്ചുകിട്ടിയാൽ നടപ്പിലാക്കാൻ കഴിയും. സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് പിലിക്കോട് പഞ്ചായത്തിലെ തരിശുഭൂമി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി മുപ്പത് ലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പദ്ധതികളെല്ലാം തന്നെ അനുവദിച്ചുകിട്ടുമെന്ന് തന്നെയാണ് പഞ്ചായത്ത് ഭരണസമിതി പ്രതീക്ഷിക്കുന്നത്.

കേവലം ഒരു പഞ്ചായത്ത് ഭരണ സമിതി വിചാരിച്ചാൽ കഴിയുന്ന പ്രവർത്തനമല്ല ഇപ്പോൾ പഞ്ചായത്തിൽ നടന്നുവരുന്നത്. സന്നദ്ധ സേവനതല്പരതയും നിസ്വാർഥതയും ആത്മാർഥതയും കൈമുതലുള്ള ജനങ്ങളുടെ കൂട്ടായ്മ പ്രവർത്തനമാണ് ഈ വിജയത്തിന് പിന്നിൽ.

പിലിക്കോട് പഞ്ചായത്ത് സന്നദ്ധ സേവന പ്രവർത്തനരംഗത്ത് ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭകാലം തൊട്ടുതന്നെ പ്രശസ്തമാണ്. ആ പാരമ്പര്യം കൈമുതലായിട്ടുള്ളവരുടെ ഊർജവും ശക്തിയും ഗ്രാമസഭകളിൽ കണ്ടു. ആ ചിന്തയും ശക്തിയും പിലിക്കോടിന്റെ നാളത്തെ ചരിത്രത്തിൽ പ്രതിഫലിക്കുമെന്ന കാര്യം നിസ്തർക്കമാണ്. പിലിക്കോട് പഞ്ചായത്തിലെ സമഗ്രവികസനത്തിനായുള്ള യജ്ഞത്തിൽ ഓരോ ആളും നാളിതുവരെ കൈക്കൊണ്ട ഉത്സാഹവും സന്നദ്ധതയും വരും നാളുകളിൽ ഉണ്ടാകുമെന്ന് ഗ്രാമസഭകളിലൂടെ വ്യക്തമായിക്കഴിഞ്ഞു. നാളെയുടെ പ്രവർത്തനങ്ങൾക്ക് ഈ ഊർജ്ജസ്വലതയും ആവേശവും നമുക്ക് പ്രചോദനം നൽകുന്നു.

"ഏതു ധൂസര സങ്കൽപ്പത്തിൽ പിറന്നാലും
ഏതൊരെന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാകട്ടെ, ഗ്രാമത്തിൻ മണവും
മമതയും..... ഇത്തിരി കൊന്നപ്പൂവും"



2

പിലിക്കോട് ഗ്രാമ പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്: പിലിക്കോട് ഗ്രാമപഞ്ചായത്ത്, ഉൾപ്പെടുന്ന ഗ്രാമങ്ങൾ: പിലിക്കോട്, കൊടക്കാട്, മാണിയാട്ട്.
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: നീലേശ്വരം
താലൂക്ക്: ഹോസ്ദുർഗ്ഗ്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ: പരപ്പ
അസംബ്ലി മണ്ഡലം: തൃക്കരിപ്പൂർ
വിസ്തീർണ്ണം: 26.77 ച. കി.മീറ്റർ

അതിരുകൾ:

വടക്ക്: ചെറുവത്തൂർ, തിമിരി ഗ്രാമങ്ങൾ
തെക്ക്: കരിവെള്ളൂർ, നോർത്ത് തൃക്കരിപ്പൂർ ഗ്രാമങ്ങൾ
കിഴക്ക്: ചീമേനി, കരിവെള്ളൂർ ഗ്രാമങ്ങൾ
പടിഞ്ഞാറ്: പടന്ന ഗ്രാമം
മൊത്തം ജനസംഖ്യ: 21, 210(പു: 10,167, സ്ത്രീ: 11,043 1991 സെൻസസ് പ്രകാരം)
മൊത്തം വീടുകൾ: 4083
ജനസാന്ദ്രത: 792/ച.കി.മീറ്റർ

സാക്ഷരതാ നിരക്ക്

പുരുഷന്മാർ: 94.68%
സ്ത്രീകൾ: 83. 56%
ശരാശരി: 89.12%

പട്ടികജാതി

പുരുഷന്മാർ: 565
സ്ത്രീകൾ: 608

പട്ടികവർഗ്ഗം

പുരുഷന്മാർ: 1
സ്ത്രീകൾ:2

ലൊക്കേഷൻ

12°, 12'' അക്ഷാംശത്തിലും 75° 10' രേഖാംശത്തിലുമാണ് പിലിക്കോട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

ഭരണം

പിലിക്കോട്, മാണിയാട്ട്, കൊടക്കാട് വില്ലേജുകൾ ചേർന്ന പിലിക്കോട് പഞ്ചായത്തിന്റെ ആദ്യഭരണ സമിതി 12.2.1949ന് അധികാരത്തിൽ വന്നു. ശ്രീ.വി.പി.കൃഷ്ണൻ നായനാർ പ്രസിഡണ്ടും ശ്രീ. പി.കുഞ്ഞിരാമൻ നമ്പ്യാർ വൈസ് പ്രസിഡണ്ടുമായിട്ടുള്ള ഭരണസമിതിയിൽ 16 അംഗങ്ങൾ ഉണ്ടായിരുന്നു. പഞ്ചായത്ത് മെമ്പർമാരെ തിരഞ്ഞെടുത്തിരുന്നത് വോട്ടർമാർ കൈപൊക്കി വോട്ടുചെയ്തായിരുന്നു. ഭരണസമിതി അംഗങ്ങളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

1. ശ്രീ. വി.വി.കൃഷ്ണൻ നായനാർ
2. ശ്രീ. പി.കുഞ്ഞിരാമൻ നമ്പ്യാർ
3. ശ്രീ. പി.വി.കോരൻ
4. ശ്രീ.പി.വി.കുമാരൻ
5. ശ്രീ.പി.കെ.രാമൻ
6. ശ്രീ.കെ.പി.കുഞ്ഞമ്പു
7. ശ്രീ.പി.നാരായണൻ നമ്പ്യാർ
8. ശ്രീ.എം.ടി.പി.അബ്ദുള്ള
9. ശ്രീ.ഇ.ശേഖരൻ നമ്പി
10. ശ്രീ.പി.യം.ബാലകൃഷ്ണൻ അടിയോടി.
11. ശ്രീ.തെക്കിനിയിൽ രാമൻ
12. ശ്രീ.അന്തിരിയൻ അപ്പു
13. ശ്രീ.അമ്പാടി പണിയാർ
14. ശ്രീ.വിരുന്തൾ
15. ശ്രീ.കെ.വി.കുഞ്ഞമ്പു
16. ശ്രീ.ചന്ദ്രശേഖരൻ പണിക്കർ

പ്രസ്തുത ബോർഡിന്റെ കാലാവധിക്ക് ശേഷം 28.8.1953ന് പുതിയ ബോർഡ് അധികാരം ഏറ്റെടുത്തു. ശ്രീ.ടി.കെ.കണ്ണൻ പ്രസിഡണ്ടും ശ്രീ.എം.ചന്ദ്രശേഖരൻ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. പ്രസ്തുത ബോർഡിൽ 11 അംഗങ്ങൾ ഉണ്ടായിരുന്നു. പഞ്ചായത്ത് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

1. ശ്രീ.ടി.കെ.കണ്ണൻ (പ്രസിഡണ്ട്)
2. ശ്രീ.എം.ചന്ദ്രശേഖരൻ (വൈസ് പ്രസിഡണ്ട്)
3. ശ്രീ.എം.ടി.പി.അബ്ദുള്ള
4. ശ്രീ.ഏ.വി.കുഞ്ഞിരാമൻ
5. ശ്രീ.കെ.കേളപ്പൻ നായർ
6. ശ്രീ.കെ.വി.കുഞ്ഞമ്പു
7. ശ്രീ.കെ.പി.കുഞ്ഞിരാമൻ
8. ശ്രീ.പി.ചന്തൻ കുഞ്ഞി
9. ശ്രീ.പി.രാമൻ
10. ശ്രീ.പി.പി.രാമൻ
11. ശ്രീ.കെ.പി.കുഞ്ഞമ്പു

പ്രസ്തുത ബോർഡിന്റെ കാലാവധിക്ക് ശേഷം 29.12.1963ൽ പുതിയ ഭരണസമിതി അധികാരമേറ്റെടുത്തു. ശ്രീ. ടി.കെ.കണ്ണൻ പ്രസിഡണ്ടും, ശ്രീ. പി.വി.കുമാരൻ വൈസ് പ്രസിഡണ്ടും ആയിട്ടുള്ള പ്രസ്തുത ബോർഡിൽ 9 മെമ്പർമാരാണ് ഉണ്ടായിരുന്നത്. 8 പേർ തെരഞ്ഞെടു

ക്കപ്പെട്ടവരും ഒരു വനിതയെ നോമിനേറ്റ് ചെയ്തതുമായിരുന്നു.

1. ശ്രീ. ടി.കെ.കണ്ണൻ
2. ശ്രീ. പി.പി.കുമാരൻ
3. ശ്രീ. കെ.പി.കുഞ്ഞമ്പു
4. ശ്രീ. ടി.വി.കുഞ്ഞമ്പു
5. ശ്രീ. പി.വി.കോരൻ
6. ശ്രീ. പുന്നക്കോടൻ രാമൻ
7. ശ്രീ. കെ.കുഞ്ഞമ്പു
8. ശ്രീ. പി.കുഞ്ഞിക്കണ്ണൻ
9. ശ്രീമതി. എം.പി.കമലാക്ഷിയമ്മ
10. ശ്രീ. സി.കൃഷ്ണൻ നായർ (29.12.1964 മുതൽ)

26.9.64ന് ശ്രീ.ടി.കെ.കണ്ണൻ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം രാജിവെച്ചു. തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ രണ്ടാം വാർഡിൽ നിന്നും ശ്രീ. സി.കൃഷ്ണൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 8.1.1965ന് ശ്രീ. സി.കൃഷ്ണൻ നായർ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

8.1.1965 മുതൽ

ശ്രീ. സി.കൃഷ്ണൻ നായർ- പ്രസിഡണ്ട്

ശ്രീ.പി.പി.കുമാരൻ- വൈസ് പ്രസിഡണ്ട്

1979 സപ്തംബർ മാസം വരെ പ്രസ്തുത ബോർഡ് തുടർന്നു. സപ്തംബർ മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 8 അംഗ ഭരണ സമിതിയെ തെരഞ്ഞെടുത്തു. ശ്രീ. സി.കൃഷ്ണൻ നായർ പ്രസിഡണ്ടും ശ്രീ.ഒ.ടി. മുഹമ്മദ് വൈ. പ്രസിഡണ്ടുമായിരുന്ന പ്രസ്തുത ഭരണ സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരുന്നു.

1. ശ്രീ. സി.കൃഷ്ണൻ നായർ
2. ശ്രീ. ഒ.ടി.മുഹമ്മദ്
3. ശ്രീ. കെ.സി.കോരൻ
4. ശ്രീമതി. ടി.വാസന്തി
5. ശ്രീ. പി.യം.മുകുന്ദൻ
6. ശ്രീ. കെ.നാരായണൻ മാസ്റ്റർ
7. ശ്രീ. ടി.വി.ഗോവിന്ദൻ
8. ശ്രീ. കെ.വി.ദാമോദരൻ

പ്രസ്തുത ബോർഡിന്റെ കാലാവധിക്ക് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ 8.2.88ന് പുതിയ ഭരണസമിതി ശ്രീ.ടി.വി.ഗോവിന്ദനെ പ്രസിഡണ്ടും ശ്രീ. ഇ.കുഞ്ഞിരാമനെ വൈ. പ്രസിഡണ്ടും ആയി തെരഞ്ഞെടുത്തു. താഴെ പറയുന്നവരായിരുന്നു അംഗങ്ങൾ.

1. ശ്രീ. ടി.വി.ഗോവിന്ദൻ
2. ശ്രീ. ഇ.കുഞ്ഞിരാമൻ
3. ശ്രീ. ടി.പി.രാമൻ
4. ശ്രീ. കെ.മാധവൻ
5. ശ്രീ. സി.എച്ച്.കേശവൻ മാസ്റ്റർ
6. ശ്രീ. ടി.വി.കൃഷ്ണൻ
7. ശ്രീ. പി.വി.ശാന്തകുമാരി
8. ശ്രീ. ഇ.അപ്പു
9. ശ്രീമതി. കെ.പത്മാവതി

പ്രസ്തുത ബോർഡിന്റെ കാലാവധിക്ക് ശേഷം 2.10.95ന് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. ശ്രീ.ടി.വി.ഗോവിന്ദൻ പ്രസിഡണ്ടും ശ്രീമതി.പി.കെ.ലക്ഷ്മി വൈ.പ്രസിഡണ്ടുമായുള്ള ഭരണസമിതിയിൽ 10 അംഗങ്ങൾ ഉണ്ട്. ശ്രീ.സി.വി.നാരായണൻ സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ.

1. ശ്രീ. ടി.വി.ഗോവിന്ദൻ
2. ശ്രീമതി. പി.കെ.ലക്ഷ്മി
3. ശ്രീമതി. കെ.കാർത്ത്യായനി
4. ശ്രീമതി. വി.മാധവി
5. ശ്രീമതി. കെ.പത്മാവതി
6. ശ്രീമതി. കെ.കല്യാണി
7. ശ്രീ. സി.വി.അപ്പു
8. ശ്രീ. സി.വി.നാരായണൻ
9. ശ്രീ. എം.കൃഷ്ണൻ
10. ശ്രീ. പി.വി.പത്മനാഭൻ

2.10.95ന് അധികാരം ഏറ്റെടുത്ത സമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.



3
സാമൂഹ്യ സാംസ്കാരിക ചരിത്രം

വിഴയ മദിരാശി സംസ്ഥാനത്തിൽ പെട്ട തെക്കൻ കർണ്ണാടകത്തിലെ തെക്കെ അറ്റത്തു കിടക്കുന്ന ഹോസ്ദുർഗ് താലൂക്കിന്റെ തെക്കുഭാഗത്തായി മലബാറിനോട് തൊട്ടുരുമ്മിയുള്ള മൂന്ന് ഗ്രാമങ്ങൾ പിലിക്കോട്, മാണിയാട്ട്, കൊടക്കാട് ചേർത്തുകൊണ്ട് രൂപം കൊടുത്ത പഞ്ചായത്താണ് പിലിക്കോട്. പുലിയും പശുവും ഒത്തു ചേർന്ന് സഹവസിച്ച 'പുലിക്കാട്' കാലാന്തരത്തിൽ പിലിക്കോട് ആയി മാറിയെന്ന ഐതിഹ്യം നിലനിൽക്കുന്നു. ഇത് പഞ്ചായത്ത് പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗത്താണെങ്കിൽ തൊട്ടുകിഴക്ക് ഇടക്കിടെ കുടപ്പനകൾ വളർന്ന് ചുറ്റുമുള്ള കുന്നുകളിൽ ഇടതൂർന്ന് കാടുപിടിച്ച കൊടക്കാട് ഗ്രാമം. മാണിയമ്മയുടെ പേരിൽ നിലവിൽ വന്ന 'മാണിനാട്' പറയാനുള്ള സൗകര്യത്തിന് മാണിയാട് ആയി. ഇത് തെക്കുഭാഗത്തുള്ള ഗ്രാമം. സൗഹാർദ്ദവും സഹവർത്തിത്വവുമുള്ള ഭൂപ്രദേശമാണ് പിലിക്കോട്. ജന്മനാൽ വൈരികളായ മൃഗങ്ങളും പരസ്പര സഹകാരികളായ മനുഷ്യരും തിരുക്കുകളും തോളോടു തോളുരുമ്മി ജീവിച്ച ഈ പ്രദേശത്ത് സമീപകാലത്ത് ശ്രദ്ധയിൽ പെട്ട ഗുഹകളും നന്നങ്ങാടികളും പഴക്കമേറിയ സംസ്കാരത്തിന്റെ സൂചനകളായി കരുതപ്പെടുന്നു. ഇവ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തേണ്ടതായുണ്ട്.

കുന്ന്, പാറ, പൊയിൽ, കൊവ്വൽ, കുതിര് തുടങ്ങിയ ഭൂസവിശേഷതകളുമായി ബന്ധപ്പെട്ടാണ് ഒട്ടേറെ സ്ഥലങ്ങളും അറിയപ്പെടുന്നത്. കരിയാക്കര കുന്ന്, ഓത്തുകുന്ന്, വീതുകുന്ന്, എടാച്ചേരികുന്ന്, ദേവർകുന്ന്, കുഞ്ഞിപ്പാറ, വേങ്ങാപ്പാറ, വന്നലോംപാറ, കണ്ണാടിപ്പാറ, പൊള്ളപ്പൊയിൽ, മടിവയൽ, ഏച്ചികൊവ്വൽ, ചൂരികൊവ്വൽ, തിരുനെല്ലി കൊവ്വൽ, തുമ്പക്കുതിര് തുടങ്ങിയവ ഉദാഹരണങ്ങളാണ്. തച്ചോളി ഒതേനനും കൃഷ്ണദേവരായരും തമ്മിലേറ്റുമുട്ടിയ പടക്കളം - ഇന്നത്തെ പടുവളം ചരിത്രപ്രാധാന്യമുള്ള സ്ഥലമാണ്.

പരമ്പരാഗതമായി കാർഷികവൃത്തിയും ജാതീയമായ കൂലത്തൊഴിലുകളും ഉപജീവനമാക്കിയ ജനവിഭാഗത്തിന്റെ ആവാസഭൂമിയാണ് പിലിക്കോട്. ജാതിവ്യവസ്ഥ സജീവമായി നിലനിൽക്കുകയും പാലിക്കപ്പെടുകയും അതിന്നനുസരിച്ച് ജീവിതക്രമം ചിട്ടപ്പെടുത്തുകയും ചെയ്ത ഒരു ഭൂതകാലം ഇവിടെയുമുണ്ടായിരുന്നു. വിഷുവിന്ന് 'കാലിക്കണി'യും, തുലാപത്തിന്ന് 'കാലിച്ചാനൂട്ടലും' ഇതിന്റെ ഭാഗമായി ഇന്നും നടക്കുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഈ പ്രദേശത്തും കാര്യമായ സ്വധീനം ചെലുത്തിയിരുന്നു. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം ശക്തവും വ്യാപകവുമായ പ്രക്ഷോഭങ്ങൾക്ക് ആഹ്വാനം നൽകിയപ്പോൾ അതിൽ പങ്കെടുത്തുകൊണ്ട് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന്ന് പിലിക്കോടിന്റെ പൂർവികർ തയ്യാറായിരുന്നു. 1928 മെയ് 26ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പങ്കെടുത്ത ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പയ്യന്നൂർ സമ്മേളനത്തോടെ ഈ പ്രദേശത്ത് ദേശീയ പ്രസ്ഥാനത്തിന്ന് ആരംഭം കുറിച്ചു. പ്രദേശത്തെ നിരവധി പേർ ആവേശഭരിതരായി പയ്യന്നൂർ സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തിന്റെ ആഹ്വാനമനുസരിച്ച് കോൺഗ്രസ് അനുഭാവികളായി കൊണ്ട് അവർ ഖദർ ധരിക്കാൻ തുടങ്ങി. ഖാദി പ്രചരണം, ഹിന്ദി പഠനം എന്നിവ കോൺഗ്രസ്സ് പ്രവർത്തനത്തിന്റെ ഭാഗമായി മാറി. ചരിത്ര പ്രസിദ്ധമായ ഉപ്പ് സത്യാഗ്രഹത്തോടനുബന്ധിച്ച് 1930ൽ ശ്രീ. കെ. കേളപ്പന്റെ നേതൃത്വത്തിൽ നടത്തിയ പയ്യന്നൂർ - കോഴിക്കോട് ജാഥയിലും ഉപ്പ് സത്യാഗ്രഹത്തിലും പങ്കെടുത്ത ശ്രീ. ടി.എസ് തിരുമുമ്പ്, ശ്രീ. പി.സി. കുഞ്ഞിരാമൻ അടിയോടി, മുണ്ടവളപ്പിൽ കുഞ്ഞിരാമൻ വൈദ്യർ എന്നിവർ പിലിക്കോടിന്റെ ചിരസ്മരണീയരാണ്. പിലിക്കോട് തോട്ടത്തിന്ന് പടിഞ്ഞാറുവശത്ത് (എക്കച്ചിയിൽ അന്നത്തെ കോൺഗ്രസ്സ് ആഫീസ്) കടൽവെള്ളം കുറുക്കി ഉപ്പുണ്ടാക്കിയിരുന്നു. മദ്യഷാപ്പുകൾ പിക്കറ്റുചെയ്യുന്നതിന്നുള്ള ആഹ്വാനമനുസരിച്ച് പടുവളത്തെ കള്ള്ഷാപ്പ് പിക്കറ്റിങ്ങിന്ന് നേതൃത്വം നൽകിയിരുന്നത് ശ്രീ. പി.സി കുഞ്ഞിരാമൻ അടിയോടി, ശ്രി. പി.സി ഗോപാലകൃഷ്ണൻ അടിയോടി, ശ്രീ. പി.കെ നാരായണൻ അടിയോടി എന്നിവരായിരുന്നു. 1930കളിൽ ഈ ദേശാഭിമാനികൾ അനുഭവിച്ച പീഡനങ്ങൾക്കും ദുരിതങ്ങൾക്കും കയ്യും കണക്കുമില്ലായിരുന്നു. ഗുരുവായൂർ സത്യാഗ്രഹ സമരത്തിന്റെ ഭാഗമായി പിലിക്കോട് രയരമംഗലം ക്ഷേത്രത്തിലും ക്ഷേത്ര പ്രവേശനത്തിനായി ശ്രീ. പി.സി കുഞ്ഞിരാമൻ അടിയോടി, പി.കെ നാരായണൻ അടിയോടി, പി.സി. കുഞ്ഞികൃഷ്ണൻ അടിയോടി എന്നിവരുടെ നേതൃത്വത്തിൽ സത്യാഗ്രഹസമരം അനുഷ്ഠിച്ചു. സ്വാതന്ത്ര്യ സമരസേനാനിയും എം.എൽ.എയുമായിരുന്ന ശ്രീ. മനോഹരൻ മാസ്റ്റർ ഹരിജനോദ്ധാരണ പ്രവർത്തന രംഗത്ത് ഏറെ സ്മരണീയനാണ്.

കർഷക സംഘത്തിന്റെ ശക്തമായ മുന്നേറ്റത്തിന്ന് വേദിയായത് കൊടക്കാട് പ്രദേശമായിരുന്നു. ദേശീയ നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 1939ൽ കൊടക്കാട് 'വെള്ളച്ചാലിൽ' വെച്ചു നടത്തപ്പെട്ട കർഷകസംഘം സമ്മേളനം ഈ പ്രദേശത്തിന്റെ ചരിത്രത്തിലെ ഒരു പ്രധാന അദ്ധ്യായമാണ് . കർഷകസംഘം സമ്മേളനത്തോടനുബന്ധിച്ച് മഹിളാസമ്മേളനവും, ബാലസംഘം സമ്മേളനവും നടന്നു. അഖിലേന്ത്യാ കോൺഗ്രസ് നേതാവ് എൻ.ജി. രങ്ക പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. മഹിളാ സംഘത്തിന്റെ പ്രസിഡണ്ടായി ചേനൻ വീട്ടിൽ ലക്ഷ്മി അമ്മയേയും, സെക്രട്ടറിയായി പി.സി കാർത്യായനി കുട്ടി അമ്മയേയും തെരഞ്ഞെടുത്തു. ഒരു മഹാസമ്മേളനം ചിട്ടയായി നടത്തുകയും അയിത്തം, അനാചാരം, ഉച്ചനീചത്വം എന്നിവയൊക്കെ കൊടികുത്തിവാണിരുന്ന അക്കാലത്ത് സവർണ്ണരും, അവർണ്ണരും ഒരേവേദിയിൽ അണിനിരന്നതും പന്തിഭോജനമടക്കമുള്ള പരിപാടികൾ സംഘടിപ്പിച്ചതും ഇന്നും ഒരു മഹാസംഭവമായി പഴയ തലമുറയിൽ പെട്ടവർ ഓർക്കുന്നു. പുളിരുവീട്ടിൽ കൃഷ്ണൻ മണിയാണി, എലിച്ചി കണ്ണൻ, ഇ. നാരായണൻ നമ്പി മാസ്റ്റർ, കോയ്യൻ കണ്ണൻ, കോട്ടേൻ കണ്ണൻ, (ഐ.എൻ.എ),

പിലാക്കു കുമാരൻ, സി കുഞ്ഞമ്പു എന്നിവർ ഈ സമ്മേളനത്തിനും അന്നത്തെ കർഷക പ്രസ്ഥാനത്തിനും നേതൃത്വം നൽകിയവരായിരുന്നു. 'അഭിനവഭാരത് യുവക് സംഘ'ത്തിന് നേതൃത്വം നൽകിയ എ.വി. കുഞ്ഞമ്പു കരിവെള്ളൂർ സ്വദേശിയാണെങ്കിലും യുവക് സംഘവും കർഷക പ്രസ്ഥാനവും വളർത്തിയെടുക്കുന്നതിന് കൊടക്കാടുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. കൊടക്കാട് പ്രദേശത്തെ യുവക് സംഘത്തിന്റെ നേതൃത്വം ഏറ്റെടുത്ത് വളണ്ടിയർ പരിശീലന് നൽകി യുവാക്കളെ സജ്ജമാക്കിയതിന്റെ പേരിൽ 'ഓഫീസർ' എന്നറിയപ്പെടുന്ന ഓഫീസർ കുഞ്ഞമ്പു, പുത്തിലോട്ട് പരങ്ങേൻ ചന്തൻ, താഴത്തുപുരയിൽ കുഞ്ഞമ്പു, കീരന്തോട്ട് രാമൻ, പിലിക്കോട് ചന്ദ്രശേഖരൻ മാസ്റ്റർ എന്നിവർ കർഷക പ്രസ്ഥാനത്തിന്നു വേണ്ടി ത്യാഗങ്ങൾ അനുഭവിച്ച ആദ്യകാല പ്രവർത്തകരിൽ സ്മരണീയരാണ്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുവേണ്ടി ത്യാഗങ്ങൾ അനുഭവിച്ച പുന്നക്കോടൻ കുഞ്ഞിരാമൻ, കണിശൻ കുഞ്ഞപ്പൻ, വൈദ്യരെ രാമൻ എന്നിവർ ഗതകാല സംഭവങ്ങളിൽ സ്മരണീയരത്രെ. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കരുത്തനും 'പാടുന്ന പടവാള്' മായിരുന്ന താഴക്കാട്ട് മനക്കൽ സുബ്രഹ്മണ്യൻ തിരുമുമ്പ് - ടി.എസ്. തിരുമുമ്പ് - വിപ്ലവകാരി, പണ്ഡിതൻ, സ്വാതന്ത്ര്യസമരസേനാനി, ഭക്തകവി, വിവർത്തകൻ തുടങ്ങിയ മേഖലകളിൽ സ്മരണീയരിൽ പ്രഥമഗണനീയനാണ്. സ്വതന്ത്ര്യസമരനേസനാനി ശ്രീ. സി.പി കൃഷ്ണൻ നായർ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ എടുത്തുപറയത്തക്ക പ്രവർത്തകനായിരുന്നു.

1944ൽ നടന്ന സുപ്രസിദ്ധമായ ചീമേനി തോലും വിറകും സമരത്തിൽ കൊടക്കാടും പരിസരത്തുമുള്ളവർ സജീവമായി പങ്കെടുത്തു. ഈ പ്രദേശത്ത് സ്ത്രീകളുടെ പങ്കാളിത്തത്തോടെ നടന്ന ആദ്യത്തെ കർഷക സമരമായിരുന്നു ഇത്. സ്ത്രീകൾ വിറകും തോലും ശേഖരിക്കുന്നത് നിഷേധിക്കുകയും ഇതിനെതിരെ പ്രതിഷേധിച്ച സ്ത്രീകളെ ഗുണ്ടകളെ കൊണ്ട് അപമാനിക്കുകയും ചെയ്ത ജന്മിക്കെതിരായി നടന്ന സമരത്തിൽ പ്രദേശത്തെ കർഷകർ സജീവമായി പങ്കെടുത്തു. 'തോലും വിറകും ഞങ്ങളെടുക്കും കാലൻ വന്നു തടുത്താലും' എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ട് ടി.എസ് തിരുമുമ്പ്, ടി.കെ ചന്തൻ, സി. കൃഷ്ണൻ നായർ തുടങ്ങിയവർ ഈ സമരത്തിന് നേതൃത്വം നൽകി. ആറാളുടെ പേരിൽ പോലീസ് കേസ് ചാർജ് ചെയ്തു. കർണ്ണാടകത്തിലെ പുത്തൂർ കോടതിയിൽ കേസ് വിചാരണ നടത്തി. രണ്ട് കൊല്ലത്തിനുശേഷം പ്രതികളെ വെറുതെ വിട്ടു.

ജന്മിത്വം കൊടികുത്തിവാണ പ്രദേശമെന്നതുകൊണ്ട് തന്നെ ഈ പ്രദേശത്തെ ഭൂസ്വത്തുകളുടെ ഉടമാവകാശം ജന്മിമാർക്കായിരുന്നു. കുടിയാന്മാർക്ക് യാതൊരു അവകാശമോ അധികാരമോ ഉണ്ടായിരുന്നില്ല. വാരം കൊടുക്കാത്തതിന്റെ പേരിൽ കൃഷിനിലം ഒഴിപ്പിക്കൽ, വാരം കൃത്യമായി കൊടുത്താലും - 'പറ്റ്ശീട്ട്' മാത്രം കൊടുത്തു രശീതി കൊടുക്കാതിരിക്കൽ, കുടിയാന്റെ പറമ്പിൽ നിന്ന് ജന്മിക്കു വേണ്ടുന്ന വകകൾ കാര്യസ്ഥൻ മുഖേന കൊണ്ടുപോകൽ, വാരം ബാക്കിയായാൽ കൃഷിനിലത്തിൽ 'തോലുകുത്തി' കൂടിശ്ശിക വാരത്തിന് തീർപ്പാക്കിയ ശേഷം മാത്രം വിളകൊയ്യാനനുവദിക്കൽ എന്നിവയൊക്കെ സാധാരണയായിരുന്നു. നെല്ല് കൂലിയായി നൽകുന്ന പതിവായിരുന്നു. രാവിലെ എട്ടുമണി മുതൽ സൂര്യാസ്തമയ സമയം വരെ പണിചെയ്താൽ ഒരു സ്ത്രീക്ക് കൂലിയായി 1.25 ഇടങ്ങഴി നെല്ലും, പുരുഷന് രണ്ടിടങ്ങഴി നെല്ലും ലഭിക്കും. ഓണം, വിഷു എന്നീ വിശേഷ ദിവസങ്ങളിലും പിറന്നാൾ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും കുടിയാന്മാർ ജന്മിക്ക് 'കാഴ്ച' സമർപ്പിച്ചിരുന്നു. പകരം ജന്മിമാർ സദ്യയും സമ്മാനവും നൽകാറുണ്ട്. ജന്മികുടുബത്തിൽ മരണം സംഭവിച്ചാൽ അടിയാന്മാർ കൂട്ടത്തോടെ ദുഃഖസൂചകമായി അവിടെച്ചെന്ന് കരയുക പതിവാണ്. ഇതിന്ന് പ്രതിഫലവും ലഭിച്ചിരുന്നു. കർഷക സംഘത്തിന്റെ മുന്നേറ്റവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും ജന്മിത്വത്തിന്റെ അടിവേരറുക്കുന്നതിനുള്ള ചാലകശക്തിയായി മാറി. ഭൂപരിഷ്കരണ നിയമം നടപ്പായതോടെ ഭൂമിയുടെ കവശാവകാശക്കാരൻ ഉടമാവകാശിയായി. കാർഷികപരിഷ്കരണ നടപടികൾ സാമൂഹ്യ ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി.

പാരമ്പര്യ ചികിത്സയിൽ ഈ പ്രദേശം പണ്ടേ പ്രസിദ്ധമാണ്. പിലിക്കോട് കാനാ കേളപ്പൻ വൈദ്യർ, പടിഞ്ഞാറ്റത്ത് നാരായണൻ അടിയോടി, മെട്ടക്കില്ലത്ത് നാരായണൻ നമ്പൂതിരി, മഞ്ഞ രാമപൊതുവാൾ, ആലക്കാടൻ നാരായണൻ, രാമൻ മണക്കാടൻ, കുട്ട്യമ്പു മ്ണക്കാടൻ, പിലാക്കാ കണ്ണനെഴുത്തച്ഛൻ, പി.വി.ടി. രാമൻ, മടയമ്പത്ത് ചവിണിയൻ എന്നിവർ ചികിത്സാരംഗത്തെ പ്രഗത്ഭരായിരുന്നു. ബാലചികിത്സയിൽ പ്രസിദ്ധനായ കണ്ണൻ പെരുവണ്ണാൻ, ചികിത്സാരംഗത്തെ പേരെടുത്ത ആലക്കാടൻ നാരായണൻ മാസ്റ്റർ, സി.വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, പടിഞ്ഞാറ്റത്ത് ദാമോദരൻ അടിയോടി, പി. കരുണാകരൻ മാസ്റ്റർ, തെക്കെവീട്ടിൽ കണ്ണൻ എന്നിവരുടെ സേവനം ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. മൃഗചികിത്സയിൽ പ്രഗത്ഭനായിരുന്ന മാണിയാട്ടെ വടക്കെവീട്ടിൽ രാമന്റെ സേവനം എടുത്തുപറയത്തക്കതായിരുന്നു.

വിദ്യാഭ്യാസത്തിന്നായി കുടിപ്പള്ളിക്കൂടങ്ങളാണ് ആദ്യകാലങ്ങളിൽ ഇവിടെ ഉണ്ടായിരുന്നത്. പിന്നീടാണ് സ്കൂളുകൾ രൂപപ്പെട്ടത്. സംസ്കൃതപണ്ഡിതനും വിദ്യാപ്രചരണ തല്പരനുമായിരുന്ന മഞ്ഞ രാമനെഴുത്തച്ഛൻ 1888ൽ അദ്ദേഹം തന്നെ മാനേജരും ഹെഡ്മാസ്റ്ററുമായി സാഥാപിച്ച മാണിയാട്ട് സ്കൂളാണ് പ്രദേശത്തെ ആദ്യത്തെ സ്കൂൾ. ആദ്യത്തെ പരിശീലനം നേടിയ അദ്ധ്യാപകൻ മഞ്ഞ കേളുമാസ്റ്റർ. 1914ൽ മാണിയാട്ട് സ്കൂൾ താലൂക്ക് ബോർഡിലേക്ക് വിട്ടുകൊടുത്തു. അതാണ് ഇന്നത്തെ ചന്തേര ഗവ. യു.പി. സ്കൂൾ ആദ്യത്തെ പോസ്റ്റാഫീസ് ആരംഭിച്ചതും ഈ വിദ്യാലയത്തിലാണ്. പിലിക്കോട് കൊട്ടമ്പുറം ഇടുവിന്നടുത്ത് ഒരു നൂറ്റാണ്ട് പഴക്കമുള്ള കൊട്ടമ്പുറം എലിമെൻററി സ്കൂൾ ഉണ്ടായിരുന്നു. ഇത് പിന്നീട് പിലിക്കോട് ഗവ. യു.പി. സ്കൂൾ എന്ന പേരിൽ നിലവിൽ വരികയും ചെയ്തു. 1920കളിൽ ഹരിജനങ്ങൾക്ക് പ്രത്യേക വിദ്യാഭ്യാസം ലക്ഷ്യമാക്കി ബ്രിട്ടീഷ് ഗവ. നടപ്പിൽ വരുത്തിയ ഹരിജൻ വെൽഫെയർ സ്കൂളുകൾ പൊതുവെ ഈ പ്രദേശത്ത് 'പുലയർ സ്കൂൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. 1921ൽ കൊടക്കാട് പടിഞ്ഞാറ്റക്കരയിൽ ഹരിജൻ വെൽഫെയർ സ്കൂളുകൾ ആരംഭിച്ചു. ഹരിജൻ കുട്ടികൾക്ക് വസ്ത്രം, ഉച്ചക്കഞ്ഞി എന്നിവ സൗജന്യമായി നൽകിയിരുന്നു. മറ്റു വിഭാഗത്തിൽ പെട്ട കുട്ടികൾ അക്കാലത്ത് ഹരിജൻ വെൽഫെയർ സ്കൂളിൽ പഠിക്കുന്നത് വിരളമാണ്. അടുത്ത കാലത്താണ് ഹരിജൻ വെൽഫെയർ സ്കൂളുകൾ വെൽഫെയർ സ്കൂളുകളായി മാറിയത്. 1921ൽ ആരംഭിച്ചതാണ് പുത്തിലോട്ട് ഹയർ എലിമെൻററി സ്കൂൾ. ഈ വിദ്യാലയം പഴയകാലത്തെ പ്രസിദ്ധ സ്ഥാപനമാണ്. 1958 വരെ ഇ.എസ്.എൽ.സി പരീക്ഷ നടത്തിയിരുന്ന വിദ്യാലയമായിരുന്നു. 1926ൽ പൊളപ്പൊയിലിലും 1946ൽ ചന്തേര മുസ്ലീം എൽ.പി. സ്കൂളും സ്ഥാപിച്ചു.

പിലിക്കോടിന്റെ രാഷ്ട്രീയ സാമൂഹ്യ ചരിത്രത്തിൽ സ്വാധീനം ചെലുത്തിയ ഒട്ടനവധി വ്യക്തികളും പ്രസ്ഥാനങ്ങളും ഉണ്ട്. ഒന്നിനൊന്ന് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികളേയും പ്രസ്ഥാനങ്ങളേയും നാളെയുടെ ചരിത്രത്തിന്റെ കൂയിൽ വിളിക്കാരായി ഇവിടെ സ്തുതിക്കപ്പെടുന്നു.



4

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി, ജൈവ പ്രകൃതി

ഭൂപ്രകൃതി

പിലിക്കോട് പഞ്ചായത്ത് ഭൂമിശാസ്ത്രപരമായി തീരപ്രദേശത്തിൽ ഉൾപ്പെടുന്നതാണെന്ന് പറയാം. കിഴക്ക് കടൽ കാണും കുന്ന് മുതൽ പടിഞ്ഞാറ് ഏർവാഴ വരെ നീണ്ടു കിടക്കുന്ന ഈ പ്രദേശം കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞ് കിടക്കുന്നു. കാസർഗോഡ് ജില്ലയിൽ ഹൊസ്ദുർഗ് താലൂക്കിന്റെ തെക്കേ അറ്റത്ത് നോർത്തേൺ ആഗ്രോമാറ്റിക്ക് സോണിൽപ്പെടുന്ന ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശം തീരഭൂമിയും മദ്ധ്യഭാഗം ഫലഭൂയിഷ്ഠമായ മണ്ണും കിഴക്കൻ പ്രദേശങ്ങൾ ചെങ്കൽ നിറഞ്ഞ പ്രദേശങ്ങളുമാണ്. ഭൂമിയുടെ സ്വഭാവമനുസരിച്ച് ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയെ നാലായി തരം തിരിക്കുന്നു.

പട്ടിക

ഭൂമിയുടെ തരം	വിസ്തീർണ്ണം	ശതമാനം
1. ചെങ്കൽ കലർന്ന പാറപ്രദേശം	2033.628	75.96
2. തീരഭൂമി	593.37	20.67
3. പുൽമേടുകൾ	25.00	0.93
4.ചതുപ്പ് നിലം	65.00	2.44
	2677.00	100.00

1. ചെങ്കൽ കലർന്ന പാറപ്രദേശം

പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതിയുടെ 75.96% ചെങ്കൽ കലർന്ന പാറപ്രദേശമാണ്. പിലിക്കോട് കണ്ണങ്കൈ, മട്ടലായി, വലിയപറമ്പ്, വെള്ളപ്പൊയിൽ വന്നലോം, വലിയപൊയ്യിൽ, ഓലാട്ട് പ്രദേശങ്ങൾ കട്ടികൂടിയതോ പാളികളോടുകൂടിയതോ ആയ ചെങ്കൽ കലർന്ന പാറപ്രദേശമാണ്. മൊത്തം 2005.78 ഹെക്ടർ ഭൂമിയിൽ 119.404 ഹെക്ടർ പ്രദേശം തീരെ കൃഷിയോഗ്യമല്ലാത്ത പാറ പ്രദേശമാണ്. മഴക്കാലത്ത് പുല്ല് വളരാൻ തന്നെ പ്രയാസപ്പെടുന്ന ഈ പ്രദേശം തീർത്തും തരിശ് ഭൂമിയാണ്. പ്രധാന കൃഷി നെല്ല്, കശുവണ്ടി എന്നിവയാണ്. സമ്മിശ്ര കൃഷിരീതിയിൽ വാഴ, കുരുമുളക്, കവുങ്ങ് മുതലായവയും പെടുന്നു. ജല ദൗർബല്യം ഈ പ്രദേശത്ത് അനുഭവപ്പെടുന്നത് മൂലം മെച്ചപ്പെട്ട വിളവുകൾ ലഭ്യമല്ല. പ്രധാനമായി ഈ പ്രദേശത്ത് കാണുന്ന കുന്നുകളുടെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക

1. മാവ്പ്പാടി കുന്ന്
2. വീത് കുന്ന്
3. കണ്ണാടിപ്പാറ
4. ആനിക്കാടി കുന്ന്
5. പൊള്ളപ്പൊയ്യിൽ കുന്ന്
6. എടാച്ചേരി കുന്ന്
7. വന്നലോം പാറ
8. ബമ്മാം കുന്ന്
9. കടൽ കാണും കുന്ന്

സമുദ്ര നിരപ്പിൽ നിന്നും 104 മീറ്റർ ഉയരമുള്ള ബമ്മാം കുന്നാണ് ഏറ്റവും ഉയരം കൂടിയ പ്രദേശം.

2.തീരഭൂമി

പിലിക്കോട് വയൽ, മാ..ിയാട്, കാലിക്കടവ്, പുത്തിലോട്ട് തുടങ്ങിയ പ്രദേശങ്ങളിലായി വ്യാപിച്ച് കിടക്കുന്ന 553.37 ഹെക്ടർ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 20.67% വരും. ഇവിടെയാണ് പ്രധാനമായും നെൽകൃഷി നടത്തിവരുന്നത്.

3.പുൽമേടുകൾ

കൃഷിയോഗ്യമല്ലാത്ത ചെരിവ് പ്രദേശങ്ങൾ പുല്ലുകൾ മാത്രം വളർന്ന് നിൽക്കുന്ന പുൽമേടുകളാണിത്. പ്രധാനമായും കാലിമേച്ചിൽ പ്രദേശമായി നിലനിൽക്കുന്നു. 25 ഹെക്ടർ വരുന്ന ഈ പ്രദേശം മൊത്തം വിസ്തീർണ്ണത്തിന്റെ 0.94% വരും. പുൽമേടുകൾ പ്രധാനമായും വലിയപൊയ്യിൽ, കുഴിപ്രാട്ട്, കണ്ണാടിപ്പാറ എന്നീ പ്രദേശങ്ങളാണ്.

4. ചതുപ്പ് നിലം

പിലിക്കോട് മലപ്പ് മുതൽ നഞ്ചൽ വരെ നീണ്ടു കിടക്കുന്ന ചതുപ്പ് പ്രദേശം ഏകദേശം 65.00 ഹെക്ടർ വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. മൊത്തം വിസ്തീർണ്ണത്തിന്റെ 2.45% ഈ പ്രദേശം നെൽകൃഷി നടത്തുന്നതാണെങ്കിലും കൃഷി ഫലപ്രദമല്ല.

ഭൂമിയുടെ പൊതു സ്വഭാവമാണ് മുകളിൽ വിവരിച്ചത്. ഇവിടത്തെ കൃഷി രീതിയെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ജലപ്രകൃതി

പിലിക്കോട് പഞ്ചായത്തിലെ കഴിഞ്ഞ പത്തു വർഷക്കാലത്തെ ശരാശരി പെയ്ത മഴയുടെ അളവ് 3601 മി.മീ. ആണ്. പന്ത്രണ്ടുമാസത്തിൽ ഫെബ്രുവരി മാസമൊഴികെ മറ്റെല്ലാ മാസത്തിലും ഏറ്റക്കുറച്ചിലോടെ മഴ ലഭിച്ചിട്ടുണ്ട്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തിൽ 10മി.മീ. താഴെ മാത്രമേ മഴ ലഭിക്കാറുള്ളു. ശരാശരി മെച്ചപ്പെട്ട മഴലഭിക്കുന്ന പ്രദേശമാണ് ഇതെന്ന് ഈ കണക്കിലൂടെ വ്യക്തമാവുന്നു. മൊത്തം 24.75 കിലോമീറ്റർ തോടും 58 കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ മഴവെള്ളം ഒഴുകിപ്പോകുന്നത് തടയാൻ ഫലപ്രദമായ സംവിധാനം ഇല്ലാത്തതുകൊണ്ട് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കാർഷിക വിളകൾ വരൾച്ചയെ നേരിടുകയും ചെയ്യുന്നു.

ജനപ്രകൃതി

1991 ലെ സെൻസസ് അനുസരിച്ച് പിലിക്കോട് പഞ്ചായത്തിലെ ജനസംഖ്യ 21210 ആണ്. 10167 പുരുഷന്മാരും 11043 സ്ത്രീകളും. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ 876 കൂടുതലാണ്. ചതുരശ്രകിലോമീറ്ററിന് 792 ജനങ്ങൾ അധിവസിക്കുന്നു. പുരുഷന്മാരിൽ 94.68 % സ്ത്രീകളിൽ 83.56% .

ഇതിൽ പട്ടിക ജാതിയിൽപ്പെട്ട 1173 പേരും (പുരുഷന്മാർ 565, സ്ത്രീകൾ 608) പട്ടിക വർഗത്തിൽപ്പെട്ട 3 പേരും (പുരുഷൻ1, സ്ത്രീകൾ2) ഉണ്ട്. സ്ത്രീപുരുഷ അനുപാതം 1080 ആണ്. സ്ത്രീകൾ കൂടുതലാണെന്ന് ഇത് സാസ്ഥാന നിലവാരത്തേക്കാൾ 57 കൂടുതലാണ്.

മൊത്തം ജനസംഖ്യയിൽ 7125 പേർ തൊഴിലാളികളാണ്. 4338 പുരുഷന്മാരും 2787 സ്ത്രീകളും വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവിക്കുന്നവരാണ്. 344 പുരുഷന്മാരും 519 സ്ത്രീകളും അടക്കം 863 പേർ കാലികമായ തൊഴിൽ ചെയ്യുന്നവരാണ്. മൊത്തം ജനസംഖ്യയിൽ 46.1% പുരുഷന്മാരും 29.9% സ്ത്രീകളും (ശരാശരി 37.7%) തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്.

907 പേർ കൃഷിക്കാരാണ്. (പുരുഷന്മാർ 499 സ്ത്രീകൾ 408). 2192 കാർഷിക തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ട്. (985 പുരുഷന്മാരും 1909 സ്ത്രീകളും). മത്സ്യവിൽപ്പന, കാലി വളർത്തൽ മുതലായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 79 പേർ ഈ പഞ്ചായത്തിലുണ്ട്. (പുരുഷന്മാർ 72 സ്ത്രീകൾ 7) ചെങ്കൽ മേഖലയിൽ പണിയെടുക്കുന്ന 436 പേരിൽ 398 പുരുഷന്മാരും 28 സ്ത്രീകളുമാണ്. കുടിൽവ്യവസായത്തിൽ 43 പേരും (27 പുരുഷന്മാരും 18 സ്ത്രീകൾ) വ്യവസായ തൊഴിലാളികളായി 1431 പേരും ഉണ്ട്. (പുരുഷന്മാർ 659ഉം സ്ത്രീകൾ 772ഉം) വിദ്യാഭ്യാസതൊഴിൽ രംഗത്ത് 243 പേരും (പു: 312, സ്ത്രീ: 89) ഉണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്ത പട്ടികയിൽ കൊടുക്കുന്നു.

പട്ടിക - 1

1991 ലെ സെൻസസ് അടിസ്ഥാനമാക്കി വാർഡ് തല വിവരങ്ങൾ

വാർഡ് നമ്പർ	താമസമുള്ള വീടുകൾ	ആകെ വീട്	ജനസംഖ്യ			6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ			പട്ടികജാതി			പട്ടികവർഗ്ഗം			സാക്ഷരത		
			ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
1	426	426	2182	1049	1134	247	126	121	47	52	99				850	805	1655
2	394	394	2167	1031	1133	254	122	132	11	14	25				832	745	1577
3	356	356	2156	1011	1145	305	144	161	15	28	43				822	784	1606
4	445	432	2618	1226	1392	388	196	192	15	20	35				1000	1026	2026
5	491	497	2555	1226	1329	282	135	147	39	36	75				1058	1027	2085
6	443	444	2210	1061	1149	258	118	140	117	135	252				874	840	1714
7	502	503	2481	1195	1286	336	152	184	163	160	323				1002	982	1984
8	522	522	2497	1195	1302	327	175	132	99	64	119	1	2	3	969	959	1928
9	504	508	2344	1171	1173	294	148	146	103	99	202				973	911	1884
ആകെ	4083	4099	21210	10167	11043	2691	1316	1375	965	608	1173	1	2	3	8380	8097	16477

വൈവിദ്ധ്യമുള്ള തൊഴിൽസാധ്യതയില്ലാത്ത ഒരു പ്രദേശമാണിത്. വ്യാവസായിക രംഗത്ത് കാര്യമായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. കാർഷിക രംഗവും തകർന്നു കഴിഞ്ഞു. ഇതിന്റെ ഫലമായി തൊഴിലില്ലായ്മ കൂടുതലുമാണ്.

ജനങ്ങളുടെ പ്രധാന വരുമാനമാർഗം കൃഷിയിൽ നിന്നാണ്. കൃഷി അനാദായകരമായി തീർന്നതോടെ ആ മേഖലയിൽ തൊഴിലെടുക്കുന്നവരും കൃഷിക്കാരും ഒരു പോലെ പ്രതിസന്ധിയിലാണ്. തൊഴിൽ സംബന്ധമായ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക

തൊഴിൽ പങ്കാളിത്തം

4.1 സ്ഥിരം തൊഴിൽ ചെയ്യുന്നവർ

1. പുരുഷൻ =4338
2. സ്ത്രീ = 2787

ആകെ=77125

ശതമാനം=33.59%

4.2. കാലികമായ തൊഴിൽ ചെയ്യുന്നവർ

1. പുരുഷൻ=344

2.സ്ത്രീ=519

ആകെ=863

ശതമാനം=4.06%

4.3 പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ

പുരുഷൻ=27

സ്ത്രീ=18

ആകെ=45

ശതമാനം=0.21%

കുടകപ്പാല
ചെന്നാർവള്ളി
ഹച്ചോറി
പുല്ലാഞ്ഞി
മുക്കുറ്റി
ശതാവരി
സർപ്പഗന്ധി
ഉങ്ങ്
കരുനെച്ചി

സ്പിറ്റ റോക്കാർപ്പ് ഇനത്തിൽ പെട്ട ഈ കാവിൽ നിറഞ്ഞിരിക്കുന്ന വൃക്ഷം വെള്ളപ്പയിലാണ്. ജൈവ വൈവിദ്ധ്യങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 2

മൃഗസമ്പത്തിന്റെ കാര്യത്തിൽ സമ്പന്നമല്ല കാവുകൾ. എന്നാൽ പക്ഷി സമ്പത്ത് ശ്രദ്ധേയമാണ്.

വളരെ അപൂർവ്വ പക്ഷികളായ വെള്ളവയറൻ കടൽപരുന്ത് നമ്മുടെ നാട്ടിലെ കാവുകളിൽ കൂടുകെട്ടി പ്രജനനം നടത്തുന്നു. നിരവധി ചിത്രശലഭങ്ങളും ഉണ്ട്. ദേശാടനകിളികൾ ചേക്കേറുന്ന പ്രദേശമാണിത്. താഴെ പറയുന്നവ അതിൽ ശ്രദ്ധേയമാണ്.

1. കാവി (ഇന്ത്യൻ ഓറിയോൾ)
2. ചീന മഞ്ഞക്കിളി (ഇന്ത്യൻ വിറ്റ)
3. പച്ചപ്പൊടി കുരുവി (ലീഫ് വാർ ബളർ)
4. ഇന്ത്യൻ മഞ്ഞക്കിളി (ഇന്ത്യൻ ഓറിയോൾ)
5. നാക മോഹൻ (പാരഡൈസ് ഫ്ളൈ കാച്ചർ)

പണ്ടു കാലത്ത് വന്ന് പോയിരുന്ന പല ദേശാടന കിളികളും കാണാനില്ലെന്ന് പഴമക്കാർ പറയുന്നു. കാവുകളുടെ ജൈവ, മൃഗ, പക്ഷി സമ്പത്തുകളുടെ സംരക്ഷണത്തിന്റെ അനിവാര്യതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

4.4. കൂടിൽ വ്യവസായം ചെയ്യുന്നവർ

പുരുഷൻ=659

സ്ത്രീ=772

ആകെ=1431

ശതമാനം=6.75%

4.5. നിർമ്മാണ തൊഴിലാളികൾ

പുരുഷൻ=236(1991), 1052(1996)

സ്ത്രീ=7(1991), 350(1996)

ആകെ=243(1991), 1402(1996)

ശതമാനം=1.15%

4.6. വ്യാപാര വ്യവസായ തൊഴിലാളികൾ

പുരുഷൻ=512

സ്ത്രീ=80

ആകെ=592

ശതമാനം=2.99%

4.7. സ്വന്തം തൊഴിൽ ചെയ്യുന്നവർ

പുരുഷൻ=499

സ്ത്രീ=408

ആകെ=907

ശതമാനം=4.27%

4.8. കാർഷിക തൊഴിലാളികൾ

പുരുഷൻ=983

സ്ത്രീ=1209

ആകെ=436

ശതമാനം=10.33%

4.9. ചെങ്കൽ തൊഴിലാളികൾ

പുരുഷൻ=398

സ്ത്രീ=38

ആകെ=436

ശതമാനം=2.05

4.10. ചെറുകിട വ്യവസായ തൊഴിലാളികൾ

പുരുഷൻ=659

സ്ത്രീ=772

ആകെ=1431

ശതമാനം=6.75%

വ്യത്യസ്ത ജാതി മത വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന ഒരു പ്രദേശമാണിത്. ജാതിയമായ ഉച്ചനീചത്വങ്ങൾ പണ്ട് ഉണ്ടായിരുന്നു. എന്നാൽ 1939ൽ കൊടക്കാട് വെച്ച് നടന്ന കാഷിക സമ്മേളനത്തിൽ മിശ്രഭോജനം നടത്തി അനീതിക്കെതിരായ സമരം ആരംഭിച്ചു. ഇപ്പോൾ ജാതിയത പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മത വിഭാഗക്കാരും ഒരേ പ്രദേശത്ത് വീട് വെച്ച് താമസിക്കുന്നുണ്ട്. ഇടക്കാലത്ത് നഷ്ടപ്പെട്ടിരുന്ന ജനങ്ങളുടെ കൂട്ടായ്മ ഇന്ന് വീണ്ടെടുത്ത് കഴിഞ്ഞിരിക്കുന്നു.

ജൈവ പ്രകൃതി

പിലിക്കോടിന്റെ ജൈവ പ്രകൃതിയെ കുറിച്ച് ഒരു സമഗ്ര പഠനം ഇനിയും നടന്ന് കഴിഞ്ഞിട്ടില്ല. ആദിമ ശിലായുഗത്തിൽ നിന്ന് ആരംഭിക്കുന്ന ഇവിടത്തെ ആവാസ സ്ഥാനം ജൈവ പ്രകൃതികളുടെ പൗരാണിക പ്രാധാന്യം വിളിച്ചോതുന്നു. മഹാശിലായുഗ മനുഷ്യരുടെ ജീവിതമുദ്രയായ 'നന്നങ്ങാടി'കൾ പഞ്ചായത്ത് ആഫീസിന്റെ പടിഞ്ഞാറുഭാഗത്തും വീതുകുന്നിനുമിടയിൽ കണ്ടെത്തിയത് ഇതിന്റെ തെളിവാണ്.

താഴെ കൊടുത്തിരിക്കുന്ന ചിത്രം നോക്കുക.

നന്നങ്ങാടിയിൽ നിന്നും കണ്ടുകിട്ടിയ പാത്രങ്ങൾ

നിത്യഹരിത സസ്യജന്യങ്ങൾ നിറഞ്ഞ ഒരു പ്രദേശമായിരുന്നു ഇത്. പുലികളുടെ ആവാസകേന്ദ്രമായ കാടുകൾ ഉണ്ടായിരുന്നത് കൊണ്ടാണ് ഈ പ്രദേശത്തിന് പുലിക്കോട് (പുലിക്കാട്ടിന്റെ രൂപാന്തരം) എന്ന പേര് സിദ്ധിച്ചത്. ഇതിന്റെ തെളിവാണ്. ജൈവ പ്രകൃതികളുടെ തിരുശേഷിപ്പായി ഇന്ന് അവശേഷിക്കുന്നത് 5 കാവുകൾ മാത്രമാണ്. (പട്ടിക 6 നോക്കുക) ഏതാനും നാഗങ്ങളും ഉണ്ട്.

പട്ടിക

കാവ്	വിസ്തീർണ്ണം (ഏക്കർ)	സ്ഥിതിചെയ്യുന്ന സ്ഥലം
1.കരക്കകാവ്	10	3ാം വാർഡ്
2.മാപ്പിട്ടച്ചേരിക്കാവ്	2.5	7ാം വാർഡ്
3.ഓരിക്കാവ്	1.5	10ാം വാർഡ്
4.ശൂലാപ്പ്കാവ്	3	10ാം വാർഡ്
5.മഞ്ഞത്തൂർകാവ്	4	7ാം വാർഡ്

ജനിതക കലവറയുടെ കാത്തുസൂക്ഷിപ്പ് ഇന്നു കാവുകളിലാണ്. ഒരു ജനതയുടെ വിശ്വാസ കേന്ദ്രമായി മാറിയ കാവുകൾ ഇന്നതിന്റെ നാശത്തെ നേരിടുന്നു. മനുഷ്യന്റെ കടന്നുകയറ്റം മൂലം വൻ മരങ്ങൾ നഷ്ടപ്പെടുകയും ജൈവ വൈവിദ്ധ്യങ്ങൾ നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. വൃക്ഷാരാധനയുടെ ഭാഗമായാണ് ഒരു കാലത്ത് കാവുകൾ സംരക്ഷിക്കപ്പെട്ടത്. ആദിമ മനുഷ്യന്റെ ഭക്ഷണവും പാർപ്പിടവും മരവുമായി അഭേദ്യ ബന്ധമുണ്ടായിരുന്നു.

ഇന്ന് നമ്മുടെ നാട്ടിലെ കാവുകളിൽ കാണുന്ന ജൈവ വൈവിദ്ധ്യങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക

ഹോളിഗർനആർനോട്ടിയാന

കുന്തളപ്പാല: ഏർവട്ടാമിയ ഹയ്നിയാന

നന്നാറി

സുത്രവള്ളി

ഒരിലത്താമര

പച്ചിലപ്പെരുമാൾ

അടപതിയൻ

ആനച്ചുവടി

ഈശ്വരമൂലി

എലിവത്തടി

കരിമുത്തിൾ

കാട്ടുതിപ്പലി



5

സാമൂഹ്യ സാമ്പത്തിക മേഖലകൾ



5.1

കൃഷിയും ജലസേചനവും

സമ്പന്നമായ ഒരു കാർഷിക പൈതൃകമുള്ള പിലിക്കോട്, കൊടക്കാട്, മാണിയാട്ട് ഗ്രാമങ്ങൾ ചേർന്നതാണ് പിലിക്കോട് പഞ്ചായത്ത്. വൈവിധ്യമാർന്ന കൃഷിരീതികൾ ഇവിടെ പരമ്പരാഗതമായി നിലനിന്നുവരുന്നു. ജനങ്ങളിൽ ഭൂരിപക്ഷവും കർഷകരും കർഷക തൊഴിലാളികളുമാണ്. നൂറ്റാണ്ടുകൾക്ക്മുമ്പ് ദേവസ്വത്തിന്റേയും ഏതാനും ചില ജന്മിമാരുടെയും ഉടമസ്ഥതയിലായിരുന്ന കൃഷി ഭൂമി വാരം പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന ദരിദ്രകൃഷിക്കാരായിരുന്നു ഭൂരിഭാഗവും. ജന്മി വ്യവസ്ഥ അവസാനിപ്പിക്കുന്നതിനും, കൃഷിഭൂമി കൃഷിക്കാരന് ലഭിക്കുന്നതിനും വേണ്ടിയുള്ള ഒട്ടേറെ സാമൂഹ്യ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്.

26.77 ച.കി.മി. വിസ്തീർണ്ണമുള്ള പിലിക്കോട് പഞ്ചായത്തിൽ നാണ്യ, ധാന്യ വിളകൾ സമ്മിശ്രമായി കൃഷി ചെയ്തുവരുന്നു.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ - ഹെക്ടറിൽ

വില്ലേജ്	നഞ്ച	പുഞ്ച	തോട്ടം	തരിശ്	പുറമ്പോക്ക്	ആകെ വിസ്തീർണ്ണം
കൊടക്കാട്	186.14	1061.56	359.53	47.19	26.12	1680.54
പിലിക്കോട്	78.00	328.15	122.54	115.55	69.48	713.70
മാണിയാട്	64.50	118.81	84.13	4.60	10.72	282.76
ആകെ	328.64	1508.52	566.18	167.34	106.32	2677.00

അവലംബം: വില്ലേജ് സെറ്റിൽമെൻറ് റജിസ്റ്റർ

പട്ടിക 2

ക്രമ നമ്പർ	തരം	വിസ്തീർണ്ണം	ശതമാനം
1	ചെങ്കൽ കലർന്ന പ്രദേശം	2033.628	75.72%
2	തീരഭൂമി	553.37	20.89%
3	പുൽമേടുകൾ	25.00	6.94%
4	ചതുപ്പ്നിലം	65.002	2.45%
		2677.00	100%

അവലംബം: സെക്കൻറി ഡാറ്റ

പഞ്ചായത്തിലെ 76% ലാറ്ററൈറ്റ് സോയിലും (ചെങ്കൽമണ്ണ്) 20.89% തീരഭൂമിയുമാണ് (പട്ടിക 2).

ഭൂവുടമസ്ഥതയിൽ ആകെയുള്ള 7653 പേരിൽ 7394 പേരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. 219 പേർ ഒരു ഹെക്ടറിന് മേലെ ഭൂമിയുള്ളവരാണ്.

പട്ടിക 3

ഉടമസ്ഥരുടെ എണ്ണം

വില്ലേജ്	0-2ഹെ	1-2ഹെ	2-5ഹെ	5-10ഹെ	10നുമേൽ
കൊടക്കാട്	4312	152	147	3	-
പിലിക്കോട്	2058	35	8	-	1
മാണിയാട്ട്	1024	12	1	-	-
ആകെ	7394	199	56	3	1

അവലംബം: സെക്കൻറി ഡാറ്റ

പട്ടിക 4

വിള വിസ്തീർണ്ണവും ഉല്പാദനവും

ക്രമ നമ്പർ	വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉൽപ്പാദന ക്ഷമത (ഹെക്ടറിൽ)
1	നെല്ല് (ഒന്നാംവിള)	500HC	1,200MT	2400kg.HC
2	നെല്ല് (രണ്ടാംവിള)	330 HC	1,08.9MT	3300kg.HC
3	നെല്ല് (മൂന്നാംവിള	95 HC	247MT	2600kg.HC
4	പയർ	40HC	3000MT	750kg.HC
5	എള്ള്	2HC	150Kg.	75kg
6	പച്ചക്കറികൾ	30HC	6000MT	2000.HC
7	തെങ്ങ്	1216HC	63,84000Nos	5250Nos
8	വാഴ	50HC	75,000MT	15,000T
9	മരച്ചീനി	75HC	10,0000MT	13.335T
10	കുരുമുളക്	75HC	20625Kg	275kg.HC
11	പ്ലാവ്	4400Nos	380T	8600kg.HC
12	കശുമാവ്	370HC	23.6MT	640kg.HC
13	മാവ്	4850Nos	362T	7200kg.HC
14	ഞ്ഞൂർ	60Nos	-	-
15	കവുങ്ങ്	125HC	182T	1456kg

അവലംബം: സെക്കൻറി ഡാറ്റ

പട്ടിക - 5

വർഷം	ജ.	ഫെ.	മാ.	ഏ.	മെ.	ജൂൺ	ജൂലാ.	ആഗ.	സെപ്.	ഒക്ടോ.	നവം.	ഡിസം.	ആകെ
1986	0.0 (0)	0.0 (0)	0.0 (0)	0.0 (0)	31.9 (0)	13326 (27)	482.7 (18)	436.2 (14)	186.8 (11)	41.5 (7)	214.6 (3)	3.2 (1)	2729.5 (90)
1987	0.0 (0)	0.0 (0)	0.0 (0)	7.4 (2)	91.1 (5)	958.4 (24)	528.7 (22)	646.6 (4)	108.3 (5)	205.7 (15)	205.6 (8)	36.6 (4)	2788.4 (109)
1988	0.0 (0)	0.0 (0)	0.0 (0)	95.0 (4)	146.3 (5)	903.8 (27)	986.6 (27)	505.4 (23)	368.3 (20)	62.4 (5)	15.8 (1)	0.0 (0)	3053.6 (112)
1989	0.0 (0)	0.0 (0)	0.0 (0)	40.6 (4)	44.5 (6)	1099.0 (26)	691.9 (26)	604.3 (24)	286.3 (11)	217.6 (12)	91.0 (3)	0.0 (0)	3075.2 (112)
1990	0.0 (0)	0.0 (0)	0.0 (0)	1.2 (6)	7226 (18)	733.4 (27)	1016 (8)	633.6 (23)	182.2 (6)	226.6 (15)	6.7 (1)	0.0 (0)	3521.8 (118)
1991	0.0 (0)	0.0 (0)	0.0 (0)	18.8 (2)	160.8 (6)	1368.4 (27)	1167.0 (29)	720.1 (25)	81.1 (4)	97.1 (5)	11.2 (2)	0.0 (0)	3624.5 (100)
1992	0.0 (0)	0.0 (0)	0.0 (0)	9.6 (1)	101.1 (5)	994.0 (19)	1140.9 (24)	800.6 (27)	195.4 (10)	136.7 (7)	433.7 (7)	0.0 (0)	3812.0 (100)
1993	0.0 (0)	0.0 (0)	50.2 (1)	0.0 (0)	62.8 (5)	1003.4 (26)	1074.6 (30)	472.0 (21)	46.9 (8)	303.6 (12)	66.2 (5)	72.9 (3)	3157.5 (111)
1994	0.0 (0)	0.0 (0)	9.2 (2)	154.5 (7)	106.2 (6)	1445.5 (28)	1609.7 (30)	793.2 (24)	139.9 (11)	469.7 (487)	73.6 (5)	0.0 (0)	4801.5 (131)
1995	0.0 (0)	0.0 (0)	0.0 (0)	32.2 (2)	150.0 (8)	907.2 (23)	1172.8 (30)	543.9 (23)	202.1 (9)	174.8 (7)	68.7 (4)	0.0 (0)	3251.7 (107)

അവലംബം: RARS പിലിക്കോ

പട്ടിക - 6

WEATHER CALENDER (MEAN OF 1983 - 1994)

		Jan.	Feb.	Mar.	April	May	June	July	Aug	Sept.	Oct.	Nov.	Dec.
Temperature (°C)	Maximum	32.1	32.4	32.9	33.4	33.3	30.1	29.5	29.2	30.2	30.8	31.7	31.9
	Minimum	19.7	21.2	23.7	25.4	25.8	24.1	23.8	23.6	23.7	23.6	22.4	20.5
	Mean	25.9	26.8	28.3	29.4	29.6	27.1	26.7	26.4	27.0	27.2	27.1	26.2
Relative Humidity (%)	Morning	95.4	94.0	91.2	87.1	87.8	97.0	97.8	98.7	97.4	97.1	95.8	95.9
	Evening	54.4	58.6	63.2	64.9	66.3	84.8	86.5	85.5	78.6	76.6	65.3	56.8
	Mean	74.9	76.4	77.2	76.0	77.1	90.9	92.2	92.1	88.0	86.9	80.6	76.4
Open panevapouration (mm/day)		45	5.5	5.9	6.3	5.7	2.2	2.3	2.7	3.7	3.5	3.9	4.2
Sunshine hours (hours/day)		9.5	10.2	9.8	9.6	8.5	3.4	3.2	4.1	6.6	6.9	8.3	9.4
Rainfall *(Min.) and no. ofrainy days		2.8 (0)	1.1 (0)	6.8 (0)	49.1 (2.5)	242.4 (8)	983.9 (24.1)	1110.2 (27.5)	634.5 (23.1)	266.2 (12.7)	198.4 (9.9)	99.6 (4.7)	22.5 (1.1)

*Mean of 1942 to 1995

(Source: RARS - Pilicode)

നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ് എന്നിങ്ങനെയാണ് പ്രധാന കൃഷി ഇനങ്ങൾ. വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ധാന്യങ്ങൾ, പച്ചക്കറി എന്നിവ ഇടവിളയായും കൃഷിചെയ്തുവരുന്നു. പട്ടിക 4ൽ കാണുന്നതുപോലെ 1216 ഹെക്ടർ സ്ഥലത്ത് തെങ്ങും 925 ഹെക്ടർ സ്ഥലത്ത് നെല്ലും (മൂന്ന് വിളകൾക്കും കൂടി) 370 ഹെക്ടർ സ്ഥലത്ത് കശുമാവും കൃഷിചെയ്യുന്നുണ്ട്.

വൈവിധ്യമാർന്ന കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ, കേരളത്തിന്റെ പൊതുവായി അനുഭവപ്പെടുന്ന കാലാവസ്ഥ അതാത് കാലത്ത് തന്നെ അനുഭവപ്പെടുന്നു. കാലവർഷം ജൂൺ മുതൽ സപ്തംബർ വരെയും തുലാവർഷം ഒക്ടോബർ-നവംബറിലും, ശൈത്യകാലം ഡിസംബർ-ഫിബ്രവരിയിലും ഉഷ്ണകാലം മാർച്ച് മുതൽ മെയ് വരെയും ആണ് അനുഭവപ്പെടുന്നത്.

നമ്മുടെ പഞ്ചായത്തിൽ 1986 മുതൽ 95 വരെയുള്ള മഴയുടെ കണക്ക് പരിശോധിച്ചാൽ (പട്ടിക-5) ഒരു വർഷം ശരാശരി 109 ദിവസം മഴലഭിക്കുന്നുണ്ട്. ശരാശരി മഴ 3381.57 മി.മീറ്ററാണ്. 1994ലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത്. (4801.5 മി.മീ.). ഏറ്റവും കുറവ് 1986ലാണ് (2729.5മി.മീ). ആ വർഷം ആകെ 90 ദിവസം മാത്രമാണ് മഴപെയ്തത്.

പഞ്ചായത്തിലെ കഴിഞ്ഞ 10 കൊല്ലക്കാലത്തെ കാലാവസ്ഥ കലണ്ടർ, പട്ടിക-6ൽ കൊടുത്തിരിക്കുന്നു. ഏറ്റവും അധികം ചൂട് അനുഭവപ്പെടുന്നത് മെയ് മാസത്തിലാണ്. ഏറ്റവും കുറഞ്ഞ ചൂട് ഡിസംബർ മാസത്തിലും അനുഭവപ്പെടുന്നു. 1942മുതൽ പഞ്ചായത്തിൽ ലഭിച്ച മഴയുടെയും അനുഭവപ്പെട്ട ഊഷ്മാവിന്റെയും അളവ് ഗ്രാഫിൽ സൂചിപ്പിച്ചിട്ടുണ്ട്. (ഗ്രാഫ്-2)

പട്ടിക-7

പ്രധാന തോടുകൾ സംബന്ധിച്ച വിവരം

തോട്	ദൂരം കി.മീ.
ചൂലാപ്പ്കാവ് - കൊടക്കാട്	8.40
പുത്തിലോട്ട് - ഏച്ചിക്കൊളങ്ങര - മാണിയാട്ട്	9.60
മഞ്ഞത്തൂർ - മണിയറ - വാലാച്ചേരി	2.20
വാക്കോട് വയൽ - തോട്ടക്കര	2.55
ചെറുവത്തൂർ - മലപ്പിൽ	1.75

അവലംബം: കൃഷിഭവൻ

പ്രധാന തോടുകൾ വഴിയും കുളങ്ങൾ വഴിയും കൃഷിക്ക് ജലസേചനം നടത്തുന്നു. ചൂലാപ്പ്കാവിൽ നിന്നാരംഭിച്ച് കൊടക്കാട് വഴി കുണിയൻ ചിറയിൽ പതിക്കുന്ന 8.40 കി.മീറ്റർ നിളമുള്ള തോടും ഒറവൻ കുളത്തിൽ നിന്നാരംഭിച്ച് പുത്തിലോട്ട് ഏച്ചിക്കൊവ്വൽവഴി മാണിയാട്ട് പോകുന്ന 9.60 കി.മീറ്റർ തോടും , മഞ്ഞത്തൂർ കുളത്തിൽ നിന്നാരംഭിച്ച് പുത്തിലോട്ട് ഏച്ചിക്കൊവ്വൽ വഴി മാണിയാട്ട്പോകുന്ന 9.60 കി.മീ. തോടും, മഞ്ഞത്തൂർ കുളത്തിൽ നിന്നാരംഭിച്ച് കടുവക്കാട് മണിയറവയൽവഴി വാലാച്ചേരിയിലെത്തുന്ന 2.20 കി.മീറ്റർ വരുന്ന തോടും, വറക്കോട്ട് വയലിൽ നിന്നാരംഭിച്ച് തോട്ടക്കര എത്തുന്ന 2.55 കി. മീറ്റർ തോടും, ചെറുവത്തൂർ പഞ്ചായത്തിൽ നിന്ന് വരുന്ന 1.75 കി.മീറ്റർ മലപ്പിൽ തോടും ആണ് പഞ്ചായത്തിലെ ജലസേചനത്തിനുപയോഗിക്കുന്ന പ്രധാന തോടുകൾ.

പട്ടിക-8

വാർഡ് നമ്പർ	കിണർ	കുഴൽ കിണർ	കുളം	ക്രോസ്ബാർ
1	270	6	5	3
2	285	2	4	2
3	235	2	2	-
4	292	1	2	-
5	295	2	5	1
6	288	2	4	-
7	295	2	9	1
8	293	2	6	-
9	280	2	11	-
10	278	1	10	2
ആകെ	2811	22	58	9

അവലംബം: കൃഷിഭവൻ

പട്ടിക-8ൽ കാണുന്ന പ്രകാരം 58 കുളങ്ങളും 9 ക്രോസ്ബാറുകളും ഈ പഞ്ചായത്തിലുണ്ടെങ്കിലും കൃഷി ആവശ്യത്തിന് വേണ്ട വെള്ളം ഇതുവഴി ലഭ്യമല്ല. കുളങ്ങൾ പലതും ചെറുതും കാലപ്പഴക്കത്താൽ നശിച്ചതും വേനൽക്കാലത്ത് വറ്റുന്നതുമാണ്. ക്രോസ്ബാറുകളാവട്ടെ യഥാസമയം പരിചരണം കിട്ടാത്തതിനാൽ വെള്ളം തടഞ്ഞുനിർത്തുന്നതിന് പര്യാപ്തവുമല്ല.

സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ 3ഉം സ്വകാര്യമേഖലയിൽ ഒന്നും രാസവള കീടനാശിനി വില്പനശാലകൾ പഞ്ചായത്തിലുണ്ട്. കൃഷിക്കാർ മറ്റു പഞ്ചായത്തുകളിലെ വില്പനശാലകളെ കൂടി ആശ്രയിക്കേണ്ടിവരുന്നുണ്ട്.

പട്ടിക-9

ക്രമ നമ്പർ	സ്ഥാപനം	1993-94		1994-95		1995-96	
-	-	രാസ വളം കി.ഗ്രാം	കീട നാശിനി	രാസ-വളം കി.ഗ്രാം.	കീട നാശിനി	രാസ വളം കി.ഗ്രാ	കീട നാശിനി
1	സഹകരണം	25MT	200Ltr 120Kg	30MT	210LT 150Kg.	35MT	206LT 180Kg
2	സ്വകാര്യം	20MT	130LT 50Kg.	22MT	120LT 80Kg.	30MT	140LT 95Kg
		45MT	330LT 170Kg.	52MT	330LT 230Kg.	65MT	3454 270kg.

അവലംബം: കൃഷിഭവൻ

സ്വകാര്യകമ്പനികളുടെ ജൈവ വളവും അയൽ സംസ്ഥാനങ്ങളിൽ നിന്നും അടുത്ത കാലത്തായി കോഴിവളവും ഇവിടെ ധാരാളം ഇറക്കുമതി ചെയ്യുന്നുണ്ട്. എല്ലുപൊടി, വേപ്പിൻപിണ്ണാക്ക്,

കടലപ്പിണ്ണാക്ക് എന്നിവയും കൃഷിക്ക് വളമായി ഉപയോഗിക്കുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ രാസവളപ്രയോഗമല്ല ചെയ്യുന്നത്. കിടനാശിനികളുടെ അമിതമായ ഉപയോഗവും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക -ആരോഗ്യ പ്രശ്നങ്ങളും ഗുരുതരമാണ്. ശാസ്ത്രീയമായ പഠനങ്ങളോ, സമീപനങ്ങളോ, ഈ രംഗത്ത് നടന്നിട്ടില്ല. അശാസ്ത്രീയമായ കിടനാശിനി ഉപയോഗത്തിന്റെ പ്രത്യാഘാതം വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടില്ല. മൊത്തം 345 ലിറ്റർ ദ്രവരൂപത്തിലുള്ള കിടനാശിനിയും 275കി. ബി.എച്ച്.സി.യും 95-96 വർഷത്തിൽ ഉപയോഗിച്ചതായാണ് കൃഷിഭവൻ കണക്ക് കാണിക്കുന്നത്. ഈ പഞ്ചായത്തിൽ നിന്ന് കഴിഞ്ഞ 3 വർഷങ്ങളിൽ വില്പന നടത്തിയ വളം-കിടനാശിനിയുടെ വിവരങ്ങൾ പട്ടിക 9-ൽ കൊടുക്കുന്നു.

പട്ടിക - 10

വർഷം	N നൈട്രജൻ	P ഫോസ്ഫറസ്	K പൊട്ടാഷ്	ജൈവ വളം	മറ്റ് വളം
1986	4.2	7.5	6.2	2584	1410
1987	4.6	9.1	9.0	2572	1560
1988	5.5	11.5	12.7	2540	1604
1989	5.8	11.8	12.4	2522	1648
1990	6.4	12.2	14.2	2517	1687
1991	8.8	16.2	13.2	2448	1708
1992	9.8	18.5	11.4	2265	1754
1993	10.5	21.00	13.5	2284	1793
1994	12.5	20.8	18.6	2208	1815
1995	16.4	24.2	22.4	2215	1822

അവലംബം: എക്കണോമിക്സ്റിവ്യൂ:- കൃഷിഭവൻ രേഖ

പട്ടിക 10 പരിശോധിച്ചാൽ ഓരോ വർഷവും രാസവള ഉപയോഗം കൂടി വരുന്നതായും ജൈവ വള ഉപയോഗം കുറഞ്ഞുവരുന്നതായും കാണാം.

പിലിക്കോട്, മാണിയാട്ട്, കൊടക്കാട് സഹകരണബാങ്കുകളും, പിലിക്കോട് സിൻഡിക്കേറ്റ് ബാങ്ക് ശാഖയുമാണ് പഞ്ചായത്തിലെ പ്രധാന കാർഷിക വായ്പ സ്ഥാപനങ്ങൾ. പട്ടിക-11ൽ വിശദ വിവരം.

പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിലുള്ള ഗ്രാമീൺ ബാങ്ക് ശാഖകളിൽ നിന്നും ഹൊസ്ദുർഗ്ഗ് കാർഷിക വികസന ബാങ്കിൽ നിന്നും കർഷകർക്ക് വായ്പ ലഭിക്കുന്നുണ്ട്.

പട്ടിക-11

കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ - 1995-96

ക്രമ നമ്പർ	ബാങ്കിന്റെ പേര്	രൂപ(ലക്ഷം)
1	കൊടക്കാട് സർവീസ് സഹകരണ ബാങ്ക്	9520748-
2	മാണിയാട്ട് സർവ്വിസ് സഹകരണ ബാങ്ക്	1060310-
3	പിലിക്കോട് സർവ്വിസ് സഹകരണ ബാങ്ക്	523200-
4	പിലിക്കോട് സിൻഡിക്കേറ്റ് ബാങ്ക്	350000-
	ആകെ	1,14,54,258

കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ - 1995-96

പഞ്ചായത്തിലെ നാല് ബാങ്കുകളിൽ നിന്നായി 95-96 വർഷത്തിൽ 1,1454258 രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

പരമ്പരാഗത ഉപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതിയിൽ ഇന്ന് മാറ്റം വന്നിട്ടുണ്ട്. യന്ത്രവൽക്കരണം ഈ രംഗത്ത് കടന്നുവന്നിരിക്കുന്നു. വാടകയ്ക്കെടുത്ത ട്രാക്ടർ ഉപയോഗിച്ചും ഇന്ന് കർഷകർ നിലം ഉഴുന്നുണ്ട്. കൃഷി ഭവൻ മുഖേന നൽകിയ രണ്ട് ടില്ലറുകൾ കണ്ണങ്കൈ, കോതോളി പാടശേഖരകമ്മിറ്റികൾക്കുണ്ട്. കൃഷിഭവന്റെ കണക്കനുസരിച്ച് കാർഷികോപകരണങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. കണക്കുപ്രകാരം പഞ്ചായത്തിൽ 96 ജോഡി ഉഴവുകാളകൾ മാത്രമേ ഇപ്പോൾ ഉള്ളൂ.

പഞ്ചായത്തിൽ 1216 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു. ഓരോ വർഷവും തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കൂടിവരുന്നുണ്ടെങ്കിലും ഉല്പാദനക്ഷമത കുറയുന്നതായി കാണുന്നു. പഞ്ചായത്തിൽ 94-95 വർഷത്തിൽ മൊത്തം 6,384,000 തേങ്ങ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഉല്പാദനക്ഷമത 5250 (ഹെക്ടറിൽ) ഇത് സംസ്ഥാനശരാശരിയേക്കാൾ കുറവാണ്. പുതിയതായി കൃഷിചെയ്യുന്ന സ്ഥലത്തിന്റെയും എണ്ണത്തിന്റെയും വലിപ്പമനുസരിച്ച് ഉല്പാദനവർദ്ധനവില്ല. ചെന്നീരൊലിപ്പ് തെങ്ങ്കൃഷി നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ്. പട്ടിക -13ൽ ഉൽപാദനവും രോഗവിവരങ്ങളും നൽകിയിരിക്കുന്നു.

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിൽ ഒരു കേര വികസന സമിതി ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല.

സവിശേഷതകളോടുകൂടിയ നാടൻ നെൽവിത്തുകളാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച വിത്തിനങ്ങൾ ഉപയോഗിക്കുന്നതിന് മുമ്പ് കാലത്ത് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിത്തുകളുടെ സംഭരണവും സംരക്ഷണവും സൂക്ഷ്മമായി പരിശോധിച്ച് നിർവ്വഹിച്ചിരുന്നു. ഓരോ വിളക്കും അനുയോജ്യമായി മണ്ണ് ഒരുക്കുന്നതിന് നിഷ്ക്കർഷ പാലിച്ചിരുന്നു. കാളകളേയും പോത്തുകളേയും ഉപയോഗിച്ച് നിലം ഉഴുന്നതിനും വിളവ് ഇറക്കുന്നതിന് മുമ്പും ശേഷവും കൃഷിയുടെ ദൈനം ദിനവളർച്ചയിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

തവളക്കണ്ണൻ, അല്ലിക്കണ്ണൻ, വെള്ളരിയൻ, ചിറ്റയിനി, അരിക്കിരായി, കോയ്യാലൻ, കരിയടക്കൻ, മാലക്കാരൻ, ജീരകശാല, ചെന്നെല്ല്, മലയിടുമ്പൻ, കയമ, തൊണ്ണൂറാൻ, സ്വർണ്ണമല്ലി എന്നിവയായിരുന്നു പ്രധാനമായി നെൽകൃഷിക്ക് ഉപയോഗിച്ചിരുന്ന നാടൻ വിത്തിനങ്ങൾ.

അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങളെക്കാൾ നാടൻ വിത്തിനങ്ങൾക്ക് തണ്ടുറപ്പും ചെറുത്ത് നില്പ്ശേഷിയും കൂടുതലാണ്. വൈക്കോലും ധാരാളമായി ലഭിക്കുന്നു. നീർക്കെട്ട് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കർഷകർ നാടൻ ഇനങ്ങൾ ഉപയോഗിക്കുന്നത് സ്വാഭാവികം മാത്രമാണ്. നെല്ല്ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും സംസ്ഥാന ശരാശരിയേക്കാൾ പഞ്ചായത്ത് മുന്നിൽ നിൽക്കുന്നു.

ഒന്നാം വിള 500 ഹെക്ടർ സ്ഥലത്തും രണ്ടാം വിള 330 ഹെക്ടർ സ്ഥലത്തും മൂന്നാംവിള 95 ഹെക്ടർ സ്ഥലത്തുമാണ് ചെയ്യുന്നത്. (പട്ടിക-4) മൂന്ന് വിളകളിലും കൂടി 1989 മുതൽ 95 വരെ പിലിക്കോട് പഞ്ചായത്തിന്റെ ശരാശരി നെല്ലുൽപാദനം 844 മെട്രിക്ടൺ ആണ്. ഉല്പാദനക്ഷമത ഹെക്ടറിൽ 2766 കി.ഗ്രാം ആണ്. കഴിഞ്ഞ 3 വർഷങ്ങളിൽ കേരളത്തിന്റെ ഉല്പാദനക്ഷമത 1907 കി.ഗ്രാമാണ്.

പട്ടിക 14 പരിശോധിച്ചാൽ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നതായി

പട്ടിക - 12

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	നോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ			
1	-	2	10	2	3	-	1	-	13
2	-	-	7	-	2	-	-	-	8
3	-	-	7	-	2	-	-	-	11
4	-	-	8	-	2	-	-	-	11
5	-	-	9	1	1	-	-	-	9
6	-	-	10	3	2	-	-	-	10
7	-	1	9	4	2	-	-	1	12
8	-	-	12	7	3	-	-	-	13
9	-	-	11	9	4	-	-	-	14
10	-	-	12	7	4	-	-	-	13

പട്ടിക - 13
തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	വിസ്തീർണ്ണം	തെങ്ങ്എണ്ണം			രോഗം ബാധിച്ചതെങ്ങ്എണ്ണം			
		കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	ബഡ്ഡ്ഡ്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	87 HE	5460	12080	17540	40	110	-	150
2	85	7140	11020	18160	35	140	-	175
3	83	6515	13010	19525	42	115	-	157
4	86	5110	11560	16670	60	160	-	220
5	93	6270	11252	17522	46	138	-	184
6	95	6125	12310	18435	38	176	-	214
7	155	9845	20065	29910	61	314	-	375
8	163	8256	24860	33116	55	326	-	381
9	174	7950	27310	35260	60	350	-	410
10	195	11660	29420	41080	66	390	-	456

അവലംബം: സെക്കൻറി ഡാറ്റ

കാണാം. പഞ്ചായത്തിൽ കണ്ണാംകൈ, കോതോളി, മാണിയാട്ട്, ചന്തേര, പുതിലോട്ട്, കൊടക്കാട് എന്നി നെൽവയലുകളിലായി 6 പാടശേഖരകമ്മിറ്റികൾ പ്രവർത്തിക്കുന്നു. നിലവിലുള്ളവയെല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് പറയുവാൻ സാധിക്കുകയില്ല.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നെല്ല് ഒരു ഭക്ഷ്യവിളയാണെങ്കിലും, കന്നുകാലി സമ്പത്തിന്റെ നിലനിൽപ്പിനുവേണ്ട വയ്ക്കോലും കാർഷികരംഗത്ത് ഏറ്റവുമധികം തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നത് നെൽകൃഷിയാണ്. നമ്മുടെ പരിസ്ഥിതി സന്തുലനം കാത്തുസൂക്ഷിക്കുന്നതിലും ഭൂഗർഭജലവിതാനം സുരക്ഷിതമായി നിലനിർത്തുന്നതിലും നെൽപാടങ്ങൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്.

ഇത്രയെല്ലാം പ്രത്യേകതകൾ അവകാശപ്പെടാനുള്ള നെൽകൃഷിയിൽനിന്നും നമ്മുടെകർഷകർ പിന്മാറുന്നതിന്റെകാരണം ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്.

നെൽകൃഷിയുടെ പ്രാധാന്യത്തെയും നെൽകൃഷിയിലെ നൂതന സാങ്കേതിക വിദ്യകളെയും വിളവർദ്ധനവിനുള്ള ഉപാധികളെയും

പട്ടിക - 14

വർഷം	വിസ്തീർണ്ണം ('000 ഹെക്ടർ)		ഉല്പാദനം ('000 ഹെക്ടർ)		ഉല്പാദനക്ഷമത (കി.ഗ്രാം/ഹെക്ടർ)	
	കേരളം	പിലിക്കോട്	കേരളം	പിലിക്കോട്	കേരളം	പിലിക്കോട്
1989-90	583.388	0.925	1141.231	0.850	1966	2866
1990-91	550.450	0.920	1086.578	0.849	1942	2860
1991-92	541.327	0.90	1060.350	0.845	1969	2766
1992-93	537.608	0.895	1084.878	0.839	2018	2764
1993-94	507.832	0.892	1003.938	0.838	1977	2766
1994-95	503.290	0.890	975.065	0.838	1907	2766

കൃഷിഭവൻ രേഖ

കുറിച്ച് കർഷകർക്ക് വേണ്ടത്ര അറിവ് പകർന്നുകൊടുക്കാനും അവരെ കൂടുതൽ പ്രതിബദ്ധതയോടെ ഈ രംഗത്ത് പിടിച്ചുനിൽക്കാൻ സഹായിക്കാനും ആവശ്യമായ സംരംഭങ്ങൾ ഉണ്ടാകണം.

പട്ടിക - 15

വർഷം	ശരാശരി ദിവസകൂലി	
	പുരുഷൻ	സ്ത്രീ
1981-82	11.13	7.91
1982-83	12.74	8.83
1983-84	13.29	9.55
1984-95	15.86	11.02
1985-86	23.60	11.89
1986-87	26.08	15.10
1987-88	28.36	16.39
1988-89	30.36	17.68
1989-90	31.95	18.59
1990-91	33.31	19.63
1991-92	35.77	21.11
1992-93	41.38	26.12
1993-94	48.40	32.31
1994-95	54.26	35.49

അടിസ്ഥാനം : നാട്ടറിവ്

പഞ്ചായത്തിലെ മറ്റ് പ്രധാന വിളകളായ കശുമാവും, കവുങ്ങും ഇന്ന് പ്രതിസന്ധിയിലാണ്. മഹാളിരോഗം കവുങ്ങ് കൃഷിയുടെ നാശത്തിലേക്ക് തന്നെ വഴി തെളിയിക്കുന്നു. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ല. സംഭരണ കേന്ദ്രങ്ങൾ സൗകര്യപ്രദമായ സ്ഥലങ്ങളിലില്ല.

കുരുമുളക് കൃഷിക്ക് നേരിട്ട ദ്രുതവാട്ടം, ആ കൃഷിയുടെ സർവ്വനാശത്തിന് കാരണമായി. വീട്ടുപറമ്പുകളിൽ സാർവ്വത്രികമായി ഉണ്ടായിരുന്ന വെറ്റിലക്കൊടിയും ഇല്ലാതായിരിക്കുന്നു. നെൽവയലുകളിലും പറമ്പുകളിലും ഇടവേളയായി കൃഷിചെയ്തിരുന്ന പച്ചക്കറി, മുതിര, ഉഴുന്ന്, പയർ തുടങ്ങിയ ധാന്യങ്ങളും അപൂർവ്വമായി മാത്രമേ ഇന്നുള്ളു. എല്ലാ സ്ഥലത്തും ഒരു പോലെ കൃഷി ചെയ്തിരുന്ന വാഴയും മരച്ചീനിയും വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമായി തീർന്നിരിക്കുന്നു.

പഞ്ചായത്തിലെ കാർഷിക പ്രവർത്തിക്കുള്ള കൂലിനിരക്ക് ഏകീകൃതമല്ല. കാർഷിക മേഖലയിൽ മെച്ചപ്പെട്ടതും ആകർഷണീയവുമായ കൂലി ലഭിക്കാത്തതിനാൽ കർഷക തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് തിരിയുന്നു. 1981 മുതൽ 95 വരെയുള്ള കൂലിനിരക്ക് പരിശോധിച്ചാൽ മറ്റ് തൊഴിൽ മേഖലകളെപ്പോലെ ഈ രംഗത്ത് ആനുപാതികമായി വർദ്ധനവ് ലഭിക്കുന്നില്ലെന്നുകാണാം.

പട്ടിക - 16
നടീൽ വസ്തുവിതരണം സംബന്ധിച്ച പട്ടിക

ഇനം	വർഷം		
	1993-94	1994-95	1995-96
തെങ്ങ്	650 Nos.	600 Nos.	500Nos
കശുമാവ്	1800 Nos.	2400 Nos.	4000Nos.
കുരുമുളക്	25000Nos.	20000Nos.	26900Nos.
കവുങ്ങ്	150Nos.	250Nos.	300Nos.
കൊക്കൊ	-	-	300Nos..
മാവ്	10 Nos.	50Nos.	-

കൃഷിഭവൻ രേഖ

നടീൽ വസ്തുക്കൾ കർഷകരുടെ ആവശ്യത്തിനനുസരിച്ച് യഥാസമയം ലഭിക്കുന്നില്ല. പട്ടിക 16-ൽ കാണുന്നതുപോലെ കഴിഞ്ഞ

മുന്നുവർഷങ്ങളിൽ കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ എണ്ണം തുലോം കുറവാണ്. 500 തെങ്ങിൻ തൈകളും 300 കവുങ്ങിൻ തൈകളും മാത്രം വിതരണം ചെയ്തപ്പോൾ പഞ്ചായത്തിൽ തീരെ കൃഷി ചെയ്യാത്ത കൊക്കൊ മുന്നൂറെണ്ണം വിതരണം ചെയ്തിട്ടുണ്ട്. മാവ് 95-1996ൽ തീരെ വിതരണം ചെയ്തിട്ടില്ല.

വീട്ടുപറമ്പിൽ ഒരു പതിറ്റാണ്ടുവരെ സുലഭമായി കൃഷിചെയ്തിരുന്ന കിഴങ്ങുവർഗ്ഗങ്ങളായ ചേമ്പ്, ചേന, ഈയ്യച്ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ് എന്നിവയും ദുർലഭമായെ കൃഷിചെയ്യുന്നുള്ളു.

പുതിയ ഇനം നടീൽ വസ്തുക്കളുടെ അഭാവം ജൈവ-രാസവളങ്ങളുടെ ശാസ്ത്രീയമായ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണമില്ലായ്മ, നൂതന കൃഷിരീതിയെക്കുറിച്ചുള്ള അജ്ഞത, കീടങ്ങളെയും - രോഗങ്ങളെയും ചെറുക്കാനുള്ള സസ്യങ്ങളുടെ പ്രതിരോധശേഷിക്കുറവ്, കൃഷിഭവന്റെ പ്രയോജനം എല്ലാസ്ഥലത്തും ലഭ്യമാകാത്തതിന്റെ അഭാവം, ആവശ്യത്തിനും യഥാസമയത്തും നടീൽ വസ്തുക്കൾ ലഭിയ്ക്കായ്ക, കാർഷികോല്പന്നങ്ങൾക്ക് വില ലഭിയ്ക്കായ്ക, കാർഷികവൃത്തിക്ക് യഥാസമയം തൊഴിലാളികളെ കിട്ടാത്ത അവസ്ഥ എന്നിവ പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികളിലാണ്.

പ്രശ്നങ്ങൾ

1. നെൽകൃഷി മുഖ്യവരുമാനമാർഗ്ഗമല്ലാത്തതും, ആദായകരമല്ലാത്തതിനാലും കൃഷിക്കാർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ താൽപ്പര്യം കാണിക്കുന്നില്ല.

2. നെൽവയലുകൾ, പാർപ്പിട സൗകര്യങ്ങൾക്കായി മാറ്റപ്പെടുന്നു. ഒറ്റവിളനിലങ്ങളിൽ ഭൂരിഭാഗവും പാർപ്പിടങ്ങളായി മാറിക്കഴിഞ്ഞു. വയലുകളുടെ വിസ്തീർണ്ണവും കുറഞ്ഞുവരുന്നു.

3. നീർകെട്ട് മൂലം നെൽകൃഷിനശിച്ചു പോകുവാൻ ഇടയാക്കുന്നു. വെള്ളക്കെട്ട് മൂലം ഒന്നാം വിള നശിക്കുകയും, രണ്ടാംവിള ഇറക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്യുന്നു. ചുലാപ്പ്കാവ് മുതൽ കണ്ണൂർ ജില്ലയുടെ വടക്കെ അതിർത്തിവരെ നീണ്ടുകിടക്കുന്ന കൊടക്കാട് തോട്. ഒറോംകുളം മുതൽ കുണിയൻ ചിറ വരെയുള്ള തോട്, മട്ടലായി കുന്നരു മുതൽ പനക്കാപ്പുഴയിൽ ചെന്നവസാനിക്കുന്ന തോട് എന്നിവയുടെ ഇരുവശങ്ങളിലുള്ള വയലുകളിലും, ചൂട്ടുവം - പലിയേരിത്തോട്, വറക്കോട്ട്വയൽ, കരക്കേരു, മണിയറ, ആമ്പക്കുളം വയൽ എന്നിവിടങ്ങളിലും നീർക്കെട്ട് അനുഭവപ്പെടുന്നു.

4. ജലസേചനത്തിന്റെ അപര്യാപ്തതയുണ്ട്. നിലവിലുള്ള കുളങ്ങൾ പലതും ജലസേചനയോഗ്യമല്ല. വെള്ളം നെൽവയലുകളിൽ എത്തിക്കുന്നതിന് ആണിതോടുകൾ ഇല്ല.

5. തോടുകളുടെ പാർശ്വഭിത്തി തകർന്ന് മഴക്കാലങ്ങളിൽ വിള നാശമുണ്ടാകുന്നു.

6. നെൽകൃഷിക്ക് ഉണ്ടാകുന്ന കീടബാധയും, വർദ്ധിച്ചുവരുന്ന വരിന്നെല്ല്, മറ്റ് കളകൾ എന്നിവയുടെ കടന്നുകയറ്റവും ഉൽപ്പാദനത്തെ ഗണ്യമായി ബാധിക്കുന്നു. വരിന്നെല്ല് പറിച്ച് മാറ്റുവാനുള്ള അറിവ് ഇന്ന് കർഷകതൊഴിലാളികൾക്ക് കുറവാണ്.

7. നാണ്യവിളകൾക്ക് കിട്ടുന്ന സംരക്ഷണം നെൽകൃഷിക്ക് ലഭിക്കുന്നില്ല. ഗ്രൂപ്പ് ഫാമിങ് സമ്പ്രദായവും ഇല്ല. കുറെ സ്ഥലങ്ങളിൽ പാടശേഖരകമ്മറ്റികൾ നിലവിലില്ല. രൂപീകൃതമായ കമ്മറ്റികളുടെ പ്രവർത്തനം വേണ്ടതുപോലെ കാര്യക്ഷമമായി നടക്കുന്നുമില്ല.

8. ഉൽപ്പാദന ചെലവ് കൂടുന്നു. കാർഷിക ഉൽപ്പന്നങ്ങൾക്ക്, ഉൽപ്പാദന ചെലവിന് ആനുപാതികമായ വില ലഭിക്കുന്നില്ല.

9. പഴഞ്ചൻ കൃഷിരീതിയും, ഉപകരണങ്ങളുമാണ് ഇന്നും ഉപയോഗിക്കുന്നത്. കാർഷിക മേഖലയിലെ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല.

10. ഒന്ന്, രണ്ട് വാർഡുകളിൽ കാണപ്പെടുന്ന മണ്ണിന്റെ നഞ്ച് സ്വഭാവം - പള്ളന്റെ ഒടിയിൽ ഉപ്പുവെള്ളം കയറൽ എന്നിവ ആ പ്രദേശത്തെ നെൽകൃഷിയെ ബാധിക്കുന്നു.

11. യുവതിയുവാക്കൾ പാടത്തെ പണിയെക്കാൾ കെട്ടിടനിർമ്മാണം, ചെറുകിട വ്യവസായം, മറ്റ് ക്രയശേഷിയുള്ള ജോലികളിലേക്ക് ആകർഷിക്കപ്പെടുന്നു.

12. ഉൽപ്പാദന ശേഷിയുള്ള നെല്ലിനങ്ങളേക്കാൾ നാടൻ വിത്തിനങ്ങൾക്കാണ് പ്രിയം. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളോട് കർഷകർക്ക് വലിയ താൽപ്പര്യമൊന്നുമില്ല.

13. തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷിനടത്തുവാൻ സാധിക്കുന്നില്ല. ജലസേചന സൗകര്യവും പരിമിതമാണ്. മഴയെ ആശ്രയിച്ചാണ് കൂടുതൽ വയലുകളിലും കൃഷി ചെയ്യുന്നത്.

14. മണ്ണിന്റെ ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നു. ജൈവവളം കിട്ടാനുള്ള വിഷമം, രാസവളത്തിന്റെ വിലവർദ്ധനവ് എന്നിവ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്.

15. കുമ്പിചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻ ചെല്ലിയുടെ ഉപദ്രവം, മഞ്ഞളിപ്പ് എന്നിവ തെങ്ങ് കൃഷിയെ ബാധിക്കുന്ന പ്രധാനരോഗങ്ങളാണ്. ഇവയ്ക്കൊന്നും പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

16. വിപണനസൗകര്യം പരിമിതമാണ്. കൊപ്ര, കശുവണ്ടി എന്നിവയ്ക്ക് പ്രാദേശിക സംഭരണകേന്ദ്രങ്ങളോ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിന് സംവിധാനമോ ഇല്ല.

17. പച്ചക്കറി, പയറുവർഗ്ഗങ്ങൾ, മറ്റ് ഇടവിളകൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

18. നെൽപ്പാടങ്ങളിൽ ഇടവിളയായി കൃഷിചെയ്തിരുന്ന പച്ചക്കറി, പയറുവർഗ്ഗങ്ങൾ, വാഴ എന്നിവ കുറഞ്ഞുവരുന്നു. ജലസേചനത്തിന്റെ അസൗകര്യം, ഉൽപ്പന്നത്തിന്റെ വിലക്കുറവ്, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ഇവ ഉൽപ്പാദനകുറവിന്റെ കാരണങ്ങളാണ്.

19. ശാസ്ത്രീയമായ തെങ്ങ് കൃഷി രീതി അവലംബിച്ചിട്ടില്ല. തെങ്ങുകളുടെ ഇടയകലം വളരെ കുറവാണ്.

20. തെങ്ങ് കൃഷിക്ക് ആവശ്യമായ ജലസേചനത്തിന് വേണ്ടതുപോലെ പരിഗണന നൽകുന്നില്ല.

21. മഹാളി, മഞ്ഞളിപ്പ് എന്നിരോഗങ്ങൾ കവുങ്ങ് കൃഷിയുടെ ഉൽപ്പാദനത്തെ ബാധിക്കുന്നു.

22. ഒരു നാണ്യവിളയുടെ പരിപാലനം കശുമാവ് കൃഷിക്ക് കർഷകർ നൽകുന്നില്ല. കീടബാധ കശുമാവിനെ നശിപ്പിക്കുന്നു. കശുമാവ് മുറിച്ച് മാറ്റി കർഷകർ മറ്റു കൃഷികളിലേക്ക് മാറിപോകുന്നു.

23. ദ്രുതവാട്ടം മൂലം കുരുമുളക് കൃഷി വംശനാശത്തിന്റെ ഭീഷണിയിലാണ്.

24. കൃഷിഭവൻ, മറ്റ് കാർഷിക ഗവേഷണസ്ഥാപനങ്ങളുടെ ഗവേഷണഫലങ്ങൾ, സേവനങ്ങൾ എന്നിവ ഫലപ്രദമായ രീതിയിൽ കർഷകരിൽ എത്തിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

25. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കൃഷിക്കാർക്ക് വേണ്ട രീതിയിൽ ധനസഹായം ലഭിക്കുന്നില്ല. സങ്കീർണ്ണമായ ഉപാധികളും, കൂടിയ പലിശനിരക്ക് - ഇവ സാമ്പത്തികമായി പ്രയാസം ഉണ്ടാക്കുന്നു.

26. വോൾട്ടേജ് ക്ഷാമം, വേണ്ടത്ര മണ്ണെണ്ണ ലഭിക്കായ്ക, ഇവ വേനൽക്കാലകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

27. ഉടവ് കാളകളുടെ കുറവ്. ഇന്ന് ഒരു പ്രദേശത്ത് ഒന്നോ രണ്ടോ, ഉഴവ് കാളകളാണുള്ളത്.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ പ്രധാനതോടുകളുടെ ഇരുവശങ്ങളിലുമുള്ള നെൽവയലുകളെ സൗകര്യപ്രദമായ രീതിയിൽ പാടശേഖരങ്ങളായി തരം തിരിച്ച് സമഗ്രമായ കാർഷിക വികസന പദ്ധതി ആസൂത്രണം ചെയ്യുക. മൊത്തം വയലുകളെ പാടശേഖരങ്ങളുടെ പരിധിയിൽ കൊണ്ടുവരികയും, പാടശേഖര കമ്മറ്റികൾ സജീവമാക്കി ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഏർപ്പെടുത്തണം.

2. നിലവിലുള്ള ക്രോസ് ബാറുകൾ കേടായി കിടക്കുന്നവ പുനർ നിർമ്മാണം നടത്തണം. കാർഷിക ജലസേചനസൗകര്യത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ പുതുതായി ക്രോസ് ബാറുകൾ ഉണ്ടാക്കണം. പാടാളം, പള്ളന്റെ ഒടി, പള്ളിക്കണ്ടം, ഐക്കണ്ടം, കുന്നിൻതാഴെ, അയ്യങ്കാങ്കുളം, നഞ്ചൻകുളത്തിന് താഴെ മണിയറതോട്, വാലാച്ചേരി, കാവിൻതാഴത്ത്, മുകുടിന് തെക്കെ അറ്റം, ഏച്ചിക്കുളത്തിന്റെ സമീപം, മാണിയാട്ട് എന്നീ സ്ഥലങ്ങളിലാണ് ക്രോസ് ബാറുകൾ നിർമ്മിക്കേണ്ടത്.

3. ഭൂമിക്കടിയിലെ ജല വിതാനം കുറഞ്ഞുവരുന്നു. കുളങ്ങളും, ജല സംഭരണികളും വേനൽക്കാലത്ത് വറ്റിവരണ്ടുപോകുന്നു. ജലസേചന പ്രാധാന്യമുള്ള കുളങ്ങൾ എല്ലാം ജനപങ്കാളിത്തത്തോട് കൂടി നവീകരിക്കുകയും, സംരക്ഷിക്കാൻ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. വയലുകളിൽ വെള്ളമെത്തിക്കുന്നതിന് സ്ഥിരം ആണിത്തോടുകൾ ഉണ്ടാക്കുകയും, ഇതിന് കർഷകരുടെ സഹകരണം ഉറപ്പ് വരുത്തുകയും വേണം.

4. കാർഷിക രംഗത്തെ നിർമ്മാണപ്രവർത്തനങ്ങൾ ഓരോ പ്രദേശത്തേയും കർഷകരുടെ കമ്മിറ്റികൾ മുഖേന നിർവ്വഹിക്കുക.

5. മണ്ണ് പരിശോധനാ സൗകര്യം ഏർപ്പെടുത്തി ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗരീതി നിർദ്ദേശിക്കണം.

6. മണ്ണ്, ജല സംരക്ഷാണത്തിന് നീരൊഴുക്ക് സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കണം.

7. വെള്ളക്കെട്ട് ഒഴിവാക്കി വിളസംരക്ഷിക്കുന്നതിന്, വെള്ളം ഒഴിഞ്ഞ് പോകുവാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇതിനായി പ്രധാന റോഡുകൾ ആഴവും വീതിയും കൂടി ഇരുവശവും കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കണം.

8. ജലസേചനത്തിന് പ്രധാന ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് പമ്പ് സെറ്റുകൾ സ്ഥാപിക്കണം. വൈദ്യുതി കണക്ഷൻ വ്യവസ്ഥകൾ ഉദാരമാക്കുകയും സ്ഥിരവോൾട്ടേജ് ഉറപ്പ് വരുത്തുവാൻ നടപടിയുണ്ടാവുകയും വേണം.

9. നെൽകൃഷിയെ ബാധിക്കുന്ന കീടബാധയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനായി സത്വര നടപടിയുണ്ടാകണം. ഇതിനായി കാർഷിക ഗവേഷണസ്ഥാപനങ്ങളുടെ ഗവേഷണഫലം കർഷകർക്ക് ലഭ്യമാക്കണം.

10. നെൽ വയലുകൾ തെങ്ങിൻ പറമ്പുകളായി മാറ്റുന്നത് നിയന്ത്രിക്കുന്നതിന് ബോധവൽക്കരണവും, നിലവിലുള്ളനിയമം കർശനമായി നടപ്പിലാക്കുവാൻ നടപടികളുണ്ടാകുകയും വേണം.

11. രോഗ പ്രതിരോധ ശേഷിയുള്ള അത്യുല്പാദന വിത്തിനങ്ങളുടെ ഗുണങ്ങൾ പ്രചരിപ്പിക്കുകയും അവ ലഭ്യമാക്കുവാനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും വേണം.

12. കൃഷിഭൂമി തരിശിടുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി, കൃഷി ചെയ്യുവാനുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും, സഹായവും, കൃഷിക്കാർക്ക് ചെയ്തുകൊടുക്കണം.

13. ജൈവ വളത്തിന്റെ കുറവ് പരിഹരിക്കുന്നതിന് കന്നുകാലി നവളർത്തൽ ജൈവ വേലികൾ, ശീമക്കൊന്ന, ഡെയിഞ്ച, കൊയിച്ചൽ തുടങ്ങിയവയുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം.

14. രോഗം മൂലം നശിക്കുന്ന കാർഷിക വിളവുകളെ കൂടി ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം. സാമ്പത്തിക സഹായങ്ങൾ കാലതാമസം ഇല്ലാതെ കൊടുക്കുവാൻ സംവിധാനം ഉണ്ടാവണം.

15. രോഗം പിടിപെട്ട തെങ്ങുകൾ മുറിച്ചുമാറ്റി പകരം ഉൽപ്പാദനശേഷിയുള്ളവ നട്ട് പിടിപ്പിക്കുവാൻ കൃഷിഭവൻ മുൻകൈ എടുക്കണം.

16. കാർഷിക മേഖല യന്ത്രവൽക്കരിക്കുന്നതിന് ഊന്നൽ നൽകണം. ട്രാക്ടർ, ടില്ലർ തുടങ്ങിയ കാർഷിക ഉപകരണങ്ങൾ കൃഷിഭവൻ വഴിയോ, പാടശേഖരകമ്മിറ്റികൾ വഴിയോ ലഭ്യമാക്കണം. ഇതിനായി ഇന്നുള്ള സംവിധാനം വിപുലപ്പെടുത്തണം.

17. വായ്പാ സൗകര്യങ്ങൾ ഉദാരമാക്കണം, കാർഷിക മേഖലയെ മാത്രം കേന്ദ്രീകരിച്ചുള്ള സഹകരണ സ്ഥാപനങ്ങൾ ഉണ്ടാവണം. ഇതിൽ എല്ലാ കർഷകർക്കും നിർബന്ധമായി അംഗത്വം നൽകണം.

18. ശാസ്ത്രീയമായ തെങ്ങ് കൃഷി ഇതിന്നാവശ്യമായ ബോധവൽക്കരണപ്രവർത്തനം നിരന്തരം ഉണ്ടാകണം.

19. ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ, കൊമ്പൻ ചെല്ലിയുടെ ആക്രമണം എന്നിവ തടയുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഇല്ല. രോഗ നിവാരണ പ്രവർത്തനങ്ങൾ സമഗ്രമായി നടപ്പിൽ വരുത്തണം.

20. പറമ്പുകളിലും വയലുകളിലും പുൽകൃഷി, ഇടവിളകളായി വാഴ, കൈതച്ചക്ക, പച്ചക്കറി, മധുരക്കിഴങ്ങ്, വെറ്റില തുടങ്ങിയവ കൃഷി ചെയ്യുവാനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കണം.

21. വയലുകളിൽ പച്ചക്കറി, പയറുവർഗ്ഗങ്ങൾ, മധുരക്കിഴങ്ങ്, എന്നിവയുടെ കൃഷി വ്യാപകമാക്കുവാൻ കഴിയും. ഇവയ്ക്കായി മാതൃകാതോട്ടങ്ങൾ ഉണ്ടാക്കണം. കൂട്ടുകൃഷി സമ്പ്രദായം ഉപയോഗപ്പെടുത്താം. വിത്തുകൾ, ധനസഹായം, മറ്റ് സൗകര്യങ്ങൾ സൗജന്യനിരക്കിൽ നൽകിയാൽ ഇത്തരം കൃഷികൾ കാര്യക്ഷമമാക്കുവാൻ കഴിയും.

22. മാതൃകാ കൃഷിത്തോട്ടങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ അർഹമായ അംഗീകാരവും മികച്ച കർഷകർക്ക് പ്രോത്സാഹനവും നൽകണം.

23. കാർഷികമേഖലയിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിന് സ്കൂൾ കേന്ദ്രീകരിച്ച് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ കഴിയും. കാർഷിക ക്ലാസ്സുകൾ പ്രവർത്തനോന്മുഖമാക്കുന്നതിന് മറ്റ് സ്കൂൾ മേളകളുടെ പ്രാധാന്യത്തോടുകൂടി സ്കൂൾ കാർഷിക മേളകൾ സംഘടിപ്പിക്കണം.

24. കൊപ്ര, കശുവണ്ടി എന്നിവയുടെ സ്ഥിരം സംഭരണ കേന്ദ്രങ്ങൾ ഉണ്ടാകണം. ഈ രംഗത്ത് നിന്ന് ഇടത്തട്ടുകാരെ ഒഴിവാക്കുവാൻ കഴിയണം. അർഹമായ വില ഉറപ്പുവരുത്തുവാൻ കഴിയണം.

25. കൂൺകൃഷി, പൂകൃഷി എന്നിവയുടെ സാദ്ധ്യതകൾ ആരായണം.

26. പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ആദ്യചന്തകളും, മറ്റ് സ്ഥിരം വിപണന കേന്ദ്രങ്ങളും ആരംഭിക്കണം. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും ഉണ്ടാവണം.

27. കവുങ്ങിന്റെ മഹാളിരോഗം നിയന്ത്രിക്കുന്നതോടൊപ്പം ഒരു പ്രധാന നാണ്യവിളയാക്കി മാറ്റുവാൻ സാധിക്കുകയും വേണം.

28. കശുമാവിന് ശാസ്ത്രീയമായ പരിചരണം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കണം. തരിശ്ഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ കശുമാവ് കൃഷിക്ക് വിനിയോഗിക്കപ്പെടണം.

29. ദ്രുതവാട്ടം മൂലം കുരുമുളക് കൃഷി വംശനാശത്തിന്റെ ഭീഷണിയിലാണ്. മരുന്ന്, സ്പ്രയർ എന്നിവ നൽകി ശരിയായ സമയത്ത്

മരുന്ന് തെളിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

30. ഭൂമിയുടെ വിസ്തീർണ്ണം നോക്കാതെ കിണർ കുഴിക്കുവാൻ ലോൺ, സബ്സിഡി എന്നിവ ലഭ്യമാക്കണം.

31. താല്പര്യമുള്ള കർഷകർക്ക് ഉടവ് കാളകളെ വാങ്ങിക്കുവാൻ മൊത്തം സംഖ്യയും ബാങ്ക് വഴി ലോൺ കിട്ടുന്നതിന് വേണ്ട നടപടി ഉണ്ടാവണം.

32. കാർഷികരംഗത്ത് തൊഴിലാളികളെ ആകർഷിക്കുന്നതിന് ഏകീകൃത കൂലിനിരക്ക്, പെൻഷനിൽ വർദ്ധനവ്, ക്ഷേമനിധികളുടെ കാര്യക്ഷമത, പഞ്ഞമാസങ്ങളിൽ റേഷൻ സബ്സിഡി എന്നിവ നൽകി ജീവിതനിലവാരം മെച്ചപ്പെടുത്തിയാൽ നിശ്ചയമായും കാർഷിക മേഖലയിൽ പുരോഗതിയുണ്ടാകും.

33. കുളം, തോട് എന്നിവയിൽ നിന്ന് പാടങ്ങളിലേക്ക് വെള്ളം എത്തിക്കുവാൻ സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ, ആണിത്തോട്, ചാലുകൾ എന്നിവ ഓരോ പ്രദേശത്തിന്റെയും ജല ലഭ്യതയ്ക്കനുസരിച്ച് നിർമ്മിക്കണം. ഇതിൽ കൃഷിക്കാരുടെ കൂട്ടായ്മ ഉപയോഗപ്പെടുത്തണം.

34. ക്രോസ്ബാർ നിർമ്മിക്കുമ്പോൾ തോടിന്റെ ഇരുവശത്തേയും പാടങ്ങൾ ഒരേ നിരപ്പിൽ അല്ലെങ്കിൽ വെള്ളം വയലുകളിൽ എത്തിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടും. താഴ്ന്ന പ്രദേശത്തെ വയലിൽ തോടിന് സമാന്തരമായി കൈത്തോടുകൾ നിർമ്മിച്ച് ഇത്തരം പ്രശ്നങ്ങൾക്ക് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

35. നഴ്സറികളുടെ വൻ സാദ്ധ്യതകൾ കണ്ടറിഞ്ഞ് മാതൃകാനേഴ്സറികൾ ആരംഭിക്കണം. ഇത് വനിതകളുടെ തൊഴിൽ സാദ്ധ്യതയുമായി ബന്ധപ്പെടുത്തുവാൻ ബന്ധപ്പെടുത്തുവാൻ കഴിയും.

പിലിക്കോട് പഞ്ചായത്തിലെ കാർഷിക മേഖല നവീകരിക്കുന്നതിനും, കാർഷിക മേഖലയിലെ പുതിയ തൊഴിൽ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും, അതുവഴി ഒരു കാർഷിക മുന്നേറ്റം സാദ്ധ്യമാക്കുന്നതിനുമുള്ള ശ്രമങ്ങൾ സംഘടിതമായി ആരംഭിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ നിന്ന് വന്ന ക്രിയാത്മക നിർദ്ദേശങ്ങൾ പ്രായോഗികമായി രൂപപ്പെടുമ്പോൾ ഇതൊരു യാഥാർത്ഥ്യമാകുമെന്ന് പ്രത്യാശിക്കാം.

''അരി ആന്ധ്രയിൽ നിന്ന് വരും
പച്ചക്കറി പൊള്ളാച്ചിയിൽ നിന്നും
പണം ഗൾഫിൽ നിന്നും
നമുക്കെന്തിന് പുഞ്ചപ്പാടം''



5.2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പിലിക്കോട് പഞ്ചായത്തിൽ മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും പശുക്കളെ വളർത്തിയിരുന്നു. കൃഷിക്കാർ ഉഴവുകാളകളേയും അല്പം ചില വീടുകളിൽ ആടുകളേയും വളർത്തിയിരുന്നു. സ്വന്തം ആവശ്യത്തിനുള്ള കോഴിയും മുട്ടയും അതാത് കൂടുംബത്തിൽ ലഭ്യമായിരുന്നു. വിശാലമായ കാലിമേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നത് ഇന്ന് കൈവശഭൂമിയായി മാറിയിരുന്നു. കാലിമേയ്ക്കൽ വ്യാപകമായി ഉണ്ടായിരുന്ന ഈ പ്രദേശത്ത് കാലികളെ കെട്ടിയിട്ട് വളർത്തുന്ന ഒരു സ്ഥിതിയാണിന്ന്. ഇതിൻറെയൊക്കെ ഫലമായി കന്നുകാലി സമ്പത്ത് ഇന്ന് വളരെ കുറഞ്ഞുവരുന്നു.

കാലിത്തീറ്റയായ പുല്ല് ഇന്ന് ലഭ്യമല്ലാതായിരിക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പുല്ലിന് അധികവില നൽകേണ്ടിവരുന്നു. വലിയ കമ്പനികളുടെ ബ്രാൻറ് കാലിത്തീറ്റകൾക്ക് വൻ വിലവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്.പാൽ ഉല്പാദനരംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പാൽ ദൗർലഭ്യം മൂലം മിൽമ പാലിനെ ആശ്രയിക്കുന്ന സ്ഥിതി വർധിച്ചിരിക്കുന്നു. മെച്ചപ്പെട്ട ഇനം പശുക്കൾ കുറവാണ്. കന്നുകാലി സംരക്ഷണത്തിനായി ഗവ. സംവിധാനങ്ങൾ നിലവിൽ ഉണ്ട്.

1. ഐ.സി.ഡി.പി. സബ്സെൻറർ ഓലാട്.
2. ഐ.സി.ഡി.പി. '' കാലിക്കടവ് (ചന്തേര)
3. സർക്കാർ മൃഗാസ്പത്രി കൊടക്കാട്
4. മൃഗസംരക്ഷണ കേന്ദ്രം ആർ.എ.ആർ.എസ് പിലിക്കോട്.

പട്ടിക - 1
വളർത്തുജന്തുക്കളും പാൽ/മുട്ട ഉല്പാദനവും

ഇനം	നാടൻ	സങ്കരം	ഉല്പാദനം പ്രതിമാസം ലിറ്റർ	ആകെ
പശു	1301	785	23098 26384	49482
എരുമ	117	31	3770 449	4219
ആട്	305		70	
കോഴി	3138	2249	5958എണ്ണം 620	6578
താറാവ്		56	285	

അവലംബം : സാമൂഹ്യസാമ്പത്തിക സർവേ.പട്ടിക - 2

പിലിക്കോട് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കേന്ദ്രീകരിച്ച വിപുലമായ മൃഗസംരക്ഷണകേന്ദ്രം ഉണ്ടെങ്കിലും അത് ജനങ്ങൾക്ക് വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

പശു, എരുമ, ആട്, കോഴി എന്നിവയാണ് പിലിക്കോടം പഞ്ചായത്തിലെ പ്രധാന വളർത്തുജന്തുക്കളെങ്കിലും പശുവും കോഴിയുമാണ് എണ്ണത്തിൽ മുന്നിൽ നിൽക്കുന്നത്. 1996 സപ്തംബറിൽ നടത്തിയ സാമൂഹ്യസാമ്പത്തിക സർവേപ്രകാരം മൊത്തം 2086 പശുക്കളും 5387 കോഴികളും പഞ്ചായത്തിലുണ്ട്. ഇവയിൽ നാടൻ ഇനവും സങ്കരയിനവും ഉൾപ്പെടുന്നു. എന്നാൽ എരുമയാകട്ടെ 117 നാടനും 31 സങ്കരയിനവും ഉൾപ്പെടെ ആകെ 148 എണ്ണം മാത്രമേ ഉള്ളു. എന്നാൽ 1987ലെ സെൻസസ് പ്രകാരം 381 എരുമകളായിരുന്നു പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

പട്ടിക - 2
കന്നുകാലികളുടെ എണ്ണം

ഇനം	നാടൻ	സങ്കരം	ആകെ
പശു	1309	361	1670
എരുമ	221	160	381
മറ്റുമൃഗങ്ങൾ (കോഴിഒഴികെ)			7330

അവലംബം: 1987ലെ ലൈവ്സ്റ്റോക്ക് സെൻസസ്

എരുമകളുടെ എണ്ണത്തിൽ വന്ന കുറവ് നമ്മുടെ പഞ്ചായത്തിലെ പാലുല്പാദനത്തേയും ബാധിച്ചിരിക്കുന്നതായി കാണാം.

എന്നാൽ നിലം ഉഴാൻ സഹായകമായ കാള, പോത്ത് എന്നിവയുടെ എണ്ണം യഥാക്രമം 70,50 എന്നിങ്ങനെയാണ്. മുൻകാലങ്ങളിൽ നിലം ഉഴാൻ പൂർണമായും കാളകളെയും പോത്തുകളേയുമാണ് ഉപയോഗിച്ചിരുന്നത്. ഇന്നാകട്ടെ അവരുടെ എണ്ണം കുറഞ്ഞുവന്നിരിക്കുന്നു.

1996 സെപ്റ്റംബറിലെ സാമൂഹ്യസാമ്പത്തിക സർവേപ്രകാരം പ്രതിമാസം 49482 ലിറ്റർ പാൽ പശു, എരുമ എന്നിവയിൽ നിന്നും കിട്ടുന്നുണ്ട്. എന്നാൽ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത്, കാലിത്തീറ്റകളുടെ വിലവർധനവ്, വൈക്കോലിൻറേയും പുല്ലിൻറേയും ലഭ്യതക്കുറവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ടെന്ന് കാണാം.

പാൽ സംഭരണത്തിനും വിതരണത്തിനും സഹായകമാകുന്ന തരത്തിലുള്ള സൊസൈറ്റികളുടെ അഭാവം ക്ഷീരവികസനരംഗത്ത് മുരടിപ്പ് തന്നെ സൃഷ്ടിച്ചിരിക്കുന്നു. വിപണനരംഗത്ത് കാര്യമായ ആസൂത്രണം നടത്തിയാലെ ക്ഷീരവികസനവുമായി മുന്നോട്ടുപോ

കാൻ ഇവിടെ സാധ്യതയുള്ളു. പഞ്ചായത്തിലെ ജനങ്ങളുടെ പ്രതിമാസ പാൽ ഉപഭോഗം 49,944 ലിറ്റർ എന്നത് വളരെ കുറവാണ്. ശരാശരി ഒരാൾ പ്രതിമാസം 2.25 ലിറ്റർ പാൽ മാത്രമേ ഉപയോഗിക്കുന്നുള്ളു എന്നാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്.

പട്ടിക - 3
പഞ്ചായത്തിലെ പ്രതിമാസ ഉപഭോഗം

അരി കി.ഗ്രാം	മത്സ്യം കി.ഗ്രാം	പച്ചക്കറി കി.ഗ്രാം	പാൽ ലിറ്റർ	പാചക എണ്ണ	മുട്ട എണ്ണം	ഇന്ധനം കി.ഗ്രാം
250674	30720	48457	49944	11090	53191	804097

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ

എന്നാൽ കന്നുകാലി വളർത്തലിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് അവക്കുണ്ടാകുന്ന രോഗങ്ങളാണ്. അകിടുവീക്കം, വിരബാധ, ഗർഭാശയ സംബന്ധമായ രോഗങ്ങൾ, ദഹനസംബന്ധമായ രോഗങ്ങൾ എന്നിവയാണ് പ്രധാനമായും കാണപ്പെടുന്നു രോഗങ്ങൾ.

1996ൽ 283 പരാദരോഗങ്ങൾ കന്നുകാലികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ 98 ദഹനസംബന്ധമായ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. കന്നുകാലികളിൽ കാണപ്പെടുന്ന പോഷകാഹാര കുറവ് മൂലമുള്ള തകരാറുകളും പ്രത്യുല്പാദന സംബന്ധമായ രോഗങ്ങളും കാലിവളർത്തലിനെ പ്രതികൂലമാക്കുന്ന ഘടകങ്ങളാണ്.

ഇന്ന് പിലിക്കോട് പഞ്ചായത്തിൽ 3 ഗോബർഗ്യാസ് പ്ലാൻറുകളാണ് നിലവിലുള്ളത്. (സെക്കൻററി ഡാറ്റ). ഊർജത്തിൻെറ ഉപയോഗം പരിശോധിച്ചാൽ പഞ്ചായത്തിലാകെ പ്രതിമാസം 8,04,094 കി.ഗ്രാം ഇന്ധനം പാചകാവശ്യത്തിന് മാത്രം ഉപയോഗിക്കുന്നുണ്ട്.

കന്നുകാലിവളർത്തുന്നത് മെച്ചമാകുന്നതോടെ ഗോബർഗ്യാസ് പ്ലാൻറുകളുടെ എണ്ണം കൂട്ടാനും അതുവഴി നമ്മുടെ ഇന്ധനക്ഷാമം കുറക്കാനും കഴിയും - ഗോബൽർഗ്യാസുല്പാദനത്തിനുപയോഗിച്ചിട്ടുള്ള ജൈവാവശിഷ്ടങ്ങൾ ഗ്യാസുല്പാദനത്തിനു ശേഷം കൂടുതൽ വേഗത്തിൽ ആഗിരണം ചെയ്യാൻ പാകത്തിലുള്ളതായി തീരുകയാണ് ചെയ്യുന്നത്. അതിനാൽ അത് ജൈവവളമായി വീണ്ടും ഉപയോഗിക്കാൻ പ്രയാസമില്ല - എന്നാൽ കർഷകരിൽ ഇതിനുവേണ്ടത്ര പരിജ്ഞാനം ഇല്ലാത്തതും മുതൽ മുടക്കിനുള്ള പ്രയാസവും കാരണം പിറകോട്ടു പോകുന്ന പ്രവണത കണ്ടുവരുന്നു. മൃഗസംരക്ഷണവകുപ്പു മുഖേന ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കാൻ സബ്സിഡി ഉണ്ടെങ്കിലും ജനങ്ങളിൽ എത്തുന്നില്ല.

കന്നുകാലി വളർത്തൽ ഒരു പ്രധാന തൊഴിലായി ഏറ്റെടുത്തവരുടെ എണ്ണം പഞ്ചായത്തിൽ വളരെ കുറവാണ്. ഇക്കാര്യം പട്ടികയിൽ നിന്നും വ്യക്തമാകും.

പിലിക്കോട് ആർ.എ.ആർ.എസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മൃഗസംരക്ഷണ കേന്ദ്രത്തിൽ നിന്ന് പന്നി, മുയൽ, ആട് എന്നിവ വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും അതിൻെറ ഗുണഭോക്താക്കളായവർ ഈ പഞ്ചായത്തിൽ നിന്നും വളരെ കുറവാണ്. ഏറ്റവും ലാഭകരമായ മൃഗം വളർത്തലായ പന്നിവളർത്തലിന് സാധ്യത കണ്ടെത്താനാകും.

പട്ടിക - 4
കന്നുകാലികളുടെ രോഗവിവരം

	രോഗം	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1.	ദഹനസംബന്ധം	98	11	7	-	-	16	-	-	-	-
2.	ശ്വാസകോശം	13	1	-	-	-	87	-	-	-	-
3.	ഉപാവയവ	23	-	2	-	-	-	-	-	-	-
4.	തൃക്കരോഗം	20	-	-	-	-	-	-	-	-	2
5.	ധാതുലവണംഅഭാവം	19	2	1	-	-	-	-	-	-	-
6.	പരാദരോഗങ്ങൾ	283	20	10	-	-	23	-	-	-	-
7.	പ്രത്യുല്പാദക വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	63	12	1	-	-	-	-	-	-	-
8.	വന്ധ്യത	-	-	-	-	-	-	-	-		
9.	അകിടുവീക്കം	35	7	2	-	-	-	-	-	-	-
10.	മുടന്തൻപനി	28	-	-	-	-	-	-	-	-	-
11.	പകർച്ചവ്യാധി	1	-	-	-	-	-	-	-	-	-
12.	വിഷാശം	5	-	-	-	-	-	-	-	-	-
13.	മറ്റുരോഗങ്ങൾ	119	9	1	-	-	-	-	-	-	
14.	ശസ്ത്രക്രിയ	28	6	-	-	-	-	-	-	-	-

പാൽ രംഗത്ത് ഒരു കുതിച്ചുകയറ്റം നടത്താൻ സഹായകമാകുന്ന സംരംഭമാണല്ലോ കൃത്രിമ ബീജസങ്കലനം വഴിയുള്ള പ്രത്യുല്പാദനം. 1996 വർഷത്തിൽ നടത്തിയ കൃത്രിമ ബീജസങ്കലനത്തിന്റെ വിവരം നമ്മെ ബോധ്യപ്പെടുത്തുന്നത് ഈ രംഗത്ത് ഇനിയും മുന്നോട്ടു പോകാനുണ്ട് എന്നാണ്.

പട്ടിക - 5
കൃത്രിമ ബീജസങ്കലന വിവരം

മൃഗം	കൃത്രിമ ബീജവ സങ്കലനം 2ലധികം നടത്തിയവ	ഗർഭധാരണത്തിന് ബീജസങ്കലനം നടത്തിയവ
പശു	227	29
കിടാരി	79	7
എരുമ	76	6

Panchayat primary census abstract of Kasaragod district

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാലിന്ന് ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. കോഴിവളർത്തലിന് വലിയ സാധ്യതയുണ്ടെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. കൂടാതെ നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മുട്ടകളുടെ എണ്ണവും ഉപഭോഗത്തിന്റെ എണ്ണവും തമ്മിൽ വലിയ അന്തരമുണ്ട്. പ്രതിമാസം ഇവിടെ 53191 മുട്ട ഉപയോഗിക്കപ്പെടുമ്പോൾ ഉല്പാദിപ്പിക്കുന്നതാകട്ടെ വെറും 6863 എണ്ണം മാത്രമാണ് (പട്ടിക 3,1) മുട്ടക്കോഴികളെ വളർത്തി ഈ ആവശ്യം നിറവേറ്റപ്പെടുന്നതോടെ തൊഴിൽ, ആരോഗ്യരംഗങ്ങളിൽ നമുക്ക് നേട്ടം കൈവരിക്കാനാവും. കോഴികൾക്കുണ്ടാകുന്ന സാംക്രമികരോഗങ്ങളാണ് ഈ രംഗത്തുനിന്നും ആൾക്കാരെ പിന്നോട്ടു വലിക്കുന്നത്.

പട്ടിക - 6
പേവിഷബാധ

പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ വിവരം	എണ്ണം
പട്ടി	279

അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്ന പ്രവർത്തനം നടക്കുന്നുണ്ടെങ്കിലും അവയും പല ഭാഗങ്ങളിൽ കാണപ്പെടുന്നു. പ്രതിരോധ കുത്തിവെപ്പ് നൽകിയ പട്ടികളുടെ എണ്ണം 1996 വർഷത്തിൽ 279 ആണ്.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കും.

എ. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്.

ബി. ക്ഷീരവിപണനത്തിനുള്ള സൗകര്യക്കുറവ്.

സി. കാലികളെ വളർത്തുവാൻ മുതൽമുടക്കിനുള്ള പ്രയാസം

ഡി. തേനീച്ച, മുയൽ, കോഴി തുടങ്ങിയവ വളർത്തുന്നതിനുള്ള പരിജ്ഞാനക്കുറവ്.

ഇ. കോഴിവസന്ത, അകിടുവീക്കം, പരാദരോഗങ്ങൾ തുടങ്ങിയ രോഗങ്ങൾ കൃഷിക്കാരെ നിരുത്സാഹരാക്കുന്നു.

എഫ്. മെച്ചപ്പെട്ടയിനം കന്നുകാലികളുടെ ലഭ്യതക്കുറവ്.

ജി. മൃഗപരിപാലനത്തിൽ മൊത്തത്തിലുള്ള പരിജ്ഞാനക്കുറവ് മൃഗസംരക്ഷണരംഗത്ത് ഈ പഞ്ചായത്ത് കേന്ദ്രീകരിച്ച് താഴെ പറയുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന നിർദേശം ഉണ്ടായി.

1. ഒരു വാർഡിൽ 50 വീതം മെച്ചപ്പെട്ട പശുക്കളെ വിതരണം നടത്തണം. ഇതിന് ആദ്യകാല ലോൺ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇത്തരത്തിൽ 10 വാർഡുകളിലായി 10 യൂണിറ്റ് രൂപംകൊള്ളണ്. അങ്ങനെ വരുന്ന യൂണിറ്റുകളുടെ കേന്ദ്രീകൃത സൊസൈറ്റി ഉണ്ടാക്കണം. ഈ സൊസൈറ്റി മുഖാന്തിരം പാൽ സംഭരണവും വിതരണവും നടത്തണം. കാലിത്തീറ്റ വിതരണവും സൊസൈറ്റി മുഖാന്തിരം നടത്താൻ കഴിയണം.

2. ആട്വളർത്തൽ കേന്ദ്രം സ്ഥാപിക്കണം. കൊടക്കാട് 50 ഏക്കർ ഭൂമി ലിസിന്നായി എടുത്ത് 500 ആടുകളുടെ ഒരു വളർത്തൽ കേന്ദ്രം സ്ഥാപിക്കണം. ഇതിനായി 100 കുടുംബങ്ങളുടെ യൂണിറ്റ് ഉണ്ടാക്കണം.

3. ഓരോ വാർഡിലും 100 കുടുംബങ്ങളുടെ യൂണിറ്റ് ഉണ്ടാക്കി ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കണം. ഇതിനാവശ്യമായ ലോൺ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കേന്ദ്രീകൃത സൊസൈറ്റി ഉണ്ടായിരിക്കണം. ഈ കേന്ദ്രീകൃത സൊസൈറ്റി മുഖാന്തിരം ഇറച്ചി വിൽപ്പനയും കോഴിത്തീറ്റ വിതരണവും നടത്താൻ കഴിയണം.

4. ഓരോ വാർഡിലും 100 കുടുംബങ്ങളുടെ യൂണിറ്റും ഉണ്ടാക്കി മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കണം. ഇതിനാവശ്യമായ ലോൺസൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ കേന്ദ്രീകൃത സൊസൈറ്റി ഉണ്ടാക്കണം. ഈ കേന്ദ്രീകൃത സൊസൈറ്റി മുഖാന്തിരം മുട്ട വില്പനയും കോഴിത്തീറ്റി വിതരണവും നടത്താൻ കഴിയണം.

5. തീറ്റപ്പുൽകൃഷി ഇന്ന് പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. കാലിവളർത്തുന്ന കുടുംബങ്ങളിൽ ഉള്ള സൗകര്യത്തിനനുസരിച്ച് തീറ്റപ്പുൽകൃഷി ആരംഭിക്കാൻ പ്രോത്സാഹനം നൽകണം.

മത്സ്യബന്ധനം

പിലിക്കോട് പഞ്ചായത്തിന് കടൽത്തീരമില്ല - അതുപോലെ മറ്റു മത്സ്യബന്ധന കേന്ദ്രങ്ങളും ഇല്ല - എങ്കിലും 45 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇവിടെയുണ്ട്. അവർ പഞ്ചായത്തിനപ്പുറമുള്ള പടന്നപ്പുഴയിലും കടലിലുമാണ് മത്സ്യബന്ധനം നടത്തുന്നത്. പഞ്ചായത്തിൽ 60ഓളം കുളങ്ങളുണ്ട്. കൂടാതെ കണ്ണങ്കൈ പ്രദേശത്ത് ചതുപ്പുനിലവും ഉണ്ട്. അതിനാൽ പഞ്ചായത്തിൽ ശുദ്ധജല മത്സ്യവളർത്തുകേന്ദ്രം സ്ഥാപിക്കാൻ കഴിയും. അതുപോലെ ചതുപ്പുപ്രദേശങ്ങളിൽ ചെമ്മീൻ വളർത്താനും കഴിയും. അതിനായി നിലവിലുള്ള കുളങ്ങൾ ഉപയോഗിക്കാൻ കഴിയണം.

വറക്കോട്ടുവയലിലെ പുതിയ കുളം പണ്ട് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നപ്പോൾ ഒരു മീൻ വളർത്തൽ കേന്ദ്രമായിരുന്നു. ആ സാധ്യത ഇന്നും നിലനിൽക്കുന്നു. പഞ്ചായത്തിലെ വിവിധ കുളങ്ങളിലൂടെ നമ്മുടെ ഉൾനാടൻ മത്സ്യവിഭവശക്തിപ്പെടുത്തണമെന്ന നിർദേശമാണ് ഗ്രാമസഭയിലൂടെ ഉയർന്നുവന്നത്.

കാലിക്കടവ്, പടുവളം, വെള്ളച്ചാൽ എന്നി കേന്ദ്രങ്ങളിൽ മത്സ്യ മാർക്കറ്റ് ആരംഭിക്കാനുള്ള നിർദേശവും ഗ്രാമസഭയിലുണ്ടായി.

''നാടിനു വേണ്ടൊരു പദ്ധതി നമ്മൾ
നാട്ടിൽ നിന്ന് തുടങ്ങേണം
ആസൂത്രണവും ജനതതിയുമൊന്നായ്
കൂടിയിരുന്നു നടത്തേണം''



വ്യവസായം

പിലിക്കോട് പഞ്ചായത്ത് പ്രദേശം പ്രധാനമായും കാർഷികമേഖലയാണ്. ആധുനിക രീതിയിലുള്ള വ്യവസായങ്ങളൊന്നും ഈ പ്രദേശത്ത് നിലവിലില്ല. പരമ്പരാഗത വ്യവസായ മേഖലകളിൽപെടുന്ന നെയ്ത്ത്, മരപ്പണി, കല്ല്കൊത്ത്, മൺപാത്ര നിർമ്മാണം എന്നിവ നിലവിലുണ്ടെങ്കിലും കല്ല് കൊത്തൊഴികെ ബാക്കിയുള്ളവ നാമമാത്രമായി മാത്രമേ ഇന്ന് നിലവിലുള്ളു. പരമ്പരാഗത തൊഴിലാളികളായ മരപ്പണിക്കാർ ആ മേഖലയിൽ കൂലി വേലചെയ്ത് ഉപജീവനം നടത്തുമ്പോൾ നെയ്ത്ത് തൊഴിലാളികൾ ആ മേഖല കൈവിട്ട് മറ്റ് മേഖലകളിലേക്ക് കൂടിയേറുകയാണ്. എണ്ണയാട്ടുമില്ല്, ഈർച്ചമില്ല്, ലൗലു എഞ്ചിനിയറിംഗ് പ്രവർത്തന സ്ഥാപനങ്ങൾ എന്നിവ ഉണ്ടെങ്കിലും അവയൊന്നിനും ഈ പ്രദേശത്തെ വ്യവസായ ആവശ്യങ്ങൾ നിറവേറ്റാൻ തെല്ലും ഉപകരിച്ചിട്ടില്ല. ബീഡി നിർമ്മാണമാണ് ഈ രംഗത്ത് നേരിയ ഒരു ചലനം ഉണ്ടാക്കിയിട്ടുള്ളത്. ഇപ്പോൾ ഉയർന്നിട്ടുള്ള പ്രതിസന്ധി അതിജീവിക്കാൻ ഈ വ്യവസായം പ്രയാസപ്പെടുകയാണ്. സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കപ്പെടുന്നില്ല. ഈ തൊഴിൽ മേഖലയിൽ അനിശ്ചിതത്വം, തൊഴിൽ സുരക്ഷിതമില്ലായ്മ എന്നിവ നിലനിൽക്കുന്നു. വൈവിധ്യവൽക്കരണങ്ങളിലൂടെ മറ്റൊരു മേഖലയിലേക്ക് നിന്തിക്കയറുവാൻ ശ്രമിക്കുന്ന ബീഡിത്തൊഴിലാളികൾ ഇന്ന് തങ്ങളുടെ ഭാവിയെക്കുറിച്ച് അത്യന്തം ആശങ്കാകുലരാണ്.

യന്ത്രവൽക്കരണം ഒരു എടുത്തുചാട്ടത്തിലൂടെ പരമ്പരാഗത ചെങ്ക

പട്ടിക - 1

പിലിക്കോട് പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങൾ

ക്രമനമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പു	സ്ത്രീ	ആകെ
1	നീലേശ്വരം ബ്ലോക്ക് എഞ്ചിനിയറിംഗ് വർക്കേഴ്സ് (വർക്ക്ഷോപ്പ് ടൈപ്പ്) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റി, പിലിക്കോട്		പ്രവർത്തനമില്ല	
2	നിലേശ്വരം ബ്ലോക്ക് കാർപ്പെൻറി വർക്കേഴ്സ് (വർക്ക്ഷോപ്പ് ടൈപ്പ്) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റി, പിലിക്കോട്		പ്രവർത്തനമില്ല	
3	മാണിയാട്ട് നെയ്ത്തുകാരുടെ വ്യവസായ സഹകരണ സംഘം മാണിയാട്ട്, പി.ഒ.മാണിയാട്ട്.	9	57	66
4	ചെറുവത്തൂർ ബീഡി വർക്കേഴ്സ് വ്യവസായ സഹകരണ സംഘം (പിലിക്കോട് ബ്രാഞ്ച്), പിലിക്കോട്, മാണിയോട്ട്.	-	-	-
5	ചകിരിനാര് നിർമ്മാണ വ്യവസായ സഹകരണ സംഘം പിലിക്കോട്.		നിർമ്മാണഘട്ടത്തിൽ	
6	പിലിക്കോട് വിമൻസ് ഗാർമെൻറ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റി, പിലിക്കോട്.	0	2	2
7	പിലിക്കോട് പട്ടികജാതി ലെതർ വർക്കേഴ്സ് വ്യവസായ സഹകരണ സംഘം, പിലിക്കോട്.		പ്രവർത്തനമില്ല	
	ആകെ			

ല്ല് മേഖലയുടെ കഴുത്ത് ഞെരുക്കുകയാണ്. ദീർഘവീക്ഷണമോ വീണ്ടുവിചാരമോ ഇല്ലാത്തതുമൂലം ഈ പരമ്പരാഗത മേഖലയുടെ അടിത്തറ തന്നെ തകരാൻ പോവുകയാണ്.

പിലിക്കോടിന്റെ വ്യവസായിക വികസനം ലക്ഷ്യം വെച്ച് കൊണ്ട് കാലിക്കടവലിൽ സ്ഥാപിച്ചിരിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഉദ്ദേശിച്ച പുരോഗതി കൈവരിച്ചിട്ടില്ല. പ്രാരംഭദശയിൽ എല്ലാ ഷെഡ്ഡുകളിലും വിവിധതരം ചെറുകിടയൂണിറ്റുകൾ സ്ഥാപിച്ചിരുന്നുവെങ്കിലും ഇന്ന് പലതും നിശ്ചലമാണ്. ചില യൂണിറ്റുകൾ മാത്രമേ സജീവമായി പ്രവർത്തിക്കുന്നുള്ളൂ.

സ്ഥിരോത്സാഹവും ആത്മധൈര്യവും കൈമുതലായുള്ള ഏതാനും ചില സംരംഭങ്ങൾ മാത്രമേ പുരോഗതി കൈവരിച്ചിട്ടുള്ളൂ എന്ന് കാണാം. പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതി, സാങ്കേതിക - വിപണന രംഗത്തെ പരിചയക്കുറവ്, ഇവയെല്ലാം ഈ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണങ്ങളായി പരിഗണിക്കപ്പെടുന്നു. സർക്കാരിന്റെ വിവിധ ഏജൻസികളുടെ സമീപനം അനുകൂലമല്ല. ധനകാര്യസ്ഥാപനങ്ങളുടെ സങ്കീർണ്ണമായ മുൻ ഉപാധികൾ, സമീപനത്തിൽ പുലർത്തുന്ന ഹ്യൂഡൽ മനോഭാവം എന്നിവയും വ്യവസായ സംരംഭങ്ങളുടെ വികസനത്തിന് തടസ്സം ഉണ്ടാക്കിയിട്ടുണ്ട്.

നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളുടെ കണ്ടുപിടുത്തങ്ങളോടുകൂടി വ്യവസായ ചക്രവാളം അനുദിനം മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുകയാണ്. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് തൊഴിൽ മേഖലയിലെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് സന്ദർഭോചിതമായി യന്ത്രവൽക്കരണത്തിന് വഴിപ്പെടേണ്ടിയിരിക്കുന്നു.

പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ്, എഞ്ചിനീയിംഗ് എന്നീ മേഖലകളിൽ ഏറെ പുത്തൻ സാധ്യതകൾ ഉണ്ട്. തുകൽ വ്യവസായം, ഭക്ഷ്യസംസ്ക്കരണം, പഴ സംസ്ക്കരണം എന്നിവ പ്രദേശികമായി പ്രയോജനപ്പെടുത്താവുന്ന സംരംഭങ്ങളാണ്. വർദ്ധിച്ച തൊഴിൽ സാധ്യത, കുറഞ്ഞ വൈദ്യുതി, ഉയർന്ന വിപണന സാധ്യത എന്നീ അനുകൂല ഘടകങ്ങൾ ഉള്ള ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ തൊഴിൽ മേഖലയ്ക്ക് വിപുലമായ സാധ്യതകൾ ഉണ്ട്. ഇവ ആസൂത്രിതമായി പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതിക്ക് രൂപം നൽകണം. തൊഴിൽ സംരംഭകരുടെ പങ്കാളിത്തവും കൂട്ടായ്മയും ഇതിന്റെ മാനേജ്മെന്റ് രംഗത്ത് ഉറപ്പാക്കണം.

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

ബീഡി നിർമ്മാണം, വസ്ത്ര നിർമ്മാണം എന്നീ വിഭാഗങ്ങൾ ഒഴിച്ചുനിർത്തിയാൽ ബാക്കി എല്ലാ രംഗങ്ങളിലും പുരുഷന്മാരുടെ ആധിപത്യമാണ് നിലവിലുള്ളത്. നിലവിലുള്ള ബീഡിത്തൊഴിലാളികളിൽ സ്ത്രീകൾക്കാണ് ഭൂരിപക്ഷം. നാമമാത്രമായ പുരുഷന്മാരേ ഇന്ന് ഈ രംഗത്തുള്ളൂ. താരതമ്യേന കുറഞ്ഞ കൂലി, മറ്റ് തൂക്കുകളിലെ ഉയർന്ന കൂലി നിരക്ക് ഇതാണ് ഒഴിഞ്ഞുപോക്കിന് പ്രധാന കാരണം. തയ്യൽരംഗത്ത് ഭൂരിപക്ഷവും പുരുഷന്മാരാണ്. എന്നാൽ റെഡിമെയ്ഡ് വസ്ത്രരംഗത്ത് സ്ത്രീകൾക്കാണ് പ്രാമുഖ്യം. ഇതൊരു പൊതു അവസ്ഥയാണ്. റെഡിമെയ്ഡ് വസ്ത്രരംഗത്ത് സ്ത്രീകളുടെ വേതനം ഒട്ടും തൃപ്തികരമല്ലെങ്കിലും ഒരു സ്ഥിരം ജോലി എന്ന നിലയിലാണ് സ്ത്രീകൾ ഈമേഖലയെ അവലംബിക്കുന്നത്. സ്ത്രീകളുടെ സാന്നിദ്ധ്യം വ്യവസായരംഗത്ത് താരതമ്യേന കുറവാണെങ്കിലും കാർഷിക മേഖലയിൽ ഇവരുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ്. ക്രയശേഷി കൂടുതലുള്ള ഒരു തൊഴിൽ മേഖലയായി നിർമ്മാണരംഗം വികസിച്ചുവരുന്നു. നിർമ്മാണരംഗത്ത് സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തം അടുത്തകാലത്ത് ഏറിവരുന്നുണ്ട്. നിക്ഷേപം കുറഞ്ഞതും വൈദ്യുതിയുടെ ഉപയോഗം പരമാവധി കുറയ്ക്കാവുന്നതും എന്നാൽ താരതമ്യേന തൊഴിൽ അവസരങ്ങൾ കൂടുതലുള്ളവയും പ്രാദേശിക വിപണന സാധ്യത ഉള്ളതുമായ ലഘുസംരംഭങ്ങൾ തുടങ്ങാൻ തയ്യാറാവേണ്ടതാണ്. ഈ സംരംഭങ്ങൾക്ക് വേണ്ടിയുള്ള സാങ്കേതിക വിപണന പരിശീലനം വ്യാപകമാക്കുകയും വേണം. സാമ്പത്തിക സഹായകത്തിനുള്ള പദ്ധതികൾ ഉദാരമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ പരിമിതമായ വ്യവസായ മേഖലയിൽ സഹകരണ വ്യവസായ സംരംഭങ്ങൾക്കുള്ള സ്വാധീനം വലുതല്ല. വൻവ്യവസായ വികസന സാധ്യതയ്ക്ക് ഉപകരിക്കുമായിരുന്ന സഹകരണ വ്യവസായ സ്ഥാപനങ്ങൾ മൂന്ന് ദശകങ്ങൾക്ക് മുമ്പുതന്നെ ഈ പ്രദേശത്ത് ആരംഭിച്ചിരുന്നു. പടുവളത്ത് ആരംഭിച്ച വർക്ക് ഷോപ്പ് (നീലേശ്വരം ബ്ലോക്ക് എഞ്ചിനീയറിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി) പടുവളം കാർപ്പൻററി വർക്ക്ഷോപ്പ് (നീലേശ്വരം ബ്ലോക്ക് കാർപൻററി ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി) എന്നിവ ആ കാലത്തെ വൻ വ്യവസായ സംരംഭങ്ങളായിരുന്നു. എല്ലാവിധ ആധുനിക യന്ത്രസംവിധാനങ്ങളും വൻപ്രവർത്തനശേഷിയുള്ള ഈ സ്ഥാപനങ്ങൾ തുടർന്ന് നല്ല നിലയിൽ നടത്താൻ കഴിഞ്ഞില്ല. മാനേജ്മെൻറിന്റെ പിടിപ്പുകേട്, സാമ്പത്തിക കെടുകാര്യസ്ഥത, മേൽനോട്ട നിർവ്വഹണത്തിനുള്ള അനാസ്ഥ എന്നിവയെല്ലാം ക്രമേണ ഈ സ്ഥാപനങ്ങൾ നിശ്ചലമാക്കാൻ ഇടയാക്കി. ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ഈ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ ഉള്ള സാധ്യത നമ്മുടെ മുമ്പിലുണ്ട്. പരിശീലനം ലഭിച്ച സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിൽ രഹിതരുടെ പങ്കാളിത്തത്തോടെ ഇതിന്റെ പ്രവർത്തനം പുനരാരംഭിക്കാം.

നെയ്ത്തുകാരുടെ സഹകരണ സംഘം മാണിയാട്ട് പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല. അസംസ്കൃത സാധനങ്ങളുടെ വിലക്കൂടുതൽ, മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുമായി മത്സരിച്ച് വിപണി കണ്ടെത്താനുള്ള പ്രയാസം, സാമ്പത്തിക വിഷമം ഇവയാണ് ഈ സ്ഥാപനത്തിന്റെ വികസനത്തെ തടയുന്നത്. കേന്ദ്ര കൈത്തറി വ്യവസായ വകുപ്പിന്റെ കീഴിലുള്ള വീവേഴ്സ് സർവ്വീസ് സെൻററിന്റെ സാങ്കേതിക സഹായം ഈ സ്ഥാപനത്തിന്റെ പുരോഗതിക്ക് ലഭിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

ബീഡി വ്യവസായം അനിശ്ചിതത്വത്തിലാണ്. വിപണന മാന്ദ്യം, ഈ രംഗത്തെ മത്സരം എന്നിവ ഈ വ്യവസായത്തെ ദുർബലപ്പെടുത്തുന്ന ഘടകങ്ങളാണ്. ഈ രംഗത്തെ പ്രധാന കമ്പനികളെല്ലാം അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് തന്നെ ഇവയുടെ മേൽ പൊതുനിയന്ത്രണം സാധ്യമല്ലാതെ വരുന്നു. മുതലാളിമാരുടെ ഔദാര്യത്തെ മാത്രം ആശ്രയിച്ച് തൊഴിലെടുക്കേണ്ട അവസ്ഥയും നിലവിലുണ്ട്. കുൺകൃഷി, കന്നുകാലി വളർത്തൽ, പുഷ്പകൃഷി, പഴം പച്ചക്കറി സംസ്കരണം എന്നീ മേഖലകളിൽ ബീഡി വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ തിരിച്ച് വിടുന്ന കാര്യം പരിശോധിക്കണം.

പുതുതായി സ്ഥാപിക്കപ്പെട്ടിട്ടുള്ള വസ്ത്ര നിർമ്മാണ യൂനിറ്റ്, കയർ നിർമ്മാണ വ്യവസായ സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തിയാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സാധ്യമാകും. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങളായ നാളികേരം, ചകിരി, കശുമാങ്ങ, കശുവണ്ടി എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ പ്രായോഗികമായ സാധ്യതകളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കണം.

പട്ടിക - 2

പിലിക്കോട് പഞ്ചായത്തിൽ നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവസായ മേഖല

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പു	സ്ത്രീ	ആകെ
1	മൺപാത്രനിർമ്മാണം	20	25	45
2	തുണിനെയ്ത്ത്	10	10	20
3	ഓട്ടുപാത്ര കലാശില്പ നിർമ്മാണം	4	0	4
4	ഇരുമ്പുകൊണ്ടുള്ള പണിയായുധ നിർമ്മാണം	7	0	7
5	ആയുർവ്വേദ മരുന്ന് നിർമ്മാണം	7	2	9
6	കല്ലുകൊത്ത്	750	150	900
	ആകെ	798	187	985

പട്ടിക 2ൽ കാണിച്ച പരമ്പരാഗത കുടിൽ വ്യവസായ പ്രവർത്തനം നാമമാത്രമാണ്. ഈ രംഗത്ത് ഉല്പാദനത്തിന്റെ തോത് കുറഞ്ഞുവരികയാണ്. അലുമിനിയം, സ്റ്റീൽ പാത്രങ്ങളുടെ കടന്നുകയറ്റം മൺപാത്ര വ്യവസായത്തിന്റെ തകർച്ചയ്ക്ക് ഇടയാക്കുന്നു. വിറക്, മറ്റ് വസ്തുക്കളുടെ വിലവർദ്ധനവ്, ഗുണമേന്മയുള്ള കളി മണ്ണിന്റെ അഭാവം, സാങ്കേതിക വൈദഗ്ധ്യം കുറഞ്ഞ തൊഴിലാളികൾ എന്നിവയെല്ലാം ഈ വ്യവസായ ം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. മൺ പാത്രങ്ങൾക്ക് സ്ഥിരം വിപണിയില്ല. മൺപാത്രങ്ങളുടെ ഉപയോഗത്തിന്റെ മേന്മ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവ ഉപഭോക്താവിനെ സ്വാധീനിക്കുന്നതായി കാണുന്നില്ല. സംഘടിതമായ സംരംഭത്തിലൂടെ മാത്രമേ ഈ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ.

ചില പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിട്ടുള്ള വ്യവസായമാണ് തുണിനെയ്ത്ത്. വളരെ വർഷങ്ങളായിത്തന്നെ ഇവിടെ പരമ്പരാഗത തുണിനെയ്ത്ത് കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. മുൻകാലങ്ങളിൽ നെയ്ത്ത് തൊഴിൽ മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നവരുടെ എണ്ണം വളരെ വലുതായിരിക്കുന്നു. ആധുനിക യന്ത്രത്തറികളുടെ ആവിർഭാവം, കൃത്രിമ നാരുകൾ ഉപയോഗിച്ചുള്ള തുണിത്തരങ്ങളോടുള്ള ആഭിമുഖ്യം എന്നിവ പരമ്പരാഗത നെയ്ത്ത് മേഖലയുടെ പിന്നോക്കത്തിന് കാരണമായി. പരുത്തി നൂൽ, കളർ എന്നിവയുടെ വില വർദ്ധനവ് നില കൂടുതൽ വഷളാക്കി. തൃപ്തികരമല്ലാത്ത വേതനം, തൊഴിലിന്റെ അസ്ഥിരത, വിപണന സാധ്യതയില്ലായ്മ എന്നിവ ഈ വ്യവസായ മേഖലയെ കൂടുതൽ ദുർബലപ്പെടുത്തുകയും തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് മാറിപ്പോകുവാൻ ഇടയാക്കുകയും ചെയ്തു.

ലോക സമൂഹം തന്നെ ആരോഗ്യപരമായ കാരണങ്ങളാൽ വസ്ത്രത്തിന്റെ കാര്യത്തിൽ പരുത്തി തുണിയിലേക്ക് തിരിച്ചുവരികയാണ്. ഇന്ത്യൻ തുണിത്തരങ്ങൾക്ക് വിദേശ വിപണികളിൽ പ്രിയം ഏറി വരുന്ന നിലയുണ്ട്. ഈ സാധ്യത പ്രയോജനപ്പെടുത്താൻ കഴിയണം. നിലവിലുള്ള തൊഴിലാളികൾക്ക് കൂടുതൽ സാങ്കേതിക പരിശീലനവും പുതുതായി കൂടുതൽ പേരെ ആകർഷിച്ചും പരുത്തിത്തുണി നിർമ്മാണ മേഖല സജീവമാക്കേണ്ടതുണ്ട്. സാമ്പത്തിക സാങ്കേതിക സഹായം, സംഘടിതമായ തൊഴിൽ കേന്ദ്രങ്ങൾ, നൂതന ഉപകരണങ്ങൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ എന്നിവ കാര്യക്ഷമമായി ഏകോപിപ്പിച്ചാൽ ഈ രംഗത്ത് വൻസാധ്യതകൾ ഉണ്ടാക്കാൻ കഴിയും.

ഓട്ടുപാത്ര നിർമ്മാണം മുഖ്യതൊഴിലായി സ്വീകരിച്ച ഏതാനും കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുകയാണ്. നിലവിലുള്ള തൊഴിലാളികൾ ആധുനിക സാങ്കേതിക വിദ്യ ഒന്നും തന്നെ പ്രയോജനപ്പെടുത്തുന്നില്ല. കൈത്തൊഴിൽ രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. മികവുറ്റ കരവിരുതുള്ള ശില്പികൾ ഈ രംഗത്ത് ഉണ്ടായിരുന്നു. ഓട്ട് ശില്പങ്ങളുടെ നിർമ്മാണം വേരറ്റു പോകാനുള്ള സാധ്യതയുണ്ട്. ഈ രംഗത്തെ തൊഴിൽ സാധ്യത വേണ്ടത്ര പ്രചരിക്കപ്പെടുന്നില്ല. ഓട്ട് ശില്പങ്ങളുടെ വലുതായ വിപണന സാധ്യത കണ്ട് സ്ഥിരം നിർമ്മാണം യൂനിറ്റുകൾ സ്ഥാപിക്കാൻ കഴിയും.

ഇരുമ്പ് പണിയായുധങ്ങളുടെ നിർമ്മാണം, കേടുപാട് തീർക്കൽ എന്നിവ വലിയ സാധ്യതയുള്ള കുടിൽ വ്യവസായമാണ്. കുലത്തൊഴിൽ എന്ന നിലയിൽ പരിശീലനം നേടിയവർ മാത്രമാണ് ഇന്ന് ഈ രംഗത്ത് ഉള്ളത്. വർദ്ധിച്ചുവരുന്ന ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇവരുടെ സേവനം പരിമിതമാണ്. പണിയായുധ നിർമ്മാണത്തിൽ ശാസ്ത്രീയ പരിശീലനം നൽകി നിരവധി ചെറുകിട യൂനിറ്റുകൾ സ്ഥാപിക്കുവാനുള്ള വൻ സാധ്യതയുണ്ട്.

പാരമ്പര്യ വൈദ്യൻമാർ ഏറെയുള്ള പ്രദേശമാണ് പിലിക്കോട്. മുൻകാലങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ അല്ലാതെ മരുന്ന് നിർമ്മിച്ചുകൊടുക്കുന്ന പതിവുണ്ട്. ഇന്ന് ആ നിലയില്ല. രണ്ട് ആയുർവ്വേദ മരുന്ന് നിർമ്മാണ ശാലകൾ ഈ പഞ്ചായത്തിലുണ്ട്. കുടിൽ വ്യവസായമെന്ന നിലയിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. പരിമിതമായ ഉല്പാദന വിപണന ശേഷി മാത്രമേ ഉള്ളൂ. വൻകിട മരുന്ന് നിർമ്മാണ കമ്പനികളുടെ രംഗപ്രവേശം പച്ചമരുന്നുകളുടെ ദൗർലഭ്യം, പരിചയ സമ്പന്നരായ തൊഴിലാളികളുടെ കുറവ് ഇവ ആയുർവ്വേദ മരുന്ന് ഉല്പാദനത്തിന്റെ പ്രാദേശിക പ്രശ്നങ്ങളാണ്.

ഈ പഞ്ചായത്തിലെ ഏറ്റവും പ്രബലമായ സംഘടിത തൊഴിൽ മേഖലയാണ് ചെങ്കൽ മേഖല. നൂറ്റാണ്ടുകളായി ഈ മേഖല സജീവമാണ്. സമീപ കാലത്താണ് ഇതൊരു സംഘടിത തൊഴിൽ മേഖലയായി വളർന്നത്. തുടർച്ചയായ തൊഴിൽ സാധ്യതയുണ്ട്. ആയിരക്കോളം തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. കല്ലിന് വൻവിപണന സാധ്യതയുണ്ട്. കല്ലിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുവാൻ പരമ്പരാഗത കല്ല് കൊത്ത് മേഖലയ്ക്ക് വേണ്ടത്ര കഴിയുന്നില്ല. ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കല്ലുകൊത്ത് അടുത്ത കാലത്തായി സജീവമായിട്ടുണ്ട്. അതിരുകടന്ന യന്ത്രവൽക്കരണം ഈ മേഖലയിലെ തൊഴിൽ എടുക്കുന്നവരുടെ തൊഴിൽ സുരക്ഷിതത്വത്തെ സാരമായി ബാധിക്കുന്നുണ്ട്.

ഗാർഹികാവശ്യവസ്തുക്കൾ നിർമ്മിക്കുന്ന നിരവധി ചെറുകിട യൂനിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കറിപൗഡർ നിർമ്മാണം, ബേക്കറി വസ്തുക്കളുടെ ഉല്പാദനം എന്നിവയുടെ ഒറ്റപ്പെട്ട യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ സുസംഘടിതമായ വ്യവസായങ്ങൾ ഇല്ല. അധികവും ചെറുകിട സ്വകാര്യ കുടിൽ വ്യവസായ സംരംഭങ്ങളാണ്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സോപ്പ് എന്നിവയുടെ യൂനിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പ്രിൻറിംഗ് ഓട്ടോമൊബൈൽ റിപ്പയറിംഗ് കേന്ദ്രങ്ങൾ, ഫർണിച്ചർ നിർമ്മാണം, ഗ്രില്ല്, മറ്റ് കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം ഇവ സമീപ കാലത്ത് ആരംഭിച്ച തൊഴിൽ സ്ഥാപനങ്ങളാണ്. ഓട്ടോമൊബൈൽ, മറ്റ് എഞ്ചിനീയറിംഗ് സ്ഥാപനങ്ങളുടെ വൻ സാധ്യതയുണ്ട്. ഈ രംഗത്ത് നിരവധി സ്വകാര്യ

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മിക്കവയും നല്ല നിലയിൽ പ്രവർത്തിക്കുന്നവയാണ്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ നിലവിലുള്ള സ്ഥാപനങ്ങളുടെ ശേഷി അപര്യാപ്തമാണ്. ഈ രംഗത്ത് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സംരംഭകരെ പങ്കെടുപ്പിച്ച്കൊണ്ട് നിരവധി യൂനിറ്റുകൾ സ്ഥാപിക്കാൻ കഴിയും. ഇഷ്ടിക, സിമൻറുകട്ട, മൊസൈക്ക് ടൈൽസ് എന്നിവയുടെ നിർമ്മാണ സാധ്യത ഇനിയും പരിശോധിക്കപ്പെട്ടിട്ടില്ല.

പട്ടിക - 3

വിവിധ തൊഴിൽ മേഖലകളിലെ കൂലിനിരക്ക്

ക്രമ നമ്പർ	വിഭാഗം	കൂലിനിരക്ക്	
		പുരുഷൻ	സ്ത്രീ
1.	നെയ്ത്ത്	40	30
2.	ബീഡി നിർമ്മാണം	35	35
3.	ചകിരിനാര് നിർമ്മാണം	75	35
4.	വസ്ത്ര നിർമ്മാണം (റെഡിമെയ്ഡ്	50	25
5.	മൺപാത്രനിർമ്മാണം	25	-
6.	ഓട്ടുപാത്രനിർമ്മാണം	45	-
7.	കുമ്മായ നിർമ്മാണം	50	-
8.	ഇരുമ്പുകൊണ്ടുള്ള പണിയായുധ നിർമ്മാണം	75	-
9.	ആയുർവ്വേദ മരുന്ന് നിർമ്മാണം	50	-
10.	കല്ല്കൊത്ത്	80	-
11.	ഭക്ഷ്യസംസ്ക്കരണം	-	-
12.	തടിവ്യവസായം	100	-
13.	സ്റ്റീൽ ഫർണിച്ചർ നിർമ്മാണം	80	-
14.	പ്രിൻറിംഗ് പ്രസ്സ്	80	-
15.	എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്	-	-
16.	കരിങ്കല്ലുടയ്ക്കൽ	8	40
17.	കുൾബാർ	60	-
18.	സോഡാ നിർമ്മാണം	60	-
19.	എണ്ണയാട്ടുനിർമ്മാണം	75	-
20.	സ്വർണ്ണാഭരണ നിർമ്മാണം	100	-

നോട്ട്ബുക്ക്, സ്കൂൾബേഗ്, കുട്ട എന്നിവയുടെ നിർമ്മാണം, പാലുല്പന്നങ്ങളുടെ സംസ്കരണം എന്നിവയുടെ സാധ്യത ഇനിയും പഠനവിധേയമാക്കപ്പെട്ടിട്ടില്ല. ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവ വളർത്തൽ അടുത്തകാലത്തായി ഒരു കുടിൽ വ്യവസായം എന്ന നിലയ്ക്ക് പരിശോധിച്ചുവരുന്നു. വിടുകളോടനുബന്ധിച്ച് നിരവധി കോഴി വളർത്തുകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഉല്പാദന ചിലവിന് ആനുപാതികമായി ഇറച്ചിക്ക് വില ലഭിക്കാത്ത സ്ഥിതിയുണ്ട്. വർദ്ധിച്ചുവരുന്ന രോഗബാധ, വിലനിലവാരത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ, തീറ്റയുടെ വിലവർദ്ധനവ്, വിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഇവയെല്ലാം കോഴി വളർത്ത് മേഖലയെ തളർത്തുന്ന ഘടകങ്ങളാണ്. പായനെയ്ത്ത്, കുട്ട നിർമ്മാണം എന്നിവ കുലത്തൊഴിലായി സ്വീകരിച്ചവർ ഈ പ്രദേശത്ത് ഉണ്ട്. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും വിപണനത്തിൻറ പുതിയ സാധ്യതകൾ ആരായുകയും ചെയ്താൽ ഈ മേഖലയിൽ കുറച്ചു പേർക്കെങ്കിലും ഉപജീവനമാർഗം കണ്ടെത്താൻ കഴിയും.

പട്ടിക -4

സഹകരണ മേഖലയൊഴിച്ച് നിലവിലുള്ള മറ്റു ചെറുകിട വ്യവസായങ്ങൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പുരു.	സ്ത്രീ	ആകെ
1	വസ്ത്രനിർമ്മാണം	10	40	50
2	ഭക്ഷ്യസംസ്ക്കരണം	9	1	10
3	തടി വ്യവസായം	30	2	32
4	സ്റ്റീൽ ഫർണ്ണീച്ചർ നിർമ്മാണം	5	0	5
5	പ്രിൻറിംഗ് പ്രസ്സ്	2	6	8
6	എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്	35	0	35
7	കരിങ്കല്ലുടയ്ക്കൽ	0	20	35
8	ടയർ റീട്രെഡിംഗ്	3	0	3
9	കുൾബാർ	2	0	2
10	കൊപ്രസംസ്ക്കരണം	7	0	7
11	സോഡാ നിർമ്മാണം	1	0	1
12	ടോയ്ലറ്റ് സോപ്പ് നിർമ്മാണം	-	-	-
13	കോഴിവളർത്തൽ	15	5	20
	ആകെ	110	74	193

പട്ടിക - 5

ക്രമ നമ്പർ	വിഭാഗം
1	ചക്ക, മാങ്ങ, കശുമാങ്ങ എന്നിവ ഉപയോഗിച്ച് ജാം, ജെല്ലി, സ്ക്വാഷ്, സിറപ്പ് എന്നിവയുടെ നിർമ്മാണം
2	അവിൽ വ്യവസായം
3	ചകിരി നാര് ഉപയോഗിച്ചു കൊണ്ടുള്ള ബ്രഷ് നിർമ്മാണം
4	ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം.
5	കയ്പക്ക, പച്ചമുളക് എന്നിവ കൊണ്ടുള്ള കൊണ്ടാട്ടം
6	ചക്കച്ചുള, നേന്ത്രക്കായ എന്നിവ ഉപയോഗിച്ചുള്ള മധുര പലഹാരങ്ങൾ
7	മാങ്ങ, നെല്ലിക്ക എന്നിവ കൊണ്ടുള്ള അച്ചാർ
8	കൈക്കടലാസ് നിർമ്മാണം
9	കോഴി വളർത്തൽ

പിലിക്കോട് പഞ്ചായത്തിനകത്ത് ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട കുടിൽ വ്യവസായങ്ങൾ

പട്ടിക - 6

ക്രമ നമ്പർ	വിഭാഗം
1	തെങ്ങിൻ തടി ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണ്ണീച്ചറും.
2	ചകിരി വ്യവസ്യായം
3	ചിരട്ട കൊണ്ടുള്ള വ്യവസായം
4	കൊപ്ര വ്യവസായം
5	തേങ്ങാപ്പൊടി (ഡെസിക്കേറ്റഡ് കോക്കനട്ട്)
6	തേങ്ങാ ക്രീം (സംസ്ക്കരിച്ച തേങ്ങാപാൽ)
7	വെളിച്ചെണ്ണ
8	തേങ്ങാവെള്ളം ഉപയോഗിച്ചുള്ള പാനീയങ്ങൾ
9	യന്ത്രവൽകൃത ചൂടി നിർമ്മാണം
10	നേന്ത്രക്കായ, കപ്പ എന്നിവയുപയോഗിച്ച് ചിപ്സ് നിർമ്മാണം
11	വിവിധ തരത്തിലുള്ള ക്ഷീരോൽപ്പന്നങ്ങൾ
12	ബേക്കറി ഉല്പന്നങ്ങ
13	അരിപ്പൊടി, മസാലപ്പൊടി, ഗോതമ്പുപൊടി
14	മരം കൊണ്ടുള്ള ഫർണ്ണീച്ചർ

പിലിക്കോട് പഞ്ചായത്തിനകത്ത് ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്താവുന്ന പൊതുവേയുള്ള ചെറുകിട വ്യവസായങ്ങൾ

മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾക്കാവശ്യമായ എല്ലാവിധ അസംസ്ക്യത പദാർത്ഥങ്ങളും സാങ്കേതിക വൈദഗ്ധ്യം ലഭിച്ച തൊഴിലാളികളും ഈ പഞ്ചായത്തിനകത്ത് തന്നെ ലഭ്യമാണ്. ഉന്നത നിലവാരത്തിലുള്ള സാങ്കേതിക വിദ്യകളോ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതകളോ മേല്പറഞ്ഞ ഇനങ്ങൾക്ക് ആവശ്യമില്ല. ചിരട്ടക്കരി, ചിരട്ടപ്പൊടി, തേങ്ങാപ്പൊടി എന്നിവയ്ക്ക് പഞ്ചായത്തിനകത്ത് വിപണന സാധ്യതയില്ലെങ്കിലും, പുറത്ത് അല്ലെങ്കിൽ അന്യ സംസ്ഥാനങ്ങളിൽ ഈ ഉല്പന്നങ്ങൾ വമ്പിച്ച വിപണന സാധ്യതകൾ ഉണ്ട്.

ചക്ക, മാങ്ങ, കശുമാങ്ങ, എന്നിവ ഇവിടെ സുലഭമായി ലഭ്യമാണ്. അവ ലഭിക്കുന്ന സീസണുകളിൽ ശേഖരിച്ച് സംസ്കരണം നടത്തി വിപണനം നടത്താവുന്നതാണ്. ഇതിന് വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങളും പരിശീലനവും സി.എഫ്.ടി.ആർ.ഐ. മൈസൂർ എന്ന സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാണ്. എഫ്.പി.ഒ. ലൈസൻസും മറ്റ് ഫുഡ് ലൈസൻസുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. നല്ല തോതിൽ പ്രചരണം നടത്തി വ്യത്തിയായി പാക്കറ്റുകളിൽ അടക്കം ചെയ്ത് വിതരണം ചെയ്യാമെങ്കിൽ അവിലിന് നല്ല വിപണന സാദ്ധ്യത നമ്മുടെ നാട്ടിൽ നിലവിലുണ്ട്. ചിരട്ട കൊണ്ടുള്ള കര കൗശല വസ്തുക്കൾക്ക് വിപണന സാദ്ധ്യതയുണ്ട്. നമ്മുടെ നാട്ടിൽ ലഭ്യമാകുന്ന പഴ വർഗ്ഗങ്ങൾ ഉപയോഗിച്ചുണ്ടാക്കുന്ന കൊണ്ടാട്ടം, അച്ചാർ എന്നി ഉല്പന്നങ്ങൾക്ക് മലയാളികൾ കൂടുതലായി കുടിയേറിപ്പാർത്തിട്ടുള്ള കേരളത്തിന് പുറത്തുള്ള വൻ നഗരങ്ങളിൽ വളരെ എളുപ്പത്തിൽ വിപണി കണ്ടെത്താവുന്നതാണ്. ഉപയോഗ ശൂന്യമായ പത്രക്കടലാസ്, വൈക്കോൽ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന കൈക്കടലാസിന് ഗ്രാമങ്ങളിലും വില്പന ബുദ്ധിമുട്ടില്ല. ക്ഷണക്കത്തുകൾക്കും മറ്റും വ്യാപകമായി കൈക്കടലാസ് ഉപയോഗിച്ചു വരുന്നുണ്ട്.

പട്ടിക - 7

എ) വിപണന സാദ്ധ്യതയുള്ളതും നിക്ഷേപം ചുരുങ്ങിയതുമായ ചെറുകിട വ്യവസായങ്ങൾ

ക്രമ നമ്പർ	വിഭാഗം
1	ഹോസിയറി ഉടുപ്പുകൾ (ബനിയൻ, ജട്ടി തുടങ്ങിയവ)
2	ആയുനിക രീതിയിലുള്ള ആയുർവ്വേദ മരുന്നു നിർമ്മാണം
3	ഓട്ടോ റബ്ബർ പാർട്സ് (ബുഷ്, എഞ്ചിൻ മൗണ്ടിംഗ്, ഓയിൽ, സീൽ എന്നിവ)
4	റബ്ബർ ഡിപ്പ്ഡ് ഗുഡ്സ് (റബ്ബർ ബാൻറ്, ബലൂൺ, കയ്യുറ തുടങ്ങിയവ
5	കോൺഡ്യൂട്ട് പൈപ്പ് (പി.വി.സി.)
6	വിവിധ വലിപ്പത്തിലുള്ള ഇരുമ്പാണികൾ
7	അലുമിനിയ പാത്ര നിർമ്മാണം
8	വാതിൽ, ജനൽ, മുറി വിഭജനം എന്നിവയ്ക്ക് വേണ്ടിയുള്ള അലുമിനിയം ഫാബ്രിക്കേഷൻ
9	വെൽഡ്ചെയ്ത പ്ലാസ്റ്റിക്ക് പുറം ചട്ടകൾ
10	ഇലക്ട്രിക്ബൾബ് നിർമ്മാണം
11	ഇലക്ട്രോണിക് ചോക്ക്
12	ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ
13	എമർജൻസി ലാമ്പ്
14	എൽ.ഡി.പി.ഇ. ബാഗ്സ്
15	ജനറൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്
16	ക്ലീനിംഗ് പൗഡർ
17	പ്ലാസ്റ്റിക് ബട്ടൻസ്
18	ശാസ്ത്രീയമായ കോഴി വളർത്തൽ
19	അലങ്കാരപണി ചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ
20	അടക്കാ സംസ്ക്കരണം
21	ഡിഷ് ആൻറിന

മേൽ വിവരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചു സമഗ്രമായ ഒരു ആസൂത്രണ പദ്ധതി തയ്യാറാക്കിയാൽ അടുത്ത ഏതാനും വർഷത്തിനുള്ളിൽ ചെറുകിട വ്യവസായരംഗത്തു കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇത് ജനങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പുരോഗതിക്ക് നിദാനവും പുതിയൊരു വികസന സാക്ഷരത ഉയർന്നുവരാൻ സാദ്ധ്യമാവുകയും ചെയ്യും.

ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ.

1. ലഭ്യമായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിലവിലുള്ള കൈത്തറി സഹകരണ സംഘങ്ങളുടെയും കൈത്തറി നെയ്ത്തുകാരുടെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും അതുവഴി ഉല്പാദനക്ഷമതയും കയറ്റുമതിക്കുള്ള സാഹചര്യവും ഉണ്ടാക്കിയെടുക്കുക.

2. പാൽശേഖരണ- വിതരണ മേഖല കാര്യക്ഷമമാക്കുന്നതിനുവേണ്ടി ക്ഷീര കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് പാലുല്പാദക സഹകരണ സംഘം ആരംഭിക്കുക. ഡയറി ഡവലപ്മെൻറ് ഡിപ്പാർട്ട്മെൻറിന്റെ സഹായധന പരിപാടിയും സാങ്കേതിക വിദ്യകളും ഉപയോഗിച്ചുകൊണ്ട് വിവിധതരം ക്ഷീരോല്പന്നങ്ങൾ ഉല്പാദിപ്പിക്കുക.

3. നിലവിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഇറച്ചിക്കോഴി, മുട്ട എന്നീ മേഖലകൾക്ക് വേണ്ടി ആസൂത്രിതമായി മുട്ടക്കോഴി-ഇറച്ചിക്കോഴി എന്നിവയുടെ ഉൽപ്പാദനത്തിലേക്കായി സഹകരണാടിസ്ഥാനത്തിൽ ഒരു കോഴി വളർത്തൽ -സഹകരണ വിപണന സംഘം രൂപവൽക്കരിക്കുകയും ഈ മേഖലകളിൽ മുന്നിട്ടിറങ്ങാൻ തയ്യാറാകുന്ന സംരംഭകർക്ക് അതിനുവേണ്ടുന്ന സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.

4. ഇലക്ട്രോണിക്സ് മേഖലയിൽ തൊഴിൽ രംഗത്തെ ചൂഷണം

ചെയ്യുവാനുള്ള നടപടികളുടെ ഭാഗമായി യന്ത്രഭാഗങ്ങളും മറ്റുപകരണങ്ങളും, ശേഖരിച്ച് സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി ഈ ഉല്പന്നം സംയോജിപ്പിച്ചെടുക്കുന്ന വിവിധ സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

5. ഫാൻ, ഇസ്തിരിപ്പെട്ടി, ചെറുകിട മോട്ടോർ, മറ്റു ലഘു യന്ത്രങ്ങൾ എന്നിവയുടെ സംയോജന-വിപണനത്തിനായി വർക്കുഷോപ്പുകൾ സ്ഥാപിക്കുക.

6. ഇന്ത്യയ്ക്കകത്തും യൂറോപ്പ്, റഷ്യ എന്നിവിടങ്ങളിലും വിപണന സാദ്ധ്യതയുള്ള തുകൽ, ഉടുപ്പ്, സ്യൂട്ട്കെയ്സ്, ചെരിപ്പ്, സഞ്ചികൾ എന്നിവയുടെ നിർമ്മാണത്തിന് വേണ്ടി ഒരു തുകൽ ഉല്പന്ന നിർമ്മാണ വ്യവസായ സഹകരണ സംഘം സ്ഥാപിച്ചെടുക്കുക.

7. വിജയത്തിലേക്ക് കുതിച്ചെത്തിക്കഴിഞ്ഞ പ്ലാസ്റ്റിക് ഉല്പന്ന രംഗത്തെ അതിനൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് ഭക്ഷ്യപദാർത്ഥങ്ങൾ പാക്ക് ചെയ്യുവാൻ നിയമാനുസൃതം അനുവദിക്കപ്പെട്ടിട്ടുള്ള പാത്രങ്ങളും കുപ്പികളും കൂടാതെ ഫാൻ ലീഫ്, കൂളിംഗ് ഫാൻ തുടങ്ങിയ ഉല്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വയ്ക്കുക.

8. അച്ചാർ, കറിപൗഡർ, പപ്പടം, പലഹാരം എന്നീ ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണത്തിനായി എഫ്.പി.ഒ. ലൈസൻസ് സമ്പാദിക്കാൻ തുടങ്ങിയ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കുക.

9. ചക്ക, മാങ്ങ, കശുമാങ്ങ, കൈതച്ചക്ക എന്നീ പഴവർഗ്ഗങ്ങളുടെ സംസ്ക്കരണത്തിനായി ഒരു വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്യുക.

10. സമഗ്ര ദേശീയ പാർപ്പിട നയത്തിന്റെ ഫലമായി നിലവിൽ വന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പുരോഗതി കണക്കിലെടുത്ത് കൊണ്ട് കോൺക്രീറ്റ്, മരം, അലുമിനിയം എന്നിവ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനത്തിന് വേണ്ടി സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കുക.

11. നിലവിലുള്ള വിപണന സാധ്യത ചൂഷണം ചെയ്യാനുള്ള വൈഭവം കണക്കിലെടുത്ത് വാഷിംഗ് സോപ്പ്, ടോയ്ലറ്റ് സോപ്പ് എന്നിവയുടെ നിർമ്മാണം നടത്തുക.

12. യന്ത്രവൽക്കരണത്തോടുകൂടി പരുങ്ങലിലായ ചെങ്കല്ല് കൊത്ത് മേഖലയെ കല്ലുകൊത്ത് വ്യവസായ സഹകരണസംഘം രൂപീകരിച്ച് യന്ത്രവൽക്കരണത്തോടുകൂടി ഉല്പാദന വിതരണ രംഗത്ത് ശക്തമാക്കുക.

13. പരിമിതമായി സാധ്യതകളുള്ള മൺപാത്രനിർമ്മാണം, നിലവിലുള്ള പാത്രനിർമ്മാണത്തിലുപരിയായി പുച്ചട്ടിനിർമ്മാണം, ഫ്ളോറിംഗ് ടൈൽസ്, കൂജ മുതലായ ഇനങ്ങളിലൂടെ വൈവിധ്യവൽക്കരിച്ച് പ്രോത്സാഹനം നൽകുക.

14. ഇവിടെ സുലഭമായി ലഭിക്കുന്നതും ജനങ്ങളുടെ ജീവിതോപാധിയുമായ തേങ്ങയിൽ നിന്നും പുത്തൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കാവുന്ന തേങ്ങാപാൽ (സംസ്ക്കരിച്ചത്), തേങ്ങാപ്പൊടി, തേങ്ങാവെള്ളം കൊണ്ടുള്ള പാനീയങ്ങൾ എന്നിവ നിർമ്മിക്കുക.

15. കുൺകൃഷി, പുഷ്പകൃഷി എന്നിവ വ്യാപകമായ തോതിൽ നടത്തി വൻതോതിലുള്ള തൊഴിൽ സാധ്യത കൈവരിക്കുക.



''നമ്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടണം
ഞാനും നീയും തന്നാൽ കഴിവത്
നാടിന് നൽകേണം''



5.4

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾക്ക് ഒട്ടേറെ അനുഭവപാരമ്പര്യമുള്ള പ്രദേശമാണിത്. ഫ്യൂഡൽ ജന്മി കാലഘട്ടത്തിൽ അവരവരുടെ കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസത്തിനായി നാട്ടെഴുത്ത് പള്ളിക്കൂടങ്ങൾ ആരംഭിച്ചിരുന്നു. അവയിൽ പലതും ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. ചിലതാകട്ടെ, പിന്നീട് വളർന്നുവരികയും ഇന്നുകാണുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളായി പരിണമിക്കുകയും ചെയ്തു. ഈ പ്രദേശത്ത് ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ ആരംഭിച്ച വിദ്യാലയമാണ് കൊട്ടുമ്പുറം എലിമന്ററി സ്കൂൾ (.....ഇന്ന് ഗവ. യു.പി. സ്കൂൾ. പിലിക്കോട്). ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടങ്ങിയ ചന്തേര എലിമെന്ററി സ്കൂൾ (ഇന്ന് ഗവ. യു.പി. സ്കൂൾ, ചന്തേര) മറ്റൊരു സ്ഥാപനമാണ്.

സവർണ്ണർ അവരുടെ പിൻതലമുറക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം അവർണരുടെ വിദ്യാഭ്യാസക്കാര്യത്തിലും ശ്രദ്ധാലുക്കളായിരുന്നു എന്നതിന് തെളിവാണ് പിലിക്കോട് വയലിൽ 75 വർഷം മുമ്പ് സ്ഥാപിതമായ 'പിന്നോക്കജാതി സ്കൂൾ' എന്നറിയപ്പെട്ട ലേബർ സ്കൂൾ, കൊടക്കാട് പടിഞ്ഞാറെക്കരയിൽ ആരംഭിച്ച ലേബർ സ്കൂളും. 1920ൽ സ്ഥാപിതമായ മലബാർ ഡിസ്ട്രിക്ട് ബോർഡ് വിദ്യാഭ്യാസരംഗത്ത് പുത്തൻ സംരംഭങ്ങൾക്ക് ആവേശം പകരുകയുണ്ടായി. പ്രായേണ അവഗണിക്കപ്പെട്ട വിദ്യാഭ്യാസരംഗത്തിന് ഒട്ടൊരു ഉത്തേജനം നൽകുന്നതിന് ഡിസ്ട്രിക്ട് ബോർഡിന്റെ രൂപീകരണം സഹായകമായി.

സാമൂഹ്യ പ്രസ്ഥാനങ്ങൾ വളർത്തിയെടുത്ത കൂട്ടായ്മ, വിദ്യാഭ്യാസം നേടാനുള്ള സമൂഹത്തിന്റെ താല്പര്യം വർദ്ധിപ്പിച്ചു. കൂടെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഔപചാരികമായ സഹായകവും കൂടിയായപ്പോൾ 1920 കാലഘട്ടത്തിൽത്തന്നെ സർക്കാർ അംഗീകൃത സ്കൂളുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിലവിൽ വന്നു. അതിനുമുമ്പ് തുടങ്ങിയ നാട്ടെഴുത്ത് പള്ളിക്കൂടങ്ങൾ പലതും ബോർഡ് സ്കൂളുകളായി മാറുകയായിരുന്നു.

പിലിക്കോടിന്റെ സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക മണ്ഡലങ്ങളിലുള്ള വളർച്ച ഈ വിദ്യാഭ്യാസസ്ഥാപനങ്ങളൊക്കെ അതിനേറെതായ പങ്കുവഹിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ ഈ അടുത്ത കാലത്താരംഭിച്ച മറ്റൊരു വിദ്യാഭ്യാസ സ്ഥാപനമാണ് പാടിക്കീൽ ഗവ. യു.പി.സ്കൂൾ (1983)

പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽകണ്ട ഈ ഉണർവ്വ് സെക്കണ്ടറി വിദ്യാഭ്യാസരംഗത്ത് കാണുന്നില്ല. പ്രാഥമിക പഠനത്തിനുശേഷം വളരെ അപൂർവ്വം വ്യക്തികൾ മാത്രമേ സെക്കണ്ടറി വിദ്യഭ്യാസ മേഖലയിലേക്ക് അന്ന് പോയിരുന്നുള്ളു. ഇവർക്കുള്ള ഏക ആശ്രയം എട്ടു മുതൽ 12 കിലോമീറ്റർ വരെ അകലെയുള്ള നീലേശ്വരം രാജാസ് ഹൈസ്കൂളായിരുന്നു. അപൂർവ്വം ചിലർ പയ്യന്നൂരിലുള്ള ഗവ. ഹൈസ്കൂളിനെയും ആശ്രയിച്ചു.

പിലിക്കോട് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ 1976ൽ കൊടക്കാട് ആരംഭിച്ച കേളപ്പജി മെമ്മോറിയൽ ഹൈസ്കൂൾ ആണ്. 1981ൽ പിലിക്കോട് ഗവ. ഹൈസ്കൂൾ സ്ഥാപിതമായി (ചന്തേര ഗവ. യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തി, പിന്നീട് പിലിക്കോട് ഗവ. ഹൈസ്കൂളിൽ നിന്ന് യു.പി വിഭാഗം മാറ്റുകയും, പിലിക്കോട് ഹൈസ്കൂൾ പുതുതായി നിലനിർത്തുകയും, ചന്തേര ഗവ. യു.പി.സ്കൂൾ പുനസ്ഥാപിക്കുകയും ചെയ്തു.

ലോകത്തിൽ ആദ്യത്തെ കേരഗവേഷണ സംരംഭമാണ് 1916ൽ പിലിക്കോട് സ്ഥാപിതമായ സർക്കാർ തെങ്ങിൻ തോട്ടം. ഇന്ന് ഇത് കാർഷിക ഗവേഷണകേന്ദ്രമായി (ആർ.എ.ആർ.എസ് പിലിക്കോട്) വളർന്നിരിക്കുന്നു. ഇവിടെയാണ് ഇപ്പോൾ പിലിക്കോട് - നീലേശ്വരം കാർഷിക കോളേജ് പ്രവർത്തിച്ചുവരുന്നത്. ഏറ്റവും മെച്ചപ്പെട്ടതും ശാസ്ത്രീയവുമായ കാലാവസ്ഥാ നിരീക്ഷണ പഠനകേന്ദ്രം സ്ഥിതിചെയ്യുന്നത് ഇവിടെയാണ്. വിവിധ സങ്കരയിനം തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് പ്രശസ്തി നേടിയതാണീ കേന്ദ്രം. ലോകത്തിൽ ആദ്യമായി സങ്കരയിനം തെങ്ങ് ഉൽപ്പാദിപ്പിച്ചത് ഇവിടെയാണ് (1936). സാങ്കേതിക വിദ്യാഭ്യാസരംഗത്ത് നിരവധിപേർക്ക് വഴികാട്ടിയാവാൻ 1957ൽ ആരംഭിച്ച ജൂണിയർ ടെക്നിക്കൽ സ്കൂളിന് (ഇന്ന് ടെക്നിക്കൽ ഹൈസ്കൂൾ) കഴിഞ്ഞിട്ടു്. 1991ലെ സെൻസസ് പ്രകാരം 21210 ജനസംഖ്യയുള്ള പിലിക്കോട് പഞ്ചായത്തിൽ മൂന്ന് എൽ.പി. സ്കൂളുകളും ആറ് യു.പി. സ്കൂളുകളും രണ്ട് ഹൈസ്കൂളുകളും നിലവിലുണ്ട്. കാർഷികപഠനത്തിനുള്ള ഉന്നതവിദ്യാഭ്യാസത്തിനുതകുന്നതിന് നീലേശ്വരത്തനുവദിക്കപ്പെട്ട കാർഷിക കോളേജ്, പിലിക്കോട് കാർഷിക ഗവേഷണകേന്ദ്രത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ സാങ്കേതികമായി ചെറുവത്തൂർ പഞ്ചായത്തിലാണെങ്കിലും സ്ഥാപനത്തിന്റെ ഭൂരിഭാഗവും നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. 3 മുതൽ 5 വയസുവരെ വിഭാഗത്തിൽപ്പെട്ട ചെറിയൊരു ശതമാനം കുട്ടികൾ മാത്രമേ പ്രീപ്രൈമറി സ്ഥാപനങ്ങളിൽ പോകുന്നുള്ളു. രണ്ട് പഞ്ചായത്ത് നഴ്സറി, നാല് ബാലവാടി, ജി. ഡബ്ല്യു.എൽ.പി.എസ്. പിലിക്കോട് പി.ടി.എയുടെ നേതൃത്വത്തിലുള്ള പ്രീപ്രൈമറി സ്കൂൾ, ക്ലബ്ബുകളുടെ സഹകാര്യവ്യക്തിയും നടത്തുന്ന നാല് നഴ്സറി സ്കൂളുകളുമാണ് ഈ രംഗത്തുള്ളത്. തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്.

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലായി 1546 കുട്ടികളും അഞ്ച് മുതൽ ഏഴുവരെ ക്ലാസ്സുകളിലായി 1430 കുട്ടികളും എട്ടുമുതൽപത്തുവരെ ക്ലാസ്സുകളിലായി 1282 കുട്ടികളുമടക്കം 4558 വിദ്യാർഥികളാണ് പിലിക്കോട് പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി ഔപചാരിക

കുട്ടികളുടെ സ്കൂൾ തിരിച്ചുള്ള കണക്ക് പട്ടിക 1എയിൽ കൊടുത്തിരിക്കുന്നു

പട്ടിക 1എ

നമ്പർ	സ്കൂൾ	സ്ഥാപിച്ച വർഷം	മാനേജ്മെൻറ്	വിദ്യാർഥികൾ			അധ്യാപകർ	
				ആൺ	പെൺ	ആകെ	ഉള്ളത്	വേണ്ടത്
1	ജി.ഡബ്ല്യു.എൽ.പി.എസ് പിലിക്കോട്	1921	ഗവൺമെൻറ്	55	53	108	2	4
2	ഇസ്ലത്തുൽ ഇസ്ലാം എ.എൽ.പി.എസ് ചന്തേര	1947	എയിഡഡ്	59	61	120	5	5
3	എ.എൽ.പി.എസ് പൊള്ളപ്പൊയിൽ	1926	"	102	92	194	7	7
4	ജി.യു.പി.എസ്. പിലിക്കോട്	1928	ഗവൺമെൻറ്	267	286	553	16	19
5	ജി.യു.പി.എസ്. ചന്തേര	1914	"	234	228	462	17	17
6	എ.യു.പി.എസ്. പുത്തിലോട്ട്	1921	എയിഡഡ്	171	167	338	15	15
7	ജി.ഡബ്ല്യു.യു.പി.എസ്. കൊടക്കാട്	1920	ഗവൺമെൻറ്	215	231	446	14	16
8	ജി.യു.പി.എസ്. പാടിക്കീൽ	1983	"	148	123	271	9	9
9	എ.യു.പി.എസ്.ഓലാട്ട്	1934	എയിഡഡ്	250	234	484	20	23
10	ജി.എച്ച്.എസ്. പിലിക്കോട്	1980	ഗവൺമെൻറ്	313	347	660	27	27
11	കെ.എം.എച്ച്.എസ്. കൊടക്കാട്	1976	എയിഡഡ്	314	308	622	27	27
	ആകെ			2128	2130	4258	159	169

അവലംബം: സെക്കൻററി ഡാറ്റ

പട്ടിക 1ബി
എൽ.പി, യു.പി, എച്ച്.എസ്. വിഭാഗങ്ങളിൽ ആൺ - പെൺകുട്ടികളുടെ വിവരം

	1993 - 94			1994 - 95			1995 - 96			1996 - 97		
വിഭാഗം	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
എൽ.പി.	844	845	1689	824	810	1634	805	797	1602	779	767	1546
യു.പി	787	761	1548	765	769	1534	736	733	1469	722	708	1430
എച്ച്.എസ്	552	587	1139	561	605	1166	581	640	1221	627	655	1282
ആകെ	2183	2193	4376	2150	2184	4334	2122	2170	4292	2128	2130	4558

അവലംബം: സെക്കൻററി ഡാറ്റ

വിദ്യാഭ്യാസം നേടുന്നത്. ചുരുക്കം വിദ്യാർഥികൾ ഹൈസ്കൂൾ പഠനത്തിനായി തൊട്ടടുത്ത പഞ്ചായത്തുകളിലെ ഹൈസ്കൂളുകളെ ആശ്രയിക്കുന്നുണ്ട്. ആകെ വിദ്യാർഥികളിലെ ആൺ പെൺ അനുപാതം 1:1 ആണ് (പട്ടിക 1D)

പട്ടിക 1 സി.
സ്കൂൾ വിദ്യാർഥികളുടെ പ്രവേശനത്തിൽ ഉണ്ടാകുന്ന കുറവിൻെറ ശതമാനം

വർഷം	ശതമാനം
1994 - 95	0.96
1995 - 96	0.97
1996 - 97	0.79

അവലംബം: സെക്കൻററി ഡാറ്റ

സെൻസസ് രേഖകളിലും അതിനുശേഷം പഞ്ചായത്തിൽ നടത്തിയ സാമൂഹിക - സാമ്പത്തിക സർവേയിലും ജനസംഖ്യയിൽ നേരിയ വളർച്ച കാണിക്കുന്നുണ്ടെങ്കിലും, കഴിഞ്ഞ നാലുവർഷത്തെ സ്കൂൾ പ്രവേശനവും മൊത്തം കുട്ടികളുടെ എണ്ണവും വിശകലനം ചെയ്താർ 1993 - 94 എണ്ണത്തിൽ നേരിയ കുറവ് വന്നതായിക്കാണാം.

പട്ടിക 1.ഡി
ആൺകുട്ടികൾ, പെൺകുട്ടികൾ ശതമാനത്തിൽ

വർഷം	ആൺ	പെൺ
1993-94	49.89	50.11
1994-95	49.61	50.30
1995-96	49.44	50.56
1996-97	49.98	50.22

അവലംബം: സെക്കൻററി ഡാറ്റ

മൊത്തം വിദ്യാർഥികളുടെ 5.89% മാത്രമാണ് പട്ടികജാതി - പട്ടികവർഗത്തിൽപ്പെടുന്നത്.

പട്ടിക 1ഇ

പട്ടികജാതി - പട്ടികവർഗ വിദ്യാർഥികളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആൺ	പെൺ	ആകെ
1	ജി.ഡബ്ല്യു.എൽ.പി.എസ്. പിലിക്കോട്	6	3	9
2	ഇസ്സത്തുൽ ഇസ്ലാം എൽ.പി.എസ്. ചന്തേര	0	1	1
3	എ.എൽ.പി.എസ്. പൊള്ളപ്പൊയിൽ	9	11	20
4	ജി.യു.പി.എസ്. പിലിക്കോട്	2	5	7
5	ജി.യു.പി.എസ്. ചന്തേര	3	4	7
6	എ.യു.പി.എസ്. പുത്തിലോട്ട്	14	14	28
7	ജി.ഡബ്ല്യു.യു.പി.എസ്. കൊടക്കാട്	26	35	61
8	ജി.യു.പി.എസ്. പാടിക്കീൽ	7	7	14
9	എ.യു.പി.എസ്. ഓലാട്ട്	28	25	53
10	ജി.എച്ച്.എസ്. പിലിക്കോട്	6	14	20
11	കെ.എം.എച്ച്.എസ്. കൊടക്കാട്	17	14	31
	ആകെ	118	133	251

അവലംബം: സെക്കൻററി ഡാറ്റ

കർഷകർ, കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ എന്നിങ്ങനെ വിവിധ തുറകളിലുള്ള തൊഴിലാളികളാണ് ജനസംഖ്യയിൽ ഭൂരിപക്ഷവും. ഇത്തരം പശ്ചാത്തലത്തിൽ നിന്നും പോകുന്ന കുട്ടികളായിട്ടും പഞ്ചായത്തിലെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് വളരെ കുറവാണ് (പട്ടിക 1എഫ്).

പട്ടിക 1എഫ്.

പഠനം നിർത്തിയവരുടെ വിവരം ..... 1995-96.

ആൺ	പെൺ	ആകെ
24	25	49
		.58%

അവലംബം: സെക്കൻറി ഡാറ്റ

ആകെയുള്ള സ്കൂളുകളിൽ 1എൽ.പി, 4യു.പി, 1 ഹൈസ്കൂൾ എന്നിവ സർക്കാർ മേഖലയിലാണ്. മൊത്ത് അധ്യാപകരിൽ 53.46 ശതമാനവും വിദ്യാർഥികളിൽ 58.71 ശതമാനവും ഈ വിഭാഗത്തിൽപ്പെടുന്നു.

പ്രൈമറിതല വരെയുള്ള എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം ഏറെക്കുറെ കാര്യക്ഷമമായി നടക്കുന്നു. ഏഴാം ക്ലാസ്സുവരെയുള്ള 2976 വിദ്യാർഥികളിൽ 2138 പേർ അതായത് 71.84 ശതമാനം ഈ സാവിധാനം പ്രയോജനപ്പെടുത്തുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. പട്ടിക 3.

പട്ടിക 3.

ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികൾ

ക്രമ നമ്പർ	സ്കൂൾ	ആകെ കുട്ടികൾ	ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികൾ
1	ജി.ഡബ്ല്യു.എൽ.പി.എസ്. പിലിക്കോട്	108	108
2	ഇസ്സത്തുൽ ഇസ്ലാം എ.എൽ.പി.എസ്. ചന്തേര	120	80
3	എ.എൽ.പി.എസ്. പൊള്ളപ്പൊയിൽ	194	155
4	ജി.യു.പി.എസ്. പിലിക്കോട്	553	400
5	ജി.യു.പി.എസ്. പുത്തിലോട്ട്	338	229
7	ജി.ഡബ്ല്യു.യു.പി.എസ്. കൊടക്കാട്	446	330
8	ജി.യു.പി.എസ്. പാടിക്കീൽ	271	200
9	എ.യു.പി.എസ്. ഓലാട്ട്	484	336
	ആകെ	2976	2138
			71.84%

അവലംബം: സെക്കൻററി ഡാറ്റ

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും തങ്ങളുടെ കുട്ടികളെ പഞ്ചായത്തിലെത്തന്നെ പൊതുവിദ്യാലയങ്ങളിലാണ് ചേർക്കുന്നത്. വിദൂരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ അയക്കാനുള്ള പ്രവണത ചെറിയ തോതിലെങ്കിലും ഉണ്ടായിവരുന്നുണ്ട്. ഇന്ന്, ഇത് അവഗണിക്കാമെങ്കിലും പാടേ തള്ളിക്കളയാനാവില്ല.

സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനായി കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആൻറ് സയൻസ് കോളേജ്, പയ്യന്നൂർ കോളേജ് എന്നി സ്ഥാപനങ്ങളെയാണ് കുട്ടികൾ ആശ്രയിക്കുന്നത്. പയ്യന്നൂരും, നിലേശ്വരത്തുമുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പോകുന്നവരുടെ എണ്ണവും ചെറുതല്ല. സ്കൂളുകളിർ പഠിക്കുന്ന വിദ്യാർഥികൾക്ക് കോച്ചിംഗ് നൽകുന്ന ആറ് പാരലൽ കോളേജുകൾ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഏറിയും കുറഞ്ഞുമുള്ള ഇടപെടലിന് എല്ലാ സ്കൂളുകളും ശ്രമിച്ചിട്ടുണ്ട്. മാതൃകാപരമായ സയൻസ്ക്ലബ്ബ് പ്രവർത്തനത്തിലൂടെ ജില്ലയുടെ മൊത്തം ശ്രദ്ധയാകർഷിച്ച വിദ്യാലയമാണ്, കൊടക്കാട് വെൽഫെയർ യു.പി. സ്കൂൾ. മാതൃകാകൃഷിത്തോട്ടം നിർമ്മിച്ചതിനുള്ള സമ്മാനം പ്രസ്തുത വിദ്യാലയത്തിനാണ് ലഭിച്ചത്. ഡി.പി.ഇ.പി പട്ടികയിൽ പെട്ട ചെറുവത്തൂർ ഉപജില്ലയിലെ ഏറ്റവും നല്ല സ്കൂളുകളിൽ ഒന്നായി തെരഞ്ഞെടുക്കപ്പെട്ടത് എ.എൽ.പി.എസ് പൊള്ളപ്പൊയിലാണ്. കുട്ടികളുടെ പഠനകാര്യങ്ങളിൽ മെച്ചപ്പെട്ട പ്രവർ

പട്ടിക -2

ഗവ. സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും കണക്ക്

പഞ്ചായത്തിലെ ആകെ അധ്യാപകർ	ഗവ: സ്കൂളുകളിലെ അധ്യാപകർ	ശതമാനം	പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ	ഗവ: സ്കൂളുകളിലെ വിദ്യാർത്ഥികൾ	ശതമാനം
159	85	53.46	4558	2500	58.71

അവലംബം: സെക്കൻറി ഡാറ്റ

ത്തനം കാഴ്ചവെക്കുന്ന പി.ടി.എകളാണ് ചന്തേര ഗവ. യു.പി. സ്കൂളിനേറെയും പുത്തിലോട്ട് എ.യു.പു. സ്കൂളിൽ സ്കൂൾ പബ്ലിക്ക്ഫോറവും ചന്തേര ഗവ.യു.പി.സ്കൂളിൽ ഒരു ജനകീയഫോറവും പ്രവർത്തിച്ചുവരുന്നു.

പട്ടിക - 4

അധ്യാപക രക്ഷാകർതൃസമിതിയോഗങ്ങൾ

ക്രമ നമ്പർ	സ്കൂൾ	P.T.A	P.T.A എക്സ്ി-കുട്ടിവ്	മാതൃ സമാജം
1.	G.W.L.P.S. പിലിക്കോട്	2	4	2
2.	ഇസ്ലത്തുൽ ഇസ്ലാം A.L.P.S. ചന്തേര	3	3	1
3.	A.L.P.S. പൊള്ളപ്പൊയിൽ	2	8	4
4.	G.U.P.S. പിലിക്കോട്	2	10	8
5.	G.U.P.S. ചന്തേര	2	6	1
6.	A.U.P.S. പുത്തിലോട്ട്	6	-	6
7.	G.W.U.P.S. കൊടക്കാട്	1	10	-
8.	G.U.P.S. പാടിക്കീൽ	4	6	2
9.	A.U.P.S. ഓലാട്ട്	1	6	1
10.	G.H.S. പിലിക്കോട്	1	4	1
11.	K.M.H.S. കൊടക്കാട്	-	6	-

അവലംബം: സെക്കൻറി ഡാറ്റ

പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസനിലവാരം ഉയർത്താനുള്ള കൂട്ടായ ശ്രമം വളർത്തിക്കൊണ്ടുവരാൻ പഞ്ചായത്ത് വിദ്യാഭ്യാസസമിതി തീരുമാനിച്ചു. അതിനെറ അടിസ്ഥാനത്തിൽഈ പഞ്ചായത്തിൽ പ്രവർത്തിൽ പ്രവർത്തിക്കുന്ന ഡി.പി.ഇ.പി. ചെറുവത്തൂർ ബ്ലോക്ക് റിസോഴ്സ് സെൻററുമായി സഹകരിച്ചുകൊണ്ട് ചില പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് പോയില്ലെങ്കിലും കുട്ടികൾക്കായി വിവിധങ്ങളായ പരിപാടികൾ നടത്താൻ ഇതുകൊണ്ട് സാധിച്ചു. പിലിക്കോട് ആർ.എ.ആർ.എസ് കേന്ദ്രമാക്കി കുട്ടികൾക്ക് പരിശീലനം. സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് കസ്മത്സരങ്ങൾ, സ്വാതന്ത്ര്യസമരസേനാനികളുമായി മുഖാമുഖം എന്നിവ നടത്തി.
പഞ്ചായത്തിലുള്ള രണ്ട് ഹൈസ്കൂളുകളിലും പൊതുവെ നല്ല എസ്. എസ്.എൽ.സി റിസൽട്ടാണുള്ളത്. കേളപ്പജി മെമ്മോറിയൽ ഹൈസ്കൂളാണ് ഇതിൽ മുന്നിട്ടുനിൽക്കുന്നത്. കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം പട്ടിക 5ൽ കൊടുത്തിട്ടുണ്ട്.

പട്ടിക - 5.

എസ്.എസ്.എൽ.സി വിജയശതമാനം

സ്കൂൾ	1991-92	1992-93	1993-94	1994-95	1995-96
G.H.S.പിലിക്കോട്	64	66	63.8	65.9	60
K.M.H.S.കൊടക്കാട്	82.3	90.2	93.9	79.2	83.5

അവലംബം: സെക്കൻറി ഡാറ്റ

പത്ത് ഗ്രാമസഭകളിലും പൊതുവിദ്യാഭ്യാസരംഗം സജീവചർച്ചക്ക് വിധേയമായി, ഓരോ വാർഡിലും തനതായ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവായി പരാമർശിക്കപ്പെട്ട പ്രശ്നങ്ങൾ താഴെ പറയുംവിധം ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ

1. ഔപചാരിക വിദ്യാഭ്യാസത്തെ സമ്പുഷ്ടമാക്കാന് സഹായകമായ പ്രീ പ്രൈമറി വിദ്യാഭ്യാസം അവഗണിക്കപ്പെടുന്നു.

2. മിക്ക വിദ്യാലയങ്ങൾക്കും ചുറ്റുമതിലുകൾ, മൂത്രപ്പുര, കുടിവെള്ളം, കളിസ്ഥലം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ല.

സ്കൂൾ വിദ്യാർഥികളിൽ നിലവാരത്തകർച്ചയും അക്ഷരപരിജ്ഞാനക്കുറവും കാണപ്പെടുന്നു.

4.അനവസരങ്ങളിലുള്ള അധ്യാപകരുടെ സ്ഥലംമാറ്റവും അവ യഥാസമയം നികത്തപ്പെടാത്തതും പഠനനിലവാരത്തെ ബാധിക്കുന്നു.

5. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഇല്ലായ്മ.

6. പല സ്ഥലങ്ങളിലും രക്ഷിതാക്കളുടെ അവബോധക്കുറവുമൂലം കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുന്നില്ല.

7. ലബോറട്ടറി, ലൈബ്രറി എന്നിവ വേണ്ട രീതിയിൽഇല്ല.

8. സാമ്പത്തിക പരാധീനത പാഠ്യേതര പ്രവർത്തനങ്ങളിൽ നിന്നും പിന്നോട്ടുപോകാൻ പ്രേരിപ്പിക്കുന്നു.

9. യഥാസമയം പുസ്തകം ലഭ്യമാകാത്തത് പഠനനിലവാരത്തെ ബാധിക്കുന്നു.

10. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലൊന്നായ പിലിക്കോട് ഗവ. ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം താരതമ്യേന കുറവാണ്.

11. അനൗപചാരിക വദ്യാഭ്യാസരംഗത്ത് തുടർപ്രവർത്തനത്തിനെറ അഭാവം മൂലം നവസാക്ഷരർ നിരക്ഷരതയിലേക്ക് വഴുതിമാറുന്നു.

12. പാഠപുസ്തകങ്ങളുടെ വലുപ്പവും, ഉള്ളടക്കവും ഭാരിച്ചതാണ്.

13. ഹെഡ്മാസ്റ്റർമാർക്ക് ഭരണച്ചുമതലയോടൊപ്പം അക്കാദമിക പ്രവർത്തനങ്ങളും നടത്തേണ്ടതുകൊണ്ട് പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നില്ല.

14. മൂല്യനിർണ്ണയത്തിന് പൊതുവായ അളവുകോലില്ലാത്തതുകൊണ്ട് കൃത്യമായ വിശകലനത്തിന് കഴിയുന്നില്ല.

15. ചില വിദ്യാലയങ്ങൾ യു.പി. ഗ്രേഡ് ചെയ്യപ്പെടാത്തതിനെറ പ്രശ്നവും വിദ്യാർഥികളുടെ യാത്രാപ്രശ്നവും പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

16. പുത്തിലോട്ട് എ.യു.പി. സ്കൂളിനെറ കളിസ്ഥലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

17. നിലവിലുള്ള ബാലവാടികളിൽ കളിക്കോപ്പുകൾ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ കുറവാണ്.

18. കലാ - കായിക - പ്രവൃത്തി പരിചയ സംരംഭങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതിനാൽ ജില്ലാ സംസ്ഥാനതലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നില്ല.

ഒരു പ്രദേശത്തിനെറ പഠനകാര്യങ്ങൾ ചർച്ചചെയ്യണമെങ്കിൽ ഇന്ന് നിലവിലുള്ള ഭൗതികസൗകര്യങ്ങൾ, അക്കാദമിക സാഹചര്യങ്ങൾ എന്നിവ വിശകലനം ചെയ്യപ്പെടണം. ക്ലാസ്മുറിക്കകത്ത് സകലതും അനുഭവിക്കാന് ''വിധി''ക്കപ്പെട്ട വിദ്യാർഥികൾക്ക് ഉന്മേഷം പകരാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടാകണം. ലൈബ്രറി, ലബോറട്ടറി, പഠനസൗകര്യങ്ങൾ, ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ, വ്യത്തിയുള്ള ബോർഡുകൾ, ഫർണിച്ചറുകൾ ഇവയൊക്കെ ഉണ്ടാവുകയും ഉപയോഗിക്കുകയും വേണം. ഈ പഞ്ചായത്തിലെ സ്ഥിതിവിവരങ്ങൾ പട്ടിക 6ൽ കൊടുത്തിരിക്കുന്നു. മറ്റ് അക്കാദമിക് വിവരങ്ങൾ പട്ടിക 6ൽ കാണാം.

പട്ടിക - 6
സ്കൂളുകളിലെ സ്ഥിതി വിവരപ്പട്ടിക

	സയൻസ് ക്ലബ്ബ്	സാമൂഹ്യ ശാസ്ത്രക്ലബ്ബ്	ആരോഗ്യ ക്ലബ്ബ്	കാർഷിക ക്ലബ്ബ്	ഗണിത ശാസ്ത്രക്ലബ്ബ്	സാക്ഷരതാ ക്ലബ്ബ്	സാഹിത്യ സമാജം	ബാല സമാജം
ഉള്ളത്	10	6	8	6	10	1	6	5
ഇല്ലാത്തത്	1	5	3	5	1	10	0	4

അവലംബം: സെക്കൻററി ഡാറ്റ

പട്ടിക - 7.
സ്കൂളുകളിലെ അക്കാദമിക സൗകര്യങ്ങൾ

	ലൈബ്രറി	ലാബ്	റേഡിയോ	ടേപ്പ് റെക്കോർഡർ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	മൈക്ക്
ഉള്ളത്	9	5	7	1	1	1	1
ഇല്ലാത്തത്	2	6	4	10	10	10	10

അവലംബം: സെക്കൻററി ഡാറ്റ

പട്ടിക - 8
സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

ക്രമ നമ്പർ	സ്കൂൾ	ആകെ കുട്ടികൾ	ആകെ അധ്യാപകർ ഏക്കർ	സ്കൂൾ സ്ഥലവിസ്തീർണ്ണം	ക്ലാസ് മുറികൾ		ഡിവിഷൻ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
					വേണ്ടത്	ഉള്ളത്					
1.	G.W.L.P.S പിലിക്കോട്	108	2	0.65	4	6	4	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല
2.	ഇസ്ലത്തുൽ ഇസ്ലാം A.L.P.S.. ചന്തേര	120	5	-	4	ഹാൾ	4	ഇല്ല	ഇല്ല	സൗകര്യമില്ല	ഉണ്ട്
3.	A.L.P.S.. പൊള്ളപ്പൊയിൽ	194	7	2.20	7	9	7	ഉണ്ട്	ഇല്ല	കുഴൽ കിണർ	ഇല്ല
4.	G.U.P.S. പിലിക്കോട്	553	16	5.05	17	15	17	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്
5.	G.U.P.S.ചന്തേര	462	17	0.66	14	12	14	ഉണ്ട്	ഇല്ല	കിണർ	ഉണ്ട്
6.	A.U.P.S.. പുത്തിലോട്ട്	338	15	2.69	12	14	12	ഇല്ല	ഇല്ല	കിണർ	ഉണ്ട്
7.	G.W.U.P.S. കൊടക്കാട്	446	14	1.35	13	10	13	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്
8.	G.U.P.S.പാടിക്കീൽ	271	9	0.20	7	7	7	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല
9.	A.U.P.S. ഓലാട്ട്	484	20	6.31	16	16	16	ഉണ്ട്	ഉണ്ട്	കിണർ+ കുഴർ കിണർ	ഇല്ല
10.	G.H.S. പിലിക്കോട്	660	27	3.70	16	15	15	ഉണ്ട്	ഇല്ല	കിണർ/ പൈപ്പ്	ഉണ്ട്
11.	K.M.H.S.കൊടക്കാട്	622	27	5.00	19	19	15	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല

അവലംബം: സെക്കൻററി ഡാറ്റ

ആവശ്യമായ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഇല്ലായ്മ യഥാർഥത്തിൽ കുട്ടികളുടെ ന്യായമായ ആവശ്യങ്ങളുടെ നിഷേധമാണ്. മാതൃഭാഷാ പഠനത്തോടൊപ്പം രണ്ട് സ്കൂളുകളിലായി 180 കുട്ടികൾ അറബിക്കും, അഞ്ച് സ്കൂളുകളിലായി 305 കുട്ടികൾ സംസ്കൃതവും, രണ്ട് സ്കൂളുകളിലായി 107 കുട്ടികൾ ഉറുദുവും പഠിക്കുന്നുണ്ട്.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ പോരായ്മ നമ്മുടെ വിദ്യാഭ്യാസമേഖലയിലെ ഏറ്റവും വലിയ പ്രശ്നമാണ്. ഗവൺമെൻറ് - എയ്ഡഡ് മേഖലകളിൽ വേണ്ടത്ര കെട്ടിട സൗകര്യങ്ങൾ ഇല്ല. പ്രീ കെ.ഈ.ആർ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ ഉണ്ട്. അതുപോലെ ഓലഷെഡ്ഡുകളിൽ പ്രവർത്തിക്കുന്നവയും ഉണ്ട്. പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ വിവരങ്ങൾ പട്ടിക 5ൽ നിന്ന് വിശകലനം ചെയ്യാം. ജി.യു.പി.എസ് പിലിക്കോട്, ജി.യു.പി.എസ് ചന്തേര, ജി.ഡബ്ല്യു.യു.പി.എസ് കൊടക്കാട്, ജി.എച്ച.എസ്. പിലിക്കോട്, എന്നീ വിദ്യാലയങ്ങളിൽ ക്ലാസ്സ്മുറികളുടെ കുറവ് അനുഭവപ്പെടുന്നതായി കാണാം. പിലിക്കോട് ഗവ. ഹൈസ്കൂളിലെ

ചില ക്ലാസ്മുറികളെങ്കിലും ഇപ്പോഴും ഓലഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. കക്കൂസ്, മൂത്രപ്പുര എന്നീ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത സ്കൂളുകൾ പട്ടികയിൽകാണാം. എന്നാൽ ഈ സൗകര്യങ്ങൾ ഉള്ള സ്കൂളുകളിൽത്തന്നെ ഇവ പരിമിതമാണ്. ആറ് സ്കൂളുകളിൽമാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. ഒറ്റനോട്ടത്തിൽ പല സൗകര്യങ്ങളും ഉണ്ട് എന്ന് കാണാമെങ്കിലും, അത് മൊത്ത് കുട്ടികൾക്ക് അനുഭവവേദ്യമാകുന്ന തരത്തിൽ ഇല്ല എന്നത് സൂക്ഷ്മ വിശകലനത്തിൽ ബോധ്യമാകും.

ഗ്രാമസഭകളിൽ പ്രശ്നങ്ങൾ ഉയർത്തുന്നതോടൊപ്പം തന്നെ ശ്രദ്ധേയമായ ധാരാളം നിർദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഭാവികാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഈ നിർദേശങ്ങൾ ഏറെ സഹായകമാകും.

1. എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.
2. മൂന്നുമുതൽ 5 വയസുവരെയുള്ളവർക്കെല്ലാം പ്രീ-പ്രൈമറി വിദ്യാഭ്യാസസൗകര്യം ഏർപ്പെടുത്തുക.
3. എല്ലാ വിദ്യാലയങ്ങൾക്കും കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാക്കുക.
4. അധ്യാപകനിയമനങ്ങളും സ്ഥലംമാറ്റവും അധ്യയനവർഷാരംഭത്തിൽത്തന്നെ നടത്തുക.
5. എല്ലാ വിദ്യാലയങ്ങളിലും അതിന്റെ സർവ്വതോന്മുഖമായ വികസനത്തിനുതകുന്ന വിദ്യാലയസമിതികൾ രൂപീകരിക്കുക.
6. സ്കൂൾ പി.ടി.എ. മദർ പി.ടി.എ. എന്നിവ മാസത്തിൽ ഒരിക്കലെങ്കിലും വിളിച്ചുചേർത്ത് അക്കാദമികകാര്യങ്ങൾ ചർച്ചചെയ്യുകയും രക്ഷിതാക്കളിൽ ബോധവൽക്കരണശ്രമങ്ങൾ നടത്തുകയും ചെയ്യുക.
7. എല്ലാ പ്രൈമറി കുട്ടികൾക്കും ഉച്ചക്കഞ്ഞി വിതരണം ചെയ്യുക.
8. സ്കൂളുകളിൽ പൊതു ചോദ്യക്കടലാസ് നിർമിക്കുകയും മൂല്യനിർണയം നടത്തുകയും ചെയ്യുക.
9. കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കു.
10. ഡി.പി.ഇ.പി പദ്ധതി വഴി വിതരണം ചെയ്യുന്ന സൗജന്യ പാഠപുസ്തകങ്ങൾ ആൺകുകുട്ടികൾക്കു കൂടി നൽകുക.
11. ഹെഡ്മാസ്റ്റർമാരെ ക്ലാസ്ചാർജിൽ നിന്നും ഒഴിവാക്കി അധികഭാരം കുറക്കുക.
12. ചെറുവത്തൂർ ജൂണിയർ ടെക്നിക്കൽ ഹൈസ്കൂളിന്റെ നിലവിലുള്ള സംവിധാനം നിലനിർത്തി, പോളിടെക്നിക്കായി ഉയർത്തുക.
13. ജനവിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമാക്കാൻ ബോധപൂർവമായ ഇടപെടലുകൾ നടത്തുക.
14. നിലവിലുള്ള ഹൈസ്കൂളുകളിൽ 'പ്ലസ് ടു' സമ്പ്രദായം ആരംഭിക്കുക.
15. പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസപുരോഗതിക്കായി ഹോസ്റ്റൽസൗകര്യം ഏർപ്പെടുത്തുക.
16. പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തി അധ്യാപകർ വഴിയും അയൽക്കൂട്ടം പ്രവർത്തകർ വഴിയും പരിഹാര ബോധനം നടത്തുക.
17. അക്കാദമിക വർഷാരംഭത്തിൽത്തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനുള്ള ക്രമീകരണമുണ്ടാക്കുക.

ഗ്രാമസഭയിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശകലനം ചെയ്താൽ അവ വിവിധ തട്ടുകളിലുള്ള പഞ്ചായത്ത് സംവിധാനങ്ങളുടെയും കേരളാ ഗവൺമെന്റിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ കഴിയൂ എ് കാണാം. ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ജില്ലാ പഞ്ചായത്തിന്റെയും കേരളാ ഗവൺമെന്റിന്റെയും സജീവമായ സഹായസഹകരണങ്ങൾ ആവശ്യമാണ്. പാഠപുസ്തകങ്ങൾകൃത്യമായി ലഭിച്ചു എന്ന് ഉറപ്പുവരുത്താനും ഇതാവശ്യമാണ്. മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിവരും.

1. പഞ്ചായത്തിന്റെ കിഴക്കൻമേഖലയിൽ രണ്ടുമുതൽ മൂന്നു കിലോമീറ്റർ നടന്നാൽ മാത്രമേ പ്രാഥമിക പഠനത്തിനുള്ള സൗകര്യം ഇന്നുള്ളൂ.
2. പഞ്ചായത്തിലെ മൂന്നിനും അഞ്ചിനും ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുന്ന രീതിയിൽ250 വീടുകർക്കും ഒന്ന് എന്ന തോതിൽ പ്രീ പ്രൈമറി സ്ഥാപനങ്ങൾ വേണ്ടിവരും. ഇതിനുള്ള സംരംഭങ്ങൾക്ക് നേതൃത്വം നൽകുക.
3. എൽ.പി. സ്കൂളിനോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ പ്രൈമറികൾ ആരംഭിക്കുക.
4. കൊടക്കാട് ഹൈസ്കൂൾ, പിലിക്കോടം ഹൈസ്കൂൾ എന്നിവ ഹയർസെക്കണ്ടറിയായി ഉയർത്തുക.
5. വിദ്യാഭ്യാസനിലവാരം ഉയർത്താനായി സമഗ്രമായ പദ്ധതി ആവിഷ്കരിക്കുക, പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ്, ഡി.പി.ഇ.പി, ബി.ആർ.സിയുടെ സഹായത്തോടെ ശക്തിപ്പെടുത്തുക.
6. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് പുനഃപ്പരിശീലനസംവിധാനം ഏർപ്പെടുത്തുക, തനത് കലയും കായിക സാധ്യതകളും വളർത്താനും വികസിപ്പിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കു.
7. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം സമൂഹപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
8. പുസ്തകങ്ങൾ യഥാസമയം എത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
9. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.
10. പി.ടി.എ.കളും മദർ പി.ടി.എകളും സജീവമാക്കുക, സർവ്വോപരി വിദ്യാഭ്യാസ തല്പരരായ മുഴുവൻ ആളുകൾക്കും സ്കൂൾ പ്രവർത്തനത്തിൽ സഹകരിക്കാൻ അവസരമുണ്ടാക്കുക.
11. നടക്കാവിൽ ഉന്നതവിദ്യാഭ്യാസാവശ്യത്തിനായി കോളേജ് ആരംഭിക്കുക.

ഇത്തരത്തിൽ ക്രിയാത്മക പരിപാടികളിലൂടെ ഓരോ സ്കൂളും നാടിന്റെ സാമൂഹ്യ-സാംസ്കാരികകേന്ദ്രങ്ങളായി മാറണം. സമൂഹത്തിന്റെ ആരോഗ്യ - വിദ്യാഭ്യാസ - പരിസ്ഥിതി അവബോധം വളർത്താനുള്ള പഠനകേന്ദ്രങ്ങളായും, തുടർ വിദ്യാകേന്ദ്രങ്ങളായും വിദ്യാഭ്യാസസ്ഥാപനങ്ങൾ മാറണം. ഇങ്ങനെയുള്ള കൂട്ടായ്മ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ നനോതഥാനത്തിന് കാരണമാകും.

വിദ്യാഭ്യാസരംഗം ചടുലമാക്കാനും, ജനപങ്കാളിത്തം ഉറപ്പിക്കാനും ഇന്നുള്ള കോംപ്ലക്സ് സംവിധാനം സജീവമാക്കുകതന്നെ വേണം.

വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ പൊതുവൈദഗ്ധ്യം കൂടി പ്രയോജനപ്പെടുത്തണം. അതുവഴി വിദ്യാർഥികളെ കർമ്മോത്സുകരാക്കി മാറ്റാൻ കഴിയും. സ്കൂൾ പാർലമെന്റുകൾ, വിവിധ ക്ലബ്ബുകൾ, സാഹിത്യ സമാജങ്ങൾ, കൈയ്യെഴുത്ത് - ചുമർ മാസികകൾ, പച്ചക്കറി- ഔഷധത്തോട്ടങ്ങൾ, ദിനാചരണങ്ങൾ, പഠനയാത്രകൾ തുടങ്ങിയ ഒട്ടനവധി പരിപാടികൾ ആസൂത്രണം ചെയ്ത് ഏറ്റെടുക്കാവുന്നതാണ്.

സ്കൂൾ സമിതികളും മാതൃസമിതികളും സമൂഹവുമെല്ലാം കൈകോർത്താൽ, വിദ്യാഭ്യാസരംഗത്ത് എന്നും നാം നേടിയ മുന്നേറ്റത്തിന് ഒരു പുതിയ അധ്യായത്തിന്റെ തുടക്കമാകും അത്.

''അന്ധകാരത്തെ ശപിക്കുന്നതിനേക്കാൾ
നല്ലത് ഒരു മെഴുകുതിരി കത്തിക്കുകയാണ്''

-ചൈനീസ് പഴമൊഴി



5.5

കുടിവെള്ളവും പൊതുജനാരോഗ്യം

ഏതൊരു ജനതയുടേയും ആരോഗ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടവയാണ് ശുദ്ധവായു, ശുദ്ധജലം, പോഷകാഹാരം, പാർപ്പിടം എന്നിവ. ഈ വസ്തുതകളിൽ ഊന്നിനിന്നുകൊണ്ടുള്ള വികസനതന്ത്രം; ആരോഗ്യം = ആശുപത്രി + മരുന്ന് + ഡോക്ടർ എന്ന വികലമായ കാഴ്ചപ്പാട് മാറ്റുവാൻ സഹായിക്കും. നിലവിലുള്ള സാഹചര്യത്തിൽ ആശുപത്രി, മരുന്ന് എന്നിവയ്ക്ക് കൊടുക്കുന്ന പ്രാധാന്യം വായു, ജലം, ആഹാരം എന്നിവയ്ക്കുടി നൽകിയാലേ നമുക്ക് ആരോഗ്യരംഗത്ത് ശാശ്വതമായ നേട്ടം, കൈവരിക്കാൻ കഴിയൂ. കുടവെള്ളത്തിനായി പിലിക്കോട് ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെത്തന്നെയാണ്. ചില പ്രദേശങ്ങളെ ജലം 'നഞ്ച്' കലർന്നതായതിനാൽ കുടിക്കാൻ പറ്റിയതല്ല. അത്തരം പ്രദേശങ്ങളിൽ ശുദ്ധജലത്തിനായി ഏറെ പ്രയാസം അനുഭവിക്കേണ്ടിവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളത്തിന്റെ സ്രോതസ്സ് പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1
പിലിക്കോട് പഞ്ചായത്തിലെ കുടിവെള്ള ലഭ്യത

ഇനം	കുടുംബങ്ങൾ
കിണർ	3518
പൊതുടാപ്പ്	190
പൊതുകിണർ	194
മറ്റുള്ളവ	412

(അവലംബം: സാനിറ്റേഷൻ സർവ്വെ, പിലിക്കോട് പഞ്ചായത്ത്)

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. പൊതുവിതരണടാപ്പുകളുടെ എണ്ണം കൂട്ടണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ശുദ്ധജല സംവിധാനത്തിന്റെ വിവരപ്പട്ടിക 2ൽ കൊടുത്തിട്ടുണ്ട്.

നാല് മിനി ശുദ്ധജല വിതരണ കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. അവ ചന്തേര-കുനുത്തൂർ, കണ്ണങ്കൈ, മട്ടലായി, കൊടക്കാട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്നു. എങ്കിലും ഇവ ജനങ്ങളുടെ ആവശ്യം പൂർണ്ണമായും നിറവേറ്റാൻ പര്യാപ്തമല്ല. പഞ്ചായത്തിലെ 3274 കുടുംബങ്ങൾ കുടിവെള്ളത്തിനായി അയൽക്കാരുടെ കിണറുകളെയാണ് ആശ്രയിക്കുന്നത്. 138 കുടുംബങ്ങൾ പൊതുകിണറുകളെയും 28 കുടുംബങ്ങൾ മറ്റ് സംവിധാനങ്ങളെയും ആശ്രയിക്കുന്നു. വിശദവിവരങ്ങൾ പട്ടിക 3ൽ കാണിച്ചിരിക്കുന്നു.

പട്ടിക - 2
ശുദ്ധജല വിതരണ സംവിധാനം

No.	Item	Numbers
1	Borewells with hand pump	26
2	Borewells with motor	1
3	Water supply scheme RWSS	3
4	TWSS	1
5	Public Taps	190
6	Water connection as on 1.4.93(domestic)	1
7	വാട്ടർ കണക്ഷൻ (1.4.93) വീട്ടാവശ്യമല്ലാത്തവ	Nil
8	പഞ്ചായത്ത് കുഴൽക്കിണർ	Nil
9	Panchayat Wells	22
10	Tanks or ponds	30
11	Public Taps	52

അവലംബം: സെൻസസ് ഡാറ്റ

പട്ടിക - 3
കുടുംബങ്ങളുടെ ജലസ്രോതസ്സ്

ജലസ്രോതസ്സ്	കുടുംബങ്ങൾ
സ്വന്തം കിണർ	3274
അയൽക്കാരന്റെ കിണർ	906
പൊതുകിണർ	138
പൊതുകുളം	28
സ്വന്തം കുളം	24
വീടിന്റെ ടാങ്ക്	17
പൊതുടാപ്പ്	75

അവലംബം: സാനിറ്റേഷൻ സർവ്വെ)

കുടിവെള്ളത്തിനായി 3125 കുടുംബങ്ങൾക്ക് പത്തുമീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നില്ല. എന്നാൽ 23 കുടുംബങ്ങൾക്ക് കുടി വെള്ളത്തിനായി 1/2 കിലോമീറ്റർ മുതൽ 1 കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ടി വരുന്നു. വിശദവിവരങ്ങൾ പട്ടിക 4ൽ കാണിച്ചിട്ടുണ്ട്.

പട്ടിക - 4

ജലസ്രോതസ്സിലേക്കുള്ള ദൂരം

ദൂരം മീറ്റർ	കുടുംബങ്ങളുടെ എണ്ണം
0-10മീറ്റർ	3125
10-50	756
50-100	274
100-200	176
200-500	93
500-1000	23
1000-	ഇല്ല

(അവലംബം: സാനിറ്റേഷൻ സർവ്വെ)

വേനൽക്കാലത്ത് 2769 കിണറുകളിൽ ജലം ലഭ്യമാകുമ്പോൾ 1179 കിണറുകളിലെ ജലം വറ്റിപ്പോകുന്നതായി പഞ്ചായത്തിൽ നടത്തിയ ആരോഗ്യ-ശുചിത്വ സർവ്വെയിൽ ബോദ്ധ്യപ്പെട്ടു. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെ പറയുന്നു.

വാർഡ് സ്ഥലങ്ങൾ

നീർക്കെട്ട്, ഡ്രെയിനേജ് സൗകര്യങ്ങളുടെ അപര്യാപ്തത, സുരക്ഷിതമായ കക്കൂസുകളുടെ അഭാവം, മാലിന്യനിക്ഷേപം എന്നിവ നിലവിലുള്ള കുടിവെള്ള സംവിധാനത്തെ തന്നെ മലിനപ്പെടുത്തുന്നു.

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ നിന്നും കുടിവെള്ള സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശക്തമായി ഉയർന്നുവന്നിരുന്നു. ഒരു സമൂഹത്തിന്റെ ആരോഗ്യം ആ പ്രദേശത്തെ കുടിവെള്ള ലഭ്യതയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നങ്ങൾ താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

പ്രശ്നങ്ങൾ

1. കോളനികളിലുൾപ്പെടെ, പല പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

2. പൊതുടാപ്പുകളുടെ സംരക്ഷണക്കുറവ് ഉണ്ട്.

3. പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല.

4. കുഴൽക്കിണറുകളിലെ വെള്ളം പലയിടങ്ങളിലും ഉപയോഗയോഗ്യമല്ല.

5. ഡ്രെയിനേജിന്റെ അഭാവം മൂലം കുടിവെള്ളം മലിനമാകുന്നുണ്ട്.

6. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കിണർകുഴിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് ഭൂപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല.

7. ദരിദ്ര കുടുംബങ്ങൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക ശേഷിയില്ല.

8. തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുന്നതും, കുളത്തിന്റെയും പൊതുകിണറുകളുടെയും പരിസരത്ത് വാഹനങ്ങൾ കഴുകുന്നതും മൂലം കുടിവെള്ളം മലിനമാക്കപ്പെടുന്നുണ്ട്.

9. 1, 2, 3 വാർഡുകളിലെ ചില പ്രദേശങ്ങളിൽ, കിണർ വെള്ളത്തിൽ നഞ്ചു കലർന്നിട്ടുള്ളതിനാൽ അവയിലെ വെള്ളം ഉപയോഗയോഗ്യമല്ല.

10. കാലിക്കടവ് ടൗണിൽ ജലവിതരണ സംവിധാനം ഇല്ല.

11. ജലസംരക്ഷണം, വിനിയോഗം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അഭാവം ഉണ്ട്.

12. പൊതുശ്മശാനത്തിന്റെ അഭാവം ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട്.

13. അറവുകേന്ദ്രങ്ങൾ, കോഴിവളർത്തുശാലകൾ എന്നിവിടങ്ങളിലെ അവശിഷ്ടങ്ങൾ, മാലിന്യങ്ങൾ, എന്നിവ തോടുകളിലും മറ്റും നിക്ഷേപിക്കപ്പെടുന്നുണ്ട്.

14. മിക്ക കിണറുകളും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തവയായതിനാൽ മലിനീകരണത്തിന് ഇടയാക്കുന്നു. ഇത് പല സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നുണ്ട്.

സാധ്യതകൾ

1. ചില പ്രത്യേക മേഖലകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. സമ്പൂർണ്ണ സാനിറ്റേഷൻ വിവരണത്തെ അടിസ്ഥാനമാക്കി കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കിണറുകൾ, പൊതുജല വിതരണ സംവിധാനം എന്നിവയുടെ സാധ്യത ഉപയോഗപ്പെടുത്തണം. ഇതിനായി ഒരു സമഗ്ര പദ്ധതി സാനിറ്റേഷൻ പദ്ധതിയുടെ തുടർപ്രവർത്തനമെന്ന നിലയിൽ ആവിഷ്കരിക്കണം.

2. വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്ന പൊതു-സ്വകാര്യ കിണറുകൾ നവീകരിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമായി നിലവിലുള്ള വാർഡ് സമിതികളുടെ പങ്കാളിത്തത്തോടുകൂടി പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം.

3. നിലവിലുള്ള ചുറ്റുമതിലില്ലാത്ത കിണറുകൾ, ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും ഏകീകരിച്ച് നടപ്പിലാക്കാൻ വികസന സമിതികളുടെ മുൻകൈയോടെ പദ്ധതികൾക്ക് രൂപം നൽകണം.

4. ശുദ്ധജലത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കണം.

5. വേനൽക്കാലത്ത് ജലദൗർബല്യം അനുഭവപ്പെടുന്നത് മൂലം ശുദ്ധജലത്തിന്റെ ഗുണമേന്മ കുറഞ്ഞുവരുന്നുണ്ട്. വേനൽക്കാലത്ത് വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ മേന്മ ഉറപ്പുവരുത്തണം.

6. കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൊതുകിണർ ഉണ്ടാക്കണം. ഇതിന്റെ തുടർസംരക്ഷണം കോളനി നിവാസികളുടെ ഉത്തരവാദിത്വത്തിലായിരിക്കണം.

7. പൊതുജലവിതരണത്തിനുള്ള ടാപ്പുകൾ അനുവദിക്കുമ്പോൾ ജലലഭ്യതയുമായി ബന്ധപ്പെടുത്തേണ്ടതാണ്.

8. കുഴൽക്കിണറുകളുടെ കേടുപാടുകൾ യഥാസമയം തീർക്കണം. വെള്ളത്തിൽ തുരുമ്പിന്റെ അംശം ഇല്ലാതാക്കണം. ഇതിനായി ജി.ഐ.പൈപ്പിന് പകരം പി.വി.സി. പൈപ്പുകളുടെ സാധ്യത ആരായണം.

9. വെള്ളക്കെട്ട് ഒഴിവാക്കി കുടിവെള്ളം സംരക്ഷിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തണം.

10. പൊതുസ്ഥാപനങ്ങൾ, പ്രത്യേകിച്ച് സ്കൂളുകൾക്ക് ശുദ്ധജലം ലഭിക്കുന്നതിന് കിണറുകൾ നിർമ്മിക്കണം. വിതരണ സംവിധാനം ഉറപ്പുവരുത്തണം. തദ്ദേശീയമായ ജലസ്രോതസ്സുകൾക്ക് തന്നെ മുൻഗണന നൽകണം.

11. കിണറുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള ഭൂപരിധി എടുത്തുകളയുകയും, കുടുംബം ഒരു യൂനിറ്റായി എടുത്തുകൊണ്ട് ധനകാര്യസ്ഥാപനങ്ങൾ വഴി കുറഞ്ഞ പലിശയിനത്തിൽ

ധനസഹായം ലഭ്യമാക്കണം. അനുവദിക്കപ്പെടുന്ന സാമ്പത്തിക സഹായം കുടിവെള്ളത്തിനായിത്തന്നെ ഉപയോഗപ്പെടുത്തുന്നു എന്നുറപ്പുവരുത്തണം.

12. കിണർ, മറ്റ് ശുദ്ധജല സ്രോതസ്സുകൾ എന്നിവ സംരക്ഷിക്കുന്നതിന് സാമൂഹ്യ തീരുമാനം ഉണ്ടാകണം. ജലം മലിനമാക്കിയുള്ള വാഹനം കഴുകൽ, തുറസ്സായ മലമൂത്ര വിസർജ്ജനം, ഇവ ബോധവൽക്കരണം വഴി നിയന്ത്രിക്കുകയും ഇതിനാവശ്യമായ പരിഹാരങ്ങൾ ആരായുകയും വേണം.

13. നിർദ്ദേശിക്കപ്പെട്ട സമ്പൂർണ്ണ സാനിറ്റേഷൻ പദ്ധതി ജനങ്ങൾക്കേറെ പ്രതീക്ഷ നൽകിയിട്ടുണ്ട്. പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുവേണ്ടി അധികൃതർ ശ്രമിക്കണം.

14. അറവുകേന്ദ്രങ്ങൾ, കോഴി വില്പന ശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ വഴി കുടിവെള്ളം മലിമമാക്കുന്നത് തടയാൻ പഞ്ചായത്ത് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കണം.

കുടിവെള്ളം ജനങ്ങളുടെ പ്രാഥമികാവശ്യമാണ്. കുടിവെള്ള ലഭ്യത ഒരു വ്യക്തിഗത പ്രശ്നം എന്നതിലുപരി ഒരു സാമൂഹ്യ ബാധ്യതയായി കാണാൻ നമുക്ക് കഴിയണം. ഈയൊരു തലത്തിൽ പ്രശ്നങ്ങളെ നോക്കിക്കണ്ടുകൊണ്ട് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ളത്. കൂട്ടായ്മയോടുകൂടി ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് എല്ലാ സാധ്യതകളും വിനിയോഗിക്കാൻ നമുക്ക് കഴിയണം.

ആരോഗ്യം

ബോധവൽക്കരണത്തിന്റെ അഭാവവും, ആവശ്യമായ പ്രാഥമിക സൗകര്യങ്ങളുടെ ന്യൂനതയും പിലിക്കോട് ഗ്രാമപഞ്ചായത്തിലെ ജനതയുടെ ആരോഗ്യത്തെ എന്നും സ്വാധീനിച്ചിട്ടുള്ളതായി കാണാം. രോഗ പ്രതിരോധത്തിനും, രോഗചികിത്സയ്ക്കും പ്രയോജനകരമാംവിധം ഒരു ചുവടുവെപ്പ് നടത്താൻ സാധിച്ചത് 1978ൽ കരപ്പാത്ത് ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിച്ചതോടെയാണ്. അന്ന് നിലവിലുണ്ടായിരുന്ന ഒരു വായനശാലയുടെ കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തനമാരംഭിച്ചതെങ്കിലും, പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള അതേ കെട്ടിടത്തിൽ തന്നെയാണ് അത് ഇപ്പോഴും പ്രവർത്തിക്കുന്നത്. പ്രസ്തുത ആശുപത്രി വരുന്നതിന് മുമ്പ് പാരമ്പര്യരീതിയിൽ ചികിത്സ നടത്തിയിരുന്ന നാടൻ വൈദ്യന്മാരാണ് ഈ ദൗത്യം ഏറെക്കുറെ ഏറ്റെടുത്ത് നിർവ്വഹിച്ചിരുന്നത്. മുമ്പ് പഞ്ചായത്തിലെ ജനങ്ങൾ അലോപ്പതി ചികിത്സയ്ക്കായി അടുത്ത പഞ്ചായത്തായ കരിവെള്ളൂരിലിലേക്കും ചെറുവത്തൂരിലേക്കുമാണ് പോയിരുന്നത്. ഇന്നും ആ സ്ഥിതിക്ക് വലിയ മാറ്റമൊന്നും വന്നിട്ടില്ല എന്ന കാര്യവും ശ്രദ്ധേയമാണ്.

ഇന്ന് അലോപ്പതി, ഹോമിയോ, ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിൽ വന്നിട്ടുണ്ട്. എങ്കിലും അലോപ്പതിയാണ് ജനങ്ങൾ പ്രധാനമായും അവലംബിച്ചിട്ടുള്ളത്. പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

കരപ്പാത്തെ ആയുർവ്വേദാശുപത്രി, ഓലാട്ടുള്ള പി.എച്ച്.സി. മാണിയാട്ടുള്ള ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് പുറമെ പിലിക്കോട്, ചന്തേര പടിഞ്ഞാറേക്കര, പൊള്ളപ്പൊയിൽ, കൊടക്കാട് എന്നിവിടങ്ങളിൽ ഉള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ ഔദ്യോഗിക ആരോഗ്യ സ്ഥാപനങ്ങൾ. ഇതിനുപുറമെ പാരമ്പര്യ വൈദ്യൻമാർ നടത്തിവരുന്ന ആരോഗ്യസ്ഥാപനങ്ങൾ വെള്ളച്ചാൽ, കാലിക്കടവ്, ഓലാട്ട് എന്നീ സ്ഥലങ്ങളിലുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം, പഞ്ചായത്തിലെ ഏറ്റവും കിഴക്ക് ഭാഗത്തായി കിടക്കുന്ന

പട്ടിക - 5

നമ്പർ	ആരോഗ്യസ്ഥാപനത്തിന്റെ രേഖ	സ്ഥിചെയ്യുന്ന സ്ഥലം	കെട്ടിടം
1	കുടുംബക്ഷേമ ഉപകേന്ദ്രം	കൊടക്കാട്	സ്വന്തം
2	,,	പൊള്ളപ്പൊയിൽ	,,
3	,,	ചന്തേര പടിഞ്ഞാറെക്കര	,,
4	,,	പിലിക്കോട്	,,
5	ആയുർവ്വേദാശുപത്രി -പിലിക്കോട്	കരപ്പാത്ത്	,,
6	ഗവ. ഹോമിയോ ഡിസ്പെൻസറി	മാണിയാട്ട്	സ്വന്തമല്ല
7	പബ്ലിക് ഹെൽത്ത് സെന്റർ	ഓലാട്ട്	സ്വന്തം

ഓലാട്ട് ആണ് സ്ഥിതിചെയ്യുന്നത്. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടുകിടക്കുന്ന ഈ പ്രദേശത്ത് മരുന്ന് വാങ്ങാൻ പോലും ആളുകൾക്ക് അകലെയുള്ള കരിവെള്ളൂരിലോ, ചെറുവത്തൂരിലോ പോകേണ്ടുന്ന സ്ഥിതി ഇന്നും നിലനിൽക്കുന്നു.

പിലിക്കോട് പഞ്ചായത്തിലെ സ്ഥാപനങ്ങളും സേവനങ്ങളും

പിലിക്കോട് പഞ്ചായത്തിലെ ആരോഗ്യരംഗത്തെ സ്ഥാപനങ്ങളുടെ വിവരം ഇങ്ങനെ ക്രോഡീകരിക്കാം.

പ്രാഥമികാരോഗ്യകേന്ദ്രം - 1
ആയുർവ്വേദാശുപത്രി - 1
ഹോമിയോ ഡിസ്പെൻസറി - 1
കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ - 4

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയഡോക്ടർമാർ ഇല്ല എന്നത് ഏറെ പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. യാത്രാസൗകര്യം തീരെ കുറവായ ഈ പ്രദേശത്ത് നിന്ന് മറ്റ് സ്ഥലങ്ങളിലുള്ള ആരോഗ്യകേന്ദ്രത്തിൽ ചെന്ന് വൈദ്യസഹായം നേടാനും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ഓലാട്ട് സ്ഥിതിചെയ്യുന്ന പി.എച്ച്.സി. ഇപ്പോൾ പടന്ന പഞ്ചായത്തിലെ പി.എച്ച്.സി.യുടെ കീഴിലുള്ള മിനി പി.എച്ച്.സി.യാണ്. ഇത് സ്വതന്ത്ര പി.എച്ച്.സി.യാക്കി മാറ്റുകയും സൂപ്രണ്ടുവൈസറി സ്റ്റാഫിനെ നിയമിക്കുകയും വേണമെന്നതാണ് ജനങ്ങളുടെ ഒരു പ്രധാനാവശ്യം.

പട്ടിക - 6

വർഷം	ജനനം	മരണം
1993	62	102
1994	45	112
1995	25	78
132	ആകെ	292

(അവലംബം: പഞ്ചായത്തിൽ ജനന മരണ രജിസ്റ്റർ)

വിവിധ കാലങ്ങളിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനന മരണങ്ങളുടെ കണക്കാണ് പട്ടിക 6ൽ കൊടുത്തിരിക്കുന്നത്. എന്നാൽ 1996 ആഗസ്റ്റിൽ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വെ പ്രകാരം 3 വയ

സ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 810 ആണ്. ഇതേ കാലയളവിന് പഞ്ചായത്തിൽ രേഖപ്പെടുത്തപ്പെട്ട ജനനം 132 മാത്രമാണ്. എണ്ണത്തിൽ കാണുന്ന ഈ അന്തരം സൂചിപ്പിക്കുന്നത് ജനനം അധികവും നടക്കുന്നത് പഞ്ചായത്തിന് വെളിയിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ വെച്ചാണ് എന്നാണ്. നമ്മുടെ പഞ്ചായത്തിൽത്തന്നെ കാര്യക്ഷമമമായ ഒരു ആരോഗ്യകേന്ദ്രത്തിന്റെ സാധ്യതയാണ് ഇത് വിളിച്ചോതുന്നത്.

നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളും സംവിധാനങ്ങളും കുറ്റമറ്റ താക്കിത്തീർക്കുവാൻ ഇനിയും നടപടികൾ ആവശ്യമാണെന്നാണ് 1996 ജനവരി 26 ന് നടത്തിയ സമഗ്രവികസന സാനിറ്റേഷൻ സർവ്വെ സൂചിപ്പിക്കുന്നത്. മലവിസർജ്ജന സൗകര്യം, കുടിവെള്ളലഭ്യത തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ സർവ്വെ ചൂണ്ടിക്കാട്ടുന്നു. പഞ്ചായത്തിലെ 2020 കുടുംബങ്ങൾക്ക് ഇന്നും കക്കുസില്ലാത്ത സ്ഥിതി നിലനിൽക്കുന്നു. പല കുടുംബങ്ങളിലും നിലവിലുള്ള കക്കൂസ് ആരോഗ്യപരമായ ഗുണം നിലനിർത്തുന്നവയുമല്ല.

ഇത്രയധികം കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാത്തതിന് കാരണം താഴെ പറയുന്നവയാണെന്ന് ബോധ്യപ്പെടുകയുണ്ടായി.

1. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ - പ്രത്യേകിച്ച് കിഴക്കൻ മേഖലയിൽ - വെളിപ്രദേശത്ത് മലവിസർജ്ജനം നടത്താനുള്ള സൗകര്യം ഉണ്ട്.

2. വെളിപ്രദേശത്ത് മലവിസർജ്ജനം നടത്തുന്നതു വഴിയുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ബോധമില്ലായ്മ.

3. നല്ലയിനം കക്കൂസ് നിർമ്മിക്കാനുള്ള സാമ്പത്തിക പരാധീനത.

4. ചില പ്രദേശങ്ങളിൽ - പ്രത്യേകിച്ച് പിലിക്കോട് വയലിൽ - പുഴയോരം ഉണ്ട് എന്നതും, അത്തരം പ്രദേശത്ത് കക്കൂസ് ടാങ്ക് നിർമിക്കാൻ വൻ സാമ്പത്തിക ബാധ്യത വരുന്നുവെന്നതും. (ഉറവുവെള്ളം മുകൾ ഭാഗത്തായതിനാൽ)

5. ആരോഗ്യകരമായ മലവിസർജന സൗകര്യങ്ങളുടെ അഭാവത്തിന്റെ അനന്തരഫലം ജലം, വായു എന്നിവയുടെ മലിനീകരണം തന്നെയാകുന്നു. പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ നടത്തിയ സർവ്വെ ഫലം ചൂണ്ടിക്കാണിക്കുന്ന വസ്തുതയും മറിച്ചല്ല. 1993 മുതൽ 1996 വരെ പഞ്ചായത്തിൽ ശ്രദ്ധിക്കപ്പെട്ട ജലജന്യരോഗങ്ങളുടെയും വായുജന്യരോഗങ്ങളുടെയും വിവരം പട്ടിക 7ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 7

പകർച്ച വ്യാധി - സ്ഥിതി വിവരക്കണക്ക്

വർഷം	ജലജന്യം	വായുജന്യം	പ്രാണിജന്യം
1993-94	253	1379	-
1994-95	230	858	-
1995-96	200	820	-

(അവലംബം: സെക്കൻററി ഡാറ്റ)

എല്ലാ കുടുംബങ്ങൾക്കും കക്കൂസ് എന്ന ആശയം പ്രാവർത്തികമാക്കുകയാണെങ്കിൽ ആരോഗ്യരംഗത്തെ കുറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ഈ സാഹചര്യത്തിലാണ് ഒരു പ്രൊജക്ടിന് രൂപകൽപ്പന ചെയ്യാൻ പഞ്ചായത്ത് വികസന സമിതി തീരുമാനിച്ചത്. അംഗീകാരത്തിനായി സമർപ്പിച്ച 56 ലക്ഷം രൂപയുടെ ഈ പ്രൊജക്ട് പൊതുജനങ്ങളുടെ നേതൃത്വത്തിൽ ജനകീയാടിസ്ഥാനത്തിൽ, അവരുടെ കൂടി വിഹിതം ഉൾക്കൊള്ളിച്ചുകൊണ്ടാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. (വിശദവിവരങ്ങൾ സെൻറർ ഫോർ എൻവയേൺമെൻറ് ആൻറ് ഡവലപ്മെൻറ് പ്രസിദ്ധീകരിച്ച 'പരിസര ശുചിത്വം' എന്ന ഗ്രന്ഥത്തിൽ കാണാം - പേജ് - 72)

പരിസരശുചിത്വം

വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ പിലിക്കോട് പഞ്ചായത്തിൽ ഇല്ല. അതുകൊണ്ടുതന്നെ അതുവഴിയുള്ള മലിനീകരണ പ്രശ്നങ്ങളും ഇല്ല. മുമ്പ് നിലവിലുണ്ടായിരുന്ന പല കൃഷി സ്ഥലങ്ങളും ഇന്ന് നികത്തപ്പെട്ട് പാർപ്പിട സൗകര്യമുണ്ടാക്കിക്കഴിഞ്ഞു. പഞ്ചായത്തിന്റെ ഏത് ഭാഗത്തും ഈ സ്ഥിതി വിശേഷം കാണാം. അശാസ്ത്രീയമായ ഈ സ്ഥലമാനേജ്മെൻറ് ദൂരവ്യാപകമായ ഫലം ഉളവാക്കിക്കഴിഞ്ഞു. താഴ്ന്ന പ്രദേശങ്ങൾ നികത്തപ്പെട്ടതിന്റെ ഫലമായി നീരൊഴുക്ക് തടയപ്പെട്ടു. ചെറിയ മഴയിൽപ്പോലും വെള്ളം കെട്ടിനിന്ന് ഒഴുകിപ്പോകാത്ത അവസ്ഥ സംജാതമാകുന്നു - ഇങ്ങനെ കെട്ടിക്കിടക്കുന്ന ജലം കൊതുകുകളുടെ അമിതമായ പെരുപ്പത്തിനും ഇടയാക്കുന്നു. മുട്ടുവരെ വെള്ളത്തിലൂടെ നടന്നുവേണം ഇത്തരം അവസരങ്ങളിൽ ആളുകൾക്ക് നടന്നുപോകാൻ. അതിനാൽ പുഴുക്കടി, ചൊറി തുടങ്ങിയ ത്വക്രോഗങ്ങൾ പ്രത്യേകിച്ച് മഴക്കാലമായാൽ സാർവ്വത്രികമായി ഉണ്ടാകുന്നു. ജലജന്യരോഗങ്ങൾ എളുപ്പത്തിൽ പകരാൻ ഇത് ഇടയാക്കുന്നു. ഡ്രെയിനേജ് സൗകര്യത്തിന്റെ ആവശ്യകത എല്ലാ വാർഡുകളിൽ നിന്നും ഉയരുന്നു എന്നത് ഈ രംഗത്തെ ഗൗരവം വിളിച്ചോതുന്നു. വയലുകളിലെ കീടനാശിനി പ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനം ഉണ്ടായേ പറ്റൂ. ആരോഗ്യ പ്രവർത്തകരുടെ ശ്രദ്ധ കൊതുകു നശീകരണത്തിലും മലിനജലം കെട്ടിനിൽക്കുന്നതിനെതിരെയുള്ള ബോധവൽക്കരണത്തിലും കൂടുതൽ പതിയേണ്ടിയിരിക്കുന്നു. കാലിക്കടവ് ഭാഗത്ത് ഹോട്ടലുകളുടെ പരിസരവും മീൻ വില്പന ചെയ്യുന്ന സ്ഥലവും ശുചിയാക്കി നിർത്തുന്നതിൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പ്രശ്നങ്ങൾ

1. നിലവിലുള്ള പൊതുജനാരോഗ്യസംവിധാനങ്ങളുടെ സേവനം ഫലപ്രദമല്ല.

2. രോഗചികിത്സയ്ക്ക് സ്വകാര്യസ്ഥാപനങ്ങളെ തന്നെ ആശ്രയിക്കേണ്ടിവരുന്നു.

3. ആരോഗ്യ-രക്ഷാ സേവനങ്ങൾ ചിലവേറിയതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അപ്രാപ്യവുമാണ്.

4. പഞ്ചായത്ത് പരിധിയിൽ മുഴുവൻ സമയ സേവനം ലഭ്യമാകുന്ന ഡോക്ടറോ ആശുപത്രിയോ ഇല്ല.

5. നിലവിലുള്ള ഹോമിയോ, അലോപ്പതി, ആയുർവ്വേദാസ്പത്രിയ്ക്ക് ആവശ്യമായ കെട്ടിടങ്ങളൊമറ്റ് ഭൗതിക സാഹചര്യങ്ങളോ വേണ്ടത്രയില്ല.

6. കരപ്പാത്ത് സ്ഥിതിചെയ്യുന്ന ആയുർവ്വേദാശുപ്രതിയ്ക്ക് നിലവിലുള്ള കെട്ടിടം തീരെ സൗകര്യമില്ലാത്തതും കാലപ്പഴക്കമുള്ളതുമാണ്.

7. മാണിയാട്ട് ഹോമിയോ ആശുപത്രി ജില്ലയിൽ തന്നെ മികച്ച സേവനം ലഭ്യമാക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന രോഗികളുടെ ആവശ്യത്തിനനുസരിച്ച് മരുന്നും മറ്റ് ദൈനംദിനാവശ്യങ്ങൾ എന്നിവ ലഭ്യമാകുന്നില്ല.

8. നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ സേവനം മുഴുവൻ വീടുകളിലും എത്തുന്നില്ല.

9. ഗൃഹ സന്ദർശനം പതിവായി നടക്കുന്നില്ല.

10. പകർച്ചവ്യാധി യഥാസമയം തടയാൻ കഴിയുന്നില്ല.

11. കൊതുകു നശീകരണം വാർത്തകൾക്കപ്പുറം പ്രാവർത്തികമാ

ക്കപ്പെട്ടിട്ടില്ല.

12. പരിസര ശുചീകരണം ഫലപ്രദമായി നടപ്പിലാക്കുന്നില്ല.

13. പകുതിയോളം വീടുകൾക്ക് ശുചിത്വമുള്ള കക്കൂസില്ല. ഈ രംഗത്തെ പ്രവർത്തനത്തിന് വേഗതയില്ല.

14. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പോഷണനിലവാരം മോശമാണ്.

15. രോഗപ്രതിരോധ പ്രവർത്തനം യഥാസമയം നടക്കുന്നില്ല. പ്രതിരോധ പ്രവർത്തനങ്ങൾ രോഗബാധയ്ക്ക് ശേഷമാണ് ആലോചിക്കുന്നത്.

16. ലഹരിപദാർത്ഥങ്ങളുടെ വിപണനവും ഉപഭോഗവും വ്യാപകമാണ്. നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കുന്നില്ല.

17. ആരോഗ്യത്തിന് ഹാനികരമായ പാനീയങ്ങൾ, രാസവസ്തുക്കൾ കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയുടെ വിപണനത്തിന് നിയന്ത്രണമില്ല.

18. സാന്ദ്രത കൂടിയ ആവാസകേന്ദ്രങ്ങൾ പൊതു പരിസര ശുചീകരണ പരിപാടികളില്ല.

19. കോളനികളുടെ ചുറ്റുപാട് തികച്ചും അനാരോഗ്യകരമാണ്.

20. പഞ്ചായത്തിലെ ഹോട്ടലുകളും മറ്റ് ഭക്ഷണശാലകളും അണുനശീകരണം ക്രമമായി നടക്കുന്നില്ല.

21. അനിയന്ത്രിതമായ ശബ്ദമലിനീകരണം, ജല, വായുമലിനീകരണം ഒരു പ്രശ്നമായി പരിഹരിക്കപ്പെടുന്നില്ല.

22. അശാസ്ത്രീയമായ കീടനാശിനി പ്രയോഗം, പുകവലി, മുറുക്കാൻ ഉപയോഗം മുലമുള്ള ആരോഗ്യപ്രശ്നങ്ങൾ.

23. ഹോട്ടലുകൾ, അറവുശാലകൾ, മത്സ്യവില്പനകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

24. കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതല്ല.

25. ഓലാട്ട് ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല.

സാധ്യതകൾ

1. പൊതുജനാരോഗ്യ സംവിധാനങ്ങൾ കാര്യക്ഷമമാക്കണം. ജനകീയ സമിതികൾ ആരോഗ്യകേന്ദ്രങ്ങളുടെ മേൽനോട്ട നിർവ്വഹണം നടത്തണം. ഇതിലേക്ക് സന്നദ്ധ സേവകർ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

2. പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ പഠിക്കുകയും അതിനനുസൃതമായ സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണം.

3. ആരോഗ്യരംഗത്തെ പ്രവർത്തകരും രോഗികളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തണം. ആരോഗ്യസ്ഥാപനങ്ങളുടെ സേവനരംഗത്തെ വിശ്വാസയോഗ്യത മെച്ചപ്പെടുത്തണം. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കൃത്യനിഷ്ഠത ഉറപ്പുവരുത്തണം.

4. രോഗചികിത്സാ രംഗത്ത് സഹകരണാസ്പത്രികൾ സ്ഥാപിക്കുകയും താരതമ്യേന കുറഞ്ഞ ചിലവിൽ ആരോഗ്യസംരക്ഷണ പ്രവർത്തനം ലഭ്യമാക്കണം. മുഴുവൻ സമയവും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം.

5. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ആരോഗ്യക്ഷേമ നിധി സ്വരൂപിക്കുന്ന കാര്യം പരിഗണിക്കണം. ഇതിലൂടെ ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് ഈ നിധി ലഭ്യമാക്കണം..

6. ദേശീയാരോഗ്യപദ്ധതി പ്രകാരം ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗ നിവാരണ ക്യാമ്പുകൾ ഫലപ്രദമാക്കുകയും ചെയ്യുക.

7. ആരോഗ്യരംഗത്തെ അമിതമായ വാണിജ്യവൽക്കരണത്തിനെതിരായ പ്രചരണ പ്രവർത്തനങ്ങൾ ഔദ്യോഗികമായി നടത്തുക.

8. ആയുർവ്വേദാസ്പത്രിക്ക് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കണം. പ്രാദേശികമായി ഔഷധ സസ്യകൃഷി ആരംഭിക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്തണം.

9. ആയുർവ്വേദം, പ്രകൃതി, യോഗ, യുനാനി ചികിത്സകളുടെ സേവനം, പഞ്ചായത്ത് തലത്തിൽ പ്രയോജനപ്പെടുത്തണം.

10. പാരമ്പര്യ വൈദ്യൻമാർ, നാട്ടുവൈദ്യവിദഗ്ധൻമാർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു പൊതുസംരംഭം ആരംഭിക്കുക.

11. മാണിയാട്ട് ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തണം. വർദ്ധിച്ചുവരുന്ന രോഗികളുടെ ആവശ്യത്തിനനുസരിച്ച് മരുന്നു ലഭ്യമാക്കണം.

12. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം കാര്യക്ഷമമാക്കുകയും സന്ദർശനം സാക്ഷ്യപ്പെടുത്തുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

13. കൊതുക് നിവാരണ പ്രവർത്തനത്തെക്കുറിച്ച് ജനകീയ സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം. യഥാസമയം തന്നെ പ്രവർത്തനങ്ങൾ നടത്തണം. മലമ്പനി, ക്ഷയം എന്നിവയുടെ തിരിച്ചുവരൽ ഭീഷണി നേരിടാൻ കാലേക്കൂട്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തണം.

14. സമഗ്ര സാനിറ്റേഷൻ പദ്ധതി കാലതാമസമില്ലാതെ പ്രയോഗത്തിൽ വരുത്തണം.

15. ലഹരി പദാർത്ഥങ്ങളുടെ വിപണനവും ഉപഭോഗവും നിയന്ത്രിക്കണം. നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കണം. സാമൂഹ്യ സമ്മർദ്ദങ്ങൾ ഉണ്ടാകണം.

16. ശരിയായ ആരോഗ്യശീലം, പകർച്ചവ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണം എന്നിവ സന്നദ്ധ പ്രവർത്തകർ , സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ നടത്തണം.

17. സ്കൂൾ പരിസരങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യ വസ്തുക്കളുടെ വില്പന തടയണം.

19. അശാസ്ത്രീയമായ കീടനാശിനി പ്രയോഗം ഹോട്ടലുകൾ, അറവുശാലകൾ, മത്സ്യവിൽപ്പന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ അനിയന്ത്രിതമായുള്ള വായു, ശബ്ദ, ജലമലിനീകരണം എന്നിവയുടെ വ്യാപ്തി പഠനവിധേയമാക്കുകയും ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം.

20. കുടിവെള്ളം, ഭക്ഷ്യ എണ്ണകൾ, ഭക്ഷ്യവസ്തുക്കൾ എന്നിവ നിശ്ചിത കാലയളവിൽ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാഫലം ജനങ്ങളെ അറിയിക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തുക.

21. പൊതു സ്ഥലങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ശുചിത്വമുള്ള മൂത്രപ്പുരകളും കക്കൂസുകളും സ്ഥാപിക്കുകയും ശുചിയായി പരിപാലിക്കാനുള്ള നടപടികളുണ്ടാക്കുക.

22. അലഞ്ഞു തിരിയുന്ന പട്ടികളെ കൊല്ലാനായി സംവിധാനം ഉണ്ടാകണം.

23. വാർഡടിസ്ഥാനത്തിൽ രക്തപരിശോധന നടത്തി രക്തദാന സേനകൾ രൂപീകരിക്കാവുന്നതാണ്.

24. പാരമ്പര്യ ചികിത്സാ സംവിധാനം സംരക്ഷിക്കുന്നതിന് ഒരു കേന്ദ്രം സ്ഥാപിക്കണം.

25. കാലിക്കടവിൽ ഡ്രൈനേജ് സംവിധാനവും മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

കുടിവെള്ളം, പൊതുജനാരോഗ്യം എന്നിവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യമാണ്. നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ കുറെയേറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ ദിശയിലുള്ള സൃഷ്ടിപരമായ ചർച്ചയും നിർദ്ദേശങ്ങളുമാണ് ഗ്രാമസഭകളിലൂടെ ഉയർന്നിട്ടുള്ളത്. ഈയൊരുയർന്ന ആരോഗ്യബോധം തുടർപരിപാടികളിൽ ആവിഷ്ക്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ദൃശ്യമാക്കുക തന്നെ ചെയ്യും.

സമ്പൂർണ്ണ ശുചിത്വ മേഖലയായി പഞ്ചായത്തിനെ മാറ്റിയെടുക്കാനുള്ള നമ്മുടെ സംരംഭം തന്നെ പൊതുജനാരോഗ്യ സംരക്ഷണരംഗത്തെ മഹനീയമായ മാതൃകമായി വാഴ്ത്തപ്പെടുമെന്ന് നമുക്കഭിമാനിക്കാം.

"ജനതയുടെ ആരോഗ്യമാണ് രാഷ്ട്രത്തിന്റെ സമ്പത്ത് "- ഹിപ്പോക്രാറ്റസ്



5.6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട ഒരു റോഡു ശൃംഖലയാണുള്ളത്. എഴുപതുകളോടെയാണ് പിലിക്കോട് പഞ്ചായത്തിൽ സമഗ്ര റോഡു വികസനത്തിന് തുടക്കം കുറിച്ചത്. ആദ്യ കാലഘട്ടത്തിൽ സന്ദർശ പ്രവർത്തനങ്ങളിലൂടെ ഇടവഴികൾ റോഡുകളാക്കി മാറ്റിയെങ്കിൽ പിന്നിട് ആ രീതിയിലുള്ള പ്രവർത്തന താൽപ്പര്യവും സേവനോത്സുകതയും ഇല്ലാതായി. സർക്കാർ നേതൃത്വത്തിൽ റോഡുകളുണ്ടാകണമെന്ന പ്രവണത വളർന്നു വന്നു. വികസനമെന്നാൽ റോഡാണെന്ന ധാരണ വ്യാപകമായി. റോഡ് ജനജീവിതത്തിന്റെ ഒഴിച്ചു കൂടാത്ത ഒരു ഭാഗമാണ്. യാത്രാ സൗകര്യവും മെച്ചപ്പെട്ട വാണിജ്യമേഖലകളുടെ നിലനിൽപ്പും റോഡിനെ ആശ്രയിച്ചിരിക്കുന്നു. വസ്തുനിഷ്ഠമായ കാഴ്ചപ്പാട് ഇല്ലായ്മ മൂലം വികലമായ റോഡുശൃംഖലയാണ് ഉണ്ടായിട്ടുള്ളത്. റോഡിനു വേണ്ടി മുറവിളി കൂട്ടിയവർ , താൽക്കാലികമായി സ്ഥലം സംഭാവന നൽകിയവർ പിന്നീട് റോഡിന്റെ വികസനത്തിനാവശ്യമായ സമീപനമല്ല സ്വീകരിച്ചുവരുന്നത്. തൻമൂലം പല റോഡുകളും വികസിപ്പിക്കുന്ന പ്രവർത്തനം നടത്താൻ കഴിയാത്ത പ്രശ്നം നിലനിൽക്കുന്നു.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 115.68 കി.മീ. ആണ്. ഇതിൽ 44.680 കി.മീ. റോഡുകളാണ്. ടാർ ചെയ്തിരിക്കുന്നത്. മെറ്റൽ ചെയ്ത റോഡുകളുടെ നീളം 50.750 കി.മീ. ആണ്. മറ്റുള്ള മൺറോഡ് 20.338 കി.മീ. വരും. പല ഇടവഴികളും റോഡാക്കിമാറ്റിയതോടെ പറമ്പിലെ വെള്ളം റോഡിലേക്ക് ഒഴുക്കിവിടുകയും റോഡ് വർഷക്കാലത്ത് സഞ്ചാരയോഗ്യമല്ലാതാവുന്നു. എന്നാൽ റോഡിൽ നിന്ന് വെള്ളം ഒഴിഞ്ഞുപോകാൻ ഓവുചാലുകൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം പരിസരവാസികൾ നൽകാത്ത സ്ഥിതി മൂലം നിരവധിറോഡുകൾ നശിച്ചുകൊണ്ടിരിക്കുന്നു. വയലുകൾ മണ്ണിട്ടു നികത്തി പറമ്പുകളാക്കി മാറ്റിയതോടെ റോഡരികിൽ വെള്ളക്കെട്ടുണ്ടാവുകയും പ്രദേശമാകെ മഴക്കാലത്ത് യാത്രായോഗ്യമല്ലാതായിത്തീരുകയും ചെയ്യുന്നു. പല പ്രദേശത്തും അശാസ്ത്രീയമായ റോഡുനിർമ്മാണം മൂലം വെള്ളം കെട്ടിനിന്നു വീടുകൾക്ക് ഭീഷണി സൃഷ്ടിക്കുന്നു.

പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിനാനുപാതികമായി റോഡ് സാന്ദ്രതയുണ്ട്. സംസ്ഥാന ശരാശരി 3.66 കി.മീ. ആണ്. സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് പഞ്ചായത്തിലെ റോഡു സാന്ദ്രത. പഞ്ചായത്തിൽ നിലവിലുള്ള റോഡു ശൃംഖലയുടെ വിവരങ്ങൾ പട്ടിക - 1ൽ കൊടുക്കുന്നു.

നാഷണൽ ഹൈവെ: എൻ.എച്ച്. 17 കാലിക്കടവ് വഴി പഞ്ചായത്തിൽ കൂടി മൂന്ന് കിലോമീറ്റർ നീളത്തിൽ കടന്നുപോകുന്നു. പഞ്ചായത്തിലെ ജനങ്ങൾക്ക് ദീർഘദൂരയാത്രാ സൗകര്യം അതുകൊണ്ട് ലഭിക്കുന്നു. പല വാർഡുകളിൽ നിന്നുള്ള പഞ്ചായത്ത്, പി.ഡബ്ല്യു.ഡി. റോഡുകൾ ഹൈവേയുമായി ബന്ധപ്പെടുന്നു. കാലിക്കടവ് മുതൽ പഞ്ചായത്ത് ഓഫീസ് വരെയുള്ള ഭാഗത്ത് വളവുകൾ കൂടുതലാണ്. ഇതുമൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്നു. വളവുകൾ ഒഴിവാക്കി സമഗ്രമായ എൻ.എച്ച്. വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ട് 25 വർഷം കഴിഞ്ഞുവെങ്കിലും ഇന്നും അത് കടലാസ് പരിപാടിയായി അവശേഷിക്കുന്നു. റോഡിന്റെ വികസനപാത തീരുമാനിക്കാത്തതുമൂലം കാലിക്കടവ് ടൗണിന്റെ വികസനം തന്നെ വഴിമുട്ടി നിൽക്കുകയാണ്. നിലവിലുള്ള കെട്ടിടങ്ങൾ തന്നെ പൊളിച്ചുമാറ്റേണ്ടിവരുന്ന സ്ഥിതി ഒരു ഭാഗത്തും മറുഭാഗത്താണെങ്കിൽ കെട്ടിടം നിർമ്മിച്ചാൽ നഷ്ടപ്പെടുമോ എന്ന ഭയവും നിലനിൽക്കുന്നു.

കാലിക്കടവ് ഇന്ന് തിരക്കേറിയ ഒരു ബസ് സ്റ്റോപ്പാണ് ഏറിവരുന്ന യാത്രക്കാരുടെയും വാഹനങ്ങളുടെയും തിരക്കിനെ ഉൾക്കൊള്ളാൻ നിലവിലുള്ള കാലിക്കടവിലെ ബസ്സ്റ്റോപ്പിന് കഴിയുന്നില്ല. ബസ് കയറാൻ വരുന്ന ജനങ്ങൾ വളരെ ഏറെ പ്രയാസം അനുഭവിക്കുന്നുണ്ട്. ഗതാഗത തിരക്കുമൂലം റോഡ് മുറിച്ചുകടക്കാൻ കഴിയുന്നില്ല. അതുകൊണ്ട് സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു വിപുലമായ ബസ് സ്റ്റാൻറ് നിർമ്മിക്കുക മാത്രമാണ് ഇതിന് പരിഹാരം. 35 ഓട്ടോ റിക്ഷകളും, നാല് ടാക്സികളും, 6 മിനിലോറികളും ഇന്ന് കാലിക്കടവ് കേന്ദ്രീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ഇവയ്ക്ക് പാർക്കിങ്ങിന് സംവിധാനമില്ല. ഇതും യാത്രക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. സമഗ്രവികസനം ലക്ഷ്യമാക്കി ഒരു ടാക്സി ഓട്ടോ സ്റ്റാൻറ് നിർമ്മിക്കുന്നതിലൂടെ സങ്കീർണ്ണമായ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും.

കാലിക്കടവ് ബസ് സ്റ്റോപ്പ് പരിസരം വെള്ളം കെട്ടി നിൽക്കുന്നതിനാൽ മഴക്കാലത്ത് മലിനമാണ്. അതിവേഗത്തിൽ വളർന്നുവരുന്ന ഒരു ടൗൺ ആയതിനാൽ കാലിക്കടവിൽ ഓവുചാലുകൾ, മാലിന്യങ്ങൾ നീക്കം ചെയ്യൽ എന്നിവയിലൂടെ ബസ് സ്റ്റോപ്പ് പരിസരം വൃത്തിയാക്കി സൂക്ഷിക്കേണ്ടതുണ്ട്. കാലിക്കടവിൽ എല്ലാ ബസ്സുകളും നിർക്കാൻ സംവിധാനമുണ്ട്. ഹൈവേയിലെ മറ്റു പ്രധാന സ്റ്റോപ്പുകളായ പടുവളം, തോട്ടംഗെയ്റ്റ്, മട്ടിലായി എന്നിവിടങ്ങളിൽ എല്ലാ ബസ്സുകളും നിർത്തുന്ന സ്വഭാവമില്ല. പടുവളത്തിൽ കെ.എസ്.ആർ.ടി.സി. ലിമിറ്റഡ് സ്റ്റോപ്പും, തോട്ടം ഗെയ്റ്റിൽ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പിനും സ്റ്റോപ്പുണ്ട്. എന്നാൽ ഇത്തരം ബസ്സുകൾ തന്നെ വിരളമായി മാത്രമേ ഇവിടങ്ങളിൽ നിർത്താറുള്ളൂ. ഇവിടങ്ങളിൽ ഇറങ്ങേണ്ടുന്ന യാത്രക്കാരോട് ബസ് ജീവനക്കാർ അവജ്ഞയോടെയാണ് പെരുമാറുന്നത് എന്നത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടെ എണ്ണം (ബസ് ഒഴികെ) താഴെ പട്ടിക 3ൽ കൊടുക്കുന്നു.

പട്ടിക -1
നിലവിലുള്ള റോഡുകൾ

നമ്പർ	റോഡ്	NH	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽറോഡ്	നീളം
1	കാലിക്കടവ്-ഞാണാംങ്കൈ	✓	-	-	✓	-	-	3KM
2	കാലിക്കടവ്-തൃക്കരിപ്പൂർ		✓		✓			3KM
3	വെള്ളച്ചാൽ - പാല			✓	✓			2.5KM
4	കാലിക്കടവ്NH - വെള്ളച്ചാൽ			✓	✓	-		3KM
5	വെള്ളച്ചാൽ-ചെമ്പക്കാനം		✓		✓			4KM
6	പാലക്കുന്ന്NH-വെള്ളച്ചാൽ-ഓലാട്ട്-ചീമേനി		✓		✓		✓	8.5KM
7	പൊള്ളപ്പൊയിൽ-കഞ്ഞിപ്പാറ			✓	✓			2KM
8	ഞാണങ്കൈ-ചീമേനി		✓		✓			5K.M.
9	പിലിക്കോട്NH- പടന്ന		✓		✓			3K.M.
10	വയൽ - തോറ്റുകര			✓	✓		✓	1K.M.
11	മടിവയൽ-ചെറുവത്തൂർ				✓		✓	2K.M.
12	മാങ്കടത്തു കൊവ്വൽ-തുമ്പക്കതിര്			✓			✓	1K.M.
13	തടിയൻ കൊവ്വൽ-കുനത്തൂർ			✓	✓			2K.M.
14	ചന്തേര-ചെമ്പിലോട്ട്			✓	✓			0.8K.M.
15	മാണിയാട്ട്-തിരുനെല്ലി			✓			✓	0.3K.M
16	ചന്തേര-കൊല്ലറൊടി			✓			✓	0.5K.M.
17	കാലിക്കടവ്-കൊല്ലറൊടി			✓			✓	0.8K.M.
18	പിലിക്കോട്HS-മീത്കുന്ന്			✓			✓	0.7K.M.
19	എക്കച്ചി-വാറക്കോട്ട്വയൽ			✓	✓		✓	1K.M.
20	തടിയൻ കൊവ്വൽ-മാണിയാട്ട്			✓			✓	2K.M.
21	മാണിയാട്ട്-ഹോമിയോ ആശുപത്രി			✓			✓	0.8K.M.
22	മാണിയാട്ട്-നേഴ്സറി സ്കൂൾ			✓			✓	0.5K.M.
23	മാണിയാട്ട്-വണ്ണാത്തിച്ചാൽ			✓			✓	1K.M.
24	ചന്തേര-കോലാർക്കണ്ടം			✓			✓	0.8K.M.
25	കാലിക്കടവ്-എരവിൽ			✓	✓			0.5K.M.
26	പടുവളം-പുത്തിലോട്ട്കണ്ണാടിപ്പാറ			✓	✓			3.5K.M.
27	മറ്റ്ളായി എൻ.എച്ച്-പുത്തിലോട്ട്			✓	✓		✓	2K.M.
28	ഓലാട്ട്-കണ്ണങ്കൈ-പാടടിനീൽ			✓	✓		✓	5K.M.
29	കുക്കാനം-കോളനി			✓	✓		✓	2K.M.
30	കുക്കാനം-കളത്തേര			✓			✓	3.K.M.
31	കളത്തേര-പലിയേരി			✓	✓			0.3K.M.
32	ചക്മുക്ക്-വേണാപ്പാറ			✓			✓	2.K.M.
34	പാടിക്കീൽ-വന്നെല്ലി			✓			✓	1.5K.M.
35	കൈരളി-ചിറ്റക്കാവ്			✓			✓	0.5K.M.
36	പൊള്ളപ്പൊയിൽ-വേങ്ങാപ്പാറ കോളനി			✓			✓	0.8K.M.
37	മൂകാംബിക-മെട്ടമൂല			✓			✓	0.5K.M
38	ചക്മുക്ക്-ചെറുമൂല			✓			✓	0.2K.M.
39	ഉദയാ ആർട്സ്-പമ്പ് ഹൗസ് പടിഞ്ഞാറെക്കര			✓			✓	0.5K.M.
40	എടാച്ചേരി-കോളനി റോഡ്			✓			✓	0.9K.M.
41	വണ്ണാനം-വലിയപൊയിൽ			✓			✓	0.8.K.M.
42	കുന്നിൻ കിണറ്റുകര കോളനി			✓		✓		0.5K.M.
43	മട്ടിലായി-ഹരിജൻ കോളനി			✓			✓	0.5K.M
44	വലിയപൊയിൽ-ഒയോളം			✓			✓	1.5K.M.
45	വന്നലോം-പടിഞ്ഞാറെക്കര			✓			✓	0.5K.M.
46	ഓലാട്ട്-വന്നല്ലി			✓			✓	0.8K.M.
47	തടിയൻകൊവ്വൽ-തെറ്റിക്കോട്			✓			✓	0.3K.M.
48	ഏച്ചിക്കൊവ്വൽ-വായനശാല റോഡ്			✓			✓	0.4K.M.

പട്ടിക - 2

ക്രമ നമ്പർ	വാഹനം പഞ്ചായത്തിൽ	എണ്ണം
1	ഓട്ടോറിക്ഷ	34
2	കാർ	12
3	മിനിലോറി	9
4	ലോറി	16
5	മോട്ടോർ സൈക്കിൾ	37
6	സൈക്കിൾ	682

പഞ്ചായത്തിലെ മാണിയാട്ട് വില്ലേജിൽ കൂടി കടന്നുപോകുന്ന പ്രധാന റോഡാണ് കാലിക്കടവ് തൃക്കരിപ്പൂർ റോഡ്. ഇത് വാഹനത്തിരക്കേറിയ റോഡാണെങ്കിലും വീതിയുള്ള റോഡാണ്. റോഡിന്റെ ഇരുവശവും വേണ്ടത്ര പുറമ്പോക്ക് ഭൂമിയുണ്ട്. ഇനിയും വികസന സാധ്യതയുള്ള റോഡാണിത്. കരിവെള്ളൂർ പാലക്കുന്ന് എൻ.എച്ചിൽ നിന്നും കൊക്കാട് ഗ്രാമത്തിൽകൂടി വെള്ളച്ചാൽ, ഓലാട്ട്, വലിയപൊയിൽ വഴി ചീമേനിക്ക് പോകുന്ന റോഡ് വളരെയേറെ യാത്രാ പ്രാധാന്യം അർഹിക്കുന്നു. ഭൂരിഭാഗവും ടാർ ചെയ്തുവെങ്കിലും ഇനിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടു ബസ്സ് ഇതുവഴി ഗതാഗതം നടത്തുന്നുണ്ട്. കൊടക്കാട് ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങൾക്ക് മറ്റുപ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിന് ഈ റോഡിൽ കൂടിയുള്ള ബസ് ഗതാഗതം മാത്രമാണ് ആശ്രയം. ചീമേനി, ഓലാട്ട്, കരിവെള്ളൂർ വഴി പയ്യന്നൂരേക്ക് വേഗത്തിൽ എത്താൻ പറ്റുന്ന ഈ റോഡിന് അർഹിക്കുന്ന പ്രാധാന്യം ഇതേ വരെ കൈവന്നിട്ടില്ല. പാലക്കുന്ന് എൻ.എച്ചിൽ നിന്നാരംഭിച്ച് വെള്ളച്ചാൽ പൊള്ളപ്പൊയിൽ വഴി ചീമേനി റോഡുമായി പാല എന്ന സ്ഥലത്ത് ബന്ധിക്കുന്ന റോഡ് ബസ് ഗതാഗതമുള്ളതാണ്. കാഞ്ഞങ്ങാട് - പയ്യന്നൂർ റൂട്ടിൽ ഈ വഴിക്ക് രണ്ട് ബസ്സുകൾ ഓടുന്നു.

യാത്രാക്ലേശം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ സാമാന്യം നല്ല റോഡായിട്ടും ബസ് സർവ്വീസ് ഇല്ലാത്തതിനാൽ ജനങ്ങൾ വളരെയേറെ പ്രയാസം അനുഭവിക്കുന്നു. പഞ്ചായത്തിലെ മൊത്തം റോഡുശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി അത്ര മെച്ചമല്ല. ടാർ ചെയ്ത റോഡുകൾ, മെറ്റൽ ചെയ്ത റോഡുകൾ, മൺറോഡുകൾ സന്ദർശ സേവന പ്രവർത്തനത്തിലൂടെ പുതുതായി നിർമ്മിച്ച റോഡുകൾ ഇവയെല്ലാം ശാസ്ത്രീയമായ രീതിയിൽ പുനഃസംവിധാനം ചെയ്യേണ്ടിയിരിക്കുന്നു. റോഡിനു വേണ്ടി പുതിയ നിർദ്ദേശങ്ങൾ ഉയർന്നുവരുമ്പോൾതന്നെ അതിന്റെ നിർമ്മാണത്തിന് ശാസ്ത്രീയ വശങ്ങൾകൂടി കണക്കിലെടുത്ത് രൂപ കൽപ്പന ചെയ്യണം. താൽക്കാലിക വികാരങ്ങൾക്കനുസൃതമായി രൂപം കൊണ്ട റോഡുകളിൽ ഇന്ന് വികസന പ്രതിസന്ധി അനുഭവപ്പെടുന്നു. ആദ്യകാലത്ത് റോഡ് വരണമെന്ന ആഗ്രഹത്തോടെ നിർമ്മാണത്തിൽ താൽപര്യം കാണിച്ചാൽ പിന്നിട് അതിന്റെ വികസനത്തിൽ സഹകരിക്കുന്നതിന് വിമുഖത കാണിക്കുന്നു. അതുമൂലം പല റോഡുകളിലും താറുമാറായി. കൽവർട്ടുകളുടെ അഭാവവും ഓവുചാലുകൾ ഇല്ലാത്തതുമാണ് ഇതിന് കാരണം. റോഡിന്റെ ഇരുവശത്തുമുള്ള ഓവുചാലുകൾ മണ്ണിട്ട് നികത്തി പുരയിടങ്ങളിലേക്ക് വാഹനം കൊണ്ടുപോകുന്ന പ്രവണത ഏതു റോഡ് നോക്കിയാലും കാണാവുന്നതാണ്. അതിന്റെ ഫലമായി വെള്ളം ഓവുചാലിൽ കൂടി പോകാതെ റോഡിൽ കവിഞ്ഞൊഴുകി റോഡ് കോടുവരുന്നു. ഡിപ്പുകളുള്ള സ്ഥലങ്ങളിലാകട്ടെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണ്ണിട്ട് നികത്തൽ മൂലവും വെള്ളം പോകാത്ത അവസ്ഥയും ഉണ്ട്. റോഡിന്റെ സമഗ്ര വികസനത്തിനായി പുതുതായി പണിയേണ്ട പാലത്തിന്റെ പട്ടിക -4ൽ ചുവടെ കൊടുത്തിരിക്കുന്നു.

പട്ടിക-3

ക്രമനമ്പർ	സ്ഥലം
1	ഒറോട്ടച്ചാൽ-പാടിക്കീൽ
2	ഒയോളം റോഡുപാലം
3	പുത്തിലോട്ട് ആനിക്കാടി മുക്ക്
4	കാടുക്കാട് വയൽത്തോട്ട് പാലം
5	വാലാച്ചേരി പാലം
6	മണിയറപാലം
7	പുത്തിലോട്ട്തോട് - മാനിന്താർ വഴിക്ക്
8	കുനത്തൂർ തോട്ടുകര

കൊടക്കാട്, പാടിക്കീൽ, കണ്ണങ്കൈ, വേങ്ങാപ്പാറ, പുത്തിലോട്ട്, പിലിക്കോട് വയൽ, ചന്തേര, തിരുനെല്ലി, കരപ്പാത്ത്, കുനത്തൂർ, മടിവയൽ, പിലിക്കോട്, കണ്ണങ്കൈ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ ബസ്സ്സ്റ്റോപ്പിലെത്താൻ കിലോമീറ്ററുകളോളം നടക്കേണ്ട അവസ്ഥ ഇന്ന് നിലവിലുണ്ട്.

ബസ് സർവ്വീസിനുള്ള സാധ്യതകളുള്ള റൂട്ടുകൾ

1. പിലിക്കോട് - പടന്ന - കാഞ്ഞങ്ങാട്
2. പിലിക്കോട് വയൽ - പടന്ന - പയ്യന്നൂർ
3. പിലിക്കോട് - കുനത്തൂർ - പയ്യന്നൂർ
4. കുനത്തൂർ - പടന്ന - പയ്യന്നൂർ
5. തൃക്കരിപ്പൂർ - കാലിക്കടവ് - ഏച്ചിക്കൊവ്വൽ - ചീമേനി
6. പയ്യന്നൂർ - വേങ്ങാപ്പാറ - ചീമേനി
7. ചീമേനി - കുഞ്ഞിപ്പാറ - പുത്തിലോട്ട് - പയ്യന്നൂർ
8. പയ്യന്നൂർ - വെള്ളച്ചാൽ - പാല - കാഞ്ഞങ്ങാട്
9. ഓലാട്ട് - കാലിക്കടവ് - കാസർഗോഡ്
10. കയ്യൂർ - വെള്ളപ്പൊയിൽ - പറശ്ശിനിക്കടവ്
11. മുണ്ട - ഓലാട്ട് - പറശ്ശിനിക്കടവ്
12. ചീമേനി - പടുവളം - പയ്യന്നൂർ

സന്ദർശ സേവന പ്രവർത്തനങ്ങളിലൂടെ ഉണ്ടാക്കപ്പെടുന്ന റോഡുകളുടെ വികസനം ഏറ്റെടുത്ത് നടത്തേണ്ടിയിരിക്കുന്നു. കൺസൻറ്നൽ കപ്പെട്ട പല റോഡുകളുടെയും നിർമ്മാണ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല. ഗ്രാമസഭകളിലൂടെ പുതുതായി ആരംഭിക്കേണ്ടുന്ന റോഡുകളുടെ നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. ഇതെല്ലാം സമഗ്രമായ പരിശോധനക്കും പഠനത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു. ഓരോ പ്രദേശത്തെയും ജനങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ റോഡുകൾ ഉണ്ടാകേണ്ടതാവശ്യമാണ്. ഗ്രാമസഭകളിൽ നിന്നു വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കേണ്ടുന്ന റോഡുകളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

1. വെള്ളച്ചാൽ - പുത്തിലോട്ട്
2. വേങ്ങാപ്പാറ - കണ്ണങ്കൈ

3. പുത്തിലോട്ട് - ചുരിക്കൊവ്വൽ
4. വെള്ളച്ചാൽ - ഏച്ചിക്കൊവ്വൽ വായനശാല
5. വലിയപൊയിൽ - ഒയോളം
6. ആനിക്കാടി - പൊള്ളപ്പൊയിൽ
7. കൊടക്കാട് റെഡ്സ്റ്റാർ - പള്ളിക്കണ്ടം
8. വെള്ളച്ചാൽ - റെഡ്സ്റ്റാർ
9. പാടിക്കീൽ - വലിയപൊയിൽ
10. പാല - ആനിക്കാടി ഹരിജൻകോളനി
11. ആനിക്കാടി - ഈങ്കുളത്ത് പാറ (തിമിരി)
12. കുഴിപ്രാട്ട് - പൊള്ളപ്പൊയിൽ
13. വെള്ളച്ചാൽ - ആണൂർമുക്ക്
14. മടിവയൽ - മല്ലക്കര
15. കോതോളി - മടിവയൽ
16. പിലിക്കോട് - കണ്ണങ്കൈ
17. കണ്ണങ്കൈ - കോതമംഗലം
18. പിലിക്കോട്വയൽ - റെയിൽവരെ
19. തുമ്പക്കതിര് - പരപ്പ - കുനത്തൂർ
20. പി.സി.കെ.ആർ. വായനശാല - കരപ്പാത്ത്
21. പടുവളം - വറക്കോട്ടുവയൽ
22. ചീകക്കാവ് - നഞ്ചങ്കുളം
23. മാണിയാട്ട് നേഴ്സറി - തെക്കേമാണിയാട്ട്
24. ഓത്തുകുന്ന് കിഴക്ക് - കാലിക്കടവ്
25. ചാവുരിക്കുളം - ഓത്തുകുന്ന് റോഡ്
26. പുതിയങ്ങാപ്പൊയിൽ - വള്ളാത്തിക്കാനം
27. മാണിയാട്ട് ചാലയിൽകുളം - പാലക്കുന്ന്
28. തിരുനെല്ലി - തടിയൻകൊവ്വൽ
29. ചന്തേര ലെവൽക്രോസ് - പിലിക്കോട് വയൽ
30. എരവിൽ ബാലവാടി - ചുരിക്കൊവ്വൽ

നടപ്പാത

പല പ്രദേശങ്ങളിൽ നിന്നും റോഡുകളുമായി ബന്ധപ്പെടാൻ മഴക്കാലത്ത് വലിയ പ്രയാസം അനുഭവപ്പെടുന്നു. വയലുകളിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ സ്കൂൾ വിദ്യാർത്ഥികൾ പോലും വളരെയധികം യാത്ര ചെയ്യേണ്ടിവരുന്നു. യാത്രാക്ലേശം പരിഹരിക്കുന്നതിന്റെ ഭാഗമായി വെള്ളം കെട്ടിക്കിടക്കുന്ന വയലുകളിൽ നടപ്പാതകൾ നിർമ്മിക്കണം. ഗ്രാമസഭകളിൽ നിന്നുവന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പാതകൾ ആവശ്യമായ സ്ഥലങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. കണ്ണങ്കൈ - വേങ്ങാപ്പാറ
2. ഐക്കണം
3. പൊള്ളപ്പൊയിൽ - വലിയപറമ്പിൽ
4. മാപ്പിടച്ചേരിക്കാവിനു തെക്ക്
5. ചുരിക്കൊവ്വൽ - പുത്തിലോട്ട് സ്കൂൾ
6. എരവിൽ വാലാച്ചേരി - പുത്തിലോട്ട്
7. ചുരിക്കൊവ്വൽ - പുത്തിലോട്ട്
8. ഏച്ചിക്കുളം - കുഞ്ഞരയാൽത്തറ
9. പുത്തിലോട്ട് - നഞ്ചക്കുളം
10. വലിയപറമ്പ് - ആനിക്കാടി
11. വെമ്പള്ളി
12. വറക്കോട്ട് വയൽ

ഇടവഴികൾ

ഇടവഴികൾ പലതും വളരെ ഇടുങ്ങിയതും കാടുപിടിച്ചുകിടക്കുന്നതും യാത്ര ചെയ്യാൻ പറ്റാത്തതുമാണ്. ഇത്തരം ഇടവഴികൾ സന്നദ്ധസേവന പ്രവർത്തനത്തിലൂടെ അയൽക്കൂട്ടങ്ങൾ മുഖാന്തിരം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പല സ്ഥലത്തും പുതിയ വഴികൾക്കായി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുള്ളത് പരിശോധിക്കേണ്ടിയിരിക്കുന്നു.

റെയിൽവേ

പഞ്ചായത്തിൽ കൂടി 5 കി.മീ. നീളത്തിൽ റെയിൽ കടന്നുപോകുന്നു. ചെറുവത്തൂർ റയിൽവെ സ്റ്റേഷനും, തൃക്കരിപ്പൂർ റെയിൽവേ സ്റ്റേഷനും ഇടയിലുമായിട്ടാണ്. പഞ്ചായത്തിലെ ചന്തേര ട്രെയിൻ ഹാൾട്ട് സ്ഥിതി ചെയ്യുന്നത്. കരിവെള്ളൂർ, കൊടക്കാട്, പിലിക്കോട്, മാണിയാട്ട്, പടന്ന തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ ഒരു കാലത്ത് യാത്രയ്ക്ക് ഉപയോഗിച്ചിരുന്നതാണ് ചന്തേര ട്രെയിൻ ഹാൾട്ട്. ബസ് ഗതാഗതത്തിനുണ്ടായ വർദ്ധനവും സൗകര്യവും ഇന്നിവിടെ വണ്ടി കയറാനെത്തുന്നവരുടെ എണ്ണം ഗണ്യമായി കുറച്ചിരിക്കുന്നു. മുമ്പിവിടെ നിർത്തിയിരുന്ന പല വണ്ടികളും ഇന്ന് നിർത്തുന്നില്ല. പാസഞ്ചർ വണ്ടികൾ മാത്രമാണ് നിർത്തുന്നത്. അതുമൂലം ദീർഘദൂരയാത്രക്കാർക്ക് ഈ ട്രെയിൻ ഹാൾട്ട് പ്രയോജനപ്രദമല്ല. പ്രധാനമായും ദൈനംദിന യാത്രക്കാരാണ് ഈ സ്റ്റേഷനെ ആശ്രയിക്കുന്നത്. പ്രത്യേകിച്ചും സീസൺ ടിക്കറ്റെടുത്ത് യാത്രചെയ്യുന്നവർ. ട്രെയിൻ ഹാൾട്ടിലാണെങ്കിൽ ആവശ്യത്തിന് വേണ്ടയാതൊരു വിധ സൗകര്യവുമില്ല. ഇതൊരു സിഗ്നലിംഗ് സ്റ്റേഷനുമല്ല. ബ്രിട്ടീഷുകാരുടെ ഔദാര്യത്തിന്റെ പ്രതീകമായ പഴകിത്തുരുമ്പിച്ച ഒരു ഇടുങ്ങിയ മുറി. ഇതിന്റെ വികസനത്തിനായി ഏറെ സമ്മർദ്ദങ്ങൾ ചെലുത്തിയിട്ടുണ്ടെങ്കിലും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഒരു പ്ലാറ്റ്ഫോം സ്റ്റേഷൻ വരുന്നതിലൂടെയും കൂടുതൽ വണ്ടികൾ നിർത്തുന്നതിലൂടെയും മാത്രമേ ഈ സ്റ്റേഷൻ മെച്ചപ്പെടുത്താൻ കഴിയൂ. 1993-94-95 വർഷത്തെ യാത്രക്കാരുടെ എണ്ണവും പ്രതിദിന ശരാശരി വരുമാനവും താഴെ കൊടുത്തിരിക്കുന്നു.

പട്ടിക - 4

		1993	1994	1995
1	യാത്രക്കാർ	100	120	140
	വരവ്	1100	1400	1600

പ്രതിദിനം വിതരണം ചെയ്യപ്പെടുന്ന ടിക്കറ്റിൽ ക്രമാനുഗതവർദ്ധനവുണ്ടായിട്ടുണ്ട്. സീസൺ ടിക്കറ്റുകാരുടെ എണ്ണം ഇതിൽ ഉൾപ്പെടുന്നുമില്ല. അതുകൊണ്ടുതന്നെ ചന്തേര ട്രെയിൻ ഹാൾട്ട് ഒരു റെയിൽവെ സ്റ്റേഷനായി ഉയർത്തണമെന്ന ആവശ്യത്തിന് ന്യായമായും പ്രസക്തിയുണ്ട്. മുകളിൽ കൊടുത്ത വസ്തുനിഷ്ഠമായ കണക്കുകൾ അത് വ്യക്തമാക്കുന്നുണ്ട്.

ഇപ്പോൾ ദീർഘദൂര യാത്രക്കാർ കൂടുതലായും ആശ്രയിക്കുന്നത് ചെറുവത്തൂർ റെയിൽവെ സ്റ്റേഷനെയാണ്. ഇവിടെ പരശുറാം എക്സ്പ്രസിന് സ്റ്റോപ് അനുവദിക്കുകയാണെങ്കിൽ പിലിക്കോട് പഞ്ചായത്തിലെ ജനതയ്ക്ക് ഏറെ സഹായകമാകും.

ഓവർ ബ്രിഡ്ജ്

പിലിക്കോട് തോട്ടം പടന്ന റോഡിനെ ഗതാഗത യോഗ്യമാക്കണമെങ്കിൽ പിലിക്കോട് യു.പി. സ്കൂളിന് സമീപം ഓവർ ബ്രിഡ്ജ് പണിയേണ്ടിയിരിക്കുന്നു. നിരവധി വർഷത്തെ പഴക്കമുള്ള പ്രസ്തുത ആവശ്യം നമുക്കിതേവരെ നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. പടന്ന മുതൽ റെയിൽവെ ലൈൻ വരെയും തോട്ടം മുതൽ റെയിൽവെ ലൈൻ വരെയും റോഡ് നിർമ്മിച്ച് ടാർ ചെയ്തിട്ട് വർഷങ്ങളായി. 1991-ൽ പ്രസ്തുത ഓവർബ്രിഡ്ജിന്റെ യാഥാർത്ഥ്യമാക്കാൻ റെയിൽവെയും കേരള സർക്കാരും ധാരണയായി. അതിന്റെ അടിസ്ഥാനത്തിൽ റെയിൽവെ ആവശ്യപ്പെട്ട

സെന്റേജ് സർക്കാർ അടച്ചുവെങ്കിലും അഞ്ചുവർഷം കഴിഞ്ഞിട്ടും ഓവർ ബ്രിഡ്ജിന്റെ പണി ആരംഭിച്ചിട്ടില്ല. മംഗലാപുരം ഷൊർണ്ണൂർ റെയിൽ പ്പാത ഇരട്ടിപ്പിക്കുമ്പോൾ ഓവർ ബ്രിഡ്ജ് ഇരട്ടി നീളത്തിൽ പണിയേ ണ്ട സ്ഥിതിയും സംജാതമാവുകയാണ്. ഓവർ ബ്രിഡ്ജ് യാഥാർത്ഥ്യമാ കാൻ ഇനിയും ശക്തമായ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

ലെവൽക്രോസിംഗ്

ചന്തേര ചെമ്പിലോട്ട് റോഡ് കുനത്തൂർ റോഡുമായി ബന്ധിപ്പിക്കു ന്നതിനുള്ള തടസ്സം ചന്തേര ട്രെയിൻ ഹാൾട്ടിന്റെ വടക്കുവശം ലെവൽ ക്രോസിങ്ങില്ല എന്നതാണ്. ഇതിനായി റെയിൽവെ അധികൃതരുമായി നിരവധി തവണ ബന്ധപ്പെട്ടുവെങ്കിലും റെയിൽവെ അനുകൂല സമീപനം എടുത്തിട്ടില്ല. വലിയൊരു പ്രദേശത്തിന്റെ യാത്രാക്ലേശം പരിഹരി ക്കാൻ കഴിയുന്ന ലെവൽ ക്രോസിംഗ് അടിയന്തരമായി അനുവദിച്ച് കി ട്ടേണ്ടിയിരിക്കുന്നു. പ്രസ്തുത ലെവൽക്രോസ് യാഥാർത്ഥ്യമായാൽ കാ ലിക്കടവിൽ നിന്നും ഉദിനൂർ, എടച്ചാക്കൈ തുടങ്ങിയ പ്രദേശങ്ങളിലേ ക്കുള്ള യാത്രാ ദൂരം ഗണ്യമായി കുറക്കാൻ കഴിയും.

പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ അപര്യാപ്തത.
2. റോഡുകളുടെ വീതി കുറവ്.
3. പ്രധാനപ്പെട്ട റോഡുകളിൽപ്പോലും കാണുന്ന അപകടകരമായ വളവുകൾ.
4. റോഡിനു മറുവശത്തേക്ക് വെള്ളം ഒഴുകുന്നതിനുള്ള പ്രയാസം.
5. ഓവുചാലുകളില്ലാത്തത്.
6. ഉള്ള ഓവുചാലുകൾ സംരക്ഷിക്കപ്പെടുന്നില്ല.
7. റോഡുനിർമ്മാണം നെൽവയലിൽ നീർക്കെട്ടുണ്ടാക്കുന്നു, മണ്ണൊ ലിപ്പിനു കാരണമാകുന്നു.
8. ചെറിയ പ്രദേശങ്ങളിൽ കരയിടിച്ചിൽ ഉണ്ടാകുന്നു.
9. പല റോഡുകളും ഗുണനിലവാരമില്ലാത്തതാണ്.
10. താഴ്ന്ന പ്രദേശത്തോടുകൂടി കടന്നുപോകുന്ന റോഡുകളുടെ സംരക്ഷണം.
11. ഇടവഴികൾ റോഡാക്കി മാറ്റുമ്പോൾ മരങ്ങൾ വെട്ടിമാറ്റപ്പെടു ന്നത്.
12. ഉൾപ്രദേശങ്ങളിൽ അത്യാവശ്യസന്ദർഭങ്ങളിൽ പോലും വാഹ നം കേടു വരാനുള്ള സൗകര്യമില്ലായ്മ.
13. കൾവർട്ടുകളുടെ അഭാവം.
14. ഓവർബ്രിഡ്ജ്, ലെവൽക്രോസ് എന്നിവയുടെ അഭാവം.

സാധ്യതകൾ

1. കരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം ത്വരി തപ്പെടുത്തണം.
2. റോഡിലെ അപടകമുണ്ടാക്കുന്ന വളവുകൾ ഇല്ലാതാക്കാൻ നടപ ടികൾ ഉണ്ടാക്കണം.
3. ഡിപ്പുകൾ ഉപയോഗ ശൂന്യമായ സ്ഥലത്ത് പാലം പണിയണം.
4. വെള്ളം ഒഴുകിപ്പോകുന്നതിന് ആവശ്യമുള്ളിടത്ത് കൾവേർട്ടുകൾ ഉണ്ടാക്കണം.
5. റോഡിന്റെ വീതി കുറവ് പരിഹരിച്ച് ഗതാഗതസൗകര്യം മെച്ച പ്പെടുത്തണം.
6. കൈയ്യേറ്റം ചെയ്യപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമി ഒഴിപ്പിച്ചെടുക്ക ണം.
7. റോഡിലേക്ക് വേലികളും അതിർ വരമ്പുകളും കയറിക്കെട്ടുന്ന ത് തടയേണ്ടതാണ്. റോഡരികിലെ സ്ഥായിയായ നിർമ്മാണ പ്രവർത്ത നങ്ങൾ നിയമമനുസരിച്ച് നടത്തേണ്ടതാണ്. റോഡരികിൽ കെട്ടിടമുണ്ടാ ക്കുമ്പോൾ മുൻകൂട്ടി അനുവാദം വാങ്ങിക്കാനുള്ള സംവിധാനം ഏർപ്പെ ടുത്തണം.
8. ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ, ട്രാൻസ്ഫോർ മർ, ഇലക്ട്രിക് ലൈൻ എന്നിവ മൂലം ഉണ്ടാവുന്ന തടസ്സം ഒഴിവാക്ക ണം.
9. ബസ് വെയിറ്റിംഗ് ഷെഡുകൾ ഉണ്ടാക്കണം. ഇവ ചെറുകിട കച്ച വടക്കാരുടെ താവളമാക്കുന്നത് തടയണം. സ്ത്രീകൾക്ക് വെയിറ്റിംഗ് ഷെ ഡ് പ്രയോജനപ്പെടുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നൽകണം.
10. റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജ നശക്തിയാണ്. ജനകീയ പങ്കാളിത്തോടെ പുതിയ റോഡുകളുടെ നിർ മ്മാണം നടത്താൻ കഴിയും. റോഡുകളുടെ നിർമ്മാണത്തിന്റെ ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ജനകിയമായി സമാഹരിക്ക ണം. നമ്മുടെ കഴിഞ്ഞകാല സന്നദ്ധ സേവന മനോഭാവത്തിന്റെ പിൻ തുടർച്ച പുതിയ പ്രവർത്തനത്തിലൂടെ വീണ്ടെടുത്ത് ശക്തിയായി മുന്നോട്ടു നീങ്ങാൻ കഴിയുമെന്ന് അനുഭവങ്ങൾ തെളിയിച്ചു. ആ ശക്തി ശ്രോതസ്സ് ഇനിയുള്ള പ്രവർത്തനങ്ങളുടെ ഊർജ്ജമായി നമുക്ക് കണ ക്കാക്കാം.

ഊർജ്ജം

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് വിറകാണ് ഉപ യോഗിക്കുന്നതിന്. പഴയ കാലത്ത് കൊടക്കാട് ഗ്രാമത്തിൽ നിന്നും വി റക് സുലഭമായി ലഭിച്ചിരുന്നു. പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ആളുകൾ സൗജന്യമായി വിറക് കൊണ്ടുപോകാറുണ്ടായിരുന്നു. ഇന്ന് ആ ഭൂമികളെല്ലാം വ്യക്തികളുടെ കൈവശത്തിലായി. അതുമൂലം വിറക് ശേഖരിക്കാൻ കഴിയുന്നില്ല. തെങ്ങ് കൃഷി വ്യാപകമായിട്ടുള്ള പ ഞ്ചായത്ത് ആയതിനാൽ തെങ്ങിൽ നിന്ന് ലഭ്യമാകുന്ന വസ്തുക്കളാണ് ഭൂരിഭാഗവും വിറകിനായി ഉപയോഗിക്കുന്നത്. കൊടക്കാട് നിവാസി കൾക്ക് വിറകിന്റെ കാര്യത്തിൽ പ്രയാസമില്ലെങ്കിലും പിലിക്കോട്, മാണിയാട്ട് പ്രദേശത്തെ സ്ഥിതി വ്യത്യസ്ഥമാണ്. വലിയ വില കൊടു ത്ത് വിറക് വാങ്ങി ഉപയോഗിക്കേണ്ടിവരുന്നു. മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാകം ചെയ്യുന്നവർ 8%ത്തിൽ താഴെ മാത്രമാണ്. വിറകിൽ നിന്നും ഗ്യാസിലേക്കുള്ള മാറ്റത്തിന്റെ വേഗത കൂടിക്കൊണ്ടിരിക്കുന്നു.

വീടുകളിലെ ഇന്ധന ഉപയോഗത്തിന്റെ പട്ടിക - 1 താഴെ കൊടു ക്കുന്നു.

പട്ടിക-1

	ഇന്ധനം	എണ്ണം	അളവ്
1	വിറക് അടുപ്പ്	3921	11449ടൺ
2	പുകയില്ലാത്ത അടുപ്പ്	225	3285
3	ഗ്യാസ്	119	28560കിലോ
4	മണ്ണെണ്ണ സ്റ്റൗ	86	15480ലിറ്റർ
5	ഇലക്ട്രിക് സ്റ്റൗ	1	-
6	ഗോബർ ഗ്യാസ്	3	-

വിവിധശേഖരണ എസ്.ഇ.എസ്'96

ദക്ഷത കൂടിയ അടുപ്പുകളും സൂര്യറാന്തലുകളും പഞ്ചായത്തിൽ പരി മിതമായ തോതിൽ നിലവിലുണ്ട്. ദക്ഷത കൂടിയ അടുപ്പിന്റെ ഉപയോ ഗരീതിയുമായി പൊരുത്തപ്പെടാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ നിലവി

ലുണ്ട്. ദക്ഷത കൂടിയ അടുപ്പിന്റെ കേടുപാടുകൾ തീർക്കുന്നതിന് ആവശ്യമായ പ്രവർത്തകരില്ലാത്ത അവസ്ഥയുണ്ട്. സൗരോർജ്ജ വിളക്കുകൾ പഞ്ചായത്തിൽ പരിമിതമായി നിലവിലുണ്ട്.

വൈദ്യുതി

പിലിക്കോട് പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് തുടങ്ങിയത് 1.8.1972ലാണ്. പഞ്ചായത്തിലെ 9-10 വാർഡുകൾ വെള്ളൂർ ഇലക്ട്രിക്കൽ സെക്ഷനിലും ബാക്കി വാർഡുകൾ പിലിക്കോട് സെക്ഷനിലുമാണ്. വെള്ളൂർ സെക്ഷന്റെ കീഴിലുള്ള ഉപഭോക്താക്കൾക്ക് ഓഫീസുമായി ബന്ധപ്പെടാൻ ഏറെ വിഷമങ്ങൾ അനുഭവിക്കേണ്ടിവരുന്നു. ഇപ്പോൾ പിലിക്കോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മേജർ സെക്ഷനായി ഓഫീസായി ഉയർത്തിയിരിക്കുകയാണ്. പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് മാവുങ്കാൽ, കാങ്കോൽ എന്നീ സബ് സ്റ്റേഷനുകളിൽ നിന്നാണ്. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഗുണഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ എല്ലാ ട്രാൻഫോർമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് കാണാൻ കഴിയും. ഗാർഹിക മേഖലയിലെയും കാർഷിക മേഖലയിലെയും ഉപഭോക്താക്കൾക്കാണ് മുൻതൂക്കമുള്ളത്. കാർഷികമേഖലയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഏറെ അപേക്ഷകർ ഇനിയുമുണ്ട്.

നിലവിലുള്ള വൈദ്യുതി കണക്ഷന്റെ ഇനം തിരിച്ചുള്ള പട്ടിക-2 താഴെ കൊടുക്കുന്നു.

പട്ടിക-2

1	ഗാർഹികം	2135
2	വ്യാപാരം	70
3	വ്യാവസായികം	36
4	കാർഷികം	91

അടിസ്ഥാനം എസ്.ഇ.എസ്''96

പഞ്ചായത്തിലെ ഉപഭോക്താക്കൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടേജാണ്. പ്രേഷണ വിതരണ രംഗത്തുള്ള നഷ്ടം കുറക്കുന്നതിന് ലൈനുകളിൽ തൊട്ടുകിടക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റുക, ട്രാൻസ്ഫോർമറുകളുടെ എണ്ണവും സ്ഥാനവും പുനക്രമീകരിക്കുക എന്നിവ ചെയ്താൽ ഒരളവുവരെ നഷ്ടത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. പ്രേഷണ സംവിധാനത്തിന്റെ തകരാറാണ് വൈദ്യുതി നഷ്ടത്തിന്റെ പ്രധാന കാരണം. ട്രാൻസ്ഫോർമറിന്റെ അധികഭാരവും വളരെ ദൈർഘ്യമുള്ള ലൈനുകളുമാണ് മറ്റൊരു കാരണം. പഞ്ചായത്തിലെ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക-3

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ			
1	വറക്കോട്ട്വയൽ	9	പാല
2	പിലിക്കോട് വയൽ	10	ചെമ്പ്രകാനം
3	മിനി എസ്റ്റേറ്റ്	11	വെള്ളച്ചാൽ-1
4	കാലിക്കടവ്	12	വെള്ളച്ചാൽ-2
5	പടുവളം	13	ചെമ്പിലോട്
6	മട്ടലായി	14	പൂത്തിയോട്
7	ജെ.ടി.എസ്.	15	മാണിയാട്ട്
8	കൊടക്കാട്	16	പൊള്ളപ്പൊയിൽ
		17	വേങ്ങാറ

പഞ്ചായത്തിലെ എല്ലാ വാർഡിലും വൈദ്യുതി എത്തിയെങ്കിലും വാർഡിൽ പല വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിലെ 49.90% വീടുകളിലും വൈദ്യുതി ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. ഉപഭോക്താക്കൾ അതിരൂക്ഷമായ വോൾട്ടേജ് പ്രശ്നത്തെ അഭിമുഖീകരിക്കുന്നു.

കൊടക്കാട് വലിയപൊയിൽ, വന്നലോം, പാടിക്കീൽ, പിലിക്കോട് വയൽ, മടിവയൽ, പിലിക്കോട് ലക്ഷം വീട് കോളനി, രാജീവ് ദശലക്ഷം കോളനി എന്നിവിടങ്ങളിൽ ഇനിയും വൈദ്യുതി ലഭിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ലൈനുകൾക്ക് ആവശ്യമായ മാറ്റം വരുത്തി പുനഃസംവിധാനം ചെയ്യേണ്ടതുണ്ട്. ട്രാൻഫോർമർ ആവശ്യമുള്ള സ്ഥലങ്ങൾ പട്ടിക - നാല് കാണുക.

പട്ടിക - 4

ക്രമനമ്പർ	ട്രാൻസ്ഫോർമർ ആവശ്യമായസ്ഥലം
1	പിലിക്കോട് കരപ്പാത്ത്
2	പിലിക്കോട് വയൽ
3	വെള്ളച്ചാൽ തെക്ക്
4	ഓലാട്ട്
5	കണ്ണങ്കൈ
6	പാടിക്കീൽ
7	വലിയപൊയിൽ
8	കുഴിപ്രാട്ട്
9	എരവിൽ
10	ചൂരിക്കൊവ്വൽ

പട്ടിക-5

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ കണക്ക്

1	ഓഡിനറി	90
2	ഒ.ടി.പി.	18
3	ഒ.വൈ.ഇ.സി.	17

അവലംബം: സെക്ഷൻ റിപ്പോർട്ട്

പട്ടിക - 6

	കോളനി	സൗജന്യമായി ചെയ്തത്
1	മട്ടലായി	3
2	ആനിക്കാടി	10
3	എടാച്ചേരി	5
4	ചൂരിക്കൊവ്വൽ	6
5	കൂക്കാനം	-
6	പൊള്ളപ്പൊയിൽ	4
7	വേങ്ങാപ്പാറ	-
8	കുന്നും കിണറ്റുകര	-

മിക്ക പ്രദേശങ്ങളിലും തെരുവു വിളക്കുകൾ ഇനിയും സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ 205 ബൾബുകളാണ് തെരുവു വിളക്കിന് ഉപയോഗിക്കുന്നത്. ആകെ ഭരണച്ചെലവിന്റെ 3.11% അതായത് 27480 രൂപ വൈദ്യുതി ആവശ്യത്തിനായി പഞ്ചായത്ത് കഴിഞ്ഞ വർഷം ചെലവഴിച്ചു. വലിയപൊയിൽ, കണ്ണങ്കൈ, കൂക്കാനം, ചക്കുമുക്ക്, വേങ്ങാപ്പാ

റ, ഒറോട്ടച്ചാൽ, കരപ്പാത്ത്, ചൂരിക്കൊവ്വൽ, എടാച്ചേരി കോളനി, രാജീവ് കോളനി എന്നിവിടങ്ങളിൽ സൗരോർജ്ജ വിളക്കുകളോ, തെരുവു വിളക്കുകളോ സ്ഥാപിക്കണം എന്ന ആവശ്യം ഉയർന്നിരിക്കുന്നു. കോളനി കേന്ദ്രങ്ങളിലേക്കുള്ള വഴികളിൽ തെരുവു വിളക്കുകൾ ഒളിച്ചു കൂടാത്ത ആവശ്യമായിരിക്കുന്നു. പഞ്ചായത്തിലെ വൈദ്യുതീകരിച്ച 8 കോളനികളുണ്ട്. വിവരങ്ങൾ പട്ടിക - 6ൽ കൊടുത്തിരിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പഞ്ചായത്ത് പ്രദേശം മുഴുവനും ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കീഴിലില്ല.

3. പ്രേഷണ വിതരണ നഷ്ടം സംഭവിക്കുന്നു. വർദ്ധിച്ചുവരുന്ന വോൾട്ടേജ് കമ്മി വൈദ്യുതിയുടെ ലഭ്യതയിൽ തുടർച്ചയില്ലായ്മ.

4. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും തെരുവുവിളക്കുകളില്ല.

5. പട്ടികജാതിക്കോളനികളിൽ ഇനിയും വൈദ്യുതി എത്താത്ത വീടുകളുണ്ട്.

6. സ്റ്റെപ്പ് അപ്പിന്റെ അമിതമായ ഉപയോഗം.

7. വൈദ്യുത ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഗ്രാമസഭകളിൽനിന്നുയർന്നു വന്നു.

8. വേനൽക്കാലത്ത് കാർഷികാവശ്യത്തിനുള്ളമോട്ടോറുകൾ കുറഞ്ഞ വോൾട്ടേജ് കാരണം പ്രവർത്തിക്കുന്നില്ല.

9. വ്യവസായ സംരംഭകർക്ക് വൈദ്യുതി നൽകുന്നതിനുള്ള ഉപാധികൾ സങ്കീർണ്ണമാണ്. കാലതാമസം നേരിടുന്നു.

10. ആഡംബരങ്ങളും അലങ്കാരങ്ങൾക്കുമായി വൈദ്യുതി ദുർവ്യയം ചെയ്യുന്നു.

11. വിറക്ഷാമം രൂക്ഷമാണ്. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ ലഭിക്കുന്നില്ല. സ്ഥാപിക്കപ്പെട്ട ദക്ഷത കൂടിയ അടുപ്പുകളുടെ കേടുപാടുകൾ തീർക്കുന്നതിന് സാങ്കേതിക വിദഗ്ധരുടെ അഭാവം.

സാധ്യതകൾ

1. പ്രേഷണ വിതരണ രംഗത്തെ നഷ്ടം കുറക്കുന്നതിന് മരക്കൊമ്പുകൾ മുറിച്ചുമാറ്റുന്നതിനും മറ്റും പ്രാദേശിക തലത്തിൽ പ്രത്യേക സംവിധാനം ഉണ്ടാക്കണം.

2. ആവശ്യമായ സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

3. ബോഡ് ജീവനക്കാർ അവരുടെ സാമൂഹ്യബാധ്യത നിറവേറ്റാൻ തയ്യാറാവുകയും അതിനുതകുന്ന വിധത്തിൽ ആ മേഖലയിൽ ക്രമീകരണം ഉണ്ടാവുകയും വേണം.

4. ലൈനുകളിലെ തകരാറ് പരിഹരിക്കാൻ ബോർഡ് ജീവനക്കാരുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ വാർഡ്അടിസ്ഥാനത്തിൽ സംവിധാനമുണ്ടാവണം.

5. പഞ്ചായത്തിലെ കണ്ണാടിപ്പാറ എന്ന സ്ഥലത്ത് ആരംഭിക്കാൻ തീരുമാനിച്ചിരുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുക.

6. ചീമേനി, തൃക്കരിപ്പൂർ എന്നിവിടങ്ങളിലെ നിർദ്ദിഷ്ട താപവൈദ്യുത പദ്ധതികൾ എത്രയും വേഗം ആരംഭിക്കുവാനായി സർക്കാരിൽ പ്രേരണ ചെലുത്താൻ നമ്മുടെ ഗ്രാമ പഞ്ചായത്ത് നേതൃത്വം നൽകേണ്ടതാണ്.

7. വൈദ്യുതി ബോർഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽബഹുജന സമ്പർക്ക പരിപാടി ആവിഷ്കരിക്കണം.

8. തരിശു പ്രദേശങ്ങളിൽ വൃക്ഷ വൽക്കരണം നടത്തുകയും വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.

9. വിറകുവിൽപ്പനയ്ക്കായി പൊതുകേന്ദ്രം പരിഗണിക്കാവുന്നതാണ്.

10. ദക്ഷത കൂടിയ അടുപ്പുകൾ കുറെ കൂടി കാര്യക്ഷമതയോടെ സ്ഥാപിക്കണം.

11. സ്ഥാപിക്കപ്പെട്ട ദക്ഷത അടുപ്പുകൾ സ്ഥായിയായി പ്രയോജനപ്പെടുത്താൻ പറ്റുന്നവിധത്തിൽ പഞ്ചായത്തിൽ വിദഗ്ധതൊഴിലാളികളെ സേവനം ലഭ്യമാക്കണം.

12. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ്കണക്ഷൻ എന്നിവയുടെ ലഭ്യത സാർവ്വത്രികമാക്കണം.

13. ഗോബർഗ്യാസിന്റെ പ്രാദേശിക സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം.

14. താഴ്ന്ന വോൾട്ടേജിൽ താരതമ്യേന കൂടിയ പ്രകാശം പ്രദാനം ചെയ്യാൻ ശേഷിയുള്ള ബൾബുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

15. നിശ്ചിത അളവിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സർചാർജ് ചുമത്തണം. സർചാർജിന്റെ തോത് ആനുപാതികമായി വർദ്ധിപ്പിക്കണം.

16. സൂര്യപ്രകാരം, കാറ്റാടിയന്ത്രം എന്നിവ ഉപയോഗിച്ചുള്ള ഊർജ്ജ ലഭ്യതയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക.

3. മാർക്കറ്റ്

ദശാബ്ദങ്ങൾക്ക് മുമ്പ് കാലിക്കടവിനു സമീപം നമ്മുടെ പഞ്ചായത്തിൽ ഒരാഴ്ച ചന്ത ഉണ്ടായിരുന്നത് പഴമക്കാർ ഓർക്കുന്നുണ്ട്. യാത്രാസൗകര്യങ്ങളും വിപണനകേന്ദ്രങ്ങളും മെച്ചപ്പെട്ടതോടെ ആ സംവിധാനം നിലച്ചുപോയി. തീക്കുച്ചാൽ ചന്ത പഴമക്കാരുടെ ഓർമ്മയിൽ മാത്രം തങ്ങി നിൽക്കുന്നു.

പഞ്ചായത്തിലെ മുഖ്യവിപണന കേന്ദ്രം കാലിക്കടവ് തന്നെയാണ്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു ബസാർ എന്ന നിലയ്ക്ക് പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾ നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ള പല സാധനം വാങ്ങിക്കുന്ന ഒരു കേന്ദ്രമായി തീർന്നിരിക്കുന്നു കാലിക്കടവ്. സ്വകാര്യ മേഖലയിലെ കച്ചവട സ്ഥാപനങ്ങളാണ് ഭൂരിഭാഗവും. ഈ പഞ്ചായത്തിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നതും ഇവിടെത്തന്നെ. കൂടാതെ ഒരു സഹകരണ കൺസ്യൂമർ സ്റ്റോറും കാലിക്കടവിൽ വ്യാപാരം നടത്തുന്നുണ്ട്. രണ്ട് കൊപ്രമില്ലുകൾ സ്വകാര്യമേഖലയിലുള്ളതിനാൽ ചെറിയ തോതിൽ കൊപ്ര വ്യാപാരം നടത്താനുള്ള സൗകര്യവും ഉണ്ട്.

കൊടക്കാട് ഗ്രാമത്തിൽ പെരാതുച്ചാലിൽ സഹകരണ കൺസ്യൂമർ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ, സ്വകാര്യമേഖലയിലെ കച്ചവടത്തിനാണ് മുൻതൂക്കമുള്ളത്. മാണിയാട്ട് പ്രദേശത്തെ ചെറിയ തോതിലുള്ള ആവശ്യങ്ങൾ മാണിയാട്ട് കേന്ദ്രീകരിച്ചുള്ള കച്ചവട സ്ഥാപനങ്ങളെ ആശ്രയിച്ചു നടത്തുന്നു.

മത്സ്യമാർക്കറ്റ് എന്നു പറയാവുന്ന ഒരു സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. കാലിക്കടവ്, വെള്ളച്ചാൽ, ചന്തേര, കരപ്പാത്ത് എന്നിവിടങ്ങളിലെ റോഡരികിലാണ് മത്സ്യവിൽപന നടത്തുന്നത്.

ഇറച്ചി വിൽപന കേന്ദ്രങ്ങളിൽ നിലവില്ല. ആട്, കോഴി, പോത്ത് തുടങ്ങിയവ പഞ്ചായത്തിൽ കൂടുതലായി ഉണ്ടെങ്കിലും ഒറ്റപ്പെട്ടവിൽപന കേന്ദ്രങ്ങളാണിന്നുള്ളത്. കൊടക്കാട് ഗ്രാമത്തിൽ കോഴി വളർത്തു കേന്ദ്രങ്ങൾ നിരവധിയാണ്. പക്ഷെ വിൽപന നടത്തുന്നതിന്ഒരു പ്രത്യേക വിൽപന കേന്ദ്രം ഉണ്ടാക്കുന്നത് ഈ തൊഴിലിൽ ഏർപ്പെട്ടവർക്ക് പ്രയോജനമായിരിക്കും.

ആധുനിക രീതിയിലുള്ള അറവുശാലകളില്ലാത്തതിനാൽ പലപ്പോഴും സമീപപ്രദേശങ്ങളിലെ കുടിവെള്ളം മലിനപ്പെടാനുള്ള സാധ്യത ഏറെയാണ്. അവശിഷ്ടങ്ങൾ മൂലം ഉണ്ടാകുന്ന പരിസര മലിനീകരണം നിലവിലുണ്ട്.

നാളികേരം, കശുവണ്ടി, അടക്ക, നെല്ല് നേന്ത്രക്കായ, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, എന്നിവയാണ് പ്രധാന ഉല്പന്നങ്ങൾ. ഇവ വിറ്റഴിക്കാനുള്ള സംവിധാനം ഇന്ന് പഞ്ചായത്തിൽ കുറവാണ്.

കൊപ്ര, കശുവണ്ടി, എന്നിവയുടെ സംഭരണത്തിന് പഞ്ചായത്തിൽ സ്ഥിരമായ ഒരു സംവിധാനം ഉണ്ടായാൽ കൃഷിക്കാരുടെ ഉല്പന്നങ്ങൾ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാൻ കഴിയും. സാമ്പത്തിക നേട്ടവും വില്പനക്കുള്ള പ്രയാസം പരിഹരിക്കാനും കഴിയും.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. സഹകരണ മേഖലയിൽ ഒരു ഷോപ്പിങ് കോംപ്ലക്സ് കാലിക്കടവിൽ ഉണ്ടാകണം.

2. പച്ചക്കറി സാധനങ്ങൾ നൽകുന്നതിനും കൃഷിക്കാരിൽ നിന്ന് വാങ്ങിക്കുന്നതിനും സംവിധാനം ഉണ്ടാകണം.

3. പ്രധാന ഉല്പന്നമായ കൊപ്രക്ക് സംഭരണകേന്ദ്രം ഉണ്ടാകണം.

4. കശുവണ്ടി സംഭരിക്കാനുള്ള സംവിധാനം വിളവെടുപ്പോടെ ആരംഭിക്കണം.

5. കാലിക്കടവ്, വെള്ളച്ചാൽ, കരപ്പാത്ത് എന്നിവടങ്ങളിൽ മത്സ്യ മാർക്കറ്റ്, ഉണ്ടാക്കണം. പരിസര മലിനീകരണം ഒഴിവാക്കാനുള്ള സംവിധാനവും ഉണ്ടാകണം.

6. ഇറച്ചി വില്പന കേന്ദ്രവും അറവുശാലകളും പഞ്ചായത്തിന്റെ അനുമതിയോടുകൂടി വേണ്ടത്ര സംവിധാനത്തോടെ നടത്താനുള്ള ക്രമീകരണം ഉണ്ടാകണം.

7. കാലിക്കടവിൽ ആഴ്ചച്ചന്ത ഉണ്ടാകണമെന്ന് ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യം തിരിച്ചുപോക്കായി കാണാതെ വിപണന സൗകര്യം മെച്ചപ്പെടുത്താനുള്ള സംവിധാനത്തിന്റെ ആവിർഭാവമായി കാണാൻ കഴിയണം. കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ തയ്യാറെടുക്കുമ്പോൾ ആഴ്ചച്ചന്തകൾ അനുപേക്ഷണീയമാണ്. ഗ്രാമീണ ആഴ്ചച്ചന്തയോട് കഴിയാവുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളുടെ തിരിച്ചുവരവ് സാശ്രയത്വത്തിന്റെ ചുവട് ഉറപ്പിക്കാനും സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നു കയറാനും കഴിയും എന്ന ഉൾവിളി ഗ്രാമസഭകളിൽ മുഴങ്ങി കേട്ടിരുന്നു.

8. നമ്മുടെ പഞ്ചായത്തിന്റെ ലഭ്യമായ എല്ലാ വാദങ്ങളും കോർത്തിണക്കി ഓരോന്നിന്റെയും അധികലഭ്യതയും ഇല്ലായ്മയും സന്തുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപ്പിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവെപ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. അതിനുള്ള ശ്രമവും ആരംഭിക്കേണ്ടിയിരിക്കുന്നു.

"എന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കണം
അല്ലാതെ ആരാണ് ചെയ്തിരിക്കുന്നത്
എന്ന് നോക്കി വിധി കൽപ്പിക്കരുത്"

-ഡോ.എസ്.രാധാകൃഷ്ണൻ



5.7

പാർപ്പിടവും സാമൂഹ്യക്ഷേമവും

കുന്നുകളും താഴ്വരകളും ചേർന്ന കൊടക്കാട് ഗ്രാമവും സമതല സ്വഭാവമുള്ള പിലിക്കോട്, മാണിയാട്ട് ഗ്രാമങ്ങളും ചേർന്നതാണ് പിലിക്കോട് പഞ്ചായത്ത്. പൊതുവെ, ആവാസയോഗ്യമായ ഭൂപ്രകൃതിയാണ് ഇവിടെ നിലവിലുള്ളത്. കൊടക്കാട് ഗ്രാമത്തിൽ വീടുകളുടെ സാന്ദ്രത മറ്റ് രണ്ട് ഗ്രാമങ്ങളെ അപേക്ഷിച്ച് കുറവാണ്. സമൂഹം അതിവേഗം കൂട്ടുകുടുംബ വ്യവസ്ഥയിൽനിന്ന് അണുകുടുംബവ്യവസ്ഥയിലേക്ക് മാറുന്നതിന്റെ സ്വാധീനം പാർപ്പിടമേഖലയിൽ ദൃശ്യമാണ്. വീടുനിർമ്മാണത്തിന്റെ അനുപാതം വർഷംതോറും വർധിച്ചുവരുന്നതായിക്കാണുന്നു. ഭൂരിപക്ഷം സാധാരണക്കാരും കാർഷികമേഖലയെ ആശ്രയിച്ചുകഴിയുന്നവരാകയാൽ വീടുകൾ മിക്കതും, ഇടത്തരമോ, അതിൽ താഴെയോ ഉള്ളതാണ്. ഈ അവസ്ഥ പത്ത് വാർഡുകൾക്കും ബാധകമാണ്. അടുത്ത കാലത്തായി വീട്നിർമ്മാണത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. മൂന്നു ദശകത്തിനുമുമ്പ് വീടുകളിൽ അധികവും ഓലമേഞ്ഞതായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു ദശകത്തിൽ ഓലമേഞ്ഞ വീടുകൾക്ക് പകരം ഓടുമേഞ്ഞ വീടുകൾ സ്ഥാനം പിടിക്കുകയുണ്ടായി. സമീപകാലത്ത് ഓടുമേഞ്ഞ വീടുകൾ കോൺക്രീറ്റ് വീടുകൾക്ക് വഴിമാറിക്കൊണ്ടിരിക്കുന്നു. അടുത്തകാലത്തായി നിർമ്മിക്കുന്ന വീടുകളിൽ മിക്കതും കോൺക്രീറ്റ് കെട്ടിടങ്ങൾ തന്നെയാണ്. വീടിന്റെ തരം പട്ടികയിർ കാണിച്ചിരിക്കുന്നു.

പട്ടിക 1

വീടുകളുടെ തരം സൂചിപ്പിക്കുന്ന പട്ടിക

വാർഡ്	ഓല	ഓട്	ടെറസ്	ആകെ
1.	17	356	75	448
2.18	248	59	325	
3.	29	237	90	356
4.	15	282	127	424
5.	36	273	113	422
6.	24	300	97	421
7.	57	335	87	479
8.	57	376	86	519
9.	46	383	48	477
10.	55	382	47	484
ആകെ	354	3172	829	4355
ശതമാനം	8.13	72.84	19.03	

(അവലംബം: സാമൂഹിക സാമ്പത്തിക സർവ്വെ)

പഞ്ചായത്തിൽമൊത്തം 4355 വീടുകൾ ഉണ്ട്. ഇതിൽ 72.84% ഓടുമേഞ്ഞവയും 19.04% കോൺക്രീറ്റ് കെട്ടിടങ്ങളും 8.13% ഓലമേഞ്ഞവയുമാണ്. ഓലമേഞ്ഞ വീടുകളുടെ എണ്ണം കുറവാണെങ്കിലും പലതും വേണ്ടത്ര മാമസസൗകര്യമില്ലാത്തവയാണ്. 7, 8, 9, 10 വാർഡുകളിലാണ് ഓലമേഞ്ഞ വീടുകൾ കൂടുതലായി കാണുന്നത്. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഇതിന്റെ പ്രധാന കാരണം. ഓടുമേഞ്ഞ വീടുകൾ പലതും കാലപ്പഴക്കമേറിയതും വേണ്ടത്ര സൗകര്യമില്ലാത്തവയുമാണ്.

പട്ടിക 2

വീടിന്റെ അടിസ്ഥാനസൗകര്യങ്ങൾ

ആകെ വീട്	കക്കൂസ്		വൈദ്യുതി		കിണർ		മതിൽ
	ഉണ്ട്/	ഇല്ല	ഉണ്ട്/	ഇല്ല	ഉണ്ട്/	ഇല്ല	ഇല്ല
4355	2335	2020	2182	2173	1179	2095	874

ഗതാഗതസൗകര്യം, ശുദ്ധജല ലഭ്യത തുടങ്ങിയ അനുകൂല ഘടകങ്ങൾഒത്തിണങ്ങിയ ചില പ്രദേശങ്ങളിൽ വീടുകൾ കൂടുതലായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ വീടുകളിലധികവും അടിസ്ഥാനസൗകര്യങ്ങൾ വേണ്ടത്രയില്ലാത്തവയാണ്. ഇതുസംബന്ധിച്ച വിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

പട്ടിക മൂന്നു പരിശോധിച്ചാൽ 92-93നു ശേഷം വർഷംതോറും കെട്ടിടങ്ങളുടെ എണ്ണം വർധിച്ചുവരുന്നതായിക്കാണ്. ഓല, ഓട് എന്നിവകൊണ്ടുള്ള കെട്ടിടങ്ങൾ കുറഞ്ഞുവരികയും കോൺക്രീറ്റ് കെട്ടിടങ്ങൾ കൂടിവരികയും ചെയ്യുന്നതിന്റെ കാരണങ്ങൾ അവഗ്രഥിക്കേണ്ടിയിരിക്കുന്നു. ഗുണമേന്മയുള്ള മരത്തടികളുടെ വർധിച്ചുവരുന്ന വിലയും വിദഗ്ധതൊഴിലാളികളുടെ ലഭ്യതക്കുറവും ഇതിനുള്ള കാരണങ്ങളായിട്ടുണ്ട്.

ഗൾഫ്മേഖലയിൽ ജോലി ചെയ്യുന്നവർ, മറ്റ് സമ്പന്ന വിഭാഗങ്ങൾ എന്നിവൽ വൻതുക മുടക്കി കൂറ്റൻ വീടുകൾ നിർമ്മിച്ചുവരുന്നതിനാൽഇടത്തരം നിശ്ചിതവരുമാനക്കാരും ഈ സ്വാധീനത്തിന് ക്രമേണയായി വഴിപ്പെട്ടുവരുന്ന പ്രവണത പ്രബലമാകുന്നുണ്ട്.

സാധനങ്ങളുടെ വിലവർധനവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ കെട്ടിടനിർമ്മാണരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആധുനികരീതിയിൽ വീട് നിർമ്മിക്കുന്നവർതന്നെ വീടിന്റെ ആരോഗ്യപരമായ ധർമ്മം അവഗണിച്ച് അതിന്റെ പുറംമോടിക്കാണ് പ്രാമുഖ്യം നൽകിവരുന്നത്.

പഞ്ചായത്തിൽ 8 ഹരിജൻകോളനികൾ ഉണ്ട്.

പട്ടിക 3
വീട് നിർമ്മാണം

വർഷം	ഓലഎണ്ണം	ശതമാനം	ഓട് എണ്ണം	ശതമാനം	കോൺക്രീറ്റ്എണ്ണം	ശതമാനം	ആകെ
92-93	9	8	57	50	49	42	115
93-94	5	10	23	45	23	45	51
94-95	6	6	33	34	57	60	96
95-96	6	5	45	36	73	59	124

അവലംബം: പഞ്ചായത്ത് രജിസ്റ്റർ

പട്ടിക 4
ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം

വാർഡ് നമ്പർ	വീട്ടാവശ്യമുള്ള വരുടെ എണ്ണം (I.R.D.P SURVEY'92)	വിവിധ പരിപാടി കളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	ഇനിയും അനുവദി ക്കേണ്ട വീടുകളുടെ എണ്ണം
1.	96	8	8	88
2.	76	3	3	73
3.	58	4	4	54
4.	66	-	-	66
5.	96	19	19	87
6.	78	17	16	61
7.	62	21	19	41
8.	52	24	24	28
9.	65	24	24	41

(അവലംബം: സെക്കണ്ടറി ഡാറ്റ 96)

1. കുക്കാനം, 2. മടിവയൽ 3.ആനിക്കാടി, 4.വേങ്ങപ്പാറ, 5. കണ്ണാടിപ്പാറ, 6. എടാച്ചേര, 7.കുന്നുംകിണറ്റുകര, 8. മട്ടലായി എന്നിവയാണവ. ലക്ഷംവീട് കോളനികളായ ചുരിക്കൊവ്വർ, മാണിയാട്ട് കരപ്പാത്ത് എന്നിവയും ഭൂരഹിത ഭവനകഹിതർക്കായി പുത്തിലോട്ട്, മാങ്കടത്ത് കൊവ്വൽ എന്നിവിടങ്ങളിലുള്ള കോളനികളും, വെള്ളച്ചാലിലുള്ള രാജീവ് ദശലക്ഷം കോളനിയുമാണ് പഞ്ചായത്തിലെ മറ്റ് കോളനികൾ.

കോളനികളിലെ വീടുകളുടെ നില ശോചനീയമാണ്. കുടിവെള്ളം, വൈദ്യുതി, ഗതാഗതസൗകര്യങ്ങൾ എന്നിവയുടെ അഭാവം കോളനികളുടെ പൊതുപരിമിതികളാണ്. പഞ്ചായത്തിലെ മിക്ക കുടുംബങ്ങൾക്കും സ്വന്തമായ മേൽക്കൂരയുണ്ട്. ദുർബലവിഭാഗങ്ങൾക്ക് വീടുവെക്കുന്നതിന് നിലവിലുള്ള പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കിഴിൽ വിവിധ വർഷങ്ങളിലായി നിരവധി വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവ ആവശ്യങ്ങളുമായി പൊരിത്തപ്പെടുന്നില്ല. ഐ.ആർ.ഡി.പി സർവേപ്രകാരം വീടിന് അർഹതയുള്ളവരുടെ എണ്ണവും അനുവദിക്കപ്പെട്ട വീടുകളുടെ എണ്ണവും തമ്മിലുള്ള അന്തരം വലുതാണെന്ന് കാണാം. മാത്രമല്ല, അനുവദിച്ച വീടുകൾ പൂർത്തിയാക്കാത്ത സ്ഥിതിയുമുണ്ട്. ഈ വിഭാഗത്തിൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഇനിയും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ല. പദ്ധതി, മുഴുവൻ പേരെയും ഉൾക്കൊള്ളിച്ച് അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

പാർപ്പിടനിർമ്മാണരംഗം നേരിടുന്ന പ്രധാന പ്രശ്നം സാമ്പത്തിക പ്രയാസമാണ്. എൽ.ഐ.സി., ജില്ലാ സഹകരണബാങ്ക്, ഹൗസിംഗ് സൊസൈറ്റികൾ എന്നിവയിലൂടെ ഭവനനിർമ്മാണത്തിന് ധനസഹായം നൽകപ്പെടുന്നുണ്ട്. ഇവയുടെ സേവനം ആവശ്യക്കാർക്ക് വേണ്ടത്ര ലഭിക്കുന്നില്ല. അതിനാൽ പലപ്പോഴും സാമ്പത്തിക സഹായത്തിന് മറ്റ് സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. തൽഫലമായി ഉയർന്ന പലിശനിരക്ക്, മറ്റ് നിയന്ത്രണങ്ങൾ, ഉപാധികൾ എന്നിവ ഗുണഭോക്താവിനെ തുടർന്ന് സാമ്പത്തികതകർച്ചയിലേക്ക് നയിക്കുന്ന അനുഭവങ്ങളും വിരളമല്ല.

പുരയിടങ്ങളുടെ കുറവ് അടുത്തകാലത്തായി പ്രധാന പ്രശ്നമായി മാറിയിട്ടുണ്ട്. വർധിച്ചുവരുന്ന പുരയിടങ്ങളുടെ ആവശ്യകത മൂലം നെൽവയലുകൾ പുരയിടങ്ങളാക്കി മാറ്റാൻ നിർബന്ധിതമായിട്ടുണ്ട്. പ്രധാനപ്പെട്ട പല നെൽവയലുകളും ഇതിനകം തന്നെ നികത്തി പുരയിടങ്ങളായി മാറ്റപ്പെട്ടുകഴിഞ്ഞു. പഞ്ചായത്തിലെ നെൽവയലുകളുടെ വിസ്തൃതി ആപൽക്കരമായി കുറഞ്ഞുവരികയാണ്. വയൽ നികത്തൽ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

കെട്ടിടനിർമ്മാണച്ചെലവ് വർധിച്ചുവരുന്നു. നിർമ്മാണസാമഗ്രികളുടെ വർധിച്ചവില, നിർമ്മാണത്തൊഴിലാളികളുടെ കൂടിയ കൂലിനിരക്ക് എന്നിവയാണ് നിർമ്മാണച്ചെലവ് വർധനവിന്റെ അടിസ്ഥാനകാരണങ്ങൾ. കെട്ടിടനിർമ്മാണത്തൊഴിലാളികളുടെ സേവനം യഥാസമയം കിട്ടാത്ത സ്ഥിതിയും ഉണ്ട്. നിർമ്മാണത്തൊഴിലാളികളിൽ സ്ത്രീത്തൊഴിലാളികൾക്ക് താരതമ്യേന കൂലി കുറവാണ്. അടുത്ത കാലത്തായി കാർഷികമേഖലകളിൽ നിന്ന് ധാരാളം തൊഴിലാളികൾ കെട്ടിടനിർമ്മാണമേഖലകളിലേക്ക് മാറിയിട്ടുണ്ട്. പഞ്ചായത്തിൽ മൊത്ത് 1402 നിർമ്മാണത്തൊഴിലാളികൾ ഉണ്ട്.

പ്രശ്നങ്ങൾ:

1.ഭവനനിർമ്മാണസാമഗ്രികളുടെ വിലവർദ്ധനവ്.

2.സാമ്പത്തികപരിമിതി, വായ്പ നൽകുന്ന ധനകാര്യസ്ഥാപനങ്ങളുടെ കുറവ്, ഉയർന്ന പലിശനിരക്ക്, സങ്കീർണ്ണമായ ഉപാധികൾ.

3.വീട് പുതുക്കിപ്പണിയുന്നതിന് സാമ്പത്തികസഹായം ലഭിക്കുന്നതിലുള്ള തടസ്സം.

4.ചെലവ്കുറഞ്ഞ വീട്നിർമ്മാണസങ്കേതങ്ങളുടെ അഭാവം.

5.പാർപ്പിടങ്ങളിൽ കുടിവെള്ളം, കക്കൂസ്, ഗതാഗതസൗകര്യങ്ങൾ എന്നിവയുടെ കുറവ്.

6.പുരയിടങ്ങൾ ലഭിക്കുന്നതിലുള്ള പ്രയാസം.

7.കോളനികളുടെ ശോചനിയാവസ്ഥ

8.കെട്ടിടനിർമ്മാണ സാധന സാമഗ്രികളുടെ ദൗർലഭ്യം.

9.വയലുകൾ നികത്തി പുരയിടങ്ങളാക്കുന്നത് മൂലമുണ്ടാകുന്ന പാരിസ്ഥിതിക കാർഷിക പ്രശ്നങ്ങൾ.

10.വിവിധ മേഖലകളിലെ വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം.

സാധ്യതകൾ:

1.പഞ്ചായത്തിൽ ഭവനനിർമ്മാണത്തിന് വായ്പ നൽകുന്നതിന് പ്രത്യേക സഹകരണസംഘം സ്ഥാപിക്കുക.

2.സഹകരണസ്ഥാപനങ്ങൾവഴി ഭവനനിർമ്മാണ സാധനങ്ങൾ വിലകുറച്ച് നൽകുക.

3.ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ നിർമ്മാണച്ചെലവ് വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കുക.

4.സർക്കാർ പദ്ധതി പ്രകാരം അനുവദിക്കപ്പെടുന്ന വീടുകളുടെ ഉപാധികൾ ലഘൂകരിക്കുക, പലിശനിരക്ക്, അടവ് സംഖ്യയുടെ തോത് എന്നിവ കുറക്കുക, കാലദൈർഘ്യം വർദ്ധിപ്പിക്കുക തുടങ്ങിയവ.

5.പഞ്ചായത്തിലെ കോളനികളുടെ പ്രശ്നങ്ങൾ പഠിക്കുകയും അവ പരിഹരിക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

6.ഭവനനിർമ്മാണ വായ്പാപദ്ധതികളുടെ മേൽനോട്ടവും നിർവ്വഹണവും പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടുവരിക.

7.പ്രാദേശികമായി ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാധനങ്ങൾ നിർമ്മിക്കാനും വിതരണം ചെയ്യുന്നതിനും വേണ്ട സംവിധാനത്തിന്റെ സാധ്യത ആരായുക. സഹകരണമേഖലയിൽ ഇത്തരം ഒരു സ്ഥാപനം ആരംഭിക്കുക.

8.ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുക.

9.നിർമ്മാണത്തൊഴിലാളികളുടെ മൾട്ടി - സർവ്വീസ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുക.

10.ഒരു നിശ്ചിത പരിധിക്കുള്ളിൽ ഭവനരഹിതരായ മുഴുവൻ ദുർബല വിഭാഗക്കാർക്കും വീട് ഉണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുക.

പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് പിലിക്കോട് പഞ്ചായത്തിനെ മൊത്ത് കണ്ടുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സമഗ്ര പരിപാടി ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് ഏറെ സാമ്പത്തികബാധ്യതകളുള്ളതും സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതുമാണ്.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിന് അവർക്ക് പ്രാഥമികമായി വീട് വെക്കുന്നതിന് സ്ഥലം ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള മിച്ചഭൂമി, പുറമ്പോക്ക് എന്നിവ കണ്ടെത്തുകയും അവ അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകുകയും വേണം. രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളുടേയും ഒരു കൂട്ടായ ശ്രമം വീടുനിർമ്മാണത്തിൽ ഉണ്ടാവണം. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ അഞ്ചു വർഷത്തിനകം മുഴുവൻ കുടുംബങ്ങൾക്കും വീട് യാഥാർത്യമാക്കിക്കൊടുക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാൻ സാധിക്കണം.

സാമൂഹ്യക്ഷേമം

ഏറെക്കാലമായി നടത്തിനരുന്ന വികസനപ്രവർത്തനങ്ങൾ പഞ്ചായത്തിലെ സാമൂഹ്യക്ഷേമത്തിന്റെ നിലവാരം വളരെയേറെ ഉയർത്തിയിട്ടുണ്ട് എന്ന കാര്യം നിസ്തർക്കമാണ്. പക്ഷെ, സാമൂഹ്യക്ഷേമ ഗുണനിലവാരം വസ്തുനിഷ്ഠമായി കണക്കാക്കുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ല. ഈ സാഹചര്യത്തിൽ നടത്തിവരുന്ന വിവിധ ക്ഷേമപദ്ധതികൾ വിലയിരുത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

നിലവിലുള്ള ഐ.ആർ.ഡി.പി സർവ്വെ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖക്കു താഴെ കഴിയുന്ന 1238 കുടുംബങ്ങളാണുള്ളത്. ഇവരുടെ വാർഡ് തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

ഗ്രാമവികസനവകുപ്പിന്റെ വിവിധ സ്കീമുകൾപ്രകാരം ഇതിനകം 530 കുടുംബങ്ങൾക്ക് സഹായം ലഭിച്ചതായിക്കാണുന്നു. ഇതിൽ 160 കുടുംബങ്ങൾ പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങളാണ്. സഹായം ലഭിച്ചവയിൽ 150 കുടുംബങ്ങൾ (28.3%) ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയതായി പട്ടിക 1 വ്യക്തമാക്കുന്നു.

ഡി.ഡബ്ല്യു.സി.ആർ.എ.

18നും 35നും ഇടക്ക് പ്രായമുള്ളതും ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായവർക്ക് തൊഴിൽ പരിശീലനം നൽകുന്നതുമായ പദ്ധതിയാണിത്. 10% പലിശനിരക്കിൽ ബാങ്ക്വായ്പയും മുന്നിലൊരുഭാഗം സബ്സിഡിയും ഇതുവഴി ലഭിക്കുന്നു. ഡി.ഡബ്ല്യു.സി.ആർ.എ പദ്ധതിയനുസരിച്ച് ഇതിനകം ഒരു യൂണിറ്റ് മാത്രമേ സ്ഥാപിച്ചിട്ടുള്ളു. കഴിഞ്ഞ ഒരു വർഷമായി റെഡിമെയ്ഡ് നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന കുഞ്ഞിപ്പാറ ഗ്രാമലക്ഷ്മി മഹിളാസമാജമാണ് ഇതിന് നേതൃത്വം നൽകുന്നത്.

പട്ടിക 2.

വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	സബ്സിഡി	വായ്പ
1995 - 96	10	37503	83377

ട്രൈസം

ട്രൈസം പദ്ധതി പ്രകാരം 18നും 35നും ഇടക്ക് പ്രായമുള്ളതും

പട്ടിക 1

വാർഡ്	ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ എസ്.സി./ എസ്.ടി. വിഭാഗം	നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ എസ്.സി./ എസ്.ടി. വിഭാഗം	സഹായം ലഭിച്ചവരിൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർ
1.	182	2	54	30	16
2.	147	1	66	4	15
3.	105	2	52	5	14
4.	120	1	68	20	15
5.	180	1	53	30	14
6.	163	7	67	10	20
7.	120	5	58	20	15
8.	113	1	62	30	16
9.	108	3	50	11	25
ടോട്ടൽ	1238	23	530	160	150

(അവലംബം : സെക്കണ്ടറി ഡാറ്റാ കലക്ഷൻ)

ഐ.ആർ.ഡി.പി സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായവരുമായവർക്ക് തൊഴിൽ പരിശീലനം നൽകപ്പെടുന്നു. ഇതിൻകീഴിൽ ഇതിനകം 61 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 38 പേരാണ് സ്വയംതൊഴിൽ കണ്ടെത്തിയത്. വിശദാംശങ്ങൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

പട്ടിക വ്യക്തമാക്കുന്നത്, കൈത്തറി, പാറ്റേൺ മെയ്ക്കിങ്ങ്, പ്ലംബ്രോയിഡറി, ടൈലറിംഗ്, വസ്ത്രനിർമ്മാണം എന്നി വിഷയങ്ങളിൽ പരിശീലനം നേടിയവർ മാത്രമേ സ്വയംതൊഴിൽ കണ്ടെത്തുന്നതിൽ വിജയിച്ചിട്ടുള്ളൂ എന്നാണ്. മറ്റ് വിഷയങ്ങളിലുള്ള പരിശീലനത്തിന്റെ അപര്യാപ്തതയാണോ, പ്രാദേശികമായ തൊഴിൽ സാധ്യതയുടെ ഇല്ലായ്മയാണോ സ്വയം തൊഴിൽ കണ്ടെത്താൻ തടസ്സമായി നിൽക്കുന്നതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

പട്ടിക 3

ക്രമ നമ്പർ	പരിശീലനവിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവർ	സ്വയംതൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലിൽ ഏർപ്പെട്ടവർ
1.	കൈത്തറി	12	9	3
2.	റേഡിയോ റിപ്പേറിംഗ്	5	1	4
3.	ബുക്ക് ബൈൻറിംഗ്	2	1	1
4.	സ്പ്രേ പെയിൻറിംഗ്	1	1	-
5.	പ്രിൻറിംഗ്	6	1	5
6.	വെൽഡിംഗ്	5	3	2
7.	ടർണർ	1	-	1
8.	മോട്ടോർ മെക്കാനിക്ക്	1	1	-
9.	ഇലക്ട്രോണിക്സ്	4	2	2
10.	വയറിംഗ്	2	2	-
11.	ഇലക്ട്രോപ്ലേറ്റിംഗ്	4	1	3
12.	പാറ്റേൺ മെയ്ക്കിംഗ്	2	2	-
13.	ഇരുമ്പപണി	4	4	-
14.	ഫിറ്റിംഗ്	1	1	-
15.	കമ്പോസിംഗ്	2	-	2
16.	പ്ലംബ്രോയിഡറി	9	9	-
	ആകെ	61	38	23

(അവലംബം: സെക്കണ്ടറി ഡാറ്റ)

ഇലക്ട്രിക്കൽ വർക്സ്, വെൽഡിംഗ്, മോട്ടോർമെക്കാനിക്ക് എന്നിവയിൽ പ്രാദേശികമായിത്തന്നെ ഏറെ തൊഴിൽരഹിതർക്ക് പരിശീലനം നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് പട്ടിക വ്യക്തമാക്കുന്നു.

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. 1992-93 മുതൽ 1995-96 വരെ 28 പേർക്ക് 56000 രൂപ വിതരണം ചെയ്തതായി കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക 4

വർഷം	എണ്ണം	തുക
1993-94	14	28000
1994-95	13	26000
1995-96	1	2000
ആകെ	28	56000

(അവലംബം: സെക്കണ്ടറി ഡാറ്റ)

സി.ആർ.എസ്.പി

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. 1992-93 മുതൽ 1995-96 വരെ നമ്മുടെ പഞ്ചായത്തിൽ 50 കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക 5

വർഷം	എണ്ണം	തുക
1992-93	18	36000
1993-94	13	26000
1994-95	7	14000
1995-96	12	24000
ആകെ	50	100000

മില്ല്യൻ വെൽ

കുടിവെള്ളക്ഷാമം പരിഹരിക്കാൻ ദേശീയതലത്തിൽ ആവിഷ്കരിച്ച് ദുർബല വിഭാഗക്കാർക്ക് മുൻഗണന നൽകി നടപ്പിലാക്കുന്ന പദ്ധതിയാണത്. ഇതനുസരിച്ച് മുൻവർഷങ്ങളിൽ അനുവദിച്ച തുക പട്ടിക 6ൽ സൂചിപ്പിച്ചിരിക്കുന്നു.

പട്ടിക 6

വർഷം	എണ്ണം	തുക
1990-91	3	39646
1991-92	9	155825
1992-93	4	75863
1993-94	6	124812
ആകെ	22	396146

മാതൃസംരക്ഷണം

ഗ്രാമവികസനവകുപ്പ് മുഖേന സമഗ്ര മാതൃശിശു സംരക്ഷണ പദ്ധതിയിൽ അനുവദിക്കപ്പെട്ട നാല് ബാലവാടികളും (പട്ടിക 7) പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ ആനിക്കാടി ചക്ലിയ കോളനിയിൽ ഒരു ശിശുസംരക്ഷണ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ആനിക്കാടി വിജ്ഞാനദായിനി വായനശാലയാണ് ഈ ശിശുമന്ദിരത്തിന് നേതൃത്വം നൽകുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ശിശുമന്ദിരം മാണിയാട്ട് നിലവിലുണ്ട്. കൂടാതെ മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 5 ബാലവാടികൾ പഞ്ചായത്തിൽ നിലവിലുണ്ട്.

പട്ടിക 7

ക്രമനമ്പർ	ബാലവാടിയുടെപേര്	കെട്ടിടം	സ്ഥാപിച്ചവർഷം	പഠിക്കുന്നകുട്ടികളുടെഎണ്ണം
1.	നനോദയ ബാലവാടി,പന്തേര	സ്വന്തം	1981	40
2.	പ്രിയദർശിനി, മല്ലക്കര	''	1987	30
3.	കൈരളി, പൊള്ളപ്പൊയിൽ	''	1984	35
4.	നാരായണ സ്മാരകം,ഓലാട്ട്	''	1983	40

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്. എന്നാൽ ചില ബാലവാടികളിൽ കുട്ടികളുടെ ഹാജർനില പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പുറമെ നിന്നുള്ള ഏജൻസികളുടെ സഹായമില്ലാത്ത മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന നഴ്സറികൾക്ക് ഒട്ടേറെ പരിമിതികളുണ്ട്. അർഹമായ പ്രോത്സാഹനവും അംഗീകാരവും നൽകി ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. കലാകായികരംഗത്ത് മഹിളകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നിലവിലുള്ള മഹിളാസമാജങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

സ്ത്രീകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് ബാലകൈരളി ഗ്രന്ഥാലയം കേന്ദ്രമാക്കി വിജ്ഞാനവികസനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കൺവീനർ പുസ്തകങ്ങൾ വീട്ടിലെത്തിക്കുന്നു.

പഞ്ചായത്തിലെ മാതൃശിശുസംരക്ഷണരംഗത്ത് മെഡിക്കൽ ക്യാമ്പുകൾ, പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യപഠനക്യാമ്പുകൾ എന്നിവ നടക്കുന്നുണ്ടെങ്കിലും മഹിളാ സമാജങ്ങൾ മറ്റ് മേഖലകളിലും കൂടി ശ്രദ്ധചെലുത്തി തനത് പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെ പൊതുവിവരങ്ങൾ പട്ടിക 9ൽ കാണിച്ചിരിക്കുന്നു.

പെൻഷൻ / ധനസഹായങ്ങൾ

വിവിധ പെൻഷൻ / ധനസഹായ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്ന 508 പേർ പഞ്ചായത്തിലുണ്ട്. പട്ടിക 10 ഈ വിവരങ്ങൾ കാണിക്കുന്നു. ധനസഹായം ലഭിക്കുന്നവരിൽ അനർഹർ ഉണ്ടെന്നു പറയാൻ പറ്റില്ലെങ്കിലും അർഹതയുള്ള അപേക്ഷകർക്ക് ഏറെക്കാലം കഴിഞ്ഞിട്ടും സഹായം ലഭിക്കുന്നില്ല എന്ന് കാണുന്നു. സാമൂഹ്യക്ഷേമ പദ്ധതികളുടെ കാര്യക്ഷമത ഇനിയും ഏറെ വർധിക്കേണ്ടിയിരിക്കുന്നു എന്നാണിത് സൂചിപ്പിക്കുന്നത്.

തൊഴിലില്ലായ്മ

അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഈ പഞ്ചായത്തിൽ ഏറെയുണ്ടെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർ 3211 മാത്രമാണ്. ഈ യുവതീ യുവാക്കളുടെ കൂട്ടായ്മ പുതിയ തൊഴിൽസംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് സാധ്യമാകുമോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. വിവിധ തൊഴിൽ മേഖലകളിൽ സ്ഥിരമായി ജോലിചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിനായി പ്രത്യേക സംവിധാനങ്ങളില്ലാത്ത അവസ്ഥ പരിഹരിക്കേണ്ടിയിരിക്കുന്നു. പഴയതലമുറയുടെ അനുഭവസമ്പത്തും തൊഴിൽവൈദഗ്ധ്യവും അറിവും പുതിയതലമുറയിലേക്ക് പകരുന്നതിനുള്ള ശ്രമങ്ങൾ ബോധപൂർവ്വമായി നടത്തേണ്ടിയിരിക്കുന്നു.

പട്ടിക 8

ക്രമനമ്പർ	ബാലവാടിയുടെ പേര്	നടത്തുന്ന സ്ഥാപനം	കുട്ടികൾ
1.	ജി.ഡബ്ല്യു.എൽ.പി.എസ് പിലിക്കോട് വയൽ	പി.ടി.എ	30
2.	അക്ഷര നഴ്സറി, കാലിക്കടവ്	റെഡ്സ്റ്റാർ കലാസമിതി	30
3.	ഗ്രാമ്യം നഴ്സറി എച്ചിക്കൊവ്വൽ	ഗ്രാമ്യമഹിളാസമാജം, എച്ചിക്കൊവ്വൽ	29
4.	ഗ്രാമശ്രീ നഴ്സറി എരവിൽ	ഗ്രാമശ്രീ മഹിളാസമാജം	25
5.	ഗ്രാമലക്ഷ്മി നഴ്സറി കുഞ്ഞിപ്പാറ	കുഞ്ഞിപ്പാറ മഹിളാസമാജം	30
6.	പട്ടികജാതി ശിശുസംരക്ഷണകേന്ദ്രം	പട്ടികജാതിവികസന വകുപ്പ്	30
7.	ശിശുസംരക്ഷണകേന്ദ്രം മാണിയാട്ട്	പഞ്ചായത്ത്	-

പട്ടിക 9

നമ്പർ	പേര്	പ്രവർത്തനസ്ഥലം	അംഗങ്ങൾ
1.	കൈരളി മഹിളാസമാജം, പൊള്ളപ്പൊയിൽ	വെള്ളച്ചാൽ, പൊള്ളപ്പൊയിൽ, കുയിപ്രാട്ട്	250
2.	നാരായണസ്മാരക മഹിളാസമാജം ഓലാട്ട്	ഓലാട്ട് കണ്ണങ്കൈ, വലിയപൊയിൽ, കുക്കാനം	250
3.	നനോദയമഹിളാസമാജം, ചന്തേര	ചന്തേര പടിഞ്ഞാറെക്കര	150
4.	പ്രിയദർശിനി മഹിളാസമാജം, മല്ലക്കര	മല്ലക്കര	200
5.	ഗ്രാമലക്ഷ്മി മഹിളാസമാജം, കുഞ്ഞിപ്പാറ	കുഞ്ഞിപ്പാറ	200
6.	ഗ്രാമലക്ഷ്മി മഹിളാസമാജം, എരവിൽ	എരവിൽ, കടുവക്കാട്	250
7.	ഗ്രാമ്യമഹിളാസമാജം, ഏച്ചിക്കൊവ്വൽ	ഏച്ചിക്കൊവ്വൽ, ചുരിക്കൊവ്വൽ	125
8.	യുവശക്തി മഹിളാസമാജം, പുത്തിലോട്ട്	പുത്തിലോട്ട്, വലിയപറമ്പ്	200
9.	അഫ്സര, വേങ്ങപ്പാറ	വേങ്ങപ്പാറ	100

മിശ്രവിവാഹിതരായ ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിനും അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും അതുവഴി ജാതീയമായ വിവേചനം ഇല്ലാതാക്കി സാമൂഹികസമത്വം ഉറപ്പുവരുത്തുന്നതിന് ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക 10

ക്രമ നമ്പർ	ഇനം	സഹായധനം ലഭിക്കുന്നവരുടെ എണ്ണം
1.	വിധവാ പെൻഷൻ	198
2.	വാർധക്യ പെൻഷൻ	30
3.	അഗതി പെൻഷൻ	203
4.	വികലാംഗ പെൻഷൻ	77
	ആകെ	508

(അവലംബം: സെക്കണ്ടറി ഡാറ്റ)

പ്രശ്നങ്ങൾ

1.തൊഴിലില്ലായ്മ

2.അർഹതപ്പെട്ടവർക്ക് മുഴുവൻ പെൻഷൻ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നില്ല.

3.അംഗൻവാടികൾ ഇല്ല.

4.മഹിളാസമാജം പ്രവർത്തനങ്ങൾ എല്ലാ വാർഡിലും ഇല്ല.

5.പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കാനായി ഒരു സാംസ്കാരിക കേന്ദ്രമില്ല.

6.ബാലവാടികളിൽ അത്യാവശ്യസൗകര്യങ്ങൾ ഇല്ല.

7.മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ ഉള്ള നഴ്സറികൾക്ക് കെട്ടിടങ്ങളില്ല. പോഷകാഹാര വിതരണമില്ലായ്മ.

8.നിർമ്മാണത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തുന്നതിലുള്ള കാലതാമസം.

9.അർഹരായവർക്ക് മിച്ചഭൂമി ലഭിക്കാത്ത അവസ്ഥ.

10.റേഷൻഷാപ്പുകളിലേക്ക് ദീർഘദൂരം യാത്രചെയ്യേണ്ടിവരുന്ന സ്ഥിതി

11.പൊതുശ്മശാനങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള വിഷമതകൾ

12.വിവിധ മേഖലകളിൽ സ്ഥിരമായി ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിന് സ്ഥിരം സംവിധാനമില്ലായ്മ.

സാധ്യതകൾ

1.പെൻഷൻതുക വർധിപ്പിക്കൂ, പെൻഷൻ അനുവദിക്കാനുള്ള കാലതാമസം ഒഴിവാക്കുക, മുഴുവൻ പെൻഷൻ പദ്ധതികളും അനുവദിക്കാനുള്ള അധികാരം പഞ്ചായത്തിന് കൈമാറുക.

2.നീലേശ്വരം ബ്ലോക്ക് ഐ.സി.ഡി.എസ് പദ്ധതിയിൽ കൊണ്ടുവരിക, 1000പേർക്ക് ഒന്ന് എന്ന നിലയിൽ അങ്കണവാടികൾ ആരംഭിക്കുക.

3.പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

4.തൊഴിലില്ലായ്മ പരിഹരിക്കാനായി ചെറുകിട വ്യവസായസംരംഭങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കുക.

5.പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കാനായി, ഒരു സാംസ്കാരിക കേന്ദ്രം ഉണ്ടാക്കുക.

6.ബാലവാടി, നഴ്സറി തുടങ്ങിയവയിലെ പ്രവർത്തകരെ പ്രീപ്രൈമറി ടീച്ചർമാരായി അംഗീകരിക്കുക.

7.മിച്ചഭൂമി അർഹതയുള്ളവർക്ക് മാത്രം നൽകുക.

8.റേഷൻഷാപ്പുകളിലേക്കുള്ള ദൂരം കുറക്കാനാവശ്യമായ നടപടികൾ സ്വീകരിപ്പിക്കുക.

9.തൊഴിലാളികളുടെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുക,

10.മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനായി വാർഡുകൾതോറും ഗ്രാമങ്ങൾ നടത്തുക.

11.മഹിളാസമാജങ്ങൾ സ്വന്തമായി നടത്തുന്ന ബാലവാടികൾക്ക് അംഗീകാരത്തിനും പോഷകാഹാരവിതരണം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾക്ക് മുൻകയ്യെടുക്കുക.

12.ആവശ്യമായ സ്ഥലങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക.

13.കർഷക തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, തയ്യൽതൊഴിലാളി, ബീഡി തൊഴിലാളി തുടങ്ങി

തൊഴിലാളിക്കായുള്ള ക്ഷേമനിധികളിൽ അംഗങ്ങളാകാത്ത മുഴുവൻ തൊഴിലാളികളെയും അംഗങ്ങളാക്കുക.

14.ഉപഭോക്തൃസംരക്ഷണ സമിതി രൂപീകരിക്കുക.

പട്ടിക 11

വർഷം	അരി - കി.ഗ്രാം	ഗോതമ്പ് കി.ഗ്രാം	പഞ്ചസാര കി.ഗ്രാം
91-92	60	1.664	6.133
92-93	66.842	7.334	5.488
93-94	68.284	22.064	6.301
94-95	71.720	22.49	5.374

(അവലംബം: സെക്കണ്ടറി ഡാറ്റ)

പൊതുവിതരണം

പിലിക്കോട് പഞ്ചായത്തിൽ ആകെ റേഷൻഷാപ്പുകൾ പ്രവർത്തിക്കുന്നു. കൊടക്കാട്, മാണിയാട്ട സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുംസ്വകാര്യവ്യക്തികളും ഏറ്റെടുത്ത് നടത്തുന്നവയാണിവ. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു മാവേലിസ്റ്റോർ കാലിക്കടവ് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു.

ഒരുവർഷം പൊതുവിതരണ സംവിധാനത്തിൽ കൂടി പ്രായപൂർത്തിയായ ഉപഭോഗത്തിനായി വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ 91 മുതലുള്ള അളവ് പട്ടിക 5ൽ കാണുക.

പട്ടിക പരിശോധിച്ചാൽ പൊതുവിതരണസംവിധാനത്തിൽകൂടി വിതരണം നടത്തുന്ന അരി, ഗോതമ്പ് എന്നിവയുടെ അളവ് വർദ്ധിച്ചുവരുന്നതായും പഞ്ചസാരയുടെ വിതരണം ഓരോവർഷവും മാറ്റത്തിന് വിധേയമാകുന്നതായും കാണാം.

റേഷൻകാർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഞ്ചായത്ത് തലത്തിൽപരിഹരിക്കാൻ സംവിധാനം വേണം. കൊടക്കാട് ഗ്രാമത്തിൽ ഒരു മാവേലിസ്റ്റോർ അനുവദിക്കണം. ഉപഭോക്തൃമേഖല കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. അതിനായി പഞ്ചായത്തിൽ ഒരു ഉപഭോക്തൃസംരക്ഷണ സമിതി രൂപീകരിക്കണം.

''എല്ലാ കടകളിലുമെല്ലാ വിളക്കുമണയുവാൻ
കാത്തുകൊണ്ടേതെങ്കിലും കടത്തിണ്ണയിൽ
തൻതൊലിമാത്രം പുതച്ചൊന്നുറങ്ങുവാൻ
ദുഃസ്വപ്നമെങ്കിലും കണ്ടൊന്നുഞെട്ടുവാൻ
ഞെട്ടിയുണരുമ്പോഴേക്കും പുതിയൊരു
വെട്ടം വിടരുമെന്നാശിച്ചു നില്പു ഞാൻ''



5.8

സംസ്കാരം

കിഴക്ക് 'പള്ളിക്കീൽ പരപ്പു മുതൽ അയ്യങ്കാകുളം വരെയും' പടിഞ്ഞാറ് 'കണ്ണങ്കൈ പരപ്പു പിടിച്ച് പാടിയാട്ടാലോളം' വരെയും തെക്ക് - പടിഞ്ഞാറ് 'മാനായി തോടുപിടിച്ച് മടിക്കിണർ' വരെയും വ്യാപിച്ചുകിടക്കുന്ന പിലിക്കോട് ഗ്രാമത്തിന് ഉൽകൃഷ്ടമായ സാംസ്കാരിക ചരിത്രം ഉണ്ട്. ഭൂപ്രഭുക്കൻമാരുടെ അധികാരക്കുടക്കീഴിൽ ഗ്രാമത്തിലെ നാടൻ കലകളും ഒപ്പം സംസ്കാരവും കിളിർത്തുവളർന്നുവെന്ന് പഴമൊഴി. രാജഭരണത്തിന്റെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും കൈപ്പുരസം അനുഭവിച്ചറിഞ്ഞ നമ്മുടെ കാരണവന്മാർ ഉത്സവരാധനകളുടെ മറവിൽ വളർത്തിയെടുത്ത ഒ ഔന്നത്യം നിറഞ്ഞ കലാരൂപങ്ങൾ ഇന്നും ചരിത്രവിദ്യാർഥികൾക്ക് ഗവേഷണപ്രാധാന്യമുള്ള പാഠപുസ്തകങ്ങളാണ്.

ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരെ നടത്തിയ രാഷ്ട്രീയ പോരാട്ടത്തിന്റെ അണിയറപ്രവർത്തനങ്ങൾക്ക് വേദിയായ ഈ മണ്ണ് ഒരു ജനതയുടെ സാംസ്കാരികചരിത്രം അടിമുടി മാറ്റത്തിർക്കുകയായിരുന്നു. പടിഞ്ഞാറ്റത്ത്, കോന്നോത്ത്, പാലാട്ട്, പയ്യാടക്കത്ത് മേൽക്കോയ്മക്ക് വിധേയമായി പൗരാണികകാലം മുതൽ തന്നെ നിലനിന്നുപോന്നിരുന്ന രയരമംഗലം ക്ഷേത്രം അതിന്റെ സാമന്തസ്ഥാനങ്ങളായ ചെമ്പിലോട്ട്, വേങ്ങാക്കോട്, കരിവെള്ളൂർ, മുച്ചിലോട്, കരക്കക്കാവ്, മാപ്പിടച്ചേരി, പണയക്കാട്ട് ഭഗവതി ക്ഷേത്രം, ചീർമ്മക്കാവ്, സോമേശ്വരീക്ഷേത്രം, തായത്തറ എന്നിവ ചേർന്ന് നാടിന്റെ ചരിത്രസംസ്കൃതിക്ക് നൽകിയ സംഭാവനകൾ വലുതാണ്.

ഉൽപ്പാദനമേഖല പൂർണ്ണമായും ജന്മിമാരുടെ കൈപ്പിടിയിൽ ഒതുങ്ങിയിരുന്നകാലം ഒന്നേകാൽ ഇടങ്ങഴി നെല്ലിന് എല്ലുമുറിയെ പണിയെടുത്ത് കഷ്ടപ്പെടുന്ന പാവം കുടിയാന്മാർ വയലുകളിലും പറമ്പുകളിലും കനകം വിളയിച്ചാലും ജന്മി പ്രസാദിച്ചാൽ മാത്രമേ കുടിയാന്റെ കുടിലിൽ തീപ്പുകയുകയുള്ളൂ. അധ്വാനശേഷി വിറ്റ് കൊയ്യുന്ന വിളവ് അനുഭവിക്കുവാൻ ഒരു കുടിയാനും അവകാശമുണ്ടായിരുന്നില്ല. ഒപ്പം സാമൂഹ്യ - സാമ്പത്തികരംഗങ്ങളിൽ ക്രൂരമായ പീഡനങ്ങളും ഏൽക്കേണ്ടിവന്ന ഫ്യൂഡൽകാലഘട്ടം.

അങ്ങ് തെക്ക് സാമൂതിരി കൃഷ്ണനാട്ടത്തിന് രൂപംകൊടുത്തപ്പോൾ കോലത്തുനാട്ടിലെ രാജാവിന് അത്യപൂർവ്വമായ ഒരു കലാരൂപം വേണമെന്ന നിർബന്ധബുദ്ധി തോന്നി മാന്ത്രികവിദ്യയും അസാമാന്യമായ ബുദ്ധിശക്തിയുമുള്ള മണക്കാടൻ ഗുരുക്കളെ വിളിച്ചവരുത്തി ശ്രേഷ്ഠവും അപൂർവവുമായ ഒരു കലാരൂപത്തെ രൂപംകൊടുക്കാൻ കൽപ്പിച്ചു. അതാണ് 'ഒന്നുകുറേ നാൽപ്പത് ദൈവക്കോലങ്ങൾ' അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും അടിമപ്പെട്ട് കഴിഞ്ഞിരുന്ന ഒരു സമൂഹം അസാധാരണമായ ഈ കലാരൂപത്തിലൂടെ സാമൂഹ്യപോരാട്ടത്തിനുള്ള കാഹളം മുഴക്കുകയായിരുന്നു. ഒരേസമയം ആത്മീയതയും കലാവൈഭവവും കൈകോർത്തുനിൽക്കുന്ന തെയ്യങ്ങൾ ഉത്സവപ്പറമ്പുകളിൽ ആരാധനാമൂർത്തിയുടെ മുമ്പിൽ തെറ്റുകുറ്റങ്ങൾ ഏറ്റുപറയുന്ന ഗ്രാമീണജനത എന്നിവ ഇന്നാട്ടിലെ സാംസ്കാരിക പൈതൃകത്തിന് മകുടോദാഹരണമാണ്. തുലാപത്ത് കഴിഞ്ഞാൽ സജീവമാകുന്ന അമ്പലക്കാവുകളും മാനവസ്നേഹത്തിന്റെ ഉൽകൃഷ്ഠ കേന്ദ്രങ്ങളായ പള്ളികളും ഒരു പ്രദേശത്തിന്റെ ജീവിതനിലവാരത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട് എന്നതിന് തെളിവാണ് നമ്മുടെ പഞ്ചായത്ത്.

തെയ്യത്തിന്റെ പ്രൌഢിയും സൗന്ദര്യവും വിദേശത്തുപോലും എത്തിച്ച നർത്തകരത്നം കണ്ണൻപെരുവണ്ണാൻ, പരേതനായ നാട്യരത്നം അമ്പുപെരുമലയൻ പുരക്കളി കലാരംഗത്തെ ശ്രദ്ധേയനായ വയലിൻ കുഞ്ഞിരാമൻ പണിക്കർ കരവിരുതിന്റെ സ്പർശനത്താൽ ശിൽപകലയുടെ മർമ്മം കണ്ടറിഞ്ഞ പ്രശസ്തനായ കണ്ണൻ കേരളവർമ്മൻ, തമ്പാൻ വിശ്വകർമ്മൻ, ജ്യോതിഷപണ്ഡിതൻ കണിശൻ രാമൻ ഗുരുക്കൾ, കോൽക്കളി ആശാൻ ടി.വി. വലിയശങ്കരൻ മാസ്റ്റർ തുടങ്ങിയവർ പിലിക്കോട് പഞ്ചായത്തിന്റെ സാംസ്കാരികചരിത്രത്തെ സമ്പന്നമാക്കിയവരാണ്. പരേതനായ പി.സി കുഞ്ഞിരാമൻ അടിയോടി. പി.ടി. കൃഷ്ണൻ ടി.കെ അബ്ദുൾ റഹ്മാൻ, കെ.വി ചന്തുനായർ എന്നിവർ സാംസ്കാരിക രംഗത്ത് നെടുനായകത്വം വഹിച്ചവരായിരുന്നു. ഇന്ത്യയിൽ തന്നെ പ്രസിദ്ധനായ ശിൽപി കാനായി കുഞ്ഞിരാമൻ ഈ നാട്ടുകാരനാണ്. പുരക്കളി രംഗത്തെ പ്രസിദ്ധനും സംഗീതനാടക അക്കാദമി അവാഡ്ജേതാവും ഇപ്പോൾ അക്കാദമിയിൽ അംഗവുമായ പി.പി. മാധവൻ പണിക്കർ ഈ പ്രദേശത്തുകാരനാണ്. കേരള താളബോധവും മെയ്യഭ്യാസവും ഒത്തിണങ്ങിയ കോൽക്കളി വേരറ്റുപൊയ്ക്കൊണ്ടിരിക്കുന്ന കലാരൂപമാണ്. സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട് വളർന്നുവന്ന കളംപാട്ട്. കണ്ണേറ്റ്പാട്ട് തുടങ്ങിയ കലാരൂപങ്ങളും പഞ്ചായത്തിൽ അങ്ങിങ്ങായി ഇന്ന് നിലനിൽക്കുന്നു.

ഉത്സവങ്ങൾ - ആഘോഷങ്ങൾ

ജീവിതഗന്ധിയായ കലകളും കളികളും കലാരൂപങ്ങളും നമ്മുടെ പ്രദേശത്ത് ഏറെ ഉണ്ടായിരുന്നു. പലതും ഇന്ന് വേരറ്റുപോയിരിക്കുന്നു. അനുഷ്ഠാനങ്ങളുടെ പേരിലാണ് പുരക്കളി പോലുള്ള കലകൾ ഇന്നും നിലനിൽക്കുന്നത്.

ഗ്രാമമനസ്സിനെ ഉണർത്തുകയും ആഹ്ലാദം കൊള്ളിക്കുകയും ചെയ്തിരുന്ന മുഖ്യകേന്ദ്രങ്ങൾ ക്ഷേത്രങ്ങളായിരുന്നു. ക്ഷേത്രങ്ങളിലും സാമൂഹ്യഘടനയുലും സിരാകേന്ദ്രമായി നിലനിന്നിരുന്നത്

ദയരമംഗലം ക്ഷേത്രമാണ്. വേങ്ങക്കേട്ട്, സോമേശ്വരി, കുർമ്പഭഗവതി, കോതോളി ഭഗവതി, കോതോളി ഗുളികൻ, കൊട്ടുമ്പുറം, വിഷ്ണുമൂർത്തി (കുണ്ടം - നായത്തറ) വടക്കേൻവാതിൽ, കോട്ടം, കുനുത്തൂർ ക്ഷേത്രം, മുലയില്ലാത്തമ്പലം, ചെമ്പിലോട്ട് ഭഗവതി ക്ഷേത്രം, കരക്കക്കാവ് ഭഗവതി ക്ഷേത്രം, വീതകുന്ന്, കളരിക്കൽ മാപ്പിടച്ചേരികാവ്, മഞ്ഞത്തൂർ ഭഗവതി, ആദിഭൈരവക്ഷേത്രം, പണയക്കാട്ട്, ചന്തേര മുച്ചിലോട്ട്, വലിയപൊയിൽ കാരഗുളികൻ എന്നിവയാണ് തെയ്യം കെട്ടിയാടിക്കാറുള്ള പ്രധാന ക്ഷേത്രങ്ങൾ. വർഷംതോറും കളിയാട്ടം, പുരോത്സവം, പാട്ടുത്സവം എന്നിവ കൊണ്ടായുമ്പോൾ ചില ക്ഷേത്രങ്ങളിൽ നീണ്ടകാലയളവിനു ശേഷമേ ഉത്സവം നടക്കാറുള്ളു. പുരോത്സവത്തോടനുബന്ധിച്ചു നടക്കുന്ന ആറാട്ട് (ദയരമംഗലം ക്ഷേത്രം), സോമേശ്വരി ക്ഷേത്രത്തിലെ പൊറാട്ട് എന്നിവ പ്രസിദ്ധമാണ്.

തീയ, മണിയാണി, വാണിയ, വിശ്വകർമ്മ, പത്മശാലിയ എന്നിങ്ങനെ വ്യത്യസ്ഥ സമുദായങ്ങളിൽ പെട്ട ക്ഷേത്രങ്ങളായ ആചാരാനുഷ്ഠാനങ്ങളാണ് അനുവർത്തിച്ചുപോരുന്നത്.

തിരുനെല്ലൂർ ശിവക്ഷേത്രം, മട്ടലായി ശിവക്ഷേത്രം, ഏച്ചിക്കുളങ്ങര ശ്രീനാരായണപുരം ക്ഷേത്രം, മണിയറ ശിവക്ഷേത്രം, കൊടക്കാട് കിഴുക്കേര ധർമ്മശാസ്താക്ഷേത്രം, സുബ്രഹ്മണ്യക്ഷേത്രം, പടിഞ്ഞാറേക്കര ഉണ്ണികൃഷ്ണൻ ക്ഷേത്രം എന്നീ സ്ഥാനങ്ങളിൽ നിത്യപൂജാദി കർമ്മങ്ങളും വിശേഷാൽ ദിവസങ്ങളിൽ കാഴ്ച, മറ്റ് ഉത്സവങ്ങൾ എന്നിവയും നടക്കാറുണ്ട്.

പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുമതവിഭാഗങ്ങളിൽ പെട്ടവരാണെങ്കിലും ന്യൂനപക്ഷവിഭാഗവുമായി കൈകോർത്ത് മതസൗഹാർദ്ദത്തോടെ ജീവിക്കുന്നവരാണ് ഇവിടത്തെ ജനങ്ങൾ. ചന്തേര, വെള്ളച്ചാൽ ഭാഗങ്ങളിലായി മുസ്ലിം ജനവിഭാഗങ്ങളും താമസിക്കുന്നുണ്ട്. വെള്ളച്ചാൽ, ചന്തേരയിലെ ജുമാഅത്ത് പള്ളി പ്രസിദ്ധമാണ്. ക്രിസ്തുമതവിശ്വാസികളുടെ ആരാധനാകേന്ദ്രമാണ് കുഞ്ഞിപ്പാറ ചർച്ച് മടലായിലെ ചർച്ച്, നെൽകൃഷിയെ, ക്രൂരമൃഗങ്ങളിൽ നിന്നും കൊള്ളക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള 'കാവൽക്കാർ' സവിശേഷപ്പെട്ട ഒരാചാരമാണ്.

വായനശാലകൾ, കലാസമിതികൾ, ഗ്രന്ഥാലയങ്ങൾ എന്നിങ്ങനെ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൊടക്കാട് നാരായണസ്മാരകവായനശാല, പൊള്ളപ്പൊയിൽ കൈരളി ഗ്രന്ഥാലയം, ഏച്ചിക്കൊവ്വൽ ഗ്രാമീണവായനശാല, പി.സി.കെ.ആർ അടിയോടി സ്മാരക കലാസമിതി പിലിക്കോട് വയൽ, സി.ആർ.സി ഗ്രന്ഥാലയം പടുവളം, വിജ്ഞാനദായിനി വായനശാല മാണിയാട്ട് എന്നിവ പഞ്ചായത്തിലെ പേരുകേട്ട സാംസ്കാരിക സ്ഥാപനങ്ങൾ ആണ്. ഇതിനുപുറമെ നിരവധി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകളും മൂന്ന് ഫൈൻആർട്ട്സ് സൊസൈറ്റികളും പഞ്ചായത്തിനകത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. രമ്യ ഫൈൻ ആർട്സ് സൊസൈറ്റി സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായ നിരവധി പരിപാടികൾ സംഘടിപ്പിച്ച് ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. കാലിക്കടവ് കേന്ദ്രമാക്കി ഒരു പുരക്കളി പഠനകേന്ദ്രം അടുത്ത കാലത്തായി ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ സാംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിൽ ഇന്നാട്ടിലെ അമേച്വർകലാസമിതികളും കായികക്ലബ്ബുകളും മറ്റ് സന്നദ്ധസ്ഥാനങ്ങളും വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ഉത്സവദിനങ്ങളിൽ വാർഷികങ്ങളിലും നാടകങ്ങളും നൃത്തപരിപാടികളും സ്വയം പരിശീലിച്ച് നാട്ടുകാരുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് സ്ഥാപനങ്ങളുടെ സജീവത നിലനിർത്തുന്നു. നാടകം നടത്തുന്നതിനുവേണ്ടിമാത്രം രൂപം കൊള്ളുകയും അതോടുകൂടി പ്രവർത്തനരഹിതമാവുകയും ചെയ്യുന്ന ഒട്ടേറെ ക്ലബ്ബുകൾ പഞ്ചായത്തിനകത്തുണ്ട്. പൊള്ളപ്പൊയിൽ കൈരളി ഗ്രന്ഥാലയം, കാലിക്കടവ് റെഡ്സ്റ്റാർ കലാസമിതി, കൊടക്കാട് നാരായണസ്മാരക ഗ്രന്ഥാലയം, ആനിക്കാടി വിജ്ഞാനദായിനി വായനശാല എന്നിവയോടനുബന്ധിച്ച് ബാലവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ദേശീയബോധം തുളുമ്പുന്ന കവിതകൾ രചിച്ച് സാധാരണക്കാരെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലേക്ക് ആകർഷിച്ച ടി.സുബ്രഹ്മണ്യ തിരുമുമ്പ് താമസിച്ച വിട് സാംസ്കാരിക കേന്ദ്രമായി വളർത്തിക്കൊണ്ടുവരേണ്ടിയിരിക്കുന്നു. പ്രസ്തുത ഭവനം ഇന്ന് കാർഷികകോളേജിന്റെ നാലു ചുമരുകൾക്കുള്ളിൽ അനാഥമായി കിടക്കുന്നു.

ആയിരക്കണക്കിന് പുസ്തകങ്ങളുള്ള ഗ്രന്ഥശാലകൾ ഉണ്ടെങ്കിലും ശരാശരി പുസ്തകവായനാ നിരക്ക് കുറഞ്ഞുവരികയാണ്. ഗൗരവമേറിയ വായന എന്ന സ്വഭാവം തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ടെലിവിഷൻ പരിപാടികളും ഡിഷ്-കേബിൾ ടി.വി. പരിപാടികളുമാണ് വായനാശീലം കുറഞ്ഞുവരുന്നതിനു കാരണം. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനവും തൃപ്തികരമല്ല.

കായികരംഗം

വിശാലമായ കളിസ്ഥലവും ആരോഗ്യമുള്ള യുവതലമുറയും കായികരംഗത്ത് വിസ്മയങ്ങൾ കൊയ്യാനുള്ള രണ്ട് ഘടകങ്ങളാണ്. പക്ഷേ ആസൂത്രിതമായ നീക്കങ്ങളുടെ അഭാവം കാരണം ശുഷ്കമായ ഒരു കായികചരിത്രം മാത്രമേ നമുക്കുള്ളു. വോളിബോൾ, ഫുട്ബോൾ കളികളിൽ പ്രാവീണ്യം തെളിയിച്ച നിരവധി കായികതാരങ്ങളെ കണ്ടെത്താൻ കഴിഞ്ഞെങ്കിലും അവരുടെ പ്രാവീണ്യം തെളിയിക്കാനാവശ്യമായ പരിശീലനം കൊടുക്കാൻ പല ക്ലബ്ബുകളിലും സംവിധാനങ്ങളില്ല. കൊടക്കാട് നാരായണ സ്പോർട്സ് ക്ലബ്ബ് വോളിബോൾ താരങ്ങളെ സംഭാവന ചെയ്ത ക്ലബ്ബുകളിൽ ഒന്നാണ്. ഇന്ത്യൻ വനിതാ ഫുട്ബോൾ താരങ്ങളെ സംഭാവന ചെയ്ത ഝാൻസി ക്ലബ്ബ് നമ്മുടെ പഞ്ചായത്തിലാണ്. നിരവധിപേർക്ക് തൊഴിൽ ലഭിക്കുന്നതിന് ഇന്നും കായിക സ്ഥാപനങ്ങളിലൂടെ നൽകിയ സംഭാവനകൾ വലുതാണ്. ജില്ലാ - സംസ്ഥാനതലത്തിൽ വന്ന അംഗീകാരങ്ങൾ പിടിച്ചുപറ്റിയ കായികതാരങ്ങളെ വളർത്തിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിനകത്തെ ആകെ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് എണ്ണം 56 ആണ്.

സാധ്യതകൾ

* പഞ്ചായത്തിലെ മുഴുവൻ ഗ്രന്ഥാലയങ്ങൾ, വായനശാലകൾ, ആർട്സ് ക്ലബ്ബുകൾ, സ്പോർട്സ് ക്ലബ്ബുകൾ എന്നിവ ഉൾപ്പെടുന്ന ഒരു പൊതുവേദി (പഞ്ചായത്ത് സാസ്കാരികസംഘം) രൂപീകരിക്കണം.
* തെയ്യം, കോൽക്കളി, കളംപാട്ട്, പുരക്കളി തുടങ്ങിയ പ്രാചീന കലാരൂപങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
* നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വായനാശീലത്തെ പുനരുജ്ജീവിപ്പിക്കാനും, സാക്ഷരതാ പ്രവർത്തനം സജീവമാക്കാനും ജനവിദ്യാ കേന്ദ്രങ്ങൾക്ക് പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.
* ഒരുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി പഞ്ചായത്തിനകത്തെ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്ഥാപന

ത്തിന് അവാർഡുകൾ നൽകുക.

* സാംസ്കാരിക സംഘത്തിന്റെ അംഗസംഘടനകൾക്ക് പത്രങ്ങൾ, മറ്റ് ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകാനുള്ള സാധ്യതകൾ ആരായുക.

* വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത പ്രദേശങ്ങളിൽ ആവശ്യമെങ്കിൽ അവ സ്ഥാപിക്കാനുള്ള ശ്രമം നടത്തുക.

* പഞ്ചായത്തടിസ്ഥാനത്തിൽ നടക്കുന്ന ആഘോഷങ്ങൾ (പഞ്ചായത്ത് ദിനാഘോഷം, ഓണം, കേരളോത്സവം).എന്നിവ ജനകീയ പങ്കാളിത്തത്തോടെ നടത്തുക.

* സാമൂഹ്യക്ഷേമ പരിപാടികൾ ജനങ്ങൾക്കിടയിൽ യഥാസമയം എത്തിക്കുന്നതിനും, അർഹതപ്പെട്ടവർക്ക് അവ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രത്യേക സെൽ രൂപീകരിക്കുക.

* സ്കൂൾതലത്തിൽ ശാസ്ത്രീയമായ പരിശോധനയിലൂടെ കുട്ടികളുടെ കായികാഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കും.

* പഞ്ചായത്ത്തലത്തിൽ രൂപീകരിക്കുന്ന കേന്ദ്രകായിക സമിതിയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികവിദ്യകൾ സംഘടിപ്പിക്കുക.

* അവധിക്കാലങ്ങളിൽ പ്രഗത്ഭരെ പങ്കെടുപ്പിച്ചു വിവിധ കേന്ദ്രങ്ങളിൽ വെച്ച് കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

* പിലിക്കോട് കേന്ദ്രമാക്കി ഒരു സ്ഥിരം കോച്ചിംങ്ങ് സെൻറർ എന്ന ആശയം പ്രാവർത്തികമാകുക.

* പഞ്ചായത്ത് മൈതാനം സംരക്ഷിക്കുന്നതിനും സ്റ്റേഡിയം നിർമ്മിക്കുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യണം.

* കേന്ദ്രകായിക സമിതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട മുഴുവൻ സ്പോർട്സ് ക്ലബ്ബുകൾ യഥാസമയം പ്രവർത്തിക്കുന്നുവെ ഉറപ്പുവരുത്തുന്നതോടൊപ്പം അവക്ക് പ്രവർത്തിക്കാനാവശ്യമായ സാധ്യമായ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുക.

പ്രശ്നങ്ങൾ

* പൊള്ളപ്പൊയിൽ, കരക്കേരു എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തപ്പെടാനുള്ള സംവിധാനമില്ല.

* പഞ്ചായത്തിലെ ബാലവാടികൾ/നഴ്സറികൾ നടത്തിപ്പിന് ഒട്ടേറെ പ്രയാസങ്ങൾ നേരിടുന്നു.

* കാലിക്കടവ് പഞ്ചായത്ത് മൈതാനി മഴക്കാലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നു. സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം കാരണം ഡ്രൈവിംഗ് പരിശീലനത്തിനുപോലും വ്യാപകമായി ഉപയോഗിക്കപ്പെടുന്നു.

* വെള്ളച്ചാലിലെ മിനിസ്റ്റേഡിയം പണിപൂർത്തിയായിട്ടില്ല.

* വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ലാത്ത വാർഡുകളുണ്ട്.

* പ്രാചീനങ്ങളായ പല കായികരൂപങ്ങളും മൺമറഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു.

* കലാസാഹിത്യാഭിരുചിയുള്ള ദരിദ്രവിദ്യാർഥികൾക്ക് ചെലവേറിയ യുവജനോത്സവങ്ങളിലോ മറ്റോ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്നില്ല. അത്തരം വിദ്യാർഥികളെ കണ്ടെത്തി വളർത്തുന്നില്ല.

* സ്കൂൾ ലൈബ്രറി, വായനാമുറി പ്രവർത്തനം തൃപ്തികരമല്ല.

* കലാകായിക സ്ഥാപനങ്ങൾക്ക് വിവിധ ഏജൻസികൾ വഴി നൽകുന്ന ധനപരവും അക്കാദമികപരവുമായ സഹായങ്ങൾ നിർദ്ദേശങ്ങൾ, ജില്ലാ - പഞ്ചായത്ത് ദേശീയതലങ്ങളിൽനടത്തുന്ന മത്സരങ്ങൾ, മറ്റു പ്രവർത്തനങ്ങൾ എന്നിവയെ തിരിച്ചറിയാൻ ഒരു വിവരശേഖരണകേന്ദ്രം ഇല്ലാത്തതിന്റെ പ്രശ്നങ്ങളുണ്ട്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

* പഞ്ചായത്തിലെ സാംസ്കാരിക സമിതി രൂപീകരിച്ച് മുഴുവൻ സ്ഥാപനങ്ങളെയും രജിസ്റ്റർ ചെയ്യുക. കർമ്മപരിപാടികൾ ആവിഷ്കരിക്കുക.

* വായനശാലകളോ, ഗ്രന്ഥാലയങ്ങളും ഇല്ലാത്ത വാർഡുകളിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ, അവ ആരംഭിക്കാൻ എല്ലാ വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും മുന്നു വർത്തമാനപത്രങ്ങൾ വീതം നൽകുക, നിലവിലുള്ള ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടെയും പ്രവർത്തനം സജീവമാക്കുക. വൈദ്യുതി ഇല്ലാത്ത വായനശാലകളിൽ വൈദ്യുതി എത്തിക്കാൻ നടപടി ആരംഭിക്കുക.

* സാംസ്കാരിക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിവിധ ഗ്രാൻറുകൾ പഞ്ചായത്ത് മുഖേന വിതരണം നടത്താനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

* കാലിക്കടവിൽ പഞ്ചായത്ത് സാംസ്കാരിക നിലയവും കമ്മ്യൂണിറ്റിഹാളും ഒരു റഫറൻസ് ലൈബ്രറിയും ആരംഭിക്കുക. വാർഡുകളിൽ ഒരു സ്ഥാപനത്തെ വാർഡ്തല സാംസ്കാരികനിലയമായി നിശ്ചയിക്കണം.

* പഞ്ചായത്തിലെ വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും കലാസമിതികൾക്കും ഗവൺമെൻറ് സഹായത്തോടെ ടി.വി.സെറ്റുകൾ സ്ഥാപിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

* സാക്ഷരതാപ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക.

* ഒരു നാടൻകലാ തിയേറ്റർ സ്ഥാപിച്ച്, നാടൻകലകളെ സംരക്ഷിക്കുന്നതിനും അവയെ പരിചയപ്പെടുത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുക.

* അവധിക്കാലങ്ങളിൽ കലാസാഹിത്യാഭിരുചിയുള്ള വിദ്യാർഥികളുടെ ഒത്തുചേരലിന് അവസരമുണ്ടാക്കുക. അവർക്ക് കലാസാഹിത്യമത്സരങ്ങളിൽ പരിശീലനം ഏർപ്പെടുത്തുക.

* സ്കൂൾ തലത്തിൽ നടത്തേണ്ടുന്ന പാഠ്യേതര പ്രവർത്തനങ്ങൾ സ്കൂൾ അധികൃതരെ സഹായിക്കാനാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തിന്നതിന് പ്രാദേശിക സാംസ്കാരിക സ്ഥാപനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും ചുമതലകൾ നൽകുക.

* യുവതലമുറയിലെ എഴുത്തുകാരെ കണ്ടെത്താൻ, ക്ലബ്ബ് അടിസ്ഥാനത്തിൽ കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കാനും വർഷത്തിൽ ഒരുതവണ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രദർശനം ഒരുക്കാനും ഏർപ്പാട് ചെയ്യുക.

* പിലിക്കോട് ഗവൺമെൻറ് യു.പി.സ്കൂൾഗ്രൗണ്ട് മിനി സ്റ്റേഡിയമാക്കി മാറ്റുക.

* പഞ്ചായത്ത് - ജില്ലാ - സംസ്ഥാന ദേശീയതലങ്ങളിൽ നടക്കുന്ന കല - കായിക മത്സരങ്ങളിൽ പഞ്ചായത്തിൽ നിന്നും പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന തരത്തിൽ പ്രതിഭകൾക്ക് ധന

സഹായം, പരിശീലനം എന്നിവ നൽകണം.

* സ്പോർട്സ് രംഗത്ത് പരിശീലനം നൽകാനുള്ള കഴിവുള്ള വ്യക്തികൾ പഞ്ചായത്തിലുണ്ട്. അവ ഉപയോഗപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി പരിശീലനക്ലാസുകൾ സംഘടിപ്പിക്കണം.

* പഞ്ചായത്ത് തലത്തിൽ ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കണം.

* മദ്യപാനം, പുകവലി, മയക്കുമരുന്ന്, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയെ കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് സാമൂഹ്യസ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

ഗ്രന്ഥാലയങ്ങൾ - വിശദവിവരം

ക്രമ നമ്പർ	വാർഡ് നമ്പർ	ഗ്രന്ഥാലയത്തിന്റെ പേര്	കീഴിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ	സ്ഥാപിത വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിവരണം	ആനുകാലികങ്ങളുടെ എണ്ണം	മെമ്പർമാരുടെ എണ്ണം
1.	1	ജനത ലൈബ്രറി, കരപ്പാത്ത്	ഇല്ല						
2.	2	നവോദയ ഗ്രന്ഥാലയം, പന്തേര	മഹിളാസമാജം ബാലവാടി	1976	എഫ്	2150	300	14	80
3.	4	വിജ്ഞാനദായിനി ഗ്രന്ഥാലയം, മാണിയാട്ട്	--	1927	സി	4537	650	10	185
4.	5	ഗ്രാമീണവായനശാല ഗ്രന്ഥാലയം,എച്ചിക്കൊവ്വൽ	ബാലവാടി മഹിളാസമാജം	1962	ഇ	2600	65	9	250
5.	7	ജനകീയ വായനശാല ഗ്രന്ഥാലയം പുത്തിലോട്ട്	സ്പോർട്സ്ക്ലബ്ബ്		1976	എഫ്	3000	230	115
6.	7	സി.ആർ.സി ഗ്രന്ഥാലയം, പടുവളം	ഇല്ല	1957	സി	4500	600	6	250
7.	8	കൈരളി ഗ്രന്ഥാലയം, പൊള്ളപ്പൊയിൽ	കൈരളിസ്പോർട്സ് ക്ലബ്ബ്,ആർട്സ്ക്ലബ്ബ് ജനവിദ്യാകേന്ദ്രം	1957	ബി	3652	1050	16	215
8.	10	നാരായണ സ്മാരക വായനശാല, ഗ്രന്ഥാലയം ഓലാട്ട്	വായനശാല	--	സി	4723	600	15	264

''ഗതകാലത്തോട് പല വിധത്തിലും നാം കടപ്പെട്ടിരിക്കുന്നു
ഭാവിയോടും നമുക്ക് കടമയുണ്ട് ആ കടമയാകട്ടെ
ഭൂതകാലത്തോടുള്ളതിനേക്കാൾ
ഒരു പക്ഷെ കൂടുതലായിരിക്കും''

-ജവഹർലാൽ നെഹ്റു



5.9

വനിത

1939 വരെ ഈ പ്രദേശത്ത് സ്ത്രീകളുടെ സാമൂഹ്യ മാറ്റത്തിനായി കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടന്നിരുന്നില്ല. 1939ൽ കൊടക്കാട് വെച്ചു നടന്ന കർഷക സമ്മേളനത്തോടനുബന്ധിച്ച് ഒരു മഹിളാ സമ്മേളനം നടന്നു. പ്രസ്തുത സമ്മേളനത്തിൽ ജാതിവ്യത്യാസം കൂടാതെ സ്ത്രീകൾ പങ്കെടുത്തു. ശ്രീമതി. പി.സി കാർത്ത്യായനിക്കുട്ടി അമ്മ സെക്രട്ടറിയും ശ്രീമതി ചേനൻ വീട്ടിൽ ലക്ഷ്മി അമ്മ പ്രസിഡണ്ടും ആയി ആദ്യത്തെ മഹിളാ സംഘടന രൂപം കൊണ്ടു. ജാതിവ്യവസ്ഥക്കും അനാചാരത്തിനും ശക്തമായ തുടക്കമായിരുന്നു അത്.

1944ലെ ചീമേനി തൊൽ - വിറക് സമരമാണ് ഈ പ്രദേശത്തെ സ്ത്രീകളെ സാമൂഹ്യ ശക്തിയാക്കി മാറ്റിയത്. താഴക്കാട് മനയുടെ കൈവശമുണ്ടായിരുന്ന ഭൂമിയിൽ നിന്നാണ് കാർഷികാവശ്യത്തിനുള്ള തോല്, വീട്ടാവശ്യത്തിനുള്ള വിറക്, പുര കെട്ടിമേയാനുള്ള പുല്ല് എന്നിവ സ്ത്രീകൾ സൗജന്യമായി ശേഖരിച്ചിരുന്നത്. എന്നാൽ താഴക്കാട് മന പ്രസ്തുത പതിനായിരം ഏക്കർ ഭൂമി ശ്രീ. കൊട്ടുകാപ്പള്ളിക്ക് വിറ്റതോടെ ഈ അവകാശം നിഷേധിച്ചു. തോലും വിറകും ശേഖരിക്കാൻ ചെന്ന സ്ത്രീകളെ ജന്മിയുടെ ആൾക്കാർ അപമാനിച്ചു. ഇതിനെതിരായി വൻ പ്രക്ഷോഭം ഉയർന്നു. സ്ത്രീപുരുഷന്മാർ ഒന്നിച്ചണിനിരന്ന് സമരം നടത്തി അവകാശം സ്ഥാപിച്ച് സമരം അവസാനിപ്പിച്ചതോടെ സ്ത്രീകൾ ഈ പ്രദേശത്തിന്റെ ചരിത്രത്തിൽ ഒരു ശക്തിയായി തീർന്നു.

1991ലെ സെൻസസ് പ്രകാരം പിലിക്കോട് പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യ 11043ആണ്. പുരുഷ ജനസംഖ്യയേക്കാൾ 876 വനിതകൾ അധികമാണ്. സ്ത്രീകളുടെ എണ്ണത്തിലുള്ള ഈ വർദ്ധന നാടിന്റെ സാമൂഹ്യമാറ്റത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു. പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം 1086 ആണെന്ന് കാണുന്നു. ഇത് സംസ്ഥാന ശരാശരിയായ 1036നെക്കാൾ ഗണ്യമായ വർദ്ധന കാണിക്കുന്നു. ഇതിന് കാരണമെന്തെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ഔപചാരിക വിദ്യഭ്യാസരംഗത്ത് സ്ത്രീപുരുഷ അന്തരം വളരെ പ്രകടമല്ല. അദ്ധ്യായം 4.4ൽ പട്ടിക 4.1ഡിയിൽ പഞ്ചായത്തിലെ വിദ്യാർഥികളുടെയും വിദ്യാർഥിനികളുടെയും കണക്ക് ഇക്കാര്യം വ്യക്തമാക്കുന്നു. എന്നാൽ സാക്ഷരതാനിരക്കിൽ ഗണ്യമായ അന്തരമുണ്ട് - പുരുഷന്മാർ 94.68% സ്ത്രീകൾ 83.56%

ദരിദ്ര ഭൂരിപക്ഷത്തിന്റെ ഇടയിൽ കുടുംബത്തിന്റെ ഭാരം മുഴുവൻ പേറേണ്ടിവരുന്നത് സ്ത്രീകളാണെന്നത് അവരുടെ അവസ്ഥ ഗുരുതരമാക്കുന്നു. കൃത്യസമയത്ത് ഭക്ഷണം ഉണ്ടാക്കുന്നതോടൊപ്പം ഫലമൂലാദികളും വിറകും ശേഖരിക്കൽ, ആടുമാടുകളെ നോക്കൽ, പുരയിട കൃഷിയുമായി ബന്ധപ്പെട്ട നൂറുകൂട്ടം പണികൾ, ഇവയൊക്കെ പൂർത്തിയാക്കുവാനുള്ള ബാധ്യത വീട്ടമ്മയായ സ്ത്രീകൾക്കാണ്. സർക്കാൽ ജോലിക്കോ കൂലിപ്പണിക്കോ പോയതുകൊണ്ട് ഈ ഉത്തരവാദിത്വം അവരിൽ നിന്ന് ഒഴിവാകുന്നില്ല.

പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ 1920കളിൽ തന്നെ പഞ്ചായത്തിന്നകത്ത് ലഭ്യമായിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് വിദ്യാസ്ഥലങ്ങളെ (പയ്യന്നൂർ നിലേശ്വരം) ആശ്രയിക്കേണ്ടിവരുന്നത് മൂലം സ്ത്രീകളെ സംബന്ധിച്ചിടത്തോളം പണ്ടുകാലത്ത് ഉന്നതവിദ്യാഭ്യാസം കിട്ടാക്കനിയായി മാറി. വിദ്യാഭ്യാസരംഗത്ത് പുരിഷന്മാരോടൊപ്പം എത്താൻ അടുത്തകാലം വരെ പഞ്ചായത്തിലെ സ്ത്രീസമൂഹത്തിന് കഴിഞ്ഞിട്ടില്ല.

തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്ത് അന്യത്ര ചേർത്തിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷക തൊഴിലാളികൾ	1209	983
മൃഗസംരക്ഷണം	7	72
ചെറുകിട വ്യവസായം	18	27
കെട്ടിടനിർമ്മാണം	7	236
ഗതാഗതം	29	243
വാർത്താവിനിമയം		
വ്യാപാരം	80	512
കൃഷി	408	499
മറ്റുള്ളവ	219	709

(അവലംബം : സെൻസസ് '91)

തൊഴിൽപങ്കാളിത്ത നിരക്ക് പുരിഷന്മാരുടേത് 46.1 ആണെന്നും സ്ത്രീകളുടേത് 29.9 ആണെന്നും കാണാം. പഞ്ചായത്തിർ തൊഴിലെടുക്കുന്ന സ്ത്രീകളുടെ 46 ശതമാനവും കാർഷികമേഖലയിലും നിർമ്മാണമേഖലയിലുമായി തൊഴിൽ ചെയ്യുന്നുവെന്നാണ് കണ്ക്കുകർ സൂചിപ്പിക്കുന്നത്. ബീഡി (ദിനേശ്, സ്വകാര്യം) നെയ്ത്ത്, ഖാദി എന്നിവ ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 500ൽ കുറവ്. സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വേതനം പറ്റുന്നവർ 200നടുത്ത് മാത്രമേ വരുന്നുള്ളു. മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങളിൽ ജില്ലാതലത്തിൽ വരെ അംഗീകാരങ്ങൾ പിടിച്ചുപറ്റിയ ചന്തേര മഹിളാ സമാജം, പൊള്ളപ്പൊയിൽ കൈരളി മഹിളാസമാജം എന്നിവയുടെ പ്രവർത്തനം ശ്രദ്ധേയമാണ്. ഓലാട് നാരായണസ്മാരക ഗ്രന്ഥാലയത്തോടനുബന്ധിച്ചും ഒരു മഹിളാസമാജം പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂൾതലത്തിർ രൂപീകരിച്ച മദർ പി.ടി.എ പഠനപ്രക്രിയയിൽ അമ്മമാരുടെ പങ്കാളിത്ത് ഉറപ്പുവരുത്തുന്നതിൽ മാതൃകാപരമായ പരിപാടികൾ നടത്തിവരുന്നുണ്ട്. പഞ്ചായത്തിൽ സമഗ്ര വികസന യജ്ഞത്തിന്റെ ഭാഗമായി നടന്ന വിഭവ ഭൂപടസർവ്വെ, സാമൂഹിക സാമ്പത്തികസർവ്വെ, നീരൊഴുക്ക് സർവ്വെ, വിദ്യഭ്യാസ സമിതി പ്രവർത്തനങ്ങൾ എന്നിവയിൽ ഉറപ്പാക്കിയ സ്ത്രീ പങ്കാളിത്തം മെച്ചപ്പെട്ടതാണ്.

മാണിയാട്ട് വിവേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയിൽ ഭൂരിഭാഗം

സ്ത്രീ തൊഴിലാളികളാണ്. വന്നലോത്ത് പ്രവർത്തിക്കുന്ന ഖാദി സബ്സെൻറർ, പിലിക്കോട് കരപ്പാത്ത്, മാണിയാട്ട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ദിനേശ്ബീഡി എന്നിവയിലും സ്ത്രീതൊഴിലാളികൾ ധാരാളമായി ജോലി ചെയ്യുന്നു. കുഞ്ഞിപ്പാറയിൽ പ്രവർത്തിക്കുന്ന ഡി.ഡബ്ല്യു.സി.ആർ.എ. ഗാർമെൻറ്സ് യൂനിറ്റിൻെറ പ്രവർത്തനം ഫലപ്രദമല്ല. ഇത്തരം വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ നേതൃസ്ഥാനം വഹിക്കാനാവശ്യമായ പരിശീലനമോ ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യമോ ഇല്ലാത്തത് ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുന്നു.

മാണിയാട്ട് ശിശുമന്ദിരം, ഏച്ചിക്കൊവ്വൽ ഗ്രാമീണ ബാലവാടി, കാലിക്കടവ് റെഡ്സ്റ്റാർ അക്ഷര നഴ്സറി, ആനിക്കാടി വിജ്ഞാനദായനി ബാലവാടി, പൊള്ളപ്പൊയിൽ കൈരളി ബാലവാടി, കുഞ്ഞിപ്പാറ ഗൃഹലക്ഷ്മി ബാലവാടി, ഓലാട്ട് നാരായണ സ്മാരക ബാലവാടി, എരവിൽ ഗ്രാമസ്ത്രീ ബാലവാടി എന്നിവയാണ് പ്രധാനപ്പെട്ട ശിശുസംരക്ഷണ സ്ഥാപനങ്ങൾ. 1,3,6,7,9 വാർഡുകളിൽ ബാലവാടികൾ തീരെയില്ല. ബാലവാടികൾ പ്രവർത്തിക്കുന്ന വാർഡുകളിൽ തന്നെ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിനും പ്രവർത്തനം സജീവമാക്കുന്നതിനും ജനകീയ ഇടപെടലുകൾ നേണ്ടത്ര ഫലത്തിലെത്തിയിട്ടില്ല. കളിച്ചും ചിരിച്ചും വളരേണ്ട കുരുന്നു ശൈശവത്തെ ഷൂസും കോട്ടു കെട്ടി വാഹനങ്ങളിൽ ഇംഗ്ലീഷ്മീഡിയത്തിലേക്ക് കയറ്റിഅയക്കുന്ന പ്രവണത പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ കണ്ടുതുടങ്ങിയിട്ടുണ്ട്.

അടുക്കള പുകക്കുള്ളിൽ വെന്തുകഴിയുന്ന ഒരു വീട്ടമ്മയുടെ നീറ്റുന്ന ജീവിതത്തിന് തെല്ലൊരാശ്വാസമായിരുന്നു പരിഷത്ത് അടുപ്പുകൾ. ഐ.ആർ.ഇ.പി. പദ്ധതി പ്രകാരം പ്രസ്തുത അടുപ്പുകൾ മുഴുവൻ വീടുകളിലും വ്യാപിപ്പിക്കാൻ പരിപാടിയുണ്ടെങ്കിലും അടുപ്പിൻെറ ഉപയോഗം സംരക്ഷണം സൗകര്യം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നത് കാരണം പല വീടുകളിലും അവയിന്ന് പ്രദർശനംവസ്തുവായി നിലനിൽക്കുന്നു. രൂക്ഷമായ വിറകക്ഷാമം വരുംനാളുകളിൽനാം അഭിമുഖീകരിക്കേണ്ടുന്ന ഒരു പ്രശ്നമാകുവാൻ സാധ്യതയുള്ളപ്പോൾ ഈ കാര്യം ഗൗരവമായി ചിന്തിക്കണം. ഗ്യാസ് സ്റ്റൗ അടുപ്പുകളും, മണ്ണെണ്ണ അടുപ്പുകളും ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിഹാരമല്ല.

രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുമ്പോൾ തന്നെ കുറഞ്ഞ വേതനനിരക്കും സ്ത്രീകൾ നേരിടുന്ന ഒരു പ്രശ്നമാണ്. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന നെയ്ത്ത് സഹകരണബീഡി എന്നി മേഖലകളിൽ ഇത് വളരെ പ്രകടമാണ്.

ഒരേ തൊഴിൽ മേഖലയിൽ തന്നെ സ്ത്രീകൾക്കും പുരിഷന്മാർക്കും വെവ്വേറെ കൂലിനിരക്കുകൾ വ്യക്തമാക്കുന്ന പട്ടിക ശ്രദ്ധിക്കുക.

തൊഴിൽമേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി	32	45
നിർമ്മാണതൊഴിലാളി	60	125
സാധ്യതകൾ		

*സ്ത്രീകളുടെ സമ്പൂർണ്ണ സാക്ഷരതയും അടിസ്ഥാന പൊതുവിദ്യാഭ്യാസത്തിൻെറ പൂർണ്ണമായ വ്യാപനവും.

*ശിശു പരിപാലനത്തിൻെറ പൂർണ്ണമായ സാമൂഹ്യവൽക്കരണം, ഡേകെയർ ഹോമുകൾ, അംഗൻവാടി, ബാലവാടി സംവിധാനം മുതലായവയെ ഉപയോഗപ്പെടുത്തി അഞ്ചുവയസുവരെയുള്ള കുട്ടികളുടെ പൂർണ്ണമായി സാമൂഹ്യ സുരക്ഷാസംവിധാനത്തിൻെറ വളർച്ച സാധിതപ്രായമാക്കുക.

*സ്ത്രിശരീരത്തെക്കുറിച്ചും, ആർത്തവം, ഗർഭധാരണം, പ്രസവം മുതലായവയെക്കുറിച്ചുമുള്ള അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ പോരാട്ടവും അവയെക്കുറിച്ചുള്ള ശാസ്ത്രീയ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.

*സ്ത്രീകളെ സംബന്ധിച്ച നിയമപരമായ വ്യവസ്ഥകളെക്കുറിച്ചുള്ള ബോധവൽക്കരണവും പുതിയ നിയമങ്ങൾക്കുവേണ്ടിയുള്ള പോരാട്ടവും സംഘടിപ്പിക്കുക.

*സ്ത്രീകളുടെമേലുള്ള ജാതീയവും മതപരവുമായ മർദ്ദനാനുപങ്ങൾക്കുമെതിരായ പോരാട്ടവും വ്യക്തിനിയമങ്ങളുടെ സ്ത്രീവിരുദ്ധവശങ്ങളുടെ പൊളിച്ചെഴുത്ത് അനിവാര്യമാക്കുക.

*സ്ത്രീകളെ പൂർണ്ണ തൊഴിൽശക്തികളാക്കാനും തൊഴിൽഘടനയിൽ ലിംഗപരമായ വ്യത്യാസം അവസാനിപ്പിക്കുന്ന (വേതനത്തിലും സാങ്കേതികമായ കഴിവുകളിലുമുള്ള വിവേചനവും ലൈംഗികതയുടെ ചൂഷണവും അവസാനിപ്പിക്കണം) പുതിയ തൊഴിൽഘടനയിലും വികാസം ഉറപ്പുവരുത്തുക.

*സ്ത്രീകളെ ലൈംഗിക ഉപഭോഗവസ്തുവാക്കുകയും ഗാർഹിക തൊഴിലാളികളായും കാണുന്ന സാംസ്കാരിക വൈജ്ഞാനിക നടപടികൾക്കെതിരെ പോരാട്ടശക്തമാക്കുക.

നേരിടുന്ന പ്രശ്നങ്ങൾ

1.തൊഴിൽമേഖലയിൽ വിദ്യാലയങ്ങളിലൊഴികെ സ്ത്രീകൾഅവഗണന നേരിടുന്നു.

2.സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തനയജ്ഞരായി പുറത്തുവരുന്നില്ല.

3.സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.

4.തൊഴിൽരംഗത്ത് നിലവാരം പുലർത്തുന്നതിനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

5.തുല്യജോലിക്ക് തുല്യവേതനം ഏട്ടിലെ പശുവായി നിലനിൽക്കുന്നു.

6.തൊഴിൽനിയമങ്ങൾ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.

7.സാമ്പത്തികഞെരുക്കം, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സാങ്കേതികതടസ്സമാണ്.

8.സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയാണ് വ്യക്തമായ അറിവില്ലായ്മ വിഷമിപ്പിക്കുന്നു.

9.ബാലവാടി അധ്യാപികമാർ ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു.

10.ബാലവാടികളിൽ പലതിനും സൗകര്യങ്ങളില്ല.

11.വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

12.സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്.

13.സാമാന്യവിദ്യഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയബോധനനിലവാരത്തിൻെറ അഭാവം അന്ധവിശ്വാസങ്ങളും അനാചാരങ്ങൾക്കും വിധേയമായി ജീവിക്കാൻ സ്ത്രീകളെ നിർബന്ധിക്കുന്നു.

14.പരമ്പരാഗത വ്യവസായസംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ സാമ്പത്തികസഹായം നൽകാനാവശ്യമായ സഹകരണസംഘങ്ങളോ ഏജൻസികളോ അടുത്തൊങ്ങുമില്ല.

15.മാണിയാട്ട് സോപ്പ് നിർമ്മാണയൂണിറ്റ് പ്രവർത്തനം നിശ്ചലമാണ്.

16.വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം അപര്യാപ്തമാണ്.

17.വിധവകൾക്കും മറ്റും നൽകുന്ന പെൻഷൻ പദ്ധതികൾ നടപടിക്രമങ്ങൾ വിഷമം സൃഷ്ടിക്കുന്നു.

പരിഹാര നിർദേശങ്ങൾ

1.പഞ്ചായത്തിലെ സഹകരണസംഘങ്ങൾ വഴി സ്ത്രീകൾക്കുള്ള പരമ്പരാഗത തൊഴിൽസംരംഭങ്ങൾ ശക്തിപ്പെടുത്താനുള്ള ധനസഹായം നൽകുക.

2.താഴെപ്പറയുന്ന തൊഴിൽസംരംഭങ്ങളിൽ പരിശീലനം നൽകി ഗ്രൂപ്പടിസ്ഥാനത്തിൽ തൊഴിൽ സംരംഭത്തിനുള്ള അവസരം നൽകുക.

3.റെഡിമെയ്ഡ്, കോഴിവളർത്തൽ, കാലിവളർത്തലും ഡയറിഫാമും, നേന്ത്രക്കായ ചിപ്സ്, ചക്ക, മാങ്ങ, പഴം എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള സ്ക്വാഷ്, കറിപൗഡർ, പപ്പടം യൂണിറ്റുകൾ.

4.അടുക്കളത്തോട്ടം, മുല്ലപ്പൂകൃഷി, ഔഷധത്തോട്ടം, ഓർക്കിഡ് കൃഷി. കൂൺകൃഷി, പട്ടുനൂൽകൃഷി എന്നിവയിൽ പരിശീലനം നൽകി വാർഡ്തലത്തിൽ

കൃഷി ആരംഭിക്കുക.

5.ബാഗ്, കസേര മടയൽ, ചെരിപ്പ്, ചിരട്ടകൊണ്ടുള്ള കൗതുകവസ്തു നിർമ്മാണം.

6.സോപ്പ്വ്യവസായം മാണിയാട്ട് ശക്തമാക്കുക

7.ഇലക്ട്രോണിക്സ് മീറ്ററുകളും ഉപകരണങ്ങളും റിപ്പേറിംഗ്, സർവീസിംഗ് എന്നിവയിൽ പരിശീലനം നൽകുക.

8.വിധവകളായ സ്ത്രീകൾക്ക് നൽകുന്ന പെൻഷൻ, അവിവാഹിതകളായ 35 വയസ്സ് കഴിഞ്ഞവർക്കും നൽകുക.

9.സ്ത്രീകൾക്കുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

10.വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം ഇരട്ടിയായി വർധിപ്പിക്കുക.

11.മന്ദബുദ്ധികളായ കുട്ടികളെ സംരക്ഷിക്കാനും വിദ്യാഭ്യാസം ചെയ്യിക്കാനും പഞ്ചായത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുക.

12.മഹിളാസമാജങ്ങൾക്കുള്ള ധനസഹായം വിതരണം ചെയ്ത് പ്രവർത്തനം ഊർജിതമാക്കുക. അവയുടെ പ്രവർത്തനങ്ങൾക്ക് ഒരു വാർഷികപദ്ധതി തയ്യാറാക്കുക.

''ജനസമുദായത്തിൽ പകുതി ഭാഗവും അടുക്കളയിലെ അടിമച്ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ ഒരു രാഷ്ട്രത്തിനും സ്വതന്ത്രമാകാൻ സാധ്യമല്ല''

-വി.ഐ.ലെനിൻ



5.10

സഹകരണം

ഋണബാധ്യതയിൽ നിന്ന് കർഷക സമൂഹത്തെ രക്ഷിക്കാനും കാർഷികവ്യവസായിക രംഗങ്ങളിൽ ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കാനും വേണ്ടി 1904ലെ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കംകുറിക്കുന്നത്. തുടർന്നിങ്ങോട്ട് സഹകരണരംഗത്ത് വിപ്ലവകരമായ മുന്നേറ്റം കാഴ്ചവെക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സമൂഹത്തിലെ സമസ്തമേഖലകളിലും സഹകരണസംഘങ്ങൾ സ്ഥാപിക്കാനും മുന്നേറാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സഹകരണമേഖല മാതൃകയാക്കിയാണ് ഇന്ന് മറ്റ് സംസ്ഥാനങ്ങളിൽ സഹകരണസംഘങ്ങൾ സംഘടിച്ചുവരുന്നത്.

കൃഷിക്കാരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആദ്യമായി പിലിക്കോട് കേന്ദ്രമാക്കി ഐക്യനാണയസംഘം നിലവിൽ വന്നു. 25 അംഗങ്ങൾ മെമ്പർമാരായുള്ള ഈ സംഘത്തിന്റെ ആദ്യ പ്രസിഡണ്ട് ശ്രീ. വയലിൽ പി.പി. കുഞ്ഞിരാമൻ പണിക്കർ ആയിരുന്നു. 1953ൽ ഇത് പിലിക്കോട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായി മാറി. പിന്നീട് ശ്രീ. ടി.വി. കുഞ്ഞമ്പുമാസ്റ്റർ പ്രസിഡണ്ടായി മാണിയാട്ട് ഒരു വിവിധോദ്ദേശ ഐക്യനാണയ സഹകരണസംഘവും ശ്രീ. പി.പി. കുമാരൻ പ്രസിഡണ്ടായി കൊടക്കാട് വിവിധോദ്ദേശ ഐക്യനാണയ സഹകരണസംഘവും പ്രവർത്തനമാരംഭിച്ചവ. ജന്മിമാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുക എന്നതായിരുന്നു ഈ സംഘങ്ങളുടെ പരമപ്രധാനമായ ലക്ഷ്യം.

വിവിധ മേഖലകളിലായി 16 സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിനകത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് (പട്ടിക1). ഇതിൽ ഇന്ന് ബാങ്കിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പിലിക്കോട് സർവീസ് സഹകരണബാങ്ക്, മാണിയാട്ട് സർവീസ് സഹകരണബാങ്കും, കൊടക്കാട് സർവീസ് സഹകരണബാങ്ക് എന്നിവയും വ്യവസായികരംഗത്ത് മാണിയാട്ട് വിവേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും, സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും ഉപഭോക്തൃരംഗത്ത് പിലിക്കോട് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും നിലനിൽക്കുന്നു. ഈ സ്ഥാപനങ്ങളിൾ ഇന്ന് 22 സ്ഥിരം ജീവനക്കാരും, മാണിയാട്ട് വിവേഴ്സ് സൊസൈറ്റിയിൽ 57 നെയ്ത്ത് തൊഴിലാളികളും ജോലിചെയ്തുവരുന്നു. കൂടാതെ 7 (ഏഴ്) താൽക്കാലിക ജീവനക്കാരും ഇവിടെ ജോലിചെയ്യുന്നു.

ഇത്രയും സഹകരണസ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചുവെങ്കിലും കൂടുതൽ സ്ഥാപനങ്ങളും ഇന്ന് പ്രവർത്തനക്ഷമമല്ല. വ്യക്തമായ ലക്ഷ്യബോധമില്ലായ്മ, ശക്തമായ മാനേജ്മെൻറിന്റെ അഭാവം, ദീർഘവീക്ഷണമില്ലായ്മ, താൽക്കാലിക ആവശ്യത്തിനുവേണ്ടി മാത്രം രൂപീകരിക്കൽഎന്നിവയാണ് ഈ സ്ഥാപനങ്ങൾ തകരാനുള്ള മുഖ്യകാരണങ്ങൾ. കൂടാതെ വിപണനരംഗത്ത് സ്വകാര്യമേഖലയോട് മത്സരിക്കുവാനുള്ള ശേഷിക്കുറവ്, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് എന്നിവയും ഇവരുടെ തകർച്ചക്ക് കാരണങ്ങളാണ്.

സഹകരണസ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

പിലിക്കോട് സർവ്വീസ് സഹകരണബാങ്ക്: 1990 കുടുംബങ്ങൾക്ക് ഈ ബാങ്കിന്റെ സഹായസഹകരണങ്ങൾ ലഭിക്കുന്നു. പിലിക്കോട് വില്ലേജിന്റെ പരിധിയിൽ പ്രവർത്തിക്കുന്നു എന്നാൽ വില്ലേജിലെ മുഴുവൻ കാർഷിക കുടുംബങ്ങൾക്കും ബാങ്കിന്റെ സഹായം ലഭിക്കുന്നില്ല. ബാങ്കിൽ 1995-96ൽ കാർഷികവായ്പ നൽകുവാൻ ആവശ്യമായ തുക 36,50000 (മുപ്പത്തിആറ് ലക്ഷത്ത് അമ്പതിനായിരം) രൂപയും വായ്പ കൊടുത്തത് 20,13000 (ഇരുപത് ലക്ഷത്ത് പതിമൂവായിരം) രൂപയുമാണ്. ബാങ്കിന്റെ കീഴിൽ ഒരു വളംഡിപ്പോ, ഒരു മാവേലിസ്റ്റോർ എന്നിവയും പ്രവർത്തിച്ചുവരുന്നു.

മാണിയാട്ട് സർവ്വീസ് സഹകരണബാങ്ക്: മാണിയാട്ട് വില്ലേജിന്റെ പരിധിയിൽ പ്രവർത്തിക്കുന്നു. 450 കുടുംബങ്ങൾക്ക് ബാങ്കിന്റെ പ്രവർത്തനം പ്രയോജനപ്പെടുന്നുണ്ട്. വില്ലേജിലെ മുഴുവൻ കുടുംബങ്ങളും ബാങ്കിൽ അംഗങ്ങളാണ്. കാർഷികരംഗത്ത് ഊന്നൽ നൽകി 1995-96ൽ വായ്പ നൽകുവാൻ ആവശ്യമായ സംഖ്യ 20 (ഇരുപത്) ലക്ഷവും എന്നാൽ ഈ കാലയളവിൽ നൽകിയ വായ്പ 1060310 (പത്ത് ലക്ഷത്ത് അറുപതിനായിരത്ത് മുന്നൂറ്റിപത്ത്) രൂപയുമാണ്. ബാങ്കിന്റെ കീഴിൽ 4 പൊതുവിതരണകേന്ദ്രങ്ങളും ഒരു വളംഡിപ്പോയും പ്രവർത്തിക്കുന്നു.

കൊകൊടക്കാട് സർവ്വീസ് സഹകരണബാങ്ക്: കൊടക്കാട് വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്നു. കാർഷിക - കാർഷികേതര വായ്പകൾനൽകിവരുന്നു. 2100 കർഷകകുടുംബങ്ങൾ ഈ ബാങ്കിന്റെ പരിധിയിൽ വരുന്നുണ്ട്. 1995-96ൽ വായ്പ നർകുവാൻ ആവശ്യമായ സംഖ്യ 2കോടി ആയിരുന്നു. 95,0000 (തൊണ്ണൂറ്റിഅഞ്ച്) ലക്ഷം രൂപ മാത്രമാണ് വായ്പയായി നർകിയത്. ബാങ്കിന്റെ കീഴിൽ 3 പൊതുവിതകണകേന്ദ്രങ്ങളും ഒരു വളംഡിപ്പോ, ഒരു കൊപ്ര സംഭരണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

മാണിയാട്ട് വിവേഴ്സ് ഇൻറസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി: കൈത്തറിമേഖലയിൽ തൊഴിലാളികൾക്ക് സംര

പട്ടിക 1

നമ്പർ	സഹകരണസ്ഥാപനത്തിന്റെ പേര്	ഉദ്ദേശം	അംഗങ്ങളുടെ എണ്ണം	സ്ഥാപിതം
1.	പിലിക്കോട് സർവ്വീസ് സഹകരണബാങ്ക്	കാർഷികേതരസഹായം	1908	1963
2.	മാണിയാട്ട് സർവ്വീസ് സഹകരണബാങ്ക്	''	2046	1946
3.	കൊടക്കാട് സർവ്വീസ് സഹകരണബാങ്ക്	''	4157	1953
4.	മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്കേഴ്സ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി	കൈത്തറിവ്യവസായം	224	1975
5.	പിലിക്കോട് കോ-ഓപ്പറേറ്റീവ് പാൽ സൊസൈറ്റി	പാൽശേഖരണവും വിതരണവും	ലഭ്യമല്ല	
6.	പിലിക്കോട് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	വിവിധോദ്ദേശം	ലഭ്യമല്ല	1983
7.	പിലിക്കോട് വയൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ	ഉപഭോഗവസ്തുവിതരണം	ഇല്ല	1992
8.	രാജീവ്ഗാന്ധി മെമ്മോറിയൽ ഹോസ്പിറ്റൽ സൊസൈറ്റി	ഹോസ്പിറ്റൽ	''	1992
9.	നിലേശ്വരം ബ്ലോക്ക് എഞ്ചി.വർക്കേഴ്സ് (വർക്കേഴ്സ്) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്സൊസൈറ്റി, പിലിക്കോട്	പ്രവർത്തനരഹിതം	-	
10.	നിലേശ്വരം ബ്ലോക്ക് വർക്കേഴ്സ് കാർപെന്ററി (വർക്കേഴ്സ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പടന്നക്കാട്	പ്രവർത്തനരഹിതം	-	
11.	പിലിക്കോട് ഗവ.ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പിലിക്കോട്	കൺസ്യൂമർ	33	1976
12.	പിലിക്കോട് ജി.യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പിലിക്കോട്	''	26	1976
13.	പുത്തിലോട് എ.യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പുത്തിലോട്	''	27	1976
14.	പിലിക്കോട് പട്ടികജാതി തുകൽ ഉൽപ്പന്ന നിർമ്മാണ സൊസൈറ്റി, പിലിക്കോട്	പ്രവർത്തനരഹിതം	-	
15.	പിലിക്കോട് വിമൻസ് ഗാർമെന്റ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പിലിക്കോട്	വസ്ത്രനിർമ്മാണ്	11	1996
16.	പകിരിവ്യവസായ സഹകരണസംഘം	പകിരിനാര് ഉൽപ്പാദനം		ലഭ്യമല്ല

പട്ടിക 2

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥിരം ജീവനക്കാർ	താൽക്കാലികം	ആകെ
1.	കൊടക്കാട് എസ്.സി ബാങ്ക്	12	3 കമ്മിഷൻ ഏജന്റ്	15
2.	മാണിയാട്ട് എസ്.സി ബാങ്ക്	4	4 കമ്മിഷൻ ഏജന്റ്	8
3.	പിലിക്കോട് എസ്.സി ബാങ്ക്	3	1 കമ്മിഷൻ ഏജന്റ്	4
4.	മാണിയാട്ട് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	2	64	66
5.	പിലിക്കോട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1	-	1
	ആകെ	22	72	94

പട്ടിക -3

ന മ്പ ർ	സ്ഥാപനത്തിന്റെ പേര്	ആരം ഭിച്ച വർഷം	പ്രവർത്ത നപരിധി	അം ഗങ്ങൾ	അംഗീകൃത ഓഹരി മൂലധനം	നിക്ഷേപം	വായ്പകൾ കൃഷി	വായ്പകൾ കാർഷി.	ഓഹരി മൂലധനം	ലാഭം നഷ്ടം	ജീവന ക്കാർ
1.	കൊടക്കാട് സർവ്വീസ്സഹകരണബാങ്ക്	1953	കൊടക്കാട് വില്ലേജ്	4157	20ലക്ഷം	1.5കോടി	96ലക്ഷം	1കോടി	21ലക്ഷം	ലാഭം	12
2.	മാണിയാട്ട് സർവ്വീസ്സഹകരണബാങ്ക്	1963	മാണിയാട്ട് വില്ലേജ്	2046	23ലക്ഷം	70ലക്ഷം	10ലക്ഷം	91ലക്ഷം	6ലക്ഷം	ലാഭം	4
3.	പിലിക്കോട്സർവ്വീസ് സഹകരണബാങ്ക്	1963	പിലിക്കോട് വില്ലേജ്	1908	20ലക്ഷം	46ലക്ഷം	5ലക്ഷം	19ലക്ഷം	2ലക്ഷം	ലാഭം	3

ക്ഷണവും മെച്ചപ്പെട്ട വേതനവും നൽകുന്നതിനുവേണ്ടി 1975 ഒക്ടോബർ മാസത്തിൽ നിലവിൽ വന്ന ഈ സ്ഥാപനത്തിൽ 324 അംഗങ്ങൾ ഉണ്ട്. 2 സ്ഥിരജീവനക്കാരും 64 നെയ്ത്ത് തൊഴിലാളികളും ജോലി ചെയ്തുവരുന്നു.

പേര്	അംഗങ്ങൾ	യന്ത്രങ്ങളുടെഎണ്ണം	തൊഴിലാളികൾ		ടേൺ ഓവർ
			സ്ത്രീ	പു.	
മാണിയൂട്ട്വിവേഴ്സ് ഇൻറസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റി	324	100	9	57	9,93411രൂപ

പിലിക്കോട് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി:

വിവിധ ഉദ്ദേശങ്ങൾ ലക്ഷ്യം വെച്ചു തുടങ്ങിയതാണെങ്കിലും നിത്യോപയോഗസാധനങ്ങൾ മാത്രമാണ് വിതരണം ചെയ്യുന്നത്. മേൽപ്പറഞ്ഞ സഹകരണസ്ഥാപനങ്ങൾ കാർഷികരംഗത്ത് സമൂലമായ മാറ്റം വരുത്തുന്നതിനും, കൂടുതൽ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടയാണ് സ്ഥാപിച്ചതെങ്കിലും മൊത്ത് ഉപഭോക്താക്കൾക്ക് ഇവയുടെ സഹായങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. സുഗമമായ പ്രവർത്തനത്തിന് സാങ്കേതികമായി പല പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

1.ബാങ്കുകൾ ക്രഡിറ്റിലിമിറ്റ് സ്റ്റേറ്റ്മെൻറ് തയ്യാറാക്കി വർഷംതോറും ജില്ലാബാങ്കിന് സമർപ്പിക്കുന്നുണ്ടെങ്കിലും ഭൂപരിധിക്കനുസരിച്ച് വായ്പ കൊടുക്കുവാൻ വേണ്ടുന്നത്രയും സംഖ്യ ജില്ലാബാങ്ക് നൽകുവാൻ തയ്യാറാകുന്നില്ല.

2.നബാഡ് മുഖേന ലഭിക്കുന്ന വായ്പകൾക്ക് പലിശനിരക്ക് കൂടുതലാണ്. കർഷകർക്ക് വായ്പ യഥാസമയത്ത് നൽകുവാൻ കഴിയുന്നില്ല. ആവശ്യമായ കർഷകർക്ക് സഹകരണസ്ഥാപനങ്ങളിൽ മെമ്പർഷിപ്പ് ലഭിക്കുന്നില്ല. സബ്സിഡി വായ്പകളുടെ എണ്ണവും പരിമിതമാണ്.

3.സർക്കാർ ഓഡിറ്റ്കോസ്റ്റായും മറ്റിനങ്ങൾക്കും വേണ്ടി ഈടാക്കുന്ന സംഖ്യയുടെ പരിധി ചുരുക്കി സഹകരണസ്ഥാപനങ്ങളെ സഹായിക്കണം.

4.സഹകരണനിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്തതുകൊണ്ട് സ്ഥാപനത്തിലെ ജീവനക്കാർക്ക് പ്രയാസങ്ങൾ നേരിടുന്നു.

5.സ്വകാര്യ പണമിടപാട് സംഘങ്ങളുടെ കടന്നുകയറ്റം സഹകരണമേഖല പ്രതിസന്ധിയിൽ എത്തിക്കുന്നു.

6.പഞ്ചായത്തിലെ സഹകരണസംഘങ്ങൾ വിവിധ മേഖലകളിലേക്ക് കടന്നുചെല്ലാൻ താല്പര്യം കാണിക്കുന്നില്ല. സഹകരണസ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾക്ക് വിപണനസാധ്യത തീരെ കുറവാണ്.

7.സഹകരണസ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ടന്ന സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

8.സഹകരണസ്ഥാപനങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭിക്കുന്നില്ല.

9.പ്രാദേശികസ്ഥാപനങ്ങളായതിനാൽ വിദേശനിക്ഷേപം ഉണ്ടാവുന്നില്ല.

സാധ്യതകൾ

പാർപ്പിടപ്രശ്നം: പഞ്ചായത്തിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് സഹകരണസംഘങ്ങൾ വഴി വായ്പാ പദ്ധതികൾ ഒന്നുംതന്നെയില്ല. മറ്റ് വായ്പാരീതികൾ ഉപയോഗിച്ച് കിട്ടുന്ന സംഖ്യക്ക് പലിശ കൂടുതലുമാണ്. ഭവനനിർമ്മാണരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കണം.

വിവിധ മേഖലയിൽ നടപ്പാക്കേണ്ടുന്ന പദ്ധതികൾ:

1.കാർഷികരംഗത്ത് അനുവദിക്കുന്ന വായ്പയുടെ പലിശനിരക്ക് കുറച്ചുകൊണ്ട്, മുഴുവൻ അംഗങ്ങൾക്കും ആവശ്യമായ വായ്പാ സംസംഖ്യ ലഭ്യമാക്കുവാൻ സഹകരണബാങ്കുകൾ ശ്രമം നടത്തണം.

2.പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും അവരുടെ പരിധിയിൽ വരുന്ന ബാങ്കിൽ നിർബന്ധമായും അംഗത്വം നൽകണം. ഒരുതരത്തിലും വിവേചനം പാടില്ല.

3.നിക്ഷേപസമാഹരണം വഴി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ബാങ്കിൻെറ നില മെച്ചപ്പെടുത്തിയാൽ വായ്പ അർഹിക്കുന്ന രീതിയിൽ വിതരണം നടത്തുവാൻ കഴിയും.

4.ഗ്രൂപ്പ് ഡപ്പോസിറ്റ് സ്കീം എന്നറിയപ്പെടുന്ന നിക്ഷേപപദ്ധതി നടപ്പിലാക്കുക.

5.കർഷകരുടെ പൂർണ്ണ വിവരങ്ങൾ ശേഖരിച്ച് ലാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും അതനുസരിച്ച ഓരോ വർഷത്തേക്കും ആവശ്യമായ വായ്പാതുക കണ്ടെത്തുവാൻ സഹകരണബാങ്കിൽ സംവിധാനം ഉണ്ടാക്കണം. വായ്പ നൽകുന്നതിൽ കാലതാമസം ഒഴിവാക്കണം.

6.ഹ്രസ്വകാല വായ്പാ പരിധി 15000 രൂപയായി വർധിപ്പിക്കുകയും കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും വേണം.

7.തൊഴിൽസാധ്യതയുള്ള മേഖലകളിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ തൊഴിൽമേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും.

8.പാൽ വിറ്റഴിക്കുന്നതിനും, ന്യായമായ വില ലഭ്യമാക്കുന്നതിന് ക്ഷീരവ്യവസായ കഹകരണ സംഘങ്ങൾരൂപീകരിക്കണം. സംഘങ്ങൾ വഴി നല്ലയിനം പശുക്കളെയും മിതമായ വിലക്ക് കാലിത്തീറ്റയും വിതരണം ചെയ്യുവാൾ കഴിയണം.

9.കാർഷിക സഹകരണസംഘങ്ങൾ രൂപീകരിച്ച ട്രാക്ടർ, ട്രില്ലർ, സ്പ്രെയർ, വളം, കീടനാശിനി മുതലായവ വിതരണം ചെയ്യണം. ഇതിനായി പാടശേഖര സമിതികൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ്ഫാമിംഗ് സൊസൈറ്റി രൂപീകരിക്കണം.

10.ആതുരശുശ്രൂഷാ രംഗത്ത് സൗകര്യങ്ങൾ പരിമിതമാണ്. സഹകരണമേഖലയിൽ ആധുനിക ചികിത്സാരീതിയുള്ള ആശുപത്രി സ്ഥാപിച്ച് ചികിത്സാസൗകര്യം മെച്ചപ്പെടുത്തണം.

11.ചെങ്കൽ വ്യവസായ സഹകരണസംഘം:

ചെങ്കൽ മേഖലയിൽ ഏകദേശം 1500പേർ ജോലി ചെയ്യുന്നുണ്ട്. മദ്ധ്യവർത്തികളുടെ ചൂഷണവും, യന്ത്രവൽക്കരണവും ഈ മേഖലയെ തകർച്ചയിൽ എത്തിച്ചിരിക്കുന്നു. ചെങ്കൽ വ്യവസായ സഹകരണസംഘം രൂപീകരിച്ച് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

12.തൊഴിലില്ലാത്ത യുവതികളുടെ ഉന്നമനത്തിനായി വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് നമ്മുടെ പ്രദേശങ്ങളിൽ വിറ്റഴിക്കുവാൻ സാധിക്കുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കണം. അവ വിറ്റഴിക്കാനുളള സംവിധാനവും വേണം.

13.കാലിക്കടവിൽ ഉണ്ടായിരുന്ന പട്ടികജാതി തുകൽസംസ്കരണ സൊസൈറ്റി പുനർജീവിപ്പിക്കുകയും. പരമ്പരാഗത കുടിൽ വ്യവ



5.11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 5.2% പട്ടികജാതി വിഭാഗമാണ്. 1991ലെ സെൻസസ് പ്രകാരം 1173 പട്ടികജാതി വിഭാഗക്കാരും 3 പട്ടികവർഗ്ഗ വിഭാഗക്കാരും പഞ്ചായത്തിലുണ്ട്. 7 കോളനികളിലായാണ് ഇവർ താമസിച്ചുവരുന്നത്. വളരെ പിന്നോക്കാവസ്ഥയിൽ ജീവിച്ചുവരുന്ന ഇവർക്ക് വിദ്യാഭ്യാസ - സാമൂഹ്യമേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹ്യസാമ്പത്തികരംഗത്ത് നിരവധികാലമായി ചൂഷണത്തിനു വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പാവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്.

ഈ വിഭാഗക്കാരുടെ പരമ്പരാഗത കുടിൽ വ്യവസായമായ പായനെയ്ത്ത്, കുമ്മായം തുകൽ, കൊട്ടനിർമ്മാണ് എന്നിവ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാമ്. ഇവരുടെ ഉയർച്ചക്കുവേണ്ടി ഗവൺമെൻറ് നൽകിക്കൊണ്ടിരിക്കുന്ന വിവിധ ആനുകൂല്യങ്ങൾ വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും വേണ്ടത്ര ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം വിഭാഗത്തെ സാമൂഹ്യസാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ ഉയർത്തിക്കൊണ്ടുവരുന്നതിനും ഇവർക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ യഥാവസരം വേണ്ടവിധം അറിയിച്ച് അർഹരായവർക്ക് ലഭ്യമാക്കുകയും ഇടനിലക്കാരന്റെ ചൂഷണത്തിൽ നിന്നും രക്ഷിക്കുകയും വേണം.

വിദ്യാഭ്യാസം: ഒരു ഘടകത്തിൽ മുഴുവൻ കോളനിനിവാസികളേയും സാക്ഷരരാക്കാൻ സാധിച്ചിരുന്നുവെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അഭാവം കാരണം ഇവരിൽ കൂടുതലും നിരക്ഷരരായി മാറിക്കൊണ്ടിരിക്കയാണ്. കുട്ടികളെ സ്കൂളിലെത്തിക്കാൻ രക്ഷിതാക്കൾക്ക് വേണ്ടത്ര താല്പര്യമുണ്ടാകാറില്ല. കുടുംബഭാധ്യത ഏറ്റെടുക്കേണ്ടിവരുന്നതുകൊണ്ട് പഠനം നിർത്തേണ്ടവരുന്ന അവസ്ഥയും ചില കുട്ടികൾക്കുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധപൂർവ്വമായ ഇടപെടൽ നടത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ.

1996-97 അധ്യയനവർഷത്തിൽ ഈ പഞ്ചായത്തിൽ ആകെ 251 പട്ടികജാതി വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. ഇവരിൽ118 പേർ ആൺകുട്ടികളും 133 പേർ പെൺകുട്ടികളുമാണ്. എസ്.എസ്.എൽ.സി പരീക്ഷയിൽ പരാജയപ്പെടുന്ന വിദ്യാർഥികൾ തുടർന്നുപഠിക്കാൻ തയ്യാറാകുന്നില്ല. അവർ പലരും തൊഴിൽതേടി നിർമ്മാണമേഖലയിലേക്കും. മറ്റ് കൂലിപ്പണിയിലേക്കും വഴിമാറിപ്പോകുകയാണ്. ഈ സമുദായത്തിലെ വിദ്യാർഥികൾ ഉപരിപഠനത്തിന് പോകുന്നത് മറ്റു വിദ്യാർഥികളെ അപേക്ഷിച്ച് കുറവാണ്.

സാമൂഹ്യസാംസ്കാരികനില:

വിദ്യഭ്യാസ നിലവാരത്തിലൊക്കെ കുറേയേറെ പുരോഗതി പ്രാപിച്ചുവെങ്കിലും നമ്മുടെ നാട്ടിലെ വികസനപ്രവർത്തനങ്ങളുടെയും സാംസ്കാരിക പ്രവർത്തനങ്ങളുടെയും മുഖ്യധാരയിലേക്ക് ഈ വിഭാഗങ്ങൾ ഇനിയും എത്തിയിട്ടില്ല. ചുരുക്ക് കുടുംബങ്ങൾ ജീവിതനിലവാരത്തിൽ മെച്ചപ്പെട്ട നില പുലർത്തുന്നുണ്ടെങ്കിലും ഏറെപ്പേരും പിന്നോക്കാവസ്ഥയിൽത്തന്നെയാണുള്ളത്. അയിത്താം എന്ന ദുരാചാരം നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിലില്ല. സാംസ്കാരികരംഗത്ത് പുരുഷന്മാരേക്കാൾ ഏറെ പിന്നിൽ സ്ത്രീകളാണ് എന്നകാര്യം ശ്രദ്ധേയമാണ്.

ആചാരങ്ങൾ

ചില ആചാരങ്ങൾ ഇന്നും മുറുകെപ്പിടിച്ചു ജീവിക്കുന്നവർ ഉണ്ട്. ഹിന്ദുഗൃഹങ്ങളിൽ മരണം നടന്നാൽ ശവം കത്തിച്ചുകളയുന്ന പൊതു ആചാരത്തിൽ നിന്നും മാറി ശവം കുഴിച്ചുമൂടുന്ന സമ്പ്രദായം ചില കോളനികളിൽ നിലനിൽക്കുന്നു. പഴയകാലത്ത് കോളനികളിൽ പ്രശ്നങ്ങളുണ്ടാവുമ്പോൾ തീർപ്പുകല്പിച്ചിരുന്നത് മൂരപ്പന്മാർ ആയിരുന്നു. ഇന്ന് ഈ സമ്പ്രദായം നിലവിലില്ല. ഈ വിഭാഗത്തിൽപ്പെട്ട മൂപ്പന്മാർ മരിച്ചാൽ അവർ തെയ്യക്കോലങ്ങളായി മാറുന്നു എന്ന വിശ്വാസം പരമ്പരാഗതമായി നിലനിന്നുവരുന്നു. പല പേരുകളിലും ഇവനും കൊട്ടിയാടിക്കപ്പെടുന്ന തെയ്യക്കോലങ്ങൾ ഇതിന് ഉദാഹരണമാണ്. കൊടക്കാട് മാവില കോളനിയിലെ കൊട്ടൻതെയ്യം, കോരൻതെയ്യം തുടങ്ങി പ്രാദേശികമായി പല പേരുകളിൽ അറിയപ്പെടുന്ന തെയ്യങ്ങൾ ഇതിന് സൂചനകളാണ്. കാട്ടുമൂർത്തി, മാരിത്തെയ്യം, ചിമ്മാനക്കളി, മായിത്തിക്കളി, തുടികൊട്ടിപ്പാട്ട് തുടങ്ങിയവ ഇവർ ഇന്നും അവതരിപ്പിച്ചുവരുന്നു. ക്ഷേത്രങ്ങളിൽ തെയ്യംകെട്ടി വരുന്നതും ഇവർ തന്നെയാമ്. കുരുത്തോല കൊണ്ടും മറ്റ് ചെലവുകുറഞ്ഞ വസ്തുക്കധ കൊണ്ടു മനോഹകമായ അടയാഭരണങ്ങളും ചമയങ്ങളും ഇവർഉണ്ടാക്കിവരുന്നു. കുട്ട നന്നാക്കൽ, കൊട്ട, പായ കുമ്മായനിർമ്മാണം എന്നിവ ഇവരുടെ പരമ്പരാഗത തൊഴിലുകളാണ്. ഈ വിഭാകത്തിന്റെ സമ്പന്നമായ കരവിരുതും അനുഷ്ഠാനകലകളും മതിയായ പ്രോത്സാഹനത്തിന്റെയും സംരക്ഷണത്തിന്റെയും അഭാവത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇവ സംരക്ഷിക്കുന്നതിനും പുനരാവിഷ്കരിക്കുന്നതിനുമായി ബോധപൂർവമായ ശ്രമം ഉണ്ടാകേണ്ടതുണ്ട്.

തൊഴിൽ:

പട്ടികജാതി വിഭാഗങ്ങളിൽ ഭൂരിഭാഗവും അവരുടെ കുലത്തൊഴിൽ ചെയ്ത് ജീവിച്ചുവന്നിരുന്നവരായിരുന്നു. എന്നാൽ ഇത്തരം തൊഴിലുകളും തകർച്ചയോടെ ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളെ ആശ്രയിക്കാൻ നിർബന്ധിതരായി ഭൂരിഭാഗവും നിർമ്മാണരംഗത്താണ് ഇന്നു പ്രവർത്തിച്ചുവരുന്നത്. മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനാൽ ചെറുപ്രായത്തിൽത്തന്നെ പലരും ഇത്തരം മേഖലകളിലേക്ക് ചേക്കോറുന്നു. കാർഷികമേഖലകളിൽ സിസണുകളിൽ മാത്രം ചെയ്തുവന്നിരുന്ന പ്രധാന കൈത്തൊഴിലായ പായനെയ്ത്ത് അസംസ്കൃതവസ്തുവായ പായമുണ്ട സംരക്ഷിക്കാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. ഇത്തരം വിഭാഗത്തിന് തൊഴിലുറപ്പ് വരുത്തേണ്ടതുണ്ട്.

പാർപ്പിടം:

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ മുഖേന വീടുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റക്കുടിലുകളിൽ നിന്ന് മോചനം വന്നിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ടുജീവിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് കോളനികളിൽ ലഭിക്കുന്ന ആനുകൂല്യങ്ങളിൽ പലതും ലഭിക്കാത്ത സ്ഥിതിയുണ്ട്. ഇവർക്ക് വീട് നിർമ്മിക്കാൻ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുകയാണ്. വീടുവെക്കാൻ ആവശ്യമായ സ്ഥലവും വീടുവെക്കാനുള്ള പണവും അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ.

ആരോഗ്യം:

പല കോളനികളിലും ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്നു. പല കുടുംബങ്ങളും ശുചിത്വത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരം കക്കൂസും കുടിവെള്ളവും നൽകിയിട്ടുണ്ടെങ്കിലും ലഭിച്ചവതന്നെ കൃത്യമായി ഉപയോഗിക്കാൻ മിക്ക കുടുംബങ്ങളും ശ്രദ്ധിക്കാറില്ല. ആരോഗ്യ പ്രവർത്തകരുടെ നിരന്തരസമ്പർക്കവും ബോധവൽക്കരണവും ഉണ്ടാവണ്.

പ്രശ്നങ്ങൾ:

1.കാർഷികമേഖലയിൽ തൊഴിലവസരം കുറഞ്ഞുവരുന്നതുമൂലം ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങുന്നു.

2.എല്ലാവർക്കും സ്വന്തമായി വീടില്ല. കോളനികളിലെ വീടുകൾ മിക്കവയും പഴക്കംചെന്നവയും തീർത്തും ആവാസയോഗ്യമല്ലാത്തവയുമാണ്.

3.വീടും ചുറ്റുപാടും ശുചിത്വമില്ലാത്തവയാണ്. അടുത്തടുത്ത് സ്ഥിതിചെയ്യുന്ന വീടുകൾ ശുചിത്വമില്ലായ്മക്ക് ആക്കംകൂട്ടുന്നു.

4.കോളനികളിൽ എല്ലാവർക്കും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ല.

5.ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല. നിർധനകുടുംബങ്ങളെ ചികിത്സിക്കുന്നതിനും മറ്റുമുള്ള കാര്യങ്ങളിൽ വേണ്ടത്ര ഊന്നൽ കൊടുത്തിട്ടില്ല.

6.നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനു വേണ്ടത്ര ധനസഹായം നൽകുന്നതിന് പ്രാധാന്യം കൽപ്പിക്കുന്നില്ല.

7.ഐ.ആർ.ഡി.പി പദ്ധതി ഫലപ്രദമാക്കി ഉപയോഗപ്പെടുത്തുന്നില്ല.

8.പട്ടികജാതി ക്ഷേമ കോർപ്പറേഷൻ സ്വയംതൊഴിലിനുവേണ്ടി നൽകുന്ന വായ്പകൾ ലക്ഷ്യം നേടുന്നില്ല.

9.നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി വേണ്ടത്ര ബോധവാന്മാരല്ല.

10.കുക്കാനം, ആനിക്കാടി, കണ്ണാടിപ്പാറ, എടാച്ചേരി, മടിവയൽ കോളനികളിൽ കുടിവെള്ളക്ഷാമമുണ്ട്.

11.പൊതുശ്മശാന് ഇല്ല.

12.മടിവയൽ, എടാച്ചേരി, വേങ്ങാപ്പാറ കോളനികളിൽ ഗതാഗത സൗകര്യം ഇല്ല.

13.വീട്വെക്കുന്നതിനും കൃഷിചെയ്യുന്നതിനും വേണ്ടത്ര ഭൂമി ഇല്ല. ലഭിച്ച ഭൂമിതന്നെ അന്യാധീനമായിപ്പോകുന്നു.

സാധ്യതകൾ:

1.പായനെയ്ത്ത്, കൊട്ടമടയൽ, തുകൽ വസ്തുക്കളുടെ നിർമ്മാണം, കുമ്മായം എന്നിവയുടെ വ്യവസായം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

2.സാമൂഹ്യസേവന മേഖലകളിൽ ലഭിക്കുന്ന സാമ്പത്തികസഹായങ്ങളും വിദ്യാഭ്യാസ ആനുകൂല്യങ്ങളും വേഗത്തിലും അർഹതപ്പെട്ടവർക്കു മുഴുവനും ലഭ്യമാക്കാൻ നടപടിയെടുക്കുക.

3.കോളനികളിലെ വീടുകൾ പൂർണ്ണമായി വൈദ്യുതീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

4.മുഴുവൻ കുടുംബങ്ങൾക്കും സാനിറ്റേഷൻ സൗകര്യം ഉറപ്പാക്കുക.

5.പകർച്ചവ്യാധികളും മാരകരോഗങ്ങളും തടയുന്നതിനാവശ്യമായ ബോധവൽക്കരണക്ലാസുകൾ നടത്തുക.

6.പട്ടികജാതി കോളനികളിൽ നടപ്പാക്കിവരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ വിവിധ ഡിപ്പാർട്ട്മെൻറുകൾ പരസ്പരം ആലോചിച്ചു നടപ്പിലാക്കുക.

7.കോളനിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് പൊതുശ്മശാനം ഉണ്ടാക്കുക.

8.കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുകയും ഇല്ലാത്ത ഭാഗങ്ങളിൽ റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.

9.കോളനികൾ തോറും കമ്മ്യൂണിറ്റിങ്കാളുകൾ സ്ഥാപിക്കുക.

10.തുടർസാക്ഷരതാ പ്രവർത്തനം നടത്തുക.

11.സ്വയംതൊഴിലുൾ ചെയ്യാൻ മുന്നോട്ടുവരുന്ന യുവതീയുവാക്കൾക്ക് ബാങ്കംവായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുക.

12.ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് ജനകീയകമ്മറ്റികൾ പരിശോധിക്കേണ്ടതാണ്.

13.ആരോഗ്യപ്രശ്നങ്ങളിൽ ആരോഗ്യപ്രവർത്തകർ, ഡോക്ടർമാർ എന്നിവർ മാസത്തിലൊരു തവണയെങ്കിലും കോളനികൾ സന്ദർശിക്കുക.

14.പഴകിയതും വാസയോഗ്യമല്ലാത്തതുമായ കോളനിയിലെ വീടുകൾ പുനർനിർമ്മിക്കണം. വീടുകൾ തമ്മിലുള്ള അകലം ആരോഗ്യകരമായി പുനർനിർമ്മിക്കണം.

15.ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നതിന് ഓരോ കുടുംബത്തിനും ആവശ്യമായ ഭൂമി നൽകണം.

16.കുക്കാനം, ആനിക്കാടി കണ്ണാടിപ്പാറ, എടാച്ചേരി, മടിവയൽ കോളനികളിൽ കുടിവെള്ളസൗകര്യം ഉണ്ടാക്കണം. നിലവിലുള്ള കിണറുകൾ പലതും ഉപയോഗശൂന്യമാണ്. വേനൽക്കാലത്തും കുടിവെള്ളക്ഷാമം രൂക്ഷമാണ്. കിണറുകൾ ആഴകൂട്ടി ജലലഭ്യത ഉറപ്പാക്കണം. ആവശ്യമുള്ളിടത്ത് പുതിയ കിണറുകളും ജലവിതരണസംവിധാനങ്ങളും ഏർപ്പെടുത്തണം. നിർമ്മാണപ്രവർത്തനങ്ങൾ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ പ്രാദേശിക കമ്മറ്റികൾ വഴി നടത്താനുള്ള സാധ്യത ഉറപ്പുവരുത്തണ്.

17.പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്ത് സമിതിയെ ഏൽപ്പിക്കണം. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ മേൽനോട്ട് സമിതിയുടെ ഉത്തരവാദിത്വത്തിലാക്കണം.

സായങ്ങളായ കൂട, പായ, നിർമ്മാണ തൊഴിലാളികളെ ഏകോപിപ്പിച്ച് തൊഴിൽമേഖല വികസിപ്പിക്കുക. ഇവരുടെ സംരക്ഷണത്തിന് പട്ടികജാതി വികസന സഹകരണസംഘം ഉണ്ടാക്കുകയും വേണം.

14.കൺസ്യൂമർ സൊസൈറ്റികൾ സ്ഥാപിച്ച് ഉപഭോക്തൃസാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ സംവിധാനം ഉണ്ടാക്കണം.

15.പഞ്ചായത്തിർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിക്കുവാൻ മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക, ന്യായമായ വിലക്ക് ഭക്ഷണം ലഭിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഹോട്ടലുകൾ ഉണ്ടാവണം.

16.സഹകരണബാങ്കിന്റെ ബ്രാഞ്ചുകൾ സ്ഥാപിക്കണം. പഞ്ചായത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് നിർമ്മാണപ്രവർത്തനം സൊസൈറ്റിയെ ഏൽപ്പിക്കുക.

17.കൈത്തറി തൊഴിലാളികളുടെ സംരക്ഷണത്തിനായി കൈത്തറി സഹകരണസംഘം സ്ഥാപിക്കുക. പടുവളത്തിൽ പ്രവർത്തിച്ചിരുന്ന നിലേശ്വരം ബ്ലോക്ക് എഞ്ചി. വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നീലേശ്വരം ബ്ലോക്ക് വർക്കേഴ്സ് കാർപ്പൻററി കോ-ഓപ്പറേറ്റിവ് സൊസൈറ്റി എന്നിവ പ്രവർത്തിപ്പിക്കാൻ നടപടി ഉണ്ടാവണം.

18.ഓരോ വീട്ടിലും നിത്യോപയോഗസാധനങ്ങൾ എത്തിക്കുവാൻ ട്രേഡ് ഡപ്പോസിറ്റുകൾ സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം സഹകരണസംഘങ്ങൾ വഴി നടപ്പിൽ വരുത്തുക.

19.പ്രൈമറി സ്കൂൾ കോംപ്ലക്സ് സഹകരണസംഘങ്ങൾ രൂപീകരിച്ച് വിദ്യാർഥികൾക്ക് ആവശ്യമായ പഠനഉപകരണങ്ങൾ കൃത്യ സമയത്ത് ലഭ്യമാക്കണം.

20.ഇറച്ചി, മുട്ട എന്നിവയുടെ ലഭ്യതക്ക് കോഴികളെ വളർത്തുവാൻ സഹകരണസംഘങ്ങൾ രൂപീകരിച്ച് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

21.സഹകരണസംഘങ്ങളുടെ വളർച്ചക്ക് പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് ഒരു സഹകരണസെൽ രൂപീകരിക്കുകയും, സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ധോപദേശങ്ങളും നിർദേശങ്ങളും നൽകുകയും ഈ സെൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും വേണം.

ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണത്തിലൂടെ ജനകീയ പദ്ധതിയാക്കിക്കൊണ്ട് സമൂഹത്തിന്റെ സർവതോന്മുഖമായ വികാസത്തിന് ഒരു പുത്തൻ അദ്ധ്യായം കുറിക്കുവാൻ കഴിയും. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിച്ചാൽ പഞ്ചായത്തിലെ കാർഷിക - തൊഴിൽമേഖലകളിൽസമൂലമായ പരിവർത്തനം സൃഷ്ടിക്കാനും, സാമ്പത്തികരംഗത്ത് കുതിച്ചുചാട്ടത്തിന് പഞ്ചായത്തിനെ സജ്ജമാക്കുവാനും കഴിയും.



പട്ടിക 1
പിലിക്കോട് ഗ്രാമപഞ്ചായത്ത് വരവ്

ക്രമ നമ്പർ	ഇനം രൂപ	1993-94	1994-95രൂപ	1995-96 രൂപ
എ.	തനതുവരുമാനം			
1.	കെട്ടിടനികുതി	174896.00	175353.00	176008.00
2.	തൊഴിൽനികുതി 98780.00	123845.00	110430.00	
3.	വിനോദനികുതി	6668.00	55227.00	39346.00
4.	ലൈസൻസ് ഫീ	13194.00	14023.00	16251.00
5.	ലീസ്, ലേലം, പലവക	215112.00	18076.00	364290.00
	ആകെ	508650.00	549224.00	706320.00
		36.36%	26.79%	29.83%
ബി.	സർക്കാർ ഗ്രാൻറ്			
1.	വസ്തുകൈമാറ്റച്ചുങ്കം	192211.00	209801.00	121006.00
2.	അടിസ്ഥാനനികുതിഗ്രാൻറ്	41295.00	47244.00	46636.00
3.	എസ്റ്റാബ്ലിഷ്മെൻറ്ഗ്രാൻറ്	34634.00	3318.00	--
4.	വി.ആർ.എം. ഗ്രാൻറ്	24497.00	25509.00	26210.00
5.	വി.ടി.സി. ഗ്രാൻറ്	--	23000.00	313621.00
6.	എം.ഐ.ഗ്രാൻറ്	10524.00	10524.00	10524.00
	ആകെ	303161.00	319396.00	517997.00
		21.87%	15.58%	21.87%
സി.	മറ്റിനങ്ങൾ			
1.	ഉപാധിരഹിതഫണ്ട്	222191.00	313840.00	324740.00
2.	ഡെപ്പോസിറ്റ്	28743.00	27620.00	15957.00
3.	വെസ്റ്റേൺഘട്ട് പ്രോഗ്രാം	--	86181.00	40000.00
4.	ജെ.ആർ.വൈ.	336177.00	753484.00	762997.00
	ആകെ	587111.00	1181125.00	11,43694.00
		41.97%	57%	48.3%
	മൊത്തം വരവ്	13,98,922.00	20,49,745.00	23,68,011.00

പട്ടിക 2
ചെലവ്

ക്രമനമ്പർ	ഇനം	1993-94രൂപ	1994-95രൂപ	1995-96രൂപ
1.	ശമ്പളം	287214.00	29252.00	337934.35
2.	പൊതുമരാമത്ത്	747520.00	609750.00	1052775.00
3.	വിദ്യാഭ്യാസം	14030.90	22287.00	25292.00
4.	ജലവിതരണം, ആരോഗ്യം	7761.00	13461.00	39054.00
5.	തെരുവ്വിളക്ക്	27480.00	27480.00	27480.00
6.	മറ്റുള്ളവ	298105.56	499691.00	460396.00
	ആകെ	1382110.46	1421939.00	1942911.35



5.12

വിഭവസമാഹരണം

പിലിക്കോട് ഗ്രാമപഞ്ചായത്ത് ഒരു രണ്ടാംഗ്രേഡ് പഞ്ചായത്താണ്. ജനസംഖ്യയിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ് . നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലന്വേഷകരുടെ എണ്ണവും, തൊഴിലിനുവേണ്ടി മറുനായുകളിലേക്ക് പോകുന്ന വരുടെ എണ്ണവും വർധിച്ചുവരുന്നു. കാർഷികമേഖലയിൽ കുറച്ചുകാലമായി ഉല്പാദനം കുറഞ്ഞുവരികയാണ്. പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലാണ്. വ്യാവസായികരംഗത്താവട്ടെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

കെട്ടിടനികുതിയിനത്തിൽ 95 - 96 വർഷം 176003 രൂപയും 94-95ൽ 175353 രൂപയുമാണ്. 95-96 വർഷത്തിൽ മുൻകൊല്ലത്തെക്കാൾ 28 കെട്ടിടങ്ങൾ വർധിച്ചിട്ടുണ്ടെങ്കിലും കെട്ടിടനികുതിയിനത്തിൽ ആനുപാതികമായി വർധനവുണ്ടായിട്ടില്ല. കെട്ടിടനികുതിക്കു പുറമെ തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ് ഫീസ്, ലേലം തുടങ്ങിയവയാണ് പഞ്ചായത്തിന്റെ പ്രധാന ധനാഗമമാർഗ്ഗങ്ങൾ. (പട്ടിക 1)

സർക്കാൽ ഗ്രാന്റിനത്തിൽ വസ്തു കൈമാറ്റം, അടിസ്ഥാന നികുതി, എസ്റ്റാബ്ലിഷ്മെന്റ്, വി.ആർ.എം. ഗ്രാന്റ് വി.ടി.സി ഗ്രാന്റ്, എം.എ ഗ്രാന്റ് എന്നിവയിലായി 95-96 വർഷത്തിൽ 5,17,997 രൂപ ലഭിച്ചിട്ടുണ്ട്.

ബാങ്കിംഗ്

നം.	സ്ഥാപനത്തിന്റെപേർ	നിക്ഷേപം	വായ്പ
1.	സിൻഡിക്കേറ്റ്ബാങ്ക്	77	35ലക്ഷം
2.	കൊടക്കാട്സർവ്വീസ് സഹകരണബാങ്ക്	15കോടി	2കോടി
3.	മാണിയാട്ടുസർവ്വീസ് സഹകരണബാങ്ക്	70ലക്ഷം	1 കോടി
4.	പിലിക്കോട്സർവ്വീസ് സഹകരണബാങ്ക്	46ലക്ഷം	51ലക്ഷം

അൺടൈസ് ഫണ്ട് പശ്ചിമഘട്ട വികസനപരിപാടി ജെ.ആർ.വൈ എന്നി വകയിൽ 11,43694 രൂപയും 95-96ൽ പഞ്ചായത്തിന് വരുമാനമായി ലഭിച്ചിട്ടുണ്ട്.

തനത്വരുമാനത്തിന്റെ 53% ഭരണച്ചെലവിന് വിനിയോഗിച്ചതായി കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ കാണിക്കുന്നു. 95-96 വർഷത്തെ മൊത്ത്കൂടിവെള്ളം, ആരോഗ്യം എന്നിവക്കായി 2.72%വും ചെലവാക്കിയതായി കാണാം. ഉല്പാദകമേഖലയിൽ ചെലവഴിക്കുന്ന തുക തുലോം കുറവാണ്.

കെട്ടിടനികുതി:

5000ത്തോളം കെട്ടിടങ്ങൾ ഉള്ള പഞ്ചായത്തിന് കഴിഞ്ഞവർഷം കെട്ടിടനികുതി ഇനത്തിൽ ലഭിച്ച തുക കുറവാണ്. കെട്ടിടനികുതി നിയമപ്രകാരം, കെട്ടിടത്തിന് ലഭിക്കാവുന്ന വാർഷികവാടകയുടെ 10% കുറച്ച തുകയുടെ 6 മുതൽ 10% വരെ നികുതി ചുമത്താം. എങ്കിലും നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കുറവായ 6% മാത്രമേ നികുതി ചുമത്തിയിട്ടുള്ളൂ.

തൊഴിൽനികുതി : പട്ടിക 1 പരിശോധിച്ചാൽ 95-96 വർഷത്തിൽ ഈടാക്കിയ തൊഴിൽനികുതി, 94-95 വർഷത്തിലേക്കാൾ 13415 രൂപ കുറഞ്ഞതായി കാണാം.

പഞ്ചായത്തിലെ 3 സഹകരണബാങ്കുകളും ഒരു ദേശസാൽകൃതബാങ്കും കൂടി 95-96 വർഷത്തിൽ 3-86 കോടി രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പ നൽകിയിട്ടുണ്ട്.

ഗ്രാമവികസനവകുപ്പിന്റെ സഹായത്തോടെ 1991ൽ കാലിക്കടവിൽ 10 മുറികളും രണ്ട് ഹോളുകളും ഉള്ള ഒരു കമേഴ്സ്യൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ചിട്ടുണ്ട്. 10 മുറികളിൽകച്ചവട സ്ഥാപനങ്ങളും ഹാളിൽ ഒരു ട്യൂട്ടോറിയൽ കോളേജും പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും 5% വർധനവ് വാടക മാത്രമേ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽനിന്നുള്ള റൂമുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ളൂ. ഇത് 10% മായി വർധിപ്പിച്ചാൽ വരുമാനം ആ ഇനത്തിൽ വർധിപ്പിക്കാവുന്നതാണ്.

കെട്ടിടനികുതി ഇനത്തിൽ നികുതി കണക്കാക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങളില്ല. പണി പൂർത്തിയാക്കുന്നതിന് മുമ്പ് വിട്ടുനമ്പർ കൊടുക്കേണ്ടിവരുന്നതിനാൽ നിർമ്മാണച്ചെലവ് കണക്കാക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ചില കെട്ടിടങ്ങൾ പുതുക്കിപ്പണിതാൽ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ട് നികുതി പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം നേരിടുന്നു. ഇത് പരിഹരിക്കുവാൻ പഞ്ചായത്തിരാജ് നിയമം അനുശാസിക്കുന്ന കെട്ടിടനിയമം പഞ്ചായത്തിൽ ബാധകമാക്കേണ്ടതാണ്.

കലാ-കായികപരിപാടികൾ നടത്തുന്നതിന് വിനോദനികുതിക്ക് പുറമെ നിശ്ചിതസംഖ്യ ഫീസ് ചുമത്തണം.

നിയമാനുസൃതമല്ലാത്ത ചിട്ടി നടത്തുന്നവരിൽ നിന്ന് നികുതി ഈടാക്കണം.

പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന ചെങ്കൽപാറ, കരിങ്കല്ല്, കാട്ടുകല്ല് എന്നിവക്ക് നികുതി ചുമത്തുക, പഞ്ചായത്ത് പരിധിക്കകത്തെ വാഹനങ്ങൾക്ക് പഞ്ചായത്ത് രജിസ്ട്രേഷൻ നിർബ്ബന്ധമാക്കുക. അടിസ്ഥാന ഭൂനികുതി കാലോചിതമായി പരിഷ്കരിച്ച് പഞ്ചായത്ത് വിഹിതം വർധിപ്പിക്കുക. ഭൂമിതരം മാറ്റുന്നതിന് പ്രത്യേകം ഫീസ് വസൂൽ ചെയ്യുക. പഞ്ചായത്തിൽആഴ്ചച്ചന്ത, മത്സ്യമാർക്കറ്റ് എന്നിവ ഏർപ്പെടുത്തി വരുമാനം വർധിപ്പിക്കുക. ആറ്വ്ശാലകൾക്ക് ലൈസൻസ് നിർബ്ബന്ധമാക്കി നിലവിലുള്ള ഫീസ് ഉയർത്തുകയും ചെയ്യുക. പഞ്ചായത്തിന്റെ കൈവശമുള്ള തരിശ്ഭൂമിയിൽ അനുയോജ്യമായ കൃഷിചെയ്ത് വരുമാനം വർധിപ്പിക്കുക. തരിശ്ഭൂമിക്ക് പിഴ ചുമത്തുക.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. ജനപങ്കാളിത്തത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക. വികസനപ്രവർത്തനങ്ങളിൽ ബഹുജനസംഘടനകളെയും സന്നദ്ധസംഘടനകളെയും അണിനിരത്തുക. ഇതുവഴി ഒരു വികസനസംസ്കാരം സൃഷ്ടിച്ചാൽ, എല്ലാ പ്രവർത്തനങ്ങൾക്കും തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയും.



6

ഉപസംഹാരം

വികസനത്തിന്റെ പോരായ്മകളെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെട്ടികരിക്കുകയാണ്. കൃഷി, വ്യവസായം സർവീസ് മേഖലകളുടെ വളർച്ചയിലൂടെ മാത്രമേ സ്ഥായിയും നീതിപൂർവ്വകവും ദ്രുതഗതിയിലുള്ളതുമായ വികസനസങ്കല്പം സാധ്യമാകൂ.

ഡിപ്പാർട്ട്മെൻറലിസമായി മാറിയ വികസനനയം തിരുത്തിക്കുറിക്കുകയും ജനങ്ങളുടെ കണ്ടറിവിൻറേയും കേട്ടറിവിൻറേയും അടിസ്ഥാനത്തിൽ ഇന്നലെയിൽ നിന്ന് ഇന്നുള്ളതിൽ നിന്ന് നാളെയും കരുപ്പിടിപ്പിക്കാനുള്ള മന്ത്രമാണ് ഗ്രാമസഭകളിൽ മുഴക്കിക്കേട്ടത്. കഴിഞ്ഞകാലത്ത് വികസനരംഗത്ത് ഉണ്ടായിരുന്ന സന്നദ്ധസേവനതല്പരതയും ജനകീയ ഇടപെടലുകളും ഒരു പുത്തനുണർവോടെ തിരിച്ചുകൊണ്ടുവരുവാൻ കഴിയമെന്നാണ് ഈ സംവാദങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

പിലിക്കോട് പഞ്ചായത്ത് വരുമാനവും ചെലവുമായി പൊരുത്തപ്പെട്ടു പോകാൻ വളരെ പ്രയാസമനുഭവിക്കുന്നുവ. 1995-96 വർഷത്തിൽ പഞ്ചായത്തിൻറെ തനത് വരുമാനം 706320 രൂപയായിരുന്നു. എന്നാൽ പ്രസ്തുതവർഷം മൊത്ത് ചെലവ് 1942911.00 കയാണ്. ഇതിൽനിന്ന് അനുമാനിക്കാൻ കഴിയുന്ന കാര്യം സർക്കാർ സഹായത്തോടെ മാത്രമാണ് നാളിതുവരെ നടന്ന വികസന പ്രവർത്തനങ്ങൾ എന്നാണ്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ഉയർന്നുവന്ന ആവശ്യങ്ങൾ നിറവേറ്റണമെങ്കിൽ നാം ഒരു പുതിയ വികസനസംസ്കാരം കരുപ്പിടിപ്പിക്കേണ്ടിയിരിക്കുന്നു.

വികസനരംഗത്ത് കക്ഷി - രാഷ്ട്രീയ ഭേദമെന്യെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പ്രാദേശിക അസന്തുലിതാവസ്ഥയും മുൻഗണനാക്രമങ്ങൾഇല്ലായമയും മൂലം ഉണ്ടായ മുരടിപ്പ് വസ്തുനിഷ്ഠമായ പരിശോധനയോടെ തിരുത്തപ്പെടണം. വികസനത്തിൻറെ ഏറ്റക്കുറച്ചലുകളുടെ യഥാർഥ വിവരശേഖരം നമ്മുടെ മുമ്പിൽ ഉണ്ട്. നാം നടത്തിയ സാനിറ്റേഷൻ സർവേ, നീർമറി സർവേ, സാമൂഹ്യ സാമ്പത്തിക സർവേ, വിവേഭൂപട നിർമ്മാണം എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ചതിൽ നിന്നും വികസന വൈകല്യങ്ങൾ കണ്ടെത്താൻ നമുക്ക് കഴിഞ്ഞു.

സ്വന്തമായി കക്കൂസില്ലാത്ത, കുടിവെള്ളം ലഭ്യമല്ലാത്ത കുടുംബങ്ങളെ സഹായിക്കണം. വരൾച്ച മൂലം കൃഷി നശിക്കുന്ന കർഷകനെ രക്ഷിക്കണം. തകർന്നുപോയ പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുകയോ, അവ പുതിയ വ്യവസായങ്ങളാക്കി മാറ്റി ആരംഭിക്കുകയോ വേണം. തൊഴിലില്ലാത്തവരുടെ പ്രശ്നങ്ങൾക്കനുസൃതമായി തൊഴിൽദിനങ്ങൾ സൃഷ്ടിക്കണം. കേറിക്കിടക്കാൻ സ്വന്തമായി കിടപ്പാടമില്ലാത്തവരുടെ ദയനീയതക്ക് പരിഹാരം കാണണം. ഇങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

കേവലം പഞ്ചായത്ത്ഫണ്ട് കൊണ്ട് ഈ പ്രവർത്തനങ്ങൾ നടത്താ് കഴിയില്ല. സംസ്ഥാന സർക്കാർ ഒമ്പതാംപദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചതോടെ ഈ രംഗത്ത് ആശ്വാസത്തിൻറെ പൊൻകിരണങ്ങൾ നാം കാണുന്നു. ഒമ്പതാം പദ്ധതിക്കുള്ള ആകെ അടങ്കൽതുക 14800 കോടി ഉറുപ്പികയായി നിശ്ചയിച്ചുകഴിഞ്ഞു. ഇതിൻറെ 40% ഗ്രാമപഞ്ചായത്തുകൾക്കനുവദിക്കുകയാണെങ്കിൽ 5920കോടി രൂപ താഴെത്തട്ടിൽ ലഭിക്കും. നമ്മുടെ പഞ്ചായത്തിന് പ്രതിവർഷം 72.9ലക്ഷം രൂപ ലഭിക്കാൻ സാധ്യതയുണ്ട്. ഇതാണ് നമ്മുടെ പ്രതീക്ഷ. ഗ്രാമങ്ങളിലെ പാവപ്പെട്ട മനുഷ്യരുടെ ആവശ്യങ്ങൾ, സ്വപ്നങ്ങളെ സാക്ഷാൽക്കരിക്കാനുള്ള അവസരം.

ആസൂത്രണത്തിൻറെ തനത്സ്വഭാവം കീഴ്മേർ മറിയുകയാണ്. പുതിയ ഗ്രാമവികസനപദ്ധതികൾ ഇന്ന് സജീവചർച്ചയിലാണ്. സമൂഹത്തിലെ സമസ്ത ജനവിഭാഗത്തിൻറേയും ഐക്യം രൂപം കൊള്ളുന്ന കർമ്മപദ്ധതി ഈ സെമിനാറോടെ രൂപംകൊള്ളും. ഈ വികസനരേഖയാണ് അതിൻറെ മാർഗ്ഗരേഖ, അതിൻറെ അടിസ്ഥാനത്തിൽ ഗ്രാമവികസനരംഗത്ത് പുതിയ വേലിയേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിയും. നിശ്ചയമായും നമുക്കത് നേടിയെടുക്കാൻ കഴിയണം.

ദേശീയസ്വാതന്ത്ര്യസമര പൈതൃകത്തിൻറെ പിന്ഗാമികളായ നാം കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നുൾക്കൊണ്ട വിലപ്പെട്ട പാഠങ്ങളിലൂടെ മുന്നോട്ട് നീങ്ങും. അതിൻറെ ചർച്ചക്കായി പിലിക്കോട് ഗ്രാമപഞ്ചായത്തിൻറെ സമഗ്രവികസനരേഖ നിങ്ങളുടെ മുമ്പാകെ ചർച്ചക്കും ക്രിയാത്മക നിർദേശത്തിനുമായി സമർപ്പിക്കുന്നു.



7

പിലിക്കോട് ഗ്രാമപ്പഞ്ചായത്ത് സമഗ്രവികസനപരിപാടി ജനകീയ പ്രവർത്തനങ്ങൾ

കർഷകർ, കർഷകത്തൊഴിലാളികൾ തുടങ്ങിയവരാണ് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും. ഒട്ടേറെ വികസനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടും നിരവധി അടിസ്ഥാനപ്രശ്നങ്ങൾ ഇനിയും പരിഹൃതമാകാതെ നിലനിൽക്കുന്നുണ്ട്. കാർഷിക - വ്യാവസായിക മേഖലകളിലെ പിന്നോക്കാവസ്ഥയും മിക്ക കുടുംബങ്ങൾക്കും കുടിവെള്ളം സാനിറ്റേഷൻ സൗകര്യങ്ങളുടെ അപര്യാപ്തതയും വർഷങ്ങളായി നിലനിൽക്കുന്നു. വിഭവങ്ങളുടെ പരിമിതിയാണ് വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നത്. പരിമിതമായ വിഭവങ്ങളും, പെരുകിവരുന്ന ആവശ്യങ്ങളും ഈ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു.

നാടിന്റെ വികസന പ്രവർത്തനങ്ങളുമായി കക്ഷി-രാഷ്ട്രീയ-ജാതി-മത സങ്കുചിത ചിന്താഗതികൾക്കതീതമായി സർവാത്മനാ സഹകരിക്കുന്ന ജനങ്ങളാണ് പഞ്ചായത്തിന്റെ പ്രവർത്തനമൂലധനം. വർധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പഞ്ചായത്ത് ഭരണസമിതിക്ക് ആത്മവിശ്വാസം നൽകുന്നതും ജനങ്ങളുടെ ഈ സഹകരണമനോഭാവം തന്നെ. സാക്ഷരതാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്താൻ സഹായിച്ച ഒട്ടേറെ സന്നദ്ധപ്രവർത്തകരും ഇന്ന് പഞ്ചായത്തിന് മുതൽക്കൂട്ടായുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങുമ്പോൾ പഞ്ചായത്ത് ഭരണസമിതിക്കും പ്രധാന പ്രവർത്തകർക്കും ആവേശം നൽകിയത് ജനങ്ങളുടെ സഹകരണമനോഭാവത്തിലും സന്നദ്ധപ്രവർത്തകരുടെ സേവനതൽപ്പരതയിലുമുള്ള അടിയുറച്ച വിശ്വാസമായിരുന്നു.

ഈയൊരു പശ്ചാത്തലത്തിലാണ് പുതുതായി നിലവിൽവന്ന ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി, പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് സജീവശ്രമങ്ങൾ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി സമൂഹത്തിന്റെ വിവിധതലങ്ങളിലുള്ളവരുമായി ആശയവിനിമയം നടത്തുകയും പഞ്ചായത്ത്തലത്തിൽ വിവിധ രാഷ്ട്രീയ -യുവജന -സന്നദ്ധ -സാംസ്കാരിക സംഘടനാപ്രതിനിധികളുടെ വിപുലമായ ഒരു യോഗം 1995 ഡിസംബർ 15ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വിളിച്ചുചേർക്കുകയും ചെയ്തു. നാം തുടർന്നുവരുന്ന വികലമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുതകുന്ന പ്രവർത്തനപരിപാടികൾക്ക് രൂപം നൽകേണ്ടതാണെന്നും പ്രസ്തുതയോഗത്തിൽ നിർദ്ദേശിക്കപ്പെട്ടു. ഏതൊരു പദ്ധതിയുടേയും ആസൂത്രണത്തിനും നിർവ്വഹണത്തിനും പ്രഥമവും പ്രധാനവുമായി വേണ്ടത് കൃത്യവും സത്യസന്ധവുമായ വിവരശേഖരണമാണല്ലോ. അതനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സർവ്വേ നടത്തുവാൻ തീരുമാനിക്കപ്പെട്ടു. ഈ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി പിലിക്കോട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ടി.വി. ഗോവിന്ദൻ ചെയർമാനും ശ്രീ. ടി.വി. ശ്രീധരൻ കൺവീനറുമായിക്കൊണ്ട് സമൂഹത്തിലെ വിവിധ മേഖലകളിലെ പ്രവർത്തകർ അംഗങ്ങളായിക്കൊണ്ട് പിലിക്കോട് ഗ്രാമപ്പഞ്ചായത്ത് വികസനസമിതി രൂപീകരിക്കപ്പെട്ടു. വാർഡ്മെമ്പർ ചെയർമാനും സമീകാര്യനായ ഒരു പൊതുപ്രവർത്തകൻ കൺവീനറുമായി അടിസ്ഥാനപ്രവർത്തകസമിതികളായി വാർഡ് വികസനസമിതികൾ നിലവിൽ വന്നു.

ഓരോ വാർഡിലും 40-50 വീടുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഗൃഹസദസ്സുകൾ സംഘടിപ്പിക്കുകയും, ഓരോ ഗൃഹസദസ്സിൽ നിന്നും 5 മുതൽ 9 വരെ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി സർവ്വെ സ്ക്വാഡുൾ രൂപീകരിക്കുകയും ചെയ്തു. പങ്കാളിത്ത്കൊണ്ട്, പ്രത്യേകിച്ച് സ്ത്രീകളുടെ പങ്കാളിത്ത്കൊണ്ടും, ജനകീയ ഇടപെടലുകൾകൊണ്ടും സവിശേഷമായ അനുഭവങ്ങളാണ് ഗൃഹസദസ്സുകൾ പ്രദാനം ചെയ്തത്. 40 മുതൽ 120 പേർ വരെ പങ്കെടുത്ത 115 ഗൃഹസദസ്സുകളിലായി ആകെ എണ്ണായിരത്തിലധികം ആളുകൾ പങ്കെടുത്തു.

1996 ജനുവരി 21ന് പിലിക്കോട് ഗവ. ഹൈസ്കൂളിൽ സർവ്വേ പരിശീലനം നടന്നു. 115 സ്ക്വാഡുകളെ പ്രതിനിധികരിച്ച് 128 സന്നദ്ധപ്രവർത്തകർ സർവ്വെ പരിശീലനത്തിൽ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. സി. കൃഷ്ണൻ നായർ പരിശീലന പരിപാടി ഉൽഘാടനം ചെയ്തു. സർവ്വെ ജനുവരി 26ന് രാവിലെ 8 മണിക്കാരംഭിച്ചു. 5 മുതൽ 9 വരെ അംഗങ്ങൾ ഓരോ സർവെ സംഘത്തിലും ഉണ്ടായിരുന്നു. 118 സ്ക്വഡുകൾ ഒര്ദിവസംകൊണ്ട് പഞ്ചായത്തിലെ മുഴുവൻ വീടുകളും കയറിയിറങ്ങി സർവ്വെ പൂർത്തിയാക്കി. 748 പ്രവർത്തകർ സർവ്വെയിൽ മുഴവൻ സമയവും പങ്കെടുത്തു. വാർഡ് - പഞ്ചായത്ത് തല ക്രോഡീകരണങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചു. 1996 ഫെബ്രുവരി 19ന് പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി സർവ്വെ വിവരങ്ങളുടെ പ്രഖ്യാപനസമ്മേളനം നടന്നു. കാസർഗോഡ് ജില്ലാ കലക്ടർ ശ്രീ. സത്യജിത്ത് രാജൻ സമ്മേളനം ഉൽഘാടനം ചെയ്തു. ഡോ. തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി. സമാപനസമ്മേളനവും ഘോഷയാത്രയും ശ്രദ്ധേയമായിരുന്നു.

സർവെ വിവരങ്ങൾ

ആൾതാമസമുള്ള വീടുകൾ 4355, താമസമില്ലാത്ത 158 . ആകെ 4513. സ്വന്തമായി സംരക്ഷിത കക്കുസുള്ളവർ 2355. കക്കൂസില്ലാത്ത കുടുംബങ്ങൾ 2020.

കുടിവെള്ളക്ഷാമം വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, ഊർജം തുടങ്ങിയ എല്ലാ മേഖലകളിലെയും പ്രസക്തമായ വിവരങ്ങൾ സർവെ വഴി ശേഖരിക്കാൻ കഴിഞ്ഞു.

സർവെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ അടിസ്ഥാനപ്രശ്നം, ശുചിത്വമുള്ള കക്കൂസിന്റെ അഭാവവും കുടിവെള്ള ക്ഷാമവുമാണെന്ന് കണ്ടെത്തി. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യത്തിന് ശുചിത്വമുള്ള കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ഒരു ബൃഹദ് ജനകീയ വികസനപദ്ധതിക്ക് പിലിക്കോട് ഗ്രാമപഞ്ചായത്ത് വികസനസമിതി രൂപംനൽകി. സമയബന്ധിതമായി കക്കൂസുകൾ സ്ഥാപിച്ചുകൊടുക്കുന്നതിനുവേണ്ടി 54.35 ലക്ഷം രൂപ മൊത്ത് ചെലവ് വരുന്ന ഒരു സമ്പൂർണ്ണ സാനിറ്റേഷൻ പ്രോജക്ട് തയ്യാറാക്കി ഗ്രാമവികസന വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. സംസ്ഥാനസർക്കാരിന്റെ അനുമതിക്കുശേഷം കേന്ദ്രഗവൺമെന്റിന്റെ അനുകൂല പരിഗണനയിലാണ്. പ്രസ്തുത പദ്ധതി, കേരളത്തിനാകെത്തന്നെ മാതൃകയായ സമ്പൂർണസാനിറ്റേഷൻ പദ്ധതിയുടെ ഔപചാരികമായ ഉൾഘാടനം ബഹു. കേരള തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ പാലോളി മുഹമ്മദ്കുട്ടി 22.9.96ന് നിർവ്വഹിച്ചു. ഉൽഘാടനസമ്മേളനവും അതിന്റെ ഭാഗമായി നടന്ന ഘോഷയാത്രയും പദ്ധതിയുടെ ജനപങ്കാളിത്തത്തിന്റെ ഉത്തമനിദർശനമായിരുന്നു.

പഞ്ചായത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽത്തന്നെ മതിപ്പുളവാക്കിയിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങളിലെ വർധിച്ചുവരുന്ന ജനപങ്കാളിത്തവും താല്പര്യവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ആത്മവിശ്വാസം സമിതിക്ക് നൽകുന്നുണ്ട്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ സാങ്കേതിക സഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 22 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പരിപാടിയിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തിയതോടെ സംസ്ഥാനത്ത് ഇന്ന് നടന്നുവരുന്ന ജനകീയാസൂത്രണ പരിപാടിക്ക് മാസങ്ങൾക്ക് മുമ്പേതന്നെ പ്രസ്തുത പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു.

പട്ടിക 1

സർവ്വെ: പഠനപ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

സർവ്വെ	നടത്തിയകാലം	പങ്കെടുത്ത വളണ്ടിയർമാർ
1.സമഗ്ര വികസന സർവ്വെ	1996 ജനു. 26	748
2.നീരൊഴുക്ക് സർവ്വെ	1996 ജൂലായ് 20-26	110
3.വിഭവ ഭൂപട സർവ്വെ	1996 ആഗ. 30- സെപ്ത. 10	50
4.സാമൂഹിക് സാമ്പത്തിക സർവ്വെ	,,	136
5.പൊതുവിവര ശേഖരണസർവ്വെ	1996 സെപ്ത. 18-25	22
ആകെ 39 ദിവസങ്ങൾ 1066 പ്രവർത്തകർ, 4102 മനുഷ്യദിനങ്ങൾ		

മണ്ണ്-ജലസംരക്ഷണ പ്രവർത്തനത്തിന് രൂപംനൽകുന്നതിന് പഞ്ചായത്തിന്റെ ഒരു നിരൊഴുക്ക് ഭൂപടം തയ്യാറാക്കാൻ കഴിഞ്ഞു. പരിശീലനം ലഭിച്ച 85 പേരുൾപ്പെടെ നൂറോളം സന്നദ്ധപ്രവർത്തകർ തുടർച്ചയായി ഒരാഴ്ചക്കാലം നീരൊഴുക്ക് സർവേയിൽപങ്കെടുത്തു, നീരൊഴുക്ക് ഭൂപടം പൂർത്തിയാക്കി പ്രോസസ് ചെയ്യാൻ സമർപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് ഒരുകോടി മുപ്പത് ലക്ഷം രൂപ ചെലവ് മതിക്കുന്ന ഒരു നീർമറി പദ്ധതിയുടെ പ്രോജക്ട് സമർപ്പിച്ചുകഴിഞ്ഞു.

സി.ഇ.എസ്.എസ്നെറ സഹായത്തോടെ പഞ്ചായത്തിൽ വിഭവഭൂപട നിർമ്മാണ് സാമൂഹ്യസാമ്പത്തിക സർവ്വെ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 186 പ്രവർത്തകർക്ക് പരിശീലനം നൽകി പത്ത് ദിവസങ്ങളിലായി നടന്ന റിസോഴ്സ് മാപ്പിംഗിലും സാമൂഹ്യ സാമ്പത്തിക സർവെയിലും 200ൽപ്പരം സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി. വിഭവഭൂപടം പൂർത്തിയാക്കി സി.ഇ.എസ്.എസിന് തുടർപ്രവർത്തിനത്തിനായി സമർപ്പിച്ചുകഴിഞ്ഞു.

1996 സപ്റ്റംബർ 20ന് ഒരു വാട്ടർഷെഡ് പ്രോജക്ടിന് ഫണ്ട് ലഭിക്കുന്നതിനുള്ള ഒരു അപേക്ഷ കൗൺസിൽ പോർ പീപ്പിൾസ് ആക്ഷൻ ആൻറ് റൂറൽ ടെക്നോളജി (കപാർട്ട്) വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് 60ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതോടെ വരൾച്ചയുടെ ദുരിതങ്ങളിൽ നിന്ന് ഗ്രാമത്തെ രക്ഷിക്കാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്.

സോയിർ കൺസർവേഷൻ ഡിപ്പാർട്ട്മെൻറ് പിലിക്കോട് പഞ്ചായത്തിലെ വിശാലമായ പാറപ്രദേശങ്ങളെ കൃഷിയോഗ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ് 7,8,9,10 വാർഡുകളിലായി പരന്നുകിടക്കുന്ന പ്രസ്തുത പാറക്കെട്ടുകളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളെ കൃഷിയിടമാക്കി മാറ്റാൻ വേണ്ടി 30ലക്ഷം രൂപയുടെ ഒരു പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗം

12.6.96ന് പഞ്ചായത്ത് തലത്തിൽ നടന്ന ജനകീയാസൂത്രണ ശില്പശാലയിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി അധ്യാപകരേയും വിദ്യാഭ്യാസ പ്രവർത്തകരേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉപസമിതി രൂപീകരിച്ചു. പ്രസ്തുത ഉപസമിതിയുടെ ആഭിമുഖ്യത്തിൽ പ്രധാന അധ്യാപകരുടെ യോഗങ്ങൾ, അധ്യാപകസംഗമം, സ്കൂൾസർവെ, സ്കൂൾതലത്തിൽ നടത്തിവരുന്ന പ്രത്യേക പഠന-പഠനാനുബന്ധ പ്രവർത്തനങ്ങൾ എന്നിവക്ക് രൂപംനൽകി. അതിന്റെ ഭാഗമായി ദേശീയ ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ പ്രത്യേക പരിപാടികൾ, സ്വാതന്ത്ര്യദിന ക്വിസ്മത്സരം, സ്വാതന്ത്ര്യസമരസേനാനികളുമായുള്ള അഭിമുഖം എന്നിവ എല്ലാ സ്കൂളുകളിലും വളരെ സമുചിതമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ടു. കാലാവസ്ഥ, ജലസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ടു കുട്ടികൾക്കും അധ്യാപകർക്കുമായുള്ള ഒരു ഏകദിന പഠനക്യാമ്പ് പിലിക്കോട്-നിലേശ്വരം കാർഷിക കോളേജിന്റെ സഹായത്തോടെ സംഘടിപ്പിച്ചു. ഇത് ഒരു പുതിയ അനുഭവമായിരുന്നു. മഴമാപിനിയുണ്ടാക്കുന്നതിനും ജലസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളുന്നതിനും കാലാവസ്ഥാ വ്യതിയാനങ്ങൾ മനസ്സിലാക്കാനും പ്രസ്തുത ക്യാമ്പ് പ്രയോജനപ്പെട്ടു. ഓണത്തെ വരവേൽക്കാൻ വിദ്യാഭ്യാസസമിതി ആവിഷ്കരിച്ച ''സ്കൂൾ ഓണപ്പൂക്കളം'' ശ്രദ്ധേയമായിരുന്നു. ഈ പ്രവർത്തനം കുട്ടികളിലും അധ്യാപകരിലും ഏറെ താല്പര്യം ഉളവാക്കി.

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ഫലവൃക്ഷത്തൈകൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുകയുണ്ടായി.

18000ൽ പരം വിവിധയിനം വൃക്ഷത്തൈകൾ വിതരണം ചെയ്തു. പഞ്ചായത്തിൽ നാളിതുവരെ നടന്ന വികസന - പഠന പ്രവർത്തനങ്ങൾക്ക് വളരെയേറെ വിഭവവും മനുഷ്യാധ്വാനവും വേണ്ടിവന്നിട്ടുണ്ട്. ഈ വിഭവങ്ങളെല്ലാം പ്രാദേശികമായി സമാഹരിച്ചതാണ്. നാടിന്റെ വികസനപ്രവർത്തനത്തെ കണ്ടറിഞ്ഞ് സഹായിക്കാൻ നിറഞ്ഞ മനസ്സോടെ ഏവരും മുന്നോട്ടുവന്നിട്ടുണ്ട്. ഇതുവരെ നടന്ന പ്രവർത്തനങ്ങൾക്കായുള്ള വിഭവങ്ങൾ, സംഭാവനയായും സ്പോൾസർഷിപ്പായും ആണ് സമാഹരിച്ചത്. ആകെ വന്ന 262640 രൂപ ജനങ്ങളിൽ നിന്ന് സംഭാവനയായും മനുഷ്യാധ്വാനമായുമാണ് സമാഹരിച്ചത്.

സംഘടനാ ഉപസമിതി രൂപീകരണം പട്ടിക 2

സംഘടനാ ഉപസമിതികൾ	തിയ്യതി	കൺവീനർ
1.പിലിക്കോട് പഞ്ചായത്ത് വികസനസമിതി	15.12.95	ടി.വി.ശ്രീധരൻ
2.ജനകീയാസൂത്രണപരിപാടി	6.6.95	കെ.പ്രഭാകരൻ
3.മണ്ണ്-ജല സംരക്ഷണം	12.6.96	ടി.വി.ബാലകൃഷ്ണൻ
4.ആരോഗ്യം	12.6.96	ടി.വി.ശ്രീധരൻ
5.വിഭവപഠം-സാമൂഹിക സാമ്പത്തികസർവ്വേ	16.8.96	എം.കെ.ഹരിദാസ്
6.സന്നദ്ധസാങ്കേതിക സമിതി	18.8.96	കെ.കുഞ്ഞമ്പു
7.വനിതാവേദി	19.8.96	ടി.കെ.ശാന്തകുമാരി
8.കലാസാംസ്കാരികസമിതി	9.9.96	ടി.കെ.ചന്ദ്രൻ

പഞ്ചായത്തല വികസന പ്രവർത്തനങ്ങളുടെ സിരാകേന്ദ്രങ്ങളായി വർത്തിക്കുന്നത് 40ഓ വീടുകൾ ചേർന്ന് രൂപീകരിച്ച അയൽക്കൂട്ടങ്ങളും അവ ചേർന്നുള്ള വാർഡ് വികസനസമിതികളുമാണ്. പ്രാദേശിക വികസനത്തിൽ ജനപങ്കാളിത്തത്തിനുള്ള മുഖ്യസ്രോതസ്സ് ഈ അയൽക്കൂട്ടങ്ങളാണ്. പ്രാദേശിക വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലും ജനങ്ങളുടെ കൂട്ടായ്മ വളർത്തുന്നതിലും പ്രശ്നങ്ങൾക്ക് സാമൂഹ്യമായ പരിഹാരമാർഗങ്ങൾ ആരായുന്നതിനും അയൽക്കൂട്ടങ്ങളുടെ സാധ്യത അനന്തമാണ്. പഞ്ചായത്തിൽ ആകെ 91 അയൽക്കൂട്ടങ്ങൾ പ്രവൽത്തിക്കുന്നുണ്ട്. അയൽക്കൂട്ടം കൺവീനർ, അയൽകൂട്ടത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പുരുഷ - വനിതാ പ്രതിനിധികൾ എന്നിവരാണ് അയൽക്കൂട്ടത്തിന്റെ പ്രാഥമികസംഘാടകർ. അയൽക്കൂട്ടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, വാർഡ്തലത്തിൽ നാമനിർദേശം ചെയ്യപ്പെടുന്ന 5 പ്രവർത്തകർ എന്നിവർ ചേർന്നതാണ് വാർഡ് വികസനസമിതികൾ, വാർഡ്മെമ്പർ, സ്വീകാര്യനായ ഒരു പൊതു പ്രവർത്തകൻ എന്നിവർ യഥാക്രമം ചെയർമാനും കൺവീനറുമായുള്ള സമിതികളാണ് വാർഡ്തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അയൽക്കൂട്ടങ്ങൾ പതിവായി സമ്മേളിക്കുകയും പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തുവരുന്നു. പ്രാദേശികമായ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് മിക്ക അയൽക്കൂട്ടങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. ഗ്രാമതലത്തിൽ സുദൃഢമായ ഒരു അയൽകപക്കബന്ധം വളർത്തിയെടുക്കാൻ ചുരുങ്ങിയ കാലംകൊണ്ട്, അയൽക്കൂട്ടങ്ങൾ വഴി സാധിച്ചിട്ടുണ്ട് എന്നത് വലിയ നേട്ടംതന്നെയാണ്.

പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളിൽ വാർഡ് - പഞ്ചായത്ത് തലങ്ങളിൽ കൃത്യമായ വിലയിരുത്തലും പരിശോധനകളും സമായസമയങ്ങളിൽ നടത്തിയതിന്റെ ഫലമായി കുറവുകൾ പരിഹരിച്ച് മുന്നേറാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ആസൂത്രണംചെയ്ത പരിപാടികൾ സമയബന്ധിതമായും ചിട്ടയോടെയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വികസനപ്രവർത്തനങ്ങളിൽ ഇന്ന് അനുഭവപ്പെടുന്ന വിഭവദാരിദ്ര്യം, ജനപങ്കാളിത്തത്തിന്റെ കുറവ്, കാര്യക്ഷമതയില്ലായ്മ എന്നിവക്ക് പരിഹാരം കണ്ടെത്തുന്നതിന് നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്ന ജനകീയ വികസനപ്രവർത്തനം വഴി സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ സേവനതല്പരതയും സാമൂഹ്യബോധവുമാണ് ഈ നേട്ടങ്ങളുടെയെല്ലാം അടിസ്ഥാനം. വരുംനാളുകളിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ജനങ്ങൾ കാണിക്കുന്ന താല്പര്യവും സന്നദ്ധതയും ഏറെ പ്രതീക്ഷ നൽകുന്നുണ്ട്. ഈ വിജയത്തിന്റെ യഥാർഥ ഉടമകളായ എല്ലാ വിഭാഗത്തിലും പെട്ട ജനവിഭാഗങ്ങളെ ഈ അവസരത്തിൽ ആഹ്ലാദപൂർവം അഭിവാദനം ചെയ്യട്ടെ.

ടി.വി. ഗോവിന്ദൻ,
പ്രസിഡണ്ട്, പിലിക്കോട്
ഗ്രാമപഞ്ചായത്ത്

പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

തിയ്യതി	പ്രവർത്തനങ്ങൾ
15.12.95	പഞ്ചായത്ത്തല രാഷ്ട്രീയ-യുവജനസംഘടനാ പ്രതിനിധികളുടെ യോഗം - പഞ്ചായത്ത് വികസന സമിതിരൂപീകരണം
18.12.95	സാംസ്കാരിക-യുവജന സന്നദ്ധസംഘടന പ്രതിനിധികളുടെ യോഗം
25.12.95	വാർഡ്തല വികസനസമിതികളുടെ രൂപീകരണം
6.1.96	വികസനസമിതി വാർഡ് കൺവീനർമാരുടെ യോഗം
30.12.95 മുതൽ 10.1.96വരെ	കുടുംബസദസ്സുകൾ
19.1.96	സർവ്വേ അവലോകനയോഗം
21.1.96	പഞ്ചായത്ത്തല സമഗ്രസർവ്വെ പരിശീലനം
25.1.96	വാർഡ്തല സർവ്വെ പരിശീലനം
26.1.96	സമഗ്രവികസന സർവ്വെ
27.1.96	വാർഡ്തല സർവ്വെ ക്രോഡീകരണം
28.1.96	പഞ്ചായത്ത്തല സർവ്വെ ക്രോഡീകരണം
30.1.96	സർവ്വെ വിവരങ്ങൾ കരട്പ്രഖ്യാപനം
7.2.96	വാർഡ്തലയോഗങ്ങൾ
19.2.96	പഞ്ചായത്ത് ദിനാചരണം സർവ്വെ വിവരങ്ങളുടെ പഞ്ചായത്ത്തല പ്രഖ്യാപനം
30.5.96	പഞ്ചായത്ത് വികസനസമിതി പ്രവർത്തകയോഗം
ജൂൺ5-10	വാർഡ്തല പ്രവർത്തകസംഗമം
ജൂൺ 6	ജനകീയാസൂത്രണസമിതി രൂപീകരണയോഗം
ജൂൺ 12	ജനകീയാസൂത്രണം ആലോചനായോഗം
ജൂൺ 16	ജികിയാസൂത്രണം ശില്പശാല
ജൂൺ 19-22	വാർഡ്തലയോഗങ്ങൾ
ജൂൺ21	കുട്ടികൾക്കായുള്ള കാലാവസ്ഥാ നിരീക്ഷണപരിശീലന പരിപാടി
ജൂലായ്2	ജനകീയകൊതുകുനിവാരണപ്രവർത്തനം ആലോചനായോഗം
ജൂലായ് 1-10	അയൽക്കൂട്ടങ്ങൾ രൂപീകരണം
ജൂലായ്3	കാർഷികവിദഗ്ധരുമായുള്ള അഭിമുഖം
ജൂലായ്4	ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ പഞ്ചായത്ത്തലയോഗം
തിയ്യതി	പ്രവർത്തനങ്ങൾ
ജൂലായ്8	വിദ്യാഭ്യാസ ഉപസമിതിയോഗം.
ജൂലായ് 16	പഞ്ചായത്ത് വികസനസമിതി അവലോകനയോഗം.
ജൂലായ്20	നീരൊഴുക്ക്സർവ്വെ, ഫീൽഡ്പ്രവർത്തനം
ജൂലായ്23	പ്രധാന അധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ പഞ്ചായത്ത്തല യോഗം
ആഗസ്ത്3	വിദ്യാഭ്യാസ ഉപസമിതി അക്കാഡമിക് കൗണ്സിൽയോഗം
ആഗസ്ത്7	പഞ്ചായത്ത്തല അധ്യാപകസംഗമം.
ആഗസ്ത് 15	സ്കൂൾതലത്തിൽ കാലക്രമീകരണ കമ്മീഷൻ സ്വാതന്ത്ര്യസമരസേനാനികളുമായി അഭിമുഖം
ആഗസ്ത്16-18	വാർഡ്തലത്തിൽ അയൽക്കൂട്ടം പ്രതിനിധികളുടെ യോഗം. വാർഡ് വികസനസമിതികളുടെ പുനഃസംഘടന
ആഗസ്ത് 16	സർക്കാർ സ്ഥാപനമേധാവികളുടെ പഞ്ചായത്ത്തലയോഗം
ആഗസ്ത് 18	സാങ്കേതികവിദഗ്ധരുടെ പഞ്ചായത്ത്തല യോഗം - സാങ്കേതികസമിതി രൂപീകരണം
ആഗസ്ത് 19	പഞ്ചായത്ത്തല വനിതാസംഗമം -വനിതാവേദി രൂപീകരണം
ആഗസ്ത്20	ജനകീയാസൂത്രണപരിപാടി - മാധ്യമപ്രവർത്തകുമായുള്ള മുഖാമുഖം
ആഗസ്ത് 21	വിദ്യാഭ്യാസ അക്കാദമിക് കമ്മിറ്റിയോഗം
ആഗസ്ത് 23	ഓണപ്പൂക്കളം സ്കൂൾതലത്തിൽ
ആഗസ്ത്24	അയൽക്കൂട്ടം പ്രതിനിധികളുടെപഞ്ചായത്ത്സംഗമം. വിഭവഭൂപടം,സാമൂഹ്യ-സാമ്പത്തികസർവ്വെസ്വാഗതസംഘംരൂപീകരണം.
ആഗസ്ത്25-28	വിഭവഭൂപട നിർമ്മാണം വാർഡ്തല ആലോചനയോഗങ്ങൾ
ആഗസ്ത് 30	വിഭൂവഭൂപടനിർമ്മാണം സാമൂഹ്യ-സാമ്പത്തിക സർവ്വേ പഞ്ചായത്ത്തല പരിശീലനം
സപ്തം.1-10	വിഭവഭൂപടസർവ്വേ
സപ്തം1-15	സാമൂഹ്യ-സാമ്പത്തിക സർവ്വേ
സപ്തം20-30	സർവ്വെ പഞ്ചായത്ത്തല ക്രോഡീകരണം ജനകീയാസൂത്രണ പരിപാടി ആരംഭം.





dra Printing & Publishing Centre, Kasaragod